കളിത്തോഴി



ചങ്ങമ്പുഴ

കാളിത്തൊഴി

[ഒരു നോവൽ]

ഗ്രന്ഥകർത്താ:

ചങ്ങമ്പുഴ കൃഷ്ണപിള്ള, എം. എ.

ഇ s പ്പ ള്ളി.

PUBLISHERS:

THE MANGALODAYAM (Private) LTD.

TRICHUR.

Digitized By Kerala Sahitya Akademi

First Impression in Kanni,	1121	1000 Copies
Reprinted in Medom,	1122	1000 Copies
Reprinted in Makaram,	1125	1000 Copies
Reprinted in Mithunam,	1127	1000 Copies
Reprinted in Dhanu,	1130	1000 Copies
Reprinted in Thulam	1132	1000 Copies

All rights of this book
are strictly reserved and kept
by
Mrs. SREE DEVI CHANGAMPUZHA
"SREEDEVI MANDIRAM"
EDAPPALLY.
(N. Travancore)

Printed at
THE MANGALODAYAM PRESS
TRICHUR

Price
RUPEES TWO AND
ANNAS EIGHT

Digitized By Kerala Sahitya Akademi

സ്വപ്നത്തിൽനിന്നു വരുന്നവയാകിലും
സ്വപ്നങ്ങളൊക്കെപ്പറന്നുപോകും
നഗ്നയാഥാർത്ഥ്യങ്ങൾ മുഷ്ടി ചുരുട്ടിടും
ഭഗ്നാശ വന്നു ഭയപ്പെടുത്തും.
ആശങ്ക കുത്തും,മമത്തിടും വ്യാമോഹ-
മാശകളൊക്കെക്കൊഴിഞ്ഞു വീഴും.
ആഗമിച്ചീടും ദുരന്തമാം വാർദ്ധകം
രോഗമെടുത്തു ചവച്ചു തുപ്പും.
എങ്കിലും, ജീവിതം വേദനാപൂർണ്ണമാ-
ണെങ്കിലും, സ്വപ്നങ്ങൾ സുന്ദരങ്ങൾ!
മായികമാവുകിലായിടട്ടായവ
മായുകിൽ മായട്ടെ, മാഴ്കരുതേ!
നിത്യസ്മൃതി വന്നു നിങ്ങൾക്കവയുടെ
നിസ്തുലനിർവൃതി നല്കുമല്ലോ!

10—2—1122 ചങ്ങമ്പുഴ

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

ഈ കൃതിയെ ഒരു നോവൽ എന്നു വിളിക്കാമോ എന്നെനിക്കറിഞ്ഞുകൂടാ. എട്ടു കൊല്ലങ്ങൾക്കുമുൻപു് രണ്ടാഴ്ചയിടയിൽ ഞാൻ എഴുതിത്തീർത്ത ഒരു നീണ്ട കഥാപുസ്തകമാണിതു്. രമണനെപ്പോലെതന്നെ ഈ കൃതിയോടും എനിക്കു പ്രത്യേകമൊരു മമതയുണ്ടു്. എന്തുകൊണ്ടെന്നാൽ, രമണനുശേഷം ഞാൻ എഴുതിയ ഏറ്റവും ദൈർഘ്യമുള്ള കൃതി ഇതാണു്—എന്റെ ആദ്യത്തെ കഥാപുസ്തകം. എന്തായാലും ഒന്നെനിക്കുറപ്പുപറയാൻ കഴിയും: ഇതൊരു വിവർത്തനമോ അനുകരണമോ അല്ല! അന്നത്തെ എന്റെ എളിയ കഴിവുകളുടെ നിയന്ത്രണത്തിൽ നിർമ്മിക്കപ്പെട്ടിട്ടുള്ള ഒരു സ്വതന്ത്രകലാസൃഷ്ടിയാണു്.

ഞാൻ തികച്ചും ഒരു കവിയല്ലെന്നു തീർത്തുപറയാൻ എന്റെ അകന്ന ശത്രുക്കൾപോലും മടിക്കാറുണ്ടു്. പക്ഷേ, നാമമാത്രമായെങ്കിലും ഒരു കാഥികനാണെന്നു സമ്മതിക്കാൻ അടുത്ത ബന്ധുക്കൾപോലും ഇഷ്ടപ്പെടാറില്ല. ഈ നിലയിൽ, എന്റെ ഈ നൂതനസംരംഭത്തിനു മുൻപിൽ വമ്പിച്ച പ്രതീക്ഷകളൊന്നും അണിനിരന്നിട്ടില്ലെന്നു ഞാൻ തുറന്നുസമ്മതിക്കുന്നു.....

'കളിത്തോഴി' പരസ്യംചെയ്തിട്ടു നാലഞ്ചു കൊല്ലമായി. ഇതിനിടയിൽ അസംഖ്യം സഹൃദയന്മാർ ഈ കൃതി ആവശ്യപ്പെട്ടിട്ടുണ്ടു്. പല അസൗകര്യങ്ങളാലും ഈ

Digitized By Kerala Sahitya Akademi

പ്പോൾ മാത്രമേ ഇതിന്റെ അച്ചടി പൂർത്തിയാക്കുവാൻ തരപ്പെട്ടുള്ളൂ.

അവിചാരിതമായി നേരിട്ട കാലവിളംബത്തിനു മാപ്പു ചോദിച്ചുകൊണ്ടാണു് ഇന്നിപ്പോൾ എന്റെ കളിത്തോഴി സഹൃദയരെ സമീപിക്കുന്നതു്. അവളുടെ കുറവും കുറവും നിങ്ങൾക്കു തുറന്നു പറയാം.....അവളതിൽ പരിഭവിക്കുകയില്ല.....

തൃശ്ശിവപേരൂർ,
9—2—1121

ചങ്ങമ്പുഴ കൃഷ്ണപിള്ള എം. എ.

Digitized By Kerala Sahitya Akademi

ഒന്നാം ഭാഗം

Digitized By Kerala Sahitya Akademi

Unfathomable Suffering! A woman I was going to make the partner of my schemes has basely betrayed me and stabbed me to the heart. But nothing shall bend or break my courage.

— *Jean Schlumberger*

Digitized By Kerala Sahitya Akademi

നിശ്ചലമായിട്ട നില്ക്കുകില്ലൊരിക്കലും
നിശ്ചയം, ജീവിതം—മാന്ത്രികജീവിതം.

ആൽഫ്രഡ് ന്യൂമാൻ
(Tr: ചങ്ങമ്പുഴ)

അമ്മിണി ആ കത്തു പിന്നെയും ഒന്നു വായിച്ചു നോക്കി; അതിനു മുൻപുതന്നെ അവൾ അതു് ഒരു നൂറാവത്തി വായിച്ചതാണു്. എന്നാൽ ഇനിയും അവൾക്കു മതിവന്നിട്ടില്ല.

ആത്മാവിൽ പുളകംപൂശുന്ന, സിരാതന്ത്രുക്കളിൽ സംഗീതം പ്രസരിപ്പിക്കുന്ന; എന്തോ ഒന്നു്, ആ കൊച്ചു കടലാസുതുണ്ടിന്റെ ഉള്ളടക്കത്തിൽ ഉണ്ടായിരുന്നു.

ആത്മാകർഷകമായ ഒരു സ്പന്ദം അവളെ സമീപിക്കുന്നു. സുഷമാസമൃദ്ധമായ തന്റെ നവയൗവനം അതിസ്നിഗ്ദ്ധയായി വെമ്പുകയാണു്. ആ പൊൻകിനാവിന്റെ സാന്നിദ്ധ്യം അപ്രതീക്ഷിതമായിരുന്നെങ്കിൽ, അവളുടെ ചേതന, അല്പനേരത്തേയ്ക്കെങ്കിലും, മരവിച്ചുപോയേനേ! അവളതു മുൻകൂട്ടിത്തന്നെ അറിഞ്ഞിരുന്നതാണു്; അതിന്റെ ഉദയത്തിനായി അവളുടെ ഏകാന്തതകൾ ആയിരം പ്രാവശ്യം തപസ്സുചെയ്തിട്ടുണ്ടു്. അതിനെക്കുറിച്ചുള്ള സങ്കല്പത്തിൽ അവളുടെ മധുരപ്രതീക്ഷകൾ പലപ്പോഴും മൊട്ടിട്ടുപോയിട്ടുണ്ടു്!—ഒടുവിൽ, അതിതാ അവളുടെ

Digitized By Kerala Sahitya Akademi

മുൻപിൽ താനേയങ്ങനെ പ്രത്യക്ഷപ്പെട്ടുകയാണു്! അമ്മിണിക്കുശ്വാസമായി!

ആ കത്തെഴുതിയ കരപല്ലവങ്ങൾ!—അവയുടെ മൃദുലസ്പർശം പലപ്പോഴും അവൾ അനുഭവിച്ചിട്ടുണ്ടു്. അഞ്ചെട്ടു നെടുനീളൻസംവത്സരങ്ങൾക്കുമുമ്പാണതു്; ശൈശവത്തിന്റെ മലർമുറ്റത്തിൽ അവരുടെ പിഞ്ചുജീവിതങ്ങൾ, രണ്ടു ചിത്രശലഭങ്ങളെപ്പോലെ, ചുറ്റിപ്പറന്നിരുന്നപ്പോൾ!

ആ സുവർണ്ണകാലം!—അവൾ അതെങ്ങനെ വിസ്മരിക്കും? കരിക്കലും നശിക്കാത്ത കരു പുതുമ, കരിക്കലും മാഞ്ഞുപോകാത്ത കരത്ഭുതസുഷമ, അതിൽ വഴിഞ്ഞൊഴുകുന്നുണ്ടു്. പൂത്തുനില്ക്കുന്ന കരു കടമ്പിനെ എന്നപോലെ, അവളുടെ ഹൃദയം സ്മരണയുടെ വെൺചില്ലിൽക്കൂടി ആ അതീതകാലത്തെ അങ്ങനെ നോക്കി രസിച്ചുകൊണ്ടിരിക്കും. ആ സ്മൃതിമണ്ഡലത്തിൽ കാമകോമളനായ കരു ഗന്ധർവ്വകുമാരൻ കാടക്കുഴലും വിളിച്ചുകൊണ്ടു ചുറ്റിത്തിരിയുന്നു: രവീന്ദ്രൻ!—അവളുടെ കാമനക്കുളിത്തോഴൻ! പിതാവിന്റെ കർക്കശമായ നിരോധനത്താൽ വീട്ടിൽനിന്നു പുറത്തിറങ്ങുവാൻ തെല്ലിടയെങ്കിലും തരപ്പെടാതെ, ആ പഴയ കാലപ്പുരയുടെ പടിഞ്ഞാറുവശത്തുള്ള ഇടുങ്ങിയ ചായ്പുമുറിയിൽ, പാഠപുസ്തകങ്ങളുടെ നടുവിൽ, തടവുകാരനാക്കപ്പെട്ടിട്ടുള്ള കരു കുസൃതിക്കുട്ടൻ—അവളുടെ രവീന്ദ്രൻ!.....മതിവരാതെ അവൾ ആ കത്തു പിന്നേയും പിന്നേയും വായിച്ചുനോക്കി.

അവളുടെ സരളവും സങ്കല്പസങ്കലിതവുമായ ഹൃദയം ആനന്ദാത്മകമായ കരജ്ഞാതമേഖലയിലേയ്ക്കു ചിറ

Digitized By Kerala Sahitya Akademi

കടിച്ചു പറന്നുപോയി. അവിടെയാകമാനം മഴവില്ലുകൾ കൈകോർത്തുപിടിച്ചു് ആനന്ദനൃത്തംചെയ്തുകൊണ്ടിരുന്നു.

രണ്ടു്

"എങ്കിലും, ഇപ്പോഴല്ലേ എന്നെ കാത്തുള്ളു. ഇത്ര നാളും എന്തേ എന്നെ മറന്നിരുന്നതു്?—" ലജ്ജാമധുരമായ മുഖം കുനിച്ചുകൊണ്ടു് അമ്മിണി ചോദിച്ചു.

"നിന്നെ ഞാൻ ഒരിക്കലും മറന്നിട്ടില്ല, അമ്മിണീ."

"അതെയതെ, എന്തിനിങ്ങനെ മേനി പറയുന്നതു്?" അവൾ കിലുകിലെച്ചിരിച്ചുകൊണ്ടു പരിഭവസ്വരത്തിൽ കളിയാക്കി.

"ഞാൻ മേനിപറയുകയല്ല. അമ്മിണിതന്നെ ഒന്നാലോചിച്ചുനോക്കൂ: എനിക്കു സാധിക്കുമോ അമ്മിണിയെ മറക്കാൻ?"

"ഇപ്പോൾ കോളേജിലെല്ലാം ചേർന്നു വലിയ ആളായിരിക്കുകയല്ലേ? രണ്ടുമൂന്നു കൊല്ലത്തിനുള്ളിൽ ഒരു ബീയേക്കാരൻ! പിന്നെ എന്നെ കണ്ട ഭാവം നടിക്കുമോ?"

"ബി. എ. ക്കാരൻ! അതിത്ര വലിയ കാര്യമാണോ? എനിക്കു് അമ്മിണിയോടുള്ള സ്നേഹം—"

"ആ സ്നേഹം ശാശ്വതമായിരിക്കുമെന്നു് എനിക്കാശിക്കാമോ? അതുമാത്രമേ എനിക്കറിയേണ്ടു. ഇതു തല്ക്കാലത്തേക്കുള്ള വെറുമൊരാവേശംമാത്രമല്ലേ?"

Digitized By Kerala Sahitya Akademi

"കരിക്കലുമല്ല, അമ്മു. നിന്നോടുള്ള ഈ സ്നേഹം കരിക്കലും നശിക്കുന്നതല്ല. എന്റെ ഹൃദയത്തിൽ അതത്ര ശക്തിയിൽ വേരുന്നിപ്പോയി. അതിനിനി ഇളക്കംതട്ടാൻ നിവൃത്തിയില്ല."

"കാ, ഈ പ്രസംഗം.....പണ്ടും ഇങ്ങനെതന്നെ.....ഈ നാക്കില്ലായിരുന്നെങ്കിൽ—" രവിയുടെ കൈപ്പടത്തിൽ കനമത്തിക്കൊണ്ട് അമ്മിണി കരു കള്ളച്ചിരിയോടുകൂടിപ്പറഞ്ഞു.

അവൾ രവിയുടെ മുഖത്തേയ്ക്കൊന്നു സൂക്ഷിച്ചുനോക്കി.

"ഈ കൂട്ടുപുരികം.....ചതിയന്മാരുടെ ലക്ഷണമാണിതു്." അവൾ കിലുകിലാ ചിരിച്ചുകൊണ്ടിരുന്നു. അവളുടെ മാത്തടം തുള്ളിത്തുളുമ്പികൊണ്ടിരുന്നു.

"പോ, കള്ളീ," രവി അവളെ അരികിലേയ്ക്കു ചേത്തണച്ചു് അവളുടെ ശിരസ്സിൽ ആവേശത്തോടെ കനത്തുംബിച്ചു.

ഹേമന്തകാലത്തിലെ കരു രാത്രി. മനംമയക്കുന്ന നറുനിലാവു പുറത്തുപാടം തുളുമ്പിനില്ക്കുന്നു. കരു നേരിയ കാറു് ഇടയ്ക്കിടെ പച്ചിലകളിൽ 'ചലചല'ശബ്ദമുണ്ടാക്കിക്കൊണ്ടു പുറത്തിസ്സഞ്ചരിക്കുന്നു. അവർ പന്തലിച്ചു നില്ക്കുന്ന ആ മാവിന്റെ പുവട്ടിൽ, ചന്ദ്രിക വീണ നിഴലും വെളിച്ചവും ഇടകലർന്നു തിങ്ങിയ വെള്ളമണലിൽ, ചടഞ്ഞിരുന്നങ്ങനെ സല്ലപിക്കുകയാണു്. അല്പമകലെയുള്ള കൊച്ചുരയാലിന്റെ കൊമ്പിൽ ചിറകടിച്ചുറ്റുകൊണ്ടു് ആവലുകൾ വട്ടമിട്ടു പറന്നുകളിച്ചു.

Digitized By Kerala Sahitya Akademi

"എന്തു പൂനിലാവു°!"

"ഛാ, അമ്മിണീ, ഈ രാത്രി അവസാനിക്കാതിരുന്നെങ്കിൽ!"

"ആ ആവലുകൾ നമ്മെക്കണ്ടു° അസൂയപ്പെടുകയാണു°."

"അങ്ങനെയാകാൻ തരമില്ല. അവർ മനുഷ്യരല്ലല്ലോ!"

മൗനം. താരകാവൃതമായ നീലാംബരത്തിൽ, കരുസ്സുസ്സിന്റെ പ്രണയസ്വപ്നങ്ങൾപോലെ, വെള്ളിമേഘങ്ങൾ അലസമായി പുറപ്പിസ്സഞ്ചരിച്ചുകൊണ്ടിരുന്നു. അകലെ ഒരു കോഴി കൂകി.

"നേരം പാതിര കഴിഞ്ഞു."

"അതേ അമ്മു, എനിക്കിവിടെ വന്നിരുന്നിട്ടു° കുറെ നിമിഷമേ ആയുള്ളുവെന്നു തോന്നുന്നു."

"ഇപ്പോൾ ഇങ്ങനെ നമ്മെപ്പോലെ ആനന്ദമനുഭവിക്കുന്നവർ വേറെ ഉണ്ടാകുമോ?"—ലജ്ജാസമ്മിളിതമായ കുറു പുഞ്ചിരിയോടെ, രവിയുടെ തോളിൽ കൈയിട്ടുകൊണ്ടു° അവൾ ചോദിച്ചു.

"പലരും കാണും. ഹൃദയാകർഷകമായ ഈ ഹേമന്തരാത്രി അനേകമനേകം കാമിനീകാമുകന്മാരെ ഇതുപോലെ അനുഗ്രഹിക്കുന്നുണ്ടാകും. അതാ നക്ഷത്രനിബിഡമായ നീലാകാശത്തിന്റെ കീഴിൽ, മന്ത്രിച്ചുകൊണ്ടു നില്ക്കുന്ന മാമരങ്ങളെ സാക്ഷി നിർത്തി, വികാരതരളിതരായ എത്രയെത്ര ജീവികൾ, ഇപ്പോളവരുടെ ആശകളും നിരാശകളും ഹൃദയരഹസ്യങ്ങളും പരസ്പരം കൈമാറുന്നുണ്ടാകും! അമ്മൂ, നി

Digitized By Kerala Sahitya Akademi

നെയിങ്ങനെ മാറോടു ചേത്തണച്ചു", നിൻെറ കാമനകൈ വിരലുകൾ തടവിത്താലോലിച്ചുകൊണ്ടിരിക്കുമ്പോൾ, എ ൻെറ ഹൃദയത്തിൽ കരൊറാ ചിന്തമാത്രമേ ഉണ്ടാകുന്നു ള്ളൂ."

"എന്താണത്?" അവൾ ഉല്ക്കണ്ഠയോടെ ചോദിച്ചു.

"അതൊരാശയാണ്!—കരിക്കലും സാധിക്കാത്ത കാ രാശ!"

"എന്താണത്? എന്നോടു പറയൂ!" അമ്മിണി നിർബ്ബന്ധിച്ചു.

"ഈ രാത്രി അവസാനിക്കാതിരുന്നെങ്കിൽ, എന്നു"! കരു നെടുവീർപ്പോടുകൂടി രവി തുടർന്നു: "പക്ഷേ, അതു സാ ദ്ധ്യമല്ല. അല്പനേരത്തിനുള്ളിൽ പ്രഭാതരശ്മികൾ നമ്മെ വേർപെടുത്തും. അസൂയാലുക്കളായ മനുഷ്യർ എല്ലാവരും ഉണർന്നെണീക്കും. നമ്മുടെ ആനന്ദരംഗം വെറുമൊരു സ്വ പ്നമായിത്തീരുന്നു; നാം ഇരുവഴിയായിപ്പിരിഞ്ഞുപോ കും!" രവിയുടെ സ്വരത്തിൽ കരു നേരിയ വിഷാദച്ഛായ കലർന്നിരുന്നു.

"അതിനെന്തു"? ഇങ്ങനെ എത്രയെത്ര രാത്രികൾ ഇ നിയും ഉണ്ടാകാനിരിക്കുന്നു? ആട്ടെ, ഞാനൊരു കാര്യം ചോദിക്കട്ടെ?"—അമ്മിണി തന്ത്രത്തിൽ വിഷയം മാറു വാൻ കരുതെട്ടു. "അന്നൊരു ദിവസം ഞാൻ അമ്പല ത്തിൽനിന്നു മടങ്ങുമ്പോൾ ആ വഴിയിൽ നിന്നുകൊണ്ടു" എന്നെ നോക്കിയ ആ നോട്ടം!.....കാ, എന്തൊരു തുളു ഞ്ഞുകയറുന്ന നോട്ടമായിരുന്നു അതു"! ആ കേശവപിള്ള

Digitized By Kerala Sahitya Akademi

കൂടി അടുത്തുണ്ടായിരുന്നു. അയാൾ അതു കണ്ടു. ഞാൻ വാസ്തവത്തിൽ നാണിച്ചുപോയി, കേട്ടോ!"

"എന്തിനു്? ഞാനൊന്നു നോക്കിയെന്നുവെച്ചു് ഇത്ര നാണിക്കാനെന്തിരിക്കുന്നു?"

"അതെയതെ.....അസ്സൂംപോലെ തുളഞ്ഞുകയറുന്ന ആ നോട്ടം. ഈശ്വര! ഞാൻ ഇന്നും കാക്കുന്നു.....അതൊട്ടെ, ഞാൻ പോയപ്പോൾ ആ കേശവപിള്ള എന്തു പറഞ്ഞു?"

"കാ, അയാൾ വിശേഷിച്ചൊന്നും പറഞ്ഞതായി ഞാൻ കാക്കുന്നില്ല."

"എന്നാലും.....എനിക്കറിയാം. അയാൾ ഒന്നും പറയാതിരിക്കില്ല. എന്നോടു പറയൂ, എന്താണയാൾ പറഞ്ഞതു്?"

"അയാൾ യാതൊന്നും പറഞ്ഞില്ല."

"നൊണ....എന്തെങ്കിലും അയാൾ പറയാതിരിക്കില്ല. എനിക്കു നിശ്ചയമുണ്ടു്, അയാൾ അങ്ങനെയൊരു തരക്കാരനാണു്. ഏതു പെണ്ണിനെക്കണ്ടാലും വെറുതേ കാരോ അറകുറാം പറയണം. അയാളുടെ സ്വഭാവമാണതു്." അല്പമൊരു വെറുപ്പോടുകൂടി അമ്മിണി അഭിപ്രായപ്പെട്ടു.

"അങ്ങനെയല്ല, അമ്മിണീ," രവീന്ദ്രൻ തിരുത്തിക്കൊടുത്തു: "നിന്നെ ആരോ തെറ്റിദ്ധരിപ്പിച്ചിരിക്കുന്നു. കേശവപിള്ള ഒരു നല്ല മനുഷ്യനാണു്."

"ഊഹും.....അതേ, അതെ." നിഷേധഭാവത്തിൽ തലയാട്ടിക്കൊണ്ടു നീരസംകലർന്ന സ്വരത്തിൽ അമ്മിണി

Digitized By Kerala Sahitya Akademi

പറഞ്ഞു: "എനിക്കെല്ലാം മനസ്സിലായി. രണ്ടുപേരുംകൂടി ഈ കൂട്ടുകൂടിയിരിക്കുന്നതെന്തിനാണെന്നും എനിക്കു നന്നായറിയാം." അവളുടെ വാക്കുകളിൽ പ്രേമസാന്ദ്രമായ പരിഭവം സ്ഫുരിച്ചിരുന്നു.

"കുന്നുമില്ലമ്മൂ.....ഞങ്ങൾ ആത്മസ്നേഹിതന്മാരാണു്. ഞങ്ങൾ ഒരേ ക്ലാസ്സിൽ പഠിക്കുന്നു. അതിൽക്കൂടുതലായി__"

"അതേ, കോളേജിലെ കഥതന്നെ ഞാനും പറയുന്നതു്. നേരം വെളുത്താൽ പാതിരവരെ രണ്ടുപേരുംകൂടി സൈക്കിളിലുള്ള ഈ സക്കീട്ടു്.....ഉവ്വം. ഞാൻ ഒന്നും അറിയുന്നില്ലെന്നാണു് വിചാരം. അന്നന്നു നടക്കുന്ന കാര്യം അതേപടി ഞാൻ അറിയുന്നുണ്ടു്."

"അയ്യോ കഷ്ടം, അമ്മിണി എന്തൊക്കെയോ തെറ്റിദ്ധരിച്ചിട്ടുണ്ടു്. എനിക്കു മനസ്സിലായി. നിന്നെ ശുണ്ഠി പിടിപ്പിക്കാൻ ആ ശാരദ എന്തൊക്കെയോ നിന്നെപ്പറഞ്ഞു മനസ്സിലാക്കിക്കാണും."

"ശാരദയെ ഞാൻ കാണാറേയില്ല." അവൾ എതിർത്തു.

"പിന്നെ നീയിതൊക്കെ എങ്ങനെയറിഞ്ഞു?"

"അങ്ങനെ വരട്ടെ. അപ്പോൾ എന്തൊക്കെയോ ചീലതുണ്ടെന്നു തെളിഞ്ഞു." അവൾ പൊട്ടിച്ചിരിച്ചുകൊണ്ടു പറഞ്ഞു.

"കുന്നുമില്ലമ്മൂ. ആ ശാരദയുടെ വാക്കു കേട്ടു നീ വെറുതേ എന്നെ തെറ്റിദ്ധരിക്കരുതു്. അവൾ നിന്നെ ശുണ്ഠി പിടിപ്പിക്കാൻ വല്ലതുമൊക്കെപ്പറഞ്ഞിട്ടുണ്ടു്." അവളുടെ ചുറുചുറുത്തലോടിക്കൊണ്ടു രവി സാന്ത്വനിപ്പിച്ചു.

Digitized By Kerala Sahitya Akademi

"അതൊക്കെപ്പോട്ടെ.....ആ കേശവപിള്ളയ്ക്കുറിഞ്ഞുക്കൂടേ, നാം തമ്മിൽ സ്നേഹമാണെന്നു്?"

"അറിയാമായിരിക്കാം. എന്തോ എനിക്കു നിശ്ചയമില്ല."

"ആട്ടെ, എന്നോടു സത്യം പറയൂ. അയാളോടു് ഇതെല്ലാം പറഞ്ഞിട്ടില്ലേ?"

രവീന്ദ്രന്റെ മുഖം പെട്ടെന്നല്പം വിളറി. പക്ഷേ, ഉടൻതന്നെ അയാളതു മറച്ചുകളഞ്ഞു.

"ഇല്ല, അമ്മിണി, ഇതിനെപ്പറ്റി ഒന്നുംതന്നെ ഞാൻ അയാളോടു പറഞ്ഞിട്ടില്ല."

"അതു കളവാണു്." അമ്മിണി വാദിച്ചു: "രണ്ടുപേരും അത്രയ്ക്കടുപ്പമല്ലേ, ആ സ്ഥിതിക്കു്—"

"അയാൾ എന്റെ പ്രാണസുഹൃത്താണു്." രവീന്ദ്രൻ ഇടയ്ക്കു കയറിപ്പറഞ്ഞു: "അതു ഞാൻ സമ്മതിക്കുന്നു. ഒരു സഹോദരനേക്കാൾ കൂടുതലായി ഞാൻ അയാളെ സ്നേഹിക്കുന്നുമുണ്ടു്. പക്ഷേ—"

"അതുതന്നെ ഞാനും പറഞ്ഞതു്. ആ സ്ഥിതിക്കു നിങ്ങൾ തമ്മിൽ ഒരു രഹസ്യവും ബാക്കിവെച്ചിരിക്കില്ല. എല്ലാം തുറന്നു പറഞ്ഞുകാണും."

"എന്താണമ്മൂ, നീയിപ്പറയുന്നതു്!" അത്ഭുതഭാവത്തിൽ രവി ചോദിക്കുകയാണു്. "ഇതൊക്കെ ആരെങ്കിലും മറ്റൊരാളോടു പറയുമോ?"

"തീച്ചയായും. ഈ ആണുങ്ങൾ ഒരു വർഗ്ഗംതന്നെ അത്തരക്കാരാണു്. എന്തെങ്കിലുമുണ്ടെങ്കിൽ അതങ്ങനെ കൊ

Digitized By Kerala Sahitya Akademi

ട്ടിഗ്ലാഷിച്ചുകൊണ്ടു നടക്കും. ആരെങ്കിലും ഒരാൾ അതു റിഞ്ഞാലേ അവക്കു തൃപ്തിയാകൂ."

"എങ്കിൽ, പെണ്ണുങ്ങളും അതിൽനിന്നൊട്ടും വ്യത്യസ്തമായിരിക്കയില്ല." രവീന്ദ്രൻ വിട്ടുകൊടുത്തില്ല.

"ഒരിക്കലുമങ്ങനെയല്ല. ഈവക രഹസ്യങ്ങൾ കഴുത്തു പോയാൽപ്പോലും മറ്റൊരാളെ അറിയിക്കുന്നവരല്ല സ്ത്രീകൾ." അമ്മിണി തീർത്തുപറഞ്ഞു.

"എങ്ങനെയെങ്കിലുമാകട്ടെ. ഇതുസംബന്ധിച്ചു് ഒരു വാദപ്രതിവാദത്തിനു തല്ക്കാലം ഞാൻ തയ്യാറില്ല. അതിനുള്ള അവസരവും ഇതല്ല. ദുർല്ലഭമായി കിട്ടുന്ന ഇത്തരം രാത്രികൾ—"

"ഏതായാലും കേശവപിള്ളയോടു് ഇക്കാര്യം പറയരുതു്. ഞാൻ പറയുന്നതു രവിക്കു രസിക്കില്ലെന്നെനിക്കറിയാം. പക്ഷേ, എനിക്കു പറയാതെ നിവൃത്തിയില്ല. അയാളുമായി ഇങ്ങനെ അതിർകവിഞ്ഞ ബന്ധം രവിക്കു നന്നല്ല. ഞാൻ ഗ്രണദോഷിക്കയാണെന്നു വിചാരിക്കരുതു്. എനിക്കതിനുള്ള പ്രാപ്തിയോ അധികാരമോ ഇല്ല. സ്നേഹംകൊണ്ടുമാത്രം ഞാനിതു പറഞ്ഞുപോകുന്നതാണു്. ഇനിയെല്ലാം രവിയുടെ ഇഷ്ടംപോലെ."

"ഇല്ലമ്മിണി. കേശവപിള്ളയുമായുള്ള കൂട്ടുകെട്ടുകൊണ്ടു് എനിക്കൊരു ദൂഷ്യവും വരികയില്ല. എന്റെ നിലകാക്കുവാനുള്ള പ്രാപ്തി തികച്ചും എനിക്കുണ്ടു്."

"എങ്കിൽ നന്നു്. എന്തായാലും നാം തമ്മിലുള്ള ഈ ബന്ധം ഒരിക്കലും അയാൾ അറിയരുതു്." അവൾ വീണ്ടും അക്കാര്യം ഉന്നിപ്പറഞ്ഞു.

Digitized By Kerala Sahitya Akademi

"ഇല്ല. ഞാൻ പറയുകയില്ല.

"ഹാ, എന്തു പുനിലാവു"! ചന്ദ്രൻ നമ്മെ നോക്കി പുഞ്ചിരിതൂകുകയാണു".."

"അങ്ങനെതന്നെ നക്ഷത്രങ്ങളും!"

അവർ കരു ഗാഢാശ്ലേഷത്തിൽ ലയിച്ചു.

മൂന്നു

ദാരിദ്ര്യത്തിന്റെ പടുകുണ്ടിൽ കിളർന്നവന്ന കരു പനിനീർച്ചെമ്പകമായിരുന്ന രവീന്ദ്രൻ. അവനു പത്തു വയസ്സുമാത്രം പ്രായമുള്ള കാലത്തു് അവന്റെ പിതാവു് ഇഹലോകം വെടിഞ്ഞു. അതിനുശേഷം അവന്റെ ദയാലുവായ മാതുലന്റെ ഹസ്തങ്ങളാണു് അവനെ പരിരക്ഷിച്ചു പോന്നതു്.

രവിയുടെ ഗൃഹത്തിന്റെ തൊട്ടു പടിഞ്ഞാറേതാണു് അമ്മിണിയുടെ ഭവനം. കുട്ടിക്കാലംമുതല്ക്കുതന്നെ കന്നിച്ചു കളിച്ചുവളർന്നവരാണവർ. അമ്മിണിയുടെ പ്രാണനായിരുന്ന രവി. കൗമാരകാലം അതിന്റെ കനകച്ചിറകുകൾ വിടുത്തിവിരിച്ചു് എന്നെന്നേയ്ക്കുമായി പറന്നകന്നതിനോടുകൂടി അവക്കിങ്ങായി വേർപിരിയേണ്ടിവന്നു. ധൂമികാപ്രായമായ കരു നേരിയ യവനികയെ കാലം ആ രണ്ടു ജീവിതങ്ങളുടെ നടുവിൽ തൂക്കിയിട്ടുവെങ്കിലും, അതിനവരെ എന്നെന്നേയ്ക്കുമായി അകറ്റിനിത്താൻ കഴിഞ്ഞില്ല. ശരീരങ്ങൾ അകലുംതോറും അവരുടെ ആത്മാക്കൾ അത്രയ്ക്കത്രയ്ക്കു ഗാഢമായി കെട്ടിപ്പിടിച്ചിരുന്നു.

ഇതിനിടയിൽ, എന്തോ ചില നിസ്സാരസംഗതി

Digitized By Kerala Sahitya Akademi

യിൽ, ആ രണ്ടു കുടുംബങ്ങളും അന്യോന്യം കലഹിക്കയും, ആ കലഹം ഒരു നീണ്ട ശത്രുതയിൽ അവസാനിക്കയും ചെയ്തു. അതോടുകൂടി രവിക്കു് അമ്മിണിയുടേയോ, അമ്മിണിക്കു രവിയുടേയോ ഗൃഹത്തിൽ പ്രവേശിക്കുവാൻ അനുമതിയില്ലാതായി. എങ്കിലും തരംകിട്ടുമ്പോഴെല്ലാം അവർ പരസ്പരം കണ്ടുമുട്ടി സംസാരിക്കുക പതിവായിരുന്നു. വീട്ടുകാർ തമ്മിലുള്ള വിരോധം ആ കുരുന്നുഹൃദയങ്ങളിൽ വേരുന്നിയ പാവനസ്നേഹബന്ധത്തെ അണുവെങ്കിലും ശിഥിലപ്പെടുത്തുവാൻ പര്യാപ്തമായില്ല. എന്നാൽ, അല്പനാൾക്കുള്ളിൽ രവിക്കു തന്റെ കാമനത്തോഴിയെ വിട്ടുപിരിയേണ്ടതായി വന്നുകൂടി. രവിയുടെ നാട്ടിൻപുറത്തുള്ള വിദ്യാഭ്യാസം മുഴുത്തിയായി. ഉപരിപഠനത്തിനായി എട്ടുപത്തു നാഴിക അകലെയുള്ള ഒരു വലിയ പട്ടണത്തിൽ രണ്ടുമൂന്നു സംവത്സരക്കാലം അവനു കഴിച്ചുകൂട്ടേണ്ടിവന്നു. ആ നീണ്ട വർഷങ്ങളും അങ്ങനെ പതുക്കെപ്പതുക്കെ ഇഴഞ്ഞുപോയി. ഹൈസ്കൂൾവിദ്യാഭ്യാസം വിജയപൂർവ്വം പര്യവസാനിപ്പിച്ചു രവീന്ദ്രൻ ആഹ്ലാദഭരിതനായി സപ്തശൃംഗത്തു മടങ്ങിയെത്തി.

വീണ്ടും ഉപരിപഠനത്തിനുള്ള ആശ അവനെ കൈവിട്ടില്ല. ഏകരക്ഷിതാവായ മാതുലന്റെ നിർദ്ധനാവസ്ഥ അവനു തികച്ചും ബോധമുണ്ടു്. പിന്നെന്തു ചെയ്യും? സപ്രയത്നത്തെത്തന്നെ പൂർണ്ണമായി ആശ്രയിക്കാമെന്ന സ്ഥിരനിശ്ചയത്തോടെ ഏതായാലും അവൻ കലാശാലയിൽ ചേർന്നു. അവന്റെ ഭവനത്തിൽനിന്നു കഷ്ടിച്ചുഞ്ഞുനാഴിക ദൂരമേ കോളേജിലേയ്ക്കുള്ളൂ. നിത്യവും സൈക്കളിൽ

Digitized By Kerala Sahitya Akademi

പോയി വരുവാൻ വലിയ ക്ലേശമില്ല. പഠനകാര്യത്തിൽ അവനെ കഴിയുന്നവിധം സഹായിച്ചുകൊള്ളാമെന്നു ചില സുഹൃത്തുക്കൾ ഭരമേറുവെന്നുമാത്രമല്ല, അതിനെത്തുടർന്നു നഗരത്തിൽ അവനു് കുറേരണ്ടു 'ട്യൂഷൻ'കൂടി ലഭിക്കയുമുണ്ടായി.

അഴകും ആരോഗ്യവും രവീന്ദ്രനെ അനുഗ്രഹിച്ചിരുന്നു. സ്നേഹശീലനായ അവൻ സതീർത്ഥ്യരുടെ നേതാവും വാത്സല്യപാത്രവുമായി സമുല്ലസിച്ചു.

നാലു്

പതിനേഴു വയസ്സു പ്രായമുള്ള സുന്ദരിയായ ഒരു യുവതിയാണു് അമ്മിണി. അവർണ്ണനീയമായ സൗന്ദര്യസമ്പത്തൊന്നുമില്ലെങ്കിലും, ആരേയും ആകർഷിക്കത്തക്ക ഒരു രോമനത്തം അവൾക്കുണ്ടു്. അംഗങ്ങളുടെ ക്രമീകൃതസൗഷ്ഠവവും, അന്യോന്യമുള്ള യോജിപ്പും അവളെ ഒരു ചന്തമുള്ളവളാക്കി. മുഗ്ധപ്രസന്നമായ ഒരു പുഞ്ചിരി അവളുടെ തുടുത്തു തുളുമ്പുന്ന മുഖത്തു സദാ നിലാവുവീശിക്കൊണ്ടിരുന്നു.

ചുരുണ്ടുനീണ്ട കാർകൂന്തൽ പിന്നിലൊതുക്കിക്കെട്ടി, അതിലൊരു ചുവന്ന പനിനീർപ്പൂവും ചൂടി, ശുഭവസ്ത്രാലംകൃതയായി, സാന്ധ്യദീപ്തിയിലാറാടിക്കൊണ്ടു് ഏകാന്തമായ ആ വഴിത്താരയിൽക്കൂടി ഒരു തങ്കക്കിനാവെന്നപോലെ, ക്ഷേത്രത്തിലേയ്ക്കുള്ള അവളുടെ ആ മന്ദഭരിതാലസമായ മരാളഗമനം ഏതൊരു കലാകാരന്റേയും ഹൃദയത്തെ തികച്ചും വികാരതരളിതമാക്കിത്തീർക്കത്തക്കതാണു്.

Digitized By Kerala Sahitya Akademi

നീലിമ വഴിഞ്ഞ അവളുടെ കൺമുനകൾക്കു് ഒരു പ്രത്യേകശക്തിയുണ്ടു്. ഒരു നേരിയ ചലനത്താൽ ഹൃദയാന്തരാളത്തിലുള്ള തുളഞ്ഞുകയറുന്ന തടിൽക്കൊടികൾ അനായാസമായി പ്രസരിപ്പിക്കുവാൻ അവയ്ക്കു കഴിഞ്ഞിരുന്നു. അവളുടെ ആകർഷകത്വം കൂടികൊണ്ടിരുന്നതു് ഏറിയകൂറും അതിലായിരുന്നുതാനും.

ഉടലെടുത്ത വസന്തകാന്തിപോലെ, കരൾ കവരുന്ന കാവ്യധാരപോലെ, അവൾ ശോഭിച്ചു.

അഞ്ചു്

രവീന്ദ്രൻ അയാളുടെ വസതിയിൽ ഒരു ചാരുകസേരയിൽ ചിന്താമഗ്നനായി കിടക്കുകയാണു്. സഹൃത്തിൽ സൈരമായിരുന്നു പഠനം നടത്തുവാനുള്ള സൗകര്യം കുറവായിരുന്നതിനാൽ, രവിയുടെ ആത്മസുഹൃത്തും അഭ്യുദയകാംക്ഷിയുമായ മാധവക്കുറുപ്പിന്റെ ഒരൊഴിഞ്ഞ കെട്ടിടത്തിലാണു് അവന്റെ താമസം. പട്ടണത്തിലുള്ള ഒരു വ്യവസായശാലയിൽ അയാൾ ഒരു ഗ്രമസ്ഥനായി പ്രവൃത്തിചെയ്തിരുന്നു. അയാൾക്കു് ഏതാണ്ടു നാല്പത്തിയഞ്ചു വയസ്സു പ്രായം വരും. പക്ഷേ, ആൾ ഇന്നും അവിവാഹിതനാണു്.

തുറന്നുകിടന്ന കിളിവാതിലിലൂടെ സാന്ധ്യദീപ്തി രവിയുടെ മുറിയിലുള്ള മരപ്പടപ്പുകളുടെ വിടവിൽക്കൂടി എത്തിനോക്കിക്കൊണ്ടിരുന്നു. പ്രസാദശൂന്യമായിരുന്നു രവിയുടെ മുഖം.

പുറത്തു വരാന്തയിൽ ഒരു കാൽപ്പെരുമാറ്റം. രവി

Digitized By Kerala Sahitya Akademi

ഞെട്ടിയുണർന്നു. മുഖവൈരൂപ്യം ആവോളം മറച്ചുപിടിച്ചുകൊണ്ട് അവൻ എഴുന്നേറ്റിരുന്നു. മാധവക്കുറുപ്പ് അകത്തേയ്ക്കു കടന്നു കോട്ടഴിച്ചു സ്റ്റാൻഡിൽ തൂക്കി.

"ഇന്നെന്താണിത്ര വൈകിയത്?" രവീന്ദ്രൻ ഉദാസീനഭാവത്തിൽ ചോദിച്ചു.

"ഞാൻ സ്റ്റാൻഡിൽ എത്തിയപ്പോഴേയ്ക്കും ബസ്സു പിടിട്ടുപോയി. അടുത്ത ബസ്സിനും ഒരു മണിക്കൂറിലധികം കാത്തിരിക്കേണ്ടിവന്നു."

മേശപ്പുറത്തിരുന്ന കാപ്പിപ്പാത്രമെടുത്തു മാധവക്കുറുപ്പ്, രവിക്കഭിമുഖമായി മറ്റൊരു കസേരയിൽ സ്ഥാനം പിടിച്ചു. ഒരു കപ്പു കാപ്പി പകർന്നെടുത്തു് ആദ്യമായി അയാൾ രവിക്കു കൊടുത്തു.

"എന്താണിന്നു രവിയുടെ മുഖത്തു വല്ലാത്തൊരു ക്ഷീണം?" ഒരു കള്ളച്ചിരിയോടുകൂടി കുറുപ്പു തിരക്കി.

"ഓ, വിശേഷിച്ചൊന്നുമില്ല. പകൽ ഇന്നും കുറച്ചേറെ ഉറങ്ങി."

"ഇന്നലെ രാത്രി അധികനേരമിരുന്നു വായിച്ചിരിക്കും."

"അതെ."

രവിയുടെ നേർക്കു സാകൂതമായി ദൃഷ്ടി പായിച്ചുകൊണ്ടു വീണ്ടും അയാൾ ഒരു കള്ളച്ചിരി ചിരിച്ചു. രവിക്കതിന്റെ രഹസ്യം വെളിവായില്ല. കുറച്ചുനേരത്തേയ്ക്ക്, എന്തുകൊണ്ടോ, അവരിരുവരും മൗനം ദീക്ഷിച്ചതേയുള്ളു. അനന്തരം ഒരു ദീർഘശ്വാസത്തോടെ, അല്പം ഗൗരവം കലർന്ന സ്വരത്തിൽ, കുറുപ്പ് ആരംഭിച്ചു.

Digitized By Kerala Sahitya Akademi

"രവീ, രവിക്കിതു നന്നല്ല."

"ഏതു്?"

കേവലം അപ്രതീക്ഷിതമായ ഒരു പ്രസ്താവം. രവിയുടെ ഹൃദയം ഒന്നു ഞെട്ടി. മുഖം വിളറിപ്പോയി. ഒരിടറിയ സ്വരത്തിൽ രവി ചോദിച്ചു:

"ഏതു്? കുറുപ്പേട്ടൻ എന്തുദ്ദേശിച്ചാണിപ്പറയുന്നതു്?"

"രവിയുടെ ഈ ബന്ധം." അയാളുടെ സ്വരത്തിൽ നീരസവും വിദ്വേഷവും സ്ഫുരിച്ചിരുന്നു.

"ഏതു ബന്ധം?" ഒന്നുമറിയാത്ത ഭാവത്തിൽ രവി വീണ്ടും തിരക്കി.

"അമ്മിണിയുമായുള്ള രവിയുടെ ബന്ധം." നെറ്റി ചുളിച്ചുകൊണ്ടു കുറുപ്പു പറഞ്ഞു.

"എനിക്കമ്മിണിയുമായി ഒരു ബന്ധവുമില്ലല്ലോ!" രവി കഴിഞ്ഞുമാറുവാൻ നോക്കി.

"വേണ്ട രവീ," കുറുപ്പു തടുത്തുകൊണ്ടു തുടർന്നു: "എന്നിൽനിന്നു് ഒന്നും മറച്ചുവെയ്ക്കേണ്ട. ഞാൻ എല്ലാം അറിഞ്ഞുകഴിഞ്ഞു. ആരും പറഞ്ഞില്ലെങ്കിൽത്തന്നെ രവിയുടെ രഹസ്യങ്ങൾ അറിയുവാൻ എനിക്കു പ്രത്യേകം കണ്ണുണ്ടു്. പോരെങ്കിൽ അരമനരഹസ്യം അങ്ങാടിപ്പുരസ്യമാണെന്നോർത്തുകൊള്ളൂ. രവി അവിടെ പോയിത്തുടങ്ങിയിട്ടു് ഒരൊന്നരമാസത്തിലധികമായിട്ടില്ലേ?"

മൗനം. ഒരു കൂറവാളിയെപ്പോലെ രവി തല കുനിച്ചിരിപ്പായി. ഒരക്ഷരം മിണ്ടുവാൻ അവന്റെ നാവു നങ്ങിയില്ല.

Digitized By Kerala Sahitya Akademi

"രവീ, നിന്റെ പേരിൽ എനിക്കൊരധികാരമുണ്ടെന്നാണു് എന്റെ വിശ്വാസം. നിനക്കൊരു ദോഷം വന്നുകാണാൻ ഞാൻ ഇഷ്ടപ്പെടുന്നില്ല." സ്നേഹമസൃണമായ സ്വരത്തിൽ കുറുപ്പു വിശദമാക്കി.

"ഇതിലെന്താണു് ചേട്ടാ ദോഷം?" രവി ചോദിച്ചു.

"ഉണ്ടു്, ദോഷമുണ്ടു്; വലിയ ദോഷമുണ്ടു്. രവിക്കു നന്നല്ല ഈ ബന്ധം. നീ അവളുടെ വലയിൽ കുടുങ്ങും. അവൾ നിന്നെ കുടുക്കും, തീച്ചയാണു്. അതിൽനിന്നു രക്ഷപ്പെടാൻ പിന്നീടൊരിക്കലും നിനക്കു സാധിക്കുകയില്ല."

"അമ്മിണിയും ഞാനും കുട്ടിക്കാലംമുതൽക്കേ സ്നേഹമാണു്. എന്റെ കളിത്തോഴിയാണവൾ. അവളെ...."

"അതെല്ലാമെനിക്കറിയാം, രവീ. അതുകൊണ്ടുതന്നെയാണു് ഞാനീ പറയുന്നതും, രവിക്കീ ബന്ധം കൊള്ളുകയില്ലെന്നു്. നിനക്കു ചെറുപ്പമാണു്. ഇരുപതു വയസ്സു് ഇനിയും നിനക്കു തികഞ്ഞിട്ടില്ല. നന്നായി വരേണ്ട കുഞ്ഞാണു് നീയ്. നിനക്കൊരു ഭാവിയുണ്ടു്. നീയാ വേശ്യാലയത്തിൽ കുടുങ്ങിപ്പോയാൽ—"

"എന്റെ പൊന്നുചേട്ടൻ അങ്ങനെ പറയരുതു്." രവി ഉദ്വേഗപൂർവ്വം തടുത്തുകൊണ്ടു പറഞ്ഞു: "ആളുകൾ പലതും പറയും. നാടൊട്ടുക്കു നാവുണ്ടെന്നുവെച്ചു മേലൊക്കെപ്പെവിയില്ലല്ലോ. കേൾക്കുന്നതൊക്കെ വിശ്വസിക്കാനിരുന്നാൽ—"

"രവീ, ഞാൻ മുൻപു പറഞ്ഞില്ലേ? നീയൊരു കുഞ്ഞാണു്. ലോകത്തിന്റെ ഗതിവൈചിത്ര്യങ്ങൾ നീ

Digitized By Kerala Sahitya Akademi

നക്കു മനസ്സിലായിട്ടില്ല. ഒടുവിൽ, ഒരു കാലത്തു്, ഗത്യന്തരമില്ലാതാകുമ്പോൾ, നിനക്കു കഠിനമായി പശ്ചാത്തപിക്കേണ്ടിവരും. അവിടെ നീ കുടുങ്ങിപ്പോയാൽ അതോടെ തുലഞ്ഞു, നിന്റെ ജീവിതം. ആളുകൾ ഒന്നുമില്ലാതങ്ങനെ പറയുകയില്ല. പറ നിറയെ പതിരായിരിക്കാം; പക്ഷേ, അതൊക്കെ പാറിക്കളഞ്ഞാൽ അടിയിൽ ഒരു നെന്മണിയെങ്കിലും കാണാതിരിക്കയില്ല. കേൾവിയിൽ കുറച്ചൊക്കെപ്പരമാർത്ഥമുണ്ടെന്നു് എനിക്കുറപ്പു പറയാൻ കഴിയും. ആ വഴ്ത്തിന്റെ നടപടി നന്നല്ല."

"ചേട്ടാ, അവരെ സംബന്ധിച്ചു് അതേറെക്കുറെ ശരിയായിരിക്കാമെന്നു ഞാനും സമ്മതിക്കുന്നു.....പക്ഷേ, അമ്മിണി—"

"അല്ലാ, രവീ" കുറുപ്പു് ഇടയ്ക്കു കയറിപ്പറഞ്ഞു, "നീ വിചാരിക്കുന്നതുപോലൊന്നുമല്ല അവളുടേയും കഥ. ഞാനിങ്ങനെ പറയുന്നതു നിന്നെ വേദനിപ്പിക്കുമെന്നെനിക്കറിയാം. എന്നിരുന്നാലും എനിക്കതു പറയാതെ നിവൃത്തിയില്ല. നിന്റെ ഉല്കൃഷ്ടത്തിനു തടസ്സമായി നില്ക്കുന്ന സകലതിനേയും തടയേണ്ടതാണു് എന്റെ കർത്തവ്യം."

"ഒരിക്കലും ചേട്ടന്റെ പ്രസ്താവം ശരിയല്ല," രവി വാദിക്കാൻ മുതിർന്നു. "നന്നെ കുഞ്ഞായിരുന്ന കാലംമുതലേ ഞാൻ അവളെ അറിയുന്നതാണു്. ആ വീട്ടിലുള്ള മറാരുടേയുംപോലല്ല അവളുടെ സ്വഭാവം.....ഇതുവരെ അവൾ ദുഷിച്ചിട്ടില്ലെന്നു് എനിക്കുറപ്പുപറയുവാൻ കഴിയും."

"അതു രവിയുടെ വിശ്വാസം. എന്നാൽ വിശ്വാസവും അനുഭവവും തമ്മിൽ വലിയ അന്തരമുണ്ടു്." ലോ

Digitized By Kerala Sahitya Akademi

കപരിചയം സിദ്ധിച്ച ഒരു പകപബുദ്ധിയുടെ ഘനമുള്ള ഗൗരവഭത്താടുകൂടി കുറുപ്പ് അഭിപ്രായപ്പെട്ടു. "അവസ്ഥ തമ്മിൽ യാതൊരു പൊരുത്തവുമില്ല."

"ചേട്ടനെന്തു പറഞ്ഞാലും ശരി, ഞാനവളെ സ്നേഹിച്ചുപോയി. ഇനി നിവൃത്തിയില്ല." രവി ഖണ്ഡിച്ചുപറഞ്ഞു.

"മിണ്ടാതിരിക്കു രവീ. സ്നേഹിച്ചുപോയെങ്കിൽ ആ സ്നേഹത്തെ നീ ഹൃദയത്തിൽനിന്നും ചേരോടെ പിഴുതുകളയണം. അനുരാഗം, സ്നേഹം, പ്രേമം, പ്രണയം—ഇതെല്ലാം ഈ കവികൾ എന്നു പറയുന്ന വർഗ്ഗത്തിന്റെ ഒരുവകപജല്പനങ്ങളാണു്. അച്ചടിച്ചുകാണാൻ രസമുള്ള പദങ്ങളാണവ. എന്തെന്നില്ലാത്ത ഒരു കൂട്ടുമ്മയും, പാവനതപവും, അനശ്വരതയും എല്ലാം അതിൽ കാണും. എന്നാൽ അതിന്റെ യാഥാർത്ഥ്യവുമായി കൂട്ടിമുട്ടുമ്പോൾ കവിതയിൽക്കൂടി കണ്ട ആ മയക്കുവിദ്യ, ആ മിനുമിനുപ്പു്, ഒന്നുംതന്നെ അതിൽ കണികാണുകയില്ല. അതിൽനിന്നുണ്ടാകുന്ന വേദന ദുസ്സഹമായിരിക്കും."

"ആ വേദനയ്ക്കും ഒരു മാധുര്യമുണ്ടു് ചേട്ടാ. ഞാനതു സഹിക്കുവാൻ സന്നദ്ധനാണു്." രവി ഉശിരോടെ വാദിച്ചു.

"ചെറുപ്പകാലത്തെ ചോരത്തിളപ്പുകൊണ്ടു രവിക്കിന്നു് ഇങ്ങനെയൊക്കെ പറയാൻ തോന്നും. കടിഞ്ഞാണില്ലാത്ത കുതിരകളെപ്പോലെയുള്ള പരക്കംപാച്ചിലാണു് യുവാക്കന്മാരുടേതു്. മുൻപും പിൻപും നോക്കാതെ ഇരച്ചുത്തുകൊണ്ടുള്ള അവരുടെ ഈ പോക്കിൽ, അറിയാതെ

Digitized By Kerala Sahitya Akademi

കാൽ വഴുതി ഓരോ പടുകുണ്ടുകളിൽ വീണുപോകുന്നു. പിന്നീടാണ്—അവയിൽനിന്നു രക്ഷപ്പെടാൻ യാതൊരു വഴിയും കാണാതെ വീർപ്പുമുട്ടുമ്പോഴാണ്—അവർ പശ്ചാത്തപിക്കാൻ തുടങ്ങുന്നതു്. പിന്നത്തെ അവരുടെ ജീവിതം പരമദയനീയമായിരിക്കും.'' കുറുപ്പു് ഉപദേശിച്ചു.

''ഇക്കാര്യത്തിൽ അങ്ങനെയൊന്നും സംഭവിക്കുമെന്നു ഞാൻ വിശ്വസിക്കുന്നില്ല.'' രവി ഉറപ്പിച്ചുപറഞ്ഞു.

''അതേ, രവീ, ഞാൻ മുൻപു പറഞ്ഞില്ലേ, അതു രവിയുടെ വിശ്വാസം. അനുഭവവും അതുപോലെതന്നെ വന്നാൽ കൊള്ളാം. പക്ഷേ, അതിനിവിടെ വഴികാണുന്നില്ല. നിന്റെ പ്രായത്തിലുള്ളവരുടെ പൊതുവേയുള്ള ഒരു സ്വഭാവമാണിതു്. നിങ്ങൾ സദാ ഒരാദർശലോകത്തെ സ്വപ്നം കാണുന്നു. നിങ്ങളുടെ സങ്കല്പം സദാ ഒരു വെള്ളിമേഘത്തിൽ കയറി സഞ്ചരിച്ചുകൊണ്ടിരിക്കുന്നു. പൂനിലാവും, പനിനീർപ്പൂക്കളും, കണ്ണീരുകളും, മന്ദസ്മിതങ്ങളും, അങ്ങനെ ആയിരമായിരം പേക്കിനാവുകളുമായിമാത്രമേ നിങ്ങൾക്കു പരിചയമുള്ളു. വാസ്തവികലോകവുമായി അപ്പോൾ നിങ്ങൾക്കു യാതൊരു ബന്ധവുമില്ല. അതിനോടടുക്കുമ്പോൾ, ആകാശചാരികളായ നിങ്ങൾ കീഴോട്ടിറങ്ങിവന്നു് ആ പരുപരുത്ത യാഥാർത്ഥ്യങ്ങളുമായി കൂട്ടിമുട്ടുമ്പോൾ, ആത്മാവു പൊള്ളിപ്പോകും.''

''ഞാൻ ഒരു പ്രായോഗികജീവിയാണെന്നു ചേട്ടനറിഞ്ഞിരിക്കയില്ല.'' രവി പ്രസ്താവിച്ചു.

''എങ്കിൽ, ഞാൻ പറയുന്നതു് എളുപ്പത്തിൽ രവിക്കു മനസ്സിലാകുമായിരുന്നു. അഥവാ ഇങ്ങനെ പറയുവാൻതന്നെ ഇടയാവുകയില്ലായിരുന്നു.''

Digitized By Kerala Sahitya Akademi

"മനസ്സിലാകായ്കയല്ല, ചേട്ടാ. പക്ഷേ, അമ്മിണിയെ സംബന്ധിച്ചിടത്തോളം മാത്രമേ ചേട്ടന്റെ അഭിപ്രായത്തോടു ഞാൻ യോജിക്കാതിരിക്കുന്നുള്ളു."

"നീയിന്നവളിൽ അത്രമാത്രം ഭ്രമിച്ചുവശായിട്ടുണ്ടു്. നിന്റെ ഇന്നത്തെ കണ്ണുകൊണ്ടു നോക്കിയാൽ, നീയിന്നവളെ കരസ്പരസ്സായിട്ടേ കാണുകയുള്ളു. എന്നാൽ ഒരു കാലത്തു് ഈ ഭ്രമം എന്നെന്നേയ്ക്കുമായി കെട്ടടങ്ങും. അപ്പോൾ, ഈ പുതുമയൊക്കെ വാടിക്കൊഴിയുമ്പോൾ, ഈ മഴവില്ലെല്ലാം മാഞ്ഞുകഴിയുമ്പോൾ, അവളുടെ തനിനിറം, അവളുടെ യഥാർത്ഥരൂപം, നിനക്കു കാണാറാകും. അപ്സരസ്സിന്റെ സ്ഥാനത്തു് അരുകൊലയായിരിക്കും നീയന്നു കാണുക. അന്നു നീ ഹൃദയവേദനയാൽ കിടന്നു പിടയുന്ന ആ ദയനീയമായ കാഴ്ച കാണാൻ എന്റെ കരളിനു കരുത്തില്ല. എന്റെ പ്രിയപ്പെട്ട രവീ, ആ പെൺകുഞ്ഞു് എന്നോടൊരപരാധവും ചെയ്തിട്ടില്ല. എനിക്കവളോടു് അണുപോലും വിരോധവുമില്ല. പക്ഷേ, അവളേക്കാൾ എനിക്കു വിലപ്പെട്ടതു നീയാണു്. നിന്നോടുള്ള അതിരുകവിഞ്ഞ സ്നേഹംകൊണ്ടുമാത്രമാണു്, നിനക്കല്പംപോലും മുണ്ടായിക്കാണുവാനുള്ള അടങ്ങാത്ത കൊതികൊണ്ടുമാത്രമാണു്, ഞാനിങ്ങനെ നിന്നെ ഗ്രണഭോഷിക്കുന്നതു്. അമ്മിണിയുമായുള്ള നിന്റെ ഇന്നത്തെ ഈ രഹസ്യബന്ധം അടുത്ത ഭാവിയിൽത്തന്നെ മറ്റൊരു രൂപമെടുക്കും. അതിനുള്ള സകല ലക്ഷണങ്ങളും ഞാൻ തെളിഞ്ഞുകാണുന്നുണ്ടു്."

"അവളെ വിവാഹം കഴിച്ചുകൊള്ളാമെന്നു ഞാൻ

Digitized By Kerala Sahitya Akademi

അവൾക്കു വാക്കു കൊടുത്തുപോയി.” രവി നിസ്സഹായഭാവം നടിച്ചുകൊണ്ടു പറഞ്ഞു.

രവിയുടെ വാക്കുകൾ കുറുപ്പിന്റെ ഹൃദയത്തിൽ വലിയ ക്ഷോഭമുണ്ടാക്കി. അയാളുടെ മുഖത്തുള്ള സിരാതന്തുക്കൾ വികാരവേഗംമൂലമുള്ള രക്തപ്രസരത്തിൽ തുള്ളിത്തുടുത്തു. അസഹ്യമായ ഒരുപ്പോടെ കനത്ത സ്വരത്തിൽ അയാൾ പറഞ്ഞു:

“കള്ളം! പച്ചക്കള്ളം! രവി എന്റെ മുഖത്തു നോക്കിപ്പറയൂ. നീ എന്തിനെന്നെ വഞ്ചിക്കാൻ നോക്കുന്നു? നീ അവളെ മറക്കണം, രവീ. ആ വളപ്പിനകത്തു മേലാൽ നീ കാൽ കുത്തരുതു്. നിനക്കറിയാമോ, നിന്റെ ബന്ധുക്കളും, നിനക്കു വേണ്ടപ്പെട്ട മറെല്ലാവരും ഇതറിഞ്ഞു വളരെ ക്ഷോഭിച്ചിരിക്കയാണെന്നു്?”

“അതങ്ങനെയല്ലേ സംഭവിക്കൂ? പക്ഷേ, ഞാനതൊന്നും അത്ര കാര്യമാക്കുന്നില്ല.”

“അതു നിന്റെ ഔദ്ധത്യം. അവരുടെയെല്ലാം വിരോധം നീ തൃണപ്രായമാക്കി തള്ളുമായിരിക്കാം. പക്ഷേ ഒന്നു നീയോർക്കണം: ഈ വർത്തമാനം ചെവിയിലെത്തിയ നിമിഷംമുതൽ നിന്റെ ആ സാധുമാതാവിന്റെ ഹൃദയം ഉമിത്തീയിലെന്നോണം നീറിക്കൊണ്ടിരിക്കയാണു്. മറെല്ലാം പോകട്ടെ. ഇതുമാത്രം നീയോർത്താൽ മതി. അവർ എന്റെ അടുത്തു് ആളെപ്പറഞ്ഞയച്ചിരുന്നു. ഇന്നലെ ഞാൻ നിന്റെ വീട്ടിൽ നീയില്ലാത്ത അവസരം നോക്കി പോയി. അവർ പൊഴിച്ച കണ്ണുനീർ! രവീ, എന്റെ ഹൃദയം അതു കണ്ടു ദ്രവിച്ചുപോയി. എങ്ങനെയെ

Digitized By Kerala Sahitya Akademi

ങ്കിലും നിന്നെ ഇതിൽനിന്നകറ്റണമെന്നു് അവർ എ
ന്നോടു യാചിച്ചു.”

“അമ്മയെ ഞാൻ സമാധാനിപ്പിച്ചുകൊള്ളാം. അ
ക്കാര്യം ഞാനേറ്റു.”

“അതു നിന്റെ വെറുമൊരു മിത്ഥ്യാബോധം മാത്ര
മാണു്, രവീ. നീയാ വലയിൽ കുടുങ്ങിയാൽ അവൾക്കു സ
ഹിക്കയില്ല. ആ കാഴ്ചയിൽ അവളുടെ കരളു പൊട്ടും.
നിന്റെ ഭാവി നീ നശിപ്പിക്കരുതു്. ഇതിനേക്കാൾ എ
ത്രയോ ഉൽക്കൃഷ്ടമായ ഒരു വിവാഹബന്ധം നിനക്കുണ്ടാ
യിത്തീരും!”

“പക്ഷേ വിവാഹകാര്യത്തിൽ ഹൃദയങ്ങളുടെ അട്ട
പ്പുമല്ലേ കൂടുപ്പെട്ടാ—”

“ഹൃദയങ്ങളുടെ അടുപ്പം! മണ്ണാങ്കട്ട!” കോപംകൊ
ണ്ടു ജ്വലിക്കുന്ന കണ്ണുകളോടുകൂടി കുറുപ്പു് ആക്രോശിച്ചു.
“ഇതൊക്കെ പ്രസംഗിക്കാം. ഹൃദയങ്ങളുടെ അടുപ്പംപോ
ലും! ഒരു പിണ്ണാക്കുമില്ല. ആദ്യം അനുരാഗത്തിൽ ആരം
ഭിക്കപ്പെടുന്ന വിവാഹം ഒന്നെങ്കിലും ലോകത്തിൽ വിജ
യകരമായി കലാശിച്ചിട്ടുണ്ടോ? വിവാഹശേഷം സ്നേഹി
ക്കുക. ആ സ്നേഹത്തിനേ ദാർഢ്യമുള്ളു. അതു മഴവില്ലു
പോലെ മാഞ്ഞുപോവുകയില്ല. മറേതിനും ആദ്യത്തെ
ആ മനംമയക്കുന്ന നിറപ്പകിട്ടുമാത്രമേയുള്ളു. അല്പനാളു
കഴിക്കുള്ളിൽ അതു മങ്ങിപ്പോകും. അതും പോരെങ്കിൽ
മലിനരക്തത്തിൽനിന്നും—”

“അരുതു്, ചേട്ടാ. എന്തെങ്കിലുമാകട്ടെ. ദയവുചെ
യ്തു് അവളെക്കുറിച്ചു് എന്റെ മുൻപിൽ വെച്ചു ചേട്ടനങ്ങ

Digitized By Kerala Sahitya Akademi

ന്നെ പറയരുതു്. അതെനിക്കു സഹിക്കില്ല. ചേട്ടനല്ലാതെ ഈ ലോകത്തിൽ മറ്റാരെങ്കിലുമൊരാളാണു് ഇങ്ങനെ പറഞ്ഞിരുന്നതെങ്കിൽ—"

"രവീ, നിന്റെ വാക്കുകൾ കേൾക്കുമ്പോൾ എന്റെ മനസ്സിൽ ഒരു പരിഹാസച്ചിരി പൊട്ടിപ്പുറപ്പെടുന്നു. ശരിതന്നെ. ഇന്നവൾ ദുഷിച്ചിട്ടില്ലായിരിക്കും. കവികളുടെ ഭാഷയിൽ പറയുകയാണെങ്കിൽ, ഇന്നവൾ ഒരു സ്രോതപുഷ്പംതന്നെ ആയിരിക്കാം—പക്ഷേ, അങ്ങനെയല്ലെന്നുള്ളതിലേയ്ക്കു ശരിയായ തെളിവുകൾ എനിക്കു തരാൻ കഴിയും. അതു പോട്ടെ—ഇന്നത്തെ ഈ നിന്റെ ശകുന്തളയിൽ ഒരു വാസവദത്ത കളിഞ്ഞുകിടക്കുന്നുണ്ടെന്നുള്ള വാസ്തവം ആദർശജീവിയായ, സാഹിത്യവിഹാരിയായ, നീ അറിയുന്നില്ല. അസാന്മാർഗ്ഗികതയിലേയ്ക്കുള്ള അടങ്ങാത്ത ഒരു ദുർവ്വാസന പരമ്പരയായി അവരിലുണ്ടു്. രക്തത്തോടു കൂടിക്കലർന്നുകിടക്കുന്ന ഒരു സവിശേഷതയാണതു്. അതു നശിക്കുകയില്ല. എത്ര നല്ല പരിതസ്ഥിതികളിലായാലും, എത്രതന്നെ ഉയർന്ന നിലയിലെത്തിയാലും, ആ ദുഷിച്ച വാസന അവരെ വിട്ടുപിരിയുന്നതല്ല. അതിന്റെ പ്രേരണാശക്തിക്കു മറ്റൊന്നും വഴങ്ങിക്കൊടുക്കുകതന്നെ ചെയ്യും. നീയിന്നവളെ വിവാഹം ചെയ്യുന്നു. അവൾ സദ്വൃത്തയായിത്തന്നെ ജീവിക്കുമായിരിക്കാം. പക്ഷേ, ജീവിതത്തിൽ എന്നെങ്കിലും, ഒരിക്കലെങ്കിലും, അവൾ നിന്നെ വഞ്ചിക്കാതിരിക്കുകയില്ല; അതു തീർച്ചയാണു്. സമാധാനസമ്പൂർണ്ണമായ ഒരു ജീവിതം നയിക്കേണമെന്നു നിനക്കാശയുണ്ടെങ്കിൽ, നീ ആദ്യമാ

Digitized By Kerala Sahitya Akademi

യി ചെയ്യേണ്ടതു് അവളുമായുള്ള ഈ ബന്ധം ഉപേക്ഷിക്കുകതന്നെയാണു്. ഇനി ഇക്കാര്യത്തിൽ ഞാൻ നിന്നെ ഉപദേശിക്കുകയില്ല. ഇതുയും പറയേണ്ട കാര്യമുണ്ടു്. നിനക്കുണ്ടു്. ഇനിയെല്ലാം നിന്റെ ഇഷ്ടംപോലെ!"

ഇതികർത്തവ്യതാമൂഢനായ രവീന്ദ്രൻ ഒരു കുറ്റവാളിയെപ്പോലെ ഇരുന്നുപോയി. എന്തോ പറഞ്ഞാൽക്കൊള്ളാമെന്നവനു തോന്നി. പക്ഷേ അവനു നാവു പൊന്തിയില്ല.

അന്ധകാരം അല്പാല്പമായി അവിടെ വ്യാപിച്ചുതുടങ്ങിയിരുന്നു.

കുറുപ്പു വെളിയിലേയ്ക്കിറങ്ങി. രവി പിന്നേയും അവിടെത്തന്നെ നിശ്ചലനായിരിക്കുകയാണു്. അയാളുടെ ഹൃദയം വല്ലാതെ നൊന്തു. തന്റെ ജീവിതാന്തരിക്ഷത്തിലാകമാനം ഇരുളടയുന്നതായി അയാൾക്കു തോന്നി. ആ അന്ധകാരപ്പരപ്പിൽ, ഒരു വെള്ളിനക്ഷത്രം, അതാ അയാളെ നോക്കി മന്ദഹസിക്കുന്നു—അമ്മിണി! അവളെ മറക്കുക!—അതെങ്ങനെ സാധിക്കും? ലോകം മുഴുവൻ തന്നോടെതിരിടട്ടെ. അവളുമായുള്ള ബന്ധം ഒരിക്കലും ഉപേക്ഷിക്കുകയില്ല; അയാൾ ശപഥംചെയ്തു. അയാൾക്കു് അവളിൽ പരിപൂർണ്ണമായ വിശ്വാസമുണ്ടു്. അവൾ നിർമ്മലയാണു്. എങ്കിലും, കുറുപ്പിന്റെ വാക്കുകൾ അയാളെ ചിന്താകുലനാക്കി. ഒരുപക്ഷേ—ആർക്കറിയാം? അടിയുറച്ച വിശ്വാസത്തിനടിയിലും ഒരു നേരിയ സംശയനാളം! അതു പതുക്കെപ്പതുക്കെ മുകളിലേയ്ക്കു നുളഞ്ഞുകയറുന്നു. അതിനു മുന കൂർത്ത രണ്ടു കൊമ്പുകളുണ്ടു്. ഹൃദയത്തിൽ

Digitized By Kerala Sahitya Akademi

അതു കുത്തുന്നു. വേദനകൊണ്ടയാൾ പുളഞ്ഞു. അയാൾക്കു വീഴ്പ്പുമുട്ടി. പാവം!

എങ്കിലും, അമ്മിണി!—അവൾ നിഷ്ക്കളങ്കയാണു്. ആ പണ്ടത്തെ വിശ്വാസം. അതങ്ങനെതന്നെ നിലനിന്നിരുന്നെങ്കിൽ! അതിനയാളെ ആശ്വസിപ്പിക്കാൻ കഴിയും. ആ കുറ്റപ്പു് അയാളുടെ ലോകപരിചയപ്രസംഗവുമായി എന്തിനാ കടന്നുവന്നു? തന്റെ സാങ്കല്പികസ്വർഗ്ഗത്തിൽ നാരകീയാഗ്നി കൊളുത്തുവാനോ? ഹാ ശപിക്കപ്പെട്ട ലോകം!

ആറു്

"എന്താണു് രവീ, ഈ നാടൊട്ടുക്കു കേൾക്കുന്നതു്?"—രണ്ടു ദിവസം കഴിഞ്ഞു കേശവപിള്ള അയാളോടു ചോദിച്ചു.

"ഉം്ം, എന്താണു്?"

"രവി അമ്മിണിയെ വിവാഹം കഴിക്കാൻ പോകുന്നെന്നു് ഒരു ശ്രുതി പരന്നിട്ടുണ്ടു്." അയാൾ വിശദപ്പെടുത്തി.

"ശരിയായിരിക്കാം," രവി അനാസ്ഥയോടെ പ്രതിവചിച്ചു.

"ആട്ടെ, അതിൽ എന്തെങ്കിലും വാസ്തവമുണ്ടോ?" കേശവപിള്ള ജിജ്ഞാസയോടെ തിരക്കി.

"എന്തോ, എനിക്കറിഞ്ഞുകൂടാ." അയാളുടെ സ്വരത്തിൽ അല്പം നീരസം കലർന്നിരുന്നു.

Digitized By Kerala Sahitya Akademi

"രവീ, എന്താണിങ്ങനെ ഭാവിയുന്നതു്? എനിക്കു പണ്ടേതന്നെ ഈ സംശയമുണ്ടായിരുന്നു. നിങ്ങൾ തമ്മിൽ വലിയ അടുപ്പമാണെന്നെനിക്കറിയാം. പക്ഷേ അതങ്ങനെ ഒരു വിവാഹത്തിലാണു് കലാശിക്കുന്നതെങ്കിൽ, വലിയ കഷ്ടമാണു്." സഹതാപപൂർവ്വം ഞാൻ അഭിപ്രായപ്പെട്ടു.

"എന്താണു് കഷ്ടം?"

"എന്താണെന്നോ? അതു നിങ്ങൾക്കു യോജിച്ച ഒരു ബന്ധമല്ല; അതുതന്നെ. ലോകത്തിന്റെ മുൻപിൽ എന്നെന്നും നിങ്ങൾ പരിഹാസപാത്രമായിരിക്കും. ആട്ടെ, നിങ്ങൾ അങ്ങനെ വാക്കുകൊടുത്തിട്ടുണ്ടോ?"

"ഇല്ല."

"പക്ഷേ, ഉണ്ടെന്നാണു് നാടൊട്ടുക്കുള്ള കേൾവി."

"അതിനു ഞാൻ ഉത്തരവാദിയാകുന്നതെങ്ങനെ?"

"നിങ്ങൾ നിത്യമെന്നോണം അവളുടെ വീട്ടിൽ പോകാറില്ലേ?"

"ചിലപ്പോഴൊക്കെ പോകുന്നുണ്ടായിരിക്കാം."

"രവി എന്തിനവിടെ പോകുന്നു?"

"അതു കൊള്ളാം. ഒരാൾക്കു് ഒരു വീട്ടിൽ പോകുവാൻ പാടില്ലെന്നോ? കേമമായി!"

"അങ്ങനെയല്ല രവീ—ഇതാ, വലിക്കണം"—എന്നു പറഞ്ഞു കേശവപിള്ള കൂപ്പായക്കീശയിൽനിന്നും സിഗററുപെട്ടിയെടുത്തു് ഒരെണ്ണം രവിക്കു കൊടുത്തു. മറെറാന്നു് അയാളും എടുത്തു കൊളുത്തിയശേഷം, കത്തുന്ന തീപ്പെട്ടിക്കോൽ രവിയുടെ നേക്കു നീട്ടി. ഇരുവരും

Digitized By Kerala Sahitya Akademi

പുകവിട്ടുകൊണ്ട് ആ ഭഗവതീക്ഷേത്രത്തിനു മുൻവശത്തുള്ള വൻപിച്ച അരയാലിന്റെ ചുവട്ടിൽ, വെള്ളുമണലിൽ, ചടഞ്ഞിരിപ്പായി. കേശവപിള്ള തുടർന്നു:

"അങ്ങനെയല്ല, സ്നേഹിതാ. നിങ്ങൾ ആ വീട്ടിൽ പതിവായിട്ടങ്ങനെ പോകുന്നതു മറ്റൊരാൾ കാണുകയാണെങ്കിൽ പോകുന്നതുപോലെയല്ല. നിങ്ങളുടെ പെരുമാറ്റം സ്വാഭാവികമായി ചില ദുർവ്യാഖ്യാനങ്ങൾക്കിടകൊടുക്കും. നിങ്ങൾ പക്ഷേ, സത്യസന്ധനായിരുന്നാൽപ്പോലും, നിങ്ങൾക്കു വെറുതെയെങ്കിലും ഒരു ചീത്തപ്പേരുണ്ടാകും. ജനാപവാദത്തെ നാം ഭയപ്പെടേണ്ടേ? പോരെങ്കിൽ അതു് ആ പെൺകുട്ടിയുടെ ഭാവിക്കും ഹാനികരമാണു്. നിങ്ങൾ അവളെ വിവാഹം കഴിക്കാത്തപക്ഷം, അവളുടെ പേർ നിങ്ങൾമൂലം ദൂഷിക്കാനിടയാവുക എന്നതു—മുൻപുതന്നെ അവൾ ചീത്തപ്പേർ സമ്പാദിച്ചിട്ടുണ്ടെങ്കിലും—നിങ്ങൾക്കു നന്നല്ല."

"ആരെയും വേണമെങ്കിൽ പുലമ്പട്ടെ. ജനാപവാദം ഞാനത്ര കാര്യമാക്കുന്നില്ല. എനിക്കെന്റെ മനസ്സാക്ഷി മാത്രം മതി!" നിഷേധഭാവത്തിൽ രവി പറഞ്ഞു.

"മനസ്സാക്ഷി! മനസ്സാക്ഷി!! ഒരു കരിയിലയോളമെങ്കിലും വിലപിടിയാത്ത ഒന്നാണു് ഈ മനസ്സാക്ഷി! അതിനെ പ്രമാണമാക്കി പ്രസംഗിക്കുന്നവരാണു് വലിയ വഞ്ചകന്മാർ, പരമഘാതകന്മാർ! നിങ്ങൾ ഇത്ര മഹത്തരമായി വാഴ്ത്തുന്ന ആ മനസ്സാക്ഷി, സമുദായത്തിന്റെ മുമ്പിൽ വെറുമൊരുണക്കപ്പുല്ലാണു്. ഇല്ലാത്തതോരോന്നു കെട്ടിച്ചമയ്ക്കുക, ഉള്ളതിനെ ഇല്ലാതാക്കുക, മൺകട്ടയെ മ

Digitized By Kerala Sahitya Akademi

ഹാമേരുവാക്കുക — ഇതിലാണു് സമുദായം രസിക്കുന്നതു്. നിസ്സാരമെന്നു തള്ളിക്കളയാവുന്ന ഒന്നല്ല ജനാപവാദം.”

“എനിക്കങ്ങനെ തോന്നുന്നില്ല, കേശവൻകുട്ടീ,” രവി വാദിക്കാനൊരുങ്ങി: “ജനങ്ങൾ എന്തു വേണമെങ്കിൽ പറയട്ടെ. ഞാനും അമ്മിണിയും തമ്മിൽ സ്നേഹമാണു്. അതു ഞാൻ സമ്മതിക്കുന്നു. എന്റെ ഓമനക്കളിത്തോഴിയാണവൾ. ഞങ്ങളുടെ ആത്മബന്ധം ഇന്നോ ഇന്നലെയോ ആരംഭിച്ചതല്ല. പിഴുതുമാറ്റാൻ സാധിക്കാത്തവിധം ആ പാവനമായ സ്നേഹവല്ലി ഞങ്ങളുടെ ഹൃദയത്തിന്റെ അഗാധതയിൽ അത്രമാത്രം ദൃഢമായി വേരുന്നിക്കഴിഞ്ഞു. അവളെ ഞാൻ സ്നേഹിക്കുന്നുണ്ടു്. ചിലപ്പോഴെല്ലാം ഞാൻ അവളുടെ ഭവനത്തിൽ ചെന്നെന്നും വന്നേയ്ക്കാം. ഇക്കാരണങ്ങളാൽ ഞങ്ങളെ ലോകം അപരാധികളാക്കണമെന്നില്ല. ഒരു സ്ത്രീയും പുരുഷനും തമ്മിലുള്ള ബന്ധം എപ്പോഴും ലൈംഗികമായിരിക്കണമെന്നില്ലല്ലോ.”

“അതൊക്കെ ശരിതന്നെ.” കേശവപിള്ള ഒരു ചെറിയ പുഞ്ചിരിയോടുകൂടി പറഞ്ഞു: “പക്ഷേ, രവീ, നിങ്ങൾ ഇങ്ങനെയൊക്കെ പ്രസംഗിച്ചതുകൊണ്ടു പ്രയോജനമില്ല. നിങ്ങളുടെ സംസാരത്തിൽ ലേശമെങ്കിലും ആത്മാർത്ഥതയുണ്ടെന്നു് എനിക്കു തോന്നുന്നില്ല. ഞാനങ്ങനെ തുറന്നു പറയുന്നതിൽ നിങ്ങൾക്കു പരിഭവം തോന്നുമോ?”

“എന്തിനു”? അതിന്റെ ആവശ്യമില്ലല്ലോ?” കേവലം അഗണ്യഭാവത്തിൽ രവി മറുപടി പറഞ്ഞു.

Digitized By Kerala Sahitya Akademi

"എന്നാൽ ഞാൻ പറയാം," കേശവപിള്ള തുടർന്നു: "ഇതൊന്നും നിങ്ങളുടെ ഹൃദയത്തിൽനിന്നും പൊട്ടിപുറപ്പെടുന്ന വാക്കുകളല്ല. ചുണ്ടിൽനിന്നുതിർന്നുവീഴുന്നവെറും നിരർത്ഥപദങ്ങൾ. ഇത്രമാത്രം ആഭാസാത്മകമായ ഈ ബന്ധം, അല്പമെങ്കിലും കളങ്കം തട്ടാതെ, എത്ര കാലം നിങ്ങൾക്കു തുടർന്നുകൊണ്ടു പോകുവാൻ സാധിക്കും?"

"എന്റെ മരണംവരെ." രവി ഗൗരവത്തിൽ പറഞ്ഞു.

"കുറെ മിണ്ടാതിരിക്കണം, സ്നേഹിതാ." പുച്ഛഭാവത്തിൽ അയാൾ രവിയുടെ പ്രസ്താവനയെ നിഷേധിച്ചുകളഞ്ഞു. അയാൾ തുടർന്നു: "എന്നോടാണോ ഈ ആഭാസമൊക്കെ നിങ്ങൾ പ്രസംഗിക്കുന്നതു്? എനിക്കു നിങ്ങളെ നന്നായറിയാം. ഞാൻ തീർത്തുപറയുന്നു; ഒരു ദിവസം നിങ്ങൾക്കതു സാധിക്കുമെന്നു് എനിക്കു വിശ്വാസമില്ല."

"എന്തു്! അതിത്ര മനുഷ്യാതീതമാണെന്നാണോ നിങ്ങൾ വിചാരിക്കുന്നതു്?" അത്ഭുതഭാവത്തിൽ രവി ചോദിച്ചു.

"എന്നു ഞാൻ വിചാരിക്കുന്നില്ല," ശാന്തസ്വരത്തിൽ കേശവപിള്ള പ്രതിവചിച്ചു: "പക്ഷേ നിങ്ങൾക്കു് അങ്ങനെ പെരുമാറുവാൻ സാദ്ധ്യമല്ലെന്നേ ഞാൻ പറയുന്നുള്ളു; വിശേഷിച്ചു് അമ്മിണിയോടു്."

"കഷ്ടം! കേശവൻകുട്ടിക്കു് എന്നെ ഇനിയും മനസ്സിലായിട്ടില്ല."

"ഇല്ലായിരിക്കാം." കേശവപിള്ള സമ്മതിച്ചു. "ആട്ടെ, ഞാൻ ഒരു സംഗതി ചോദിച്ചാൽ, കുറ്റം മറക്കുമെ

Digitized By Kerala Sahitya Akademi

ഷ്ണാതെ, ഉള്ള പരമാത്മം രവി എന്നോട്ട തുറന്നുപറയാമോ?"

"തീച്ചയായും!" അയാൾ ഉറപ്പിച്ചു പറഞ്ഞു.

"ശരി. അമ്മിണിയും രവിയും എന്നെങ്കിലും രാത്രിയിൽ രഹസ്യമായി കണ്ടുമുട്ടിയിട്ടുണ്ടോ?"

"ഛേയ്....ഇല്ല....ഒരിക്കലുമില്ല."

"കഷ്ടം! രവി എന്തിനിങ്ങനെ വെറുതേ പച്ചക്കള്ളം പറയുന്നു? നിങ്ങൾ വാനോളം പുകഴ്ത്തിപ്പൊക്കിയ ആ മനസ്സാക്ഷിയുടെ കഴുത്തു ഞെരിക്കാൻ നിങ്ങൾക്കു യാതൊരു സങ്കോചവുമില്ലല്ലോ, കഷ്ടംതന്നെ!"

"മനസ്സാക്ഷിക്കു വിരുദ്ധമായിട്ടാണു് ഞാൻ സംസാരിക്കുന്നതെന്നു കേശവൻകുട്ടി എങ്ങനെ നിശ്ചയിച്ചു?"

"എനിക്കു നന്നായറിയാം, രവീ, നിങ്ങളും അമ്മിണിയും തമ്മിൽ ഇതിനിടയിൽ അനേകം രഹസ്സന്ദർശനങ്ങൾ നടന്നിട്ടുണ്ടു്." ഗൂഢസ്മിതത്തിൽ കേശവപിള്ള പറഞ്ഞു.

"അതിനുള്ള തെളിവു്? നിങ്ങൾ കണ്ടിട്ടുണ്ടോ?" വിളറിയ മുഖത്തോടെ രവി ചോദിച്ചു.

"കണ്ടിട്ടുമുണ്ടാകും," ഒരു കള്ളച്ചിരിയോടെ കേശവപിള്ള മറുപടി പറഞ്ഞു: "എന്തിനിതൊക്കെ വിസ്തരിക്കുന്നു? നിങ്ങളെ ആത്മാർത്ഥമായി സ്നേഹിക്കുന്ന എന്നോടു്, നിങ്ങളുടെ ഒരുത്തമബന്ധുവാണെന്നു നിങ്ങൾതന്നെ സമ്മതിച്ചിട്ടുള്ള എന്നോടു്, നിങ്ങൾ പരമാർത്ഥം തുറന്നുപറയുന്നില്ലല്ലോ! സംഗതികൾ നിങ്ങൾ മനഃപൂർവ്വം എന്നിൽനിന്നു മറച്ചുവെയ്ക്കുകയാണു്. നിങ്ങൾക്കെന്നിൽ

Digitized By Kerala Sahitya Akademi

വിശ്വാസമില്ല. പക്ഷേ അമ്മിണിയുടെ വീട്ടിൽ, പടിഞ്ഞാറെ മുറ്റത്തു നില്ക്കുന്ന ആ പടുകൂറ്റൻമാവിനും ഒരു ചപലസ്വഭാവമുണ്ടു് കേട്ടോ, രവീ. രവിക്കതു മനസ്സിലായിട്ടില്ല. രാത്രികാലങ്ങളിൽ വല്ല കാമിനീകാമുകന്മാരും സൈരസല്ലാപത്തിനായി അതിന്റെ ചുവട്ടിൽ വന്നിരുന്നാൽ, പിറേന്നാൾ അതിന്റെ പന്തലിച്ച ശിഖരങ്ങളിൽ തഴച്ചുതുങ്ങുന്ന പച്ചിലകൾ, ആ രഹസ്യം, കാണുന്നവരോടൊക്കെ വിളിച്ചുപറയും.”

രവീന്ദ്രൻ നടുങ്ങിപ്പോയി. ആ രഹസ്യം! അതെങ്ങനെ കേശവപിള്ള മനസ്സിലാക്കി? അത്ഭുതം അയാളെ മരവിപ്പിച്ചു. അയാളുടെ ഹൃദയം ശക്തിയായി മിടിക്കാൻ തുടങ്ങി. പെട്ടെന്നുണ്ടായ സംഭ്രമപാരവശ്യം മുഖത്തുനിന്നു നിർമ്മാർജ്ജനംചെയ്യാൻ, പാവം, വളരെപ്പണിപ്പെട്ടു നോക്കി. പക്ഷേ, ഫലിച്ചില്ല. വെണ്ണപ്പൂപോലെ വിളറിയ അയാളുടെ മുഖം ദയനീയമായിരുന്നു. താണ സ്വരത്തിൽ, ആ ചങ്ങാതിയുടെ തോളിൽ കൈയിട്ടുകൊണ്ടു്, രവി ചോദിച്ചു:

“എന്റെ പൊന്നുകേശവൻകുട്ടിയല്ലേ, എന്നോടു പറയൂ, എങ്ങനെയാണു് നിങ്ങളിതറിഞ്ഞതു്?”

“ഇല്ല, രവീ, അതു പറയാൻ നിവൃത്തിയില്ല.” അല്പം ഗൗരവത്തിൽ കേശവപിള്ള പറഞ്ഞു. “കുറേനാൾ കഴിയട്ടെ. എല്ലാം ഞാൻ വിസ്തരിച്ചു പറഞ്ഞുതരാം. ഇന്നതു പറഞ്ഞാൽ അപകടമാണു്. ഒന്നുമാത്രം രവി ധരിച്ചുകൊള്ളൂ: രവി വിശ്വസിക്കുന്നപോലെ അത്ര സദ്വൃത്തയൊന്നുമല്ല അമ്മിണി. അവൾക്കു പല കാമുകന്മാരുമുണ്ടു്. അവരിലൊരാൾ രവിയും. അത്രയേ ഉള്ളൂ.”

Digitized By Kerala Sahitya Akademi

രവി തല താഴ്ത്തി. ആ മുഖത്തു രക്തത്തിന്റെ രേഖ പോലുമില്ല. മൗനം. അതു കുറേ നീണ്ടുനിന്നു.

"നമുക്കു പോകാം," എന്നു പറഞ്ഞു കേശവപിള്ള എഴുന്നേറ്റു. കരുതയന്ത്രമെന്നോണം രവി അയാളെ അനുഗമിച്ചു: അസുഖദമായ ആ മൗനം ഭഞ്ജിക്കപ്പെട്ടില്ല.

സാന്ധ്യതാരം മന്ദഹസിച്ചു. അടുത്തുള്ള ദേവാലയത്തിൽനിന്നും ദീപാരാധനവേളയിലെ മധുരമായ നാഗസ്വരസംഗീതം മൃദുവീചികളായി അന്തരിക്ഷത്തിൽ അലിഞ്ഞൊഴുകിക്കൊണ്ടിരുന്നു.

ഏറെനേരം കഴിഞ്ഞു കേശവപിള്ളതന്നെ വീണ്ടും ആ മൗനം ഭഞ്ജിക്കാനൊരുമ്പെട്ടു:

"രവീ, നിങ്ങളുടെ ഹൃദയത്തിൽ ഇപ്പോഴുള്ള വിചാരങ്ങൾ എനിക്കു ശരിയായറിവാൻ കഴിയും. പക്ഷേ, ഒന്നു ഞാൻ പറയാം: നിങ്ങളുടെ ഊഹങ്ങളും പരമാർത്ഥങ്ങളും തമ്മിൽ വലിയ അന്തരമുണ്ട്. അമ്മിണിയുമായി എനിക്കടുപ്പമുണ്ടെന്നു നിങ്ങളിപ്പോൾ ശങ്കിക്കുന്നുണ്ട്, ഇല്ലേ?"

"അതേ. എനിക്കങ്ങനെ തോന്നുന്നു." വിഷാദസ്വരത്തിൽ രവി സമ്മതിച്ചു.

"എന്നാൽ, അങ്ങനെയല്ല. ഞാനിതിൽ നിരപരാധിയാണു്. പക്ഷേ മറെറാരാളോടു് അവൾ എല്ലാം തുറന്നുപറഞ്ഞു. അതാ, നിങ്ങളുടെ മുഖം വല്ലാതെ വിളറുന്നല്ലോ. നിങ്ങൾക്കിതു കേൾക്കുന്നതിൽ വലിയ കുണ്ഠിതമുണ്ടെന്നെനിക്കറിയാം. അതു സാരമില്ല. ആ കുണ്ഠിതം കുറച്ചു കാലമേ നില്ക്കൂ. ഇനിയേതായാലും അവളെ നിങ്ങൾ വിവാഹം കഴിക്കുവാൻ ആഗ്രഹിക്കുകയില്ല, ഉവ്വോ?"

Digitized By Kerala Sahitya Akademi

"ഒരിക്കലുമില്ല..... പണ്ടും ഞാനതാഗ്രഹിച്ചിട്ടില്ല. ഒരു നില്ക്കക്കള്ളിക്കുവേണ്ടി ഞാനങ്ങനെ പറഞ്ഞിരുന്നുവെന്നേയുള്ളു."

"അതു നന്നു്. ആരോടാണാവാം ഇക്കാര്യം തുറന്നു പറഞ്ഞതെന്നറിയുവാനും നിങ്ങൾക്കു വലിയ ഉല്ക്കണ്ഠയുണ്ടായിരിക്കും."

"ഉണ്ടു്. സ്നേഹമുണ്ടെങ്കിൽ കേശവൻകുട്ടി അതുകൂടി എന്നോടു പറയണം."

"പറയാം. പക്ഷേ, കുറച്ചു ദിവസംകൂടി രവി ക്ഷമിക്കണം. അതിൽ കാര്യമുണ്ടു്. ആ മനുഷ്യനോടു് അവൾ ആദ്യമൊന്നും സമ്മതിച്ചില്ല. അയാൾ ആൾ മഹാതന്ത്രശാലിയാണു്. അയാളിൽനിന്നും മറച്ചുവെയ്ക്കാൻ നിവൃത്തിയില്ലാതായപ്പോൾ അവൾക്കു് അതു സമ്മതിക്കേണ്ടിവന്നു."

"ആട്ടെ, കേശവൻകുട്ടി, അതാരാണു് പറയൂ!" രവി നിർബ്ബന്ധിച്ചു.

"ഞാൻ പറഞ്ഞില്ലേ, പറയാമെന്നു്. കുറച്ചു ദിവസംകൂടി, ഏറിയതു് ഒരാഴ്ചകൂടി, ക്ഷമിക്കൂ. പിന്നീടു ഞാൻ പറയാം."

"അതെന്തിനു്?" അയാൾ അക്ഷമ വെളിപ്പെടുത്തി.

"അതിൽ കാര്യമുണ്ടു്."

"എന്നാലങ്ങനെയാകട്ടെ."

"ഒരു സംഗതികൂടി: നിങ്ങൾ വേണമെങ്കിൽ അവിടെ പോയ്ക്കോളൂ. യഥേഷ്ടം പോയ്ക്കോളൂ. ഞങ്ങൾക്കാ

Digitized By Kerala Sahitya Akademi

ക്കും അതിൽ ഒരു വിരോധവുമില്ല. പക്ഷേ, നിങ്ങളങ്ങനെ പോകുന്നുണ്ടെന്നു മറാരും അറിയാൻ പാടില്ല. നിങ്ങൾ തമ്മിൽ കലഹിച്ചു വേർപിരിഞ്ഞതായി ഭാവിച്ചുകൊള്ളൂ. സമുദായത്തിനു തലയ്ക്കോറില്ല. അതൊരു കഴുതയാണു്. അതിന്റെ കണ്ണിൽ പൊടിയിടുവാൻ സമർത്ഥന്മാക്കു് ഒരു വിഷമവുമില്ല.”

“ഞാൻ സമ്മതിച്ചു. കഷ്ടം! അവൾ ഇത്ര ചെറുപ്പത്തിൽത്തന്നെ ഇങ്ങനെ ദുഷിച്ചുപോയല്ലോ. എത്ര സൽസ്വഭാവിനിയായ ഒരു പെൺകുട്ടിയായിരുന്നു അവൾ!” വ്യാകുലസ്വരത്തിൽ രവി അഭിപ്രായപ്പെട്ടു.

“മറു ദൃഷ്യങ്ങളൊന്നും അവൾക്കില്ല. ഇക്കാര്യങ്ങളിൽ എന്റെ അഭിപ്രായങ്ങൾ കുറേ കടന്നവയാണു്. മനുഷ്യന്റെ സ്വഭാവക്കൂടത്തെ സാരമായി ഇളക്കിമറിച്ചു തകിടംതല്ലിക്കുന്ന ഒരു ദൃഷ്യമായി ഞാൻ ഇതിനെ കണക്കാക്കിയിട്ടില്ല. അതു പോകട്ടെ, ഇക്കാര്യത്തിൽ യഥാർത്ഥമാലോചിച്ചാൽ, അവളെ അധികമൊന്നും കുറപ്പെടുത്തുവാനില്ല. പാരമ്പര്യം!”

“എനിക്കതിൽ വിശ്വാസമില്ല, കേശവൻകുട്ടീ.” രവി പറഞ്ഞു.

“എന്തു”! പാരമ്പര്യത്തിലോ?—എന്നാൽ അങ്ങനെയല്ല രവീ. അത്രത്തോളം വിശ്വസിക്കത്തക്കതായി, വിശ്വസിക്കേണ്ടതായി, മറ്റൊന്നുംതന്നെയില്ല.”

രവീന്ദ്രന്റെ ഭവനത്തിന്റെ മുമ്പിൽ അവർ എത്തിച്ചേർന്നു. സന്ധ്യ മയങ്ങി. ഒരു നേരിയ നിലാവു പൂമരുപാടും പരന്നിരുന്നു. രവി ചങ്ങാതിയെ സ്വഭവനത്തിലേയ്ക്കു ക്ഷണിച്ചു.

Digitized By Kerala Sahitya Akademi

"ഇല്ല രവീ, നമുക്കു നാളെ കാണാം." എന്നു പറഞ്ഞുകൊണ്ടു കേശവപിള്ള പിരിഞ്ഞുപോയി.

രവി ചിന്താമഗ്നനായി അവിടെത്തന്നെ നിലകൊണ്ടു. അല്പനിമിഷത്തിനുള്ളിൽ പതിവനുസരിച്ചു് അനിയന്ത്രിതമായി അവന്റെ മുണ്ടിൽ ഒരു മൂളം പൊടിഞ്ഞു. അതിന്റെ നേരിയ അലകളെ അയൽപിടിയിൽ അക്ഷമയോടെ കാത്തിരിക്കുന്ന രണ്ടു കണ്ണുകൾ സസന്തോഷം സ്വാഗതംചെയ്തിരിക്കും. ശരിയാണു്. ആ പിടിന്റെ പുരോഭാഗത്തു് ഒരു വാതിൽ മലക്കെത്തുറക്കപ്പെട്ടു. ഒരു നിമിഷം ഒരു ദീപനാളം ആ പിടവിൽ ഉയർന്നു മിന്നി. വാതിൽ വീണ്ടും അടയ്ക്കപ്പെടുകയും ആ ദീപം അപ്രത്യക്ഷമാവുകയും ചെയ്തു. രവിക്കു മനസ്സിലായി. ഹൃദയസങ്കല്പങ്ങളെ സാക്ഷാല്ക്കരിക്കുന്ന സുവർണ്ണാവസരം തനിക്കു സംഭാവന ചെയ്യുവാൻ സൗകര്യപ്പെടുന്ന ഒരു മനോഹരരാത്രിയാണതെന്നു്, ആ സൂചന മൗനഭാഷയിൽ രവിയോടു വിളിച്ചുപറഞ്ഞു. അന്നെന്തോ അവനതിൽ സന്തോഷം തോന്നിയില്ല.

ഏഴു്

ഒരാഴ്ച കഴിഞ്ഞു. ആളെ മനസ്സിലായി. കേശവപിള്ള കാര്യങ്ങളെല്ലാം വിശദമായി പറഞ്ഞുകൊടുത്തു. രവിക്കു വിശ്വാസമായി. അയാളുടെ ഹൃദയം തകർന്നു. കൂളിർമയുള്ള സ്വപ്നങ്ങൾ അഗ്നിജ്വാലകളായി മാറുക!

അർദ്ധരാത്രി.

രവീന്ദ്രൻ ആ കിളിവാതിലിന്മേൽ വിരൽകൊ

Digitized By Kerala Sahitya Akademi

ണ്ടൊന്നു മുട്ടി. വളരെ പതുക്കെ. മുറിക്കുള്ളിൽ ഒരു വല്ലാത്ത കിലുക്കം. അയാൾ പുളകംകൊണ്ടു. കിളിവാതിലിന്റെ കൊളുത്തു നീങ്ങി. യാതൊരു ശബ്ദവുമില്ലാതെ അതിതാ, മന്ദമന്ദം തുറക്കപ്പെടുന്നു.

ക്ലരിഞ്ഞട്ട്°.

ഒരു സ്ത്രീരൂപം ആ മുറിക്കകത്തു ജനലഴികളിൽ കൈ പിടിച്ചുകൊണ്ടു നില്ക്കുന്നു. മുല്ലപ്പൂവിന്റെ മാദകമായ പരിമളം, ഒരു സ്വപ്നംപോലെ, പുറത്തേയ്ക്കു വ്യാപിക്കുന്നു.

അനിവാര്യമായ വികാരതരളതയാൽ രവി താനേ മുഖമുയർത്തിപ്പോയി. വിടർന്നകപ്പൂപോലെ മൃദുലമായ അധരപുടങ്ങൾ ആ ജനല്പാളികളുടെ വിടവിൽക്കൂടി അയാളുടെ ചുണ്ടോടടുക്കുന്നു. എന്തൊരു കോരിത്തരിക്കൽ! എന്തൊരാത്മവിസ്മൃതി!—രവി തന്നെത്തന്നെ മറന്നു!

"വടക്കുവശത്തുള്ള ആ ഉരൽപ്പുരയിൽ ചെന്നിരിക്കു. അച്ഛൻ ഉറങ്ങിയിട്ടില്ല. ഉറങ്ങട്ടെ. ഞാൻ വാതിൽ തുറന്നു വരാം."

"ആട്ടെ."

രവീന്ദ്രൻ ഉരൽപ്പുരയിൽ ചെന്നു° ഒരു വിറകുമുട്ടിയുടെ മീതെ ഇരുപ്പായി. സർവ്വചരാചരങ്ങളും ഗാഢസുഷുപ്തിയിൽ ആണ്ടിരിക്കുകയാണു°. ആ അരയാലിന്റെ കൊമ്പിൽ ആ വലുകാക്കമാത്രം ഉറക്കമിളച്ചിരുന്നു കശപിശ കൂട്ടുന്നുണ്ടു°. പുറുപാടം വിളൂരത്തിൽ ചീകീടുകളുടെ അവിരാമമായ ആലാപം. രവിയുടെ ഹൃദയം ശക്തിയായി മിടിച്ചുകൊണ്ടിരുന്നു.

അവൾ പുറത്തിറങ്ങിവരിക!—

Digitized By Kerala Sahitya Akademi

എല്ലാവരും മുറിക്കുള്ളിൽ ഉറങ്ങിക്കിടക്കുമ്പോൾ അമ്മിണിക്കു നിഷ്പ്രയാസം പുറത്തിറങ്ങിവരാൻ സാധിക്കുക! അയാൾക്കതു വലിയ സൗകര്യമാണു്. പക്ഷേ അന്നെന്തോ ആദ്യമായി രവിക്കതിൽ അസുഖം തോന്നി. ഇത്ര നിർബ്ബാധമായി അവൾക്കു പുറത്തിറങ്ങിവരാൻ സാധിക്കുന്നതു് അയാൾക്കു രസിച്ചില്ല. അയാളുടെ ഹൃദയം വേദനിച്ചു. വീണ്ടും അയാൾ ചിന്തിക്കാൻ തുടങ്ങി:

....മറു ചില കൈവിരലുകളും ആ കിളിവാതിലിന്മേൽ സ്പർശിച്ചിട്ടുണ്ടു്. ആ നാദശ്രവണത്തിൽ ഒരു നേരിയ വളക്കിലുക്കമുണ്ടായിട്ടുണ്ടു്. നിശീഥത്തിന്റെ നിശ്ശബ്ദതയിൽ ചില നിശ്വാസങ്ങളോടൊന്നിച്ചു് അതലിഞ്ഞുചേർന്നിട്ടുണ്ടു്. ജനൽക്കൊളുത്തു നീങ്ങി ആ ചെറുകവാടങ്ങൾ യാതൊരൊച്ചപ്പാടും കൂടാതങ്ങനെ തുറന്നുമാറിയിട്ടുണ്ടു്. മാരകമായ മല്ലികാസൗരഭം അപ്പോഴെല്ലാം ആ മുറിയിൽനിന്നനുഭവിച്ചിട്ടുണ്ടു്. ആ അസ്പഷ്ടാകാരം ജനൽക്കമ്പികളിൽ കൈപിടിച്ചുകൊണ്ടു്, മുഖം കുനിച്ചു്; ഉയർത്തപ്പെട്ടന്ന മുഖത്തു മൃദുലാധരങ്ങളാൽ പുളകംചാർത്തിച്ചിട്ടുണ്ടു്. അതേ; ആ വാക്കുകൾതന്നെ ഇതിനുമുമ്പും പല രാത്രികളിൽ പലരോടും ഉച്ചരിക്കപ്പെട്ടിട്ടുണ്ടു്.

"അച്ഛൻ ഉറങ്ങിയിട്ടില്ല. ഉറങ്ങട്ടെ. വടക്കുവശത്തുള്ള ആ ഉരൽപ്പുരയിൽ ചെന്നിരിക്കു. ഞാൻ വാതിൽ തുറന്നു വരാം."

....ഈ തടിച്ച വിറകുമുട്ടി—കോടാലിയുടെ നേരെ കൊഞ്ഞനംകുത്തിക്കൊണ്ടു് ഇന്നും ഒരു കീറാമുട്ടിയായി സ്ഥിതിചെയ്യുന്ന ഈ തടിയൻവിറകുമുട്ടി—ഇതിൽ പലരും വന്നിരുന്നിട്ടുണ്ടാകും—

Digitized By Kerala Sahitya Akademi

ഈ ചിന്തകാം അയാാംക്കു ദുസ്സഹമായിരുന്നു.

....ഛേയ്! ഒരിക്കലുമില്ല. അവാം മറാരോടും ഒരിക്കലും അങ്ങനെ പ്രവത്തിച്ചിരിക്കയില്ല. അത്രമാത്രം തന്നോടമുണ്ടാകാനുള്ള പ്രായം അവാംക്കായിട്ടില്ല. അവാം ഒരു ബാലിക! വെറും പതിനേഴ വയസ്സുമാത്രം പ്രായമുള്ള ഒരു കൊച്ചുപെൺകിടാവു്! ഒരിക്കലും അവാംക്കതിനു ധൈയ്യമുണ്ടായിരിക്കയില്ല—രവി ആശ്വസിക്കുകയാണു്.

പക്ഷേ—

അയാാം ഒന്നു നടുങ്ങി.

....പക്ഷേ, ആ ശിവശങ്കരപ്പിള്ളസ്സാർ!—അതേ, അതു പരമാത്ഥമായിരിക്കണം. അയാാം കേശവപിള്ളയോടു നേരിട്ടു പറഞ്ഞതാണല്ലോ. കേശവൻകുട്ടി തന്നോടു കളവു പറയുകയില്ല. പക്ഷേ, അയാാം കേശവൻകുട്ടിയോടു വെറുതേയങ്ങനെ തട്ടിവിട്ടതാണെങ്കിലോ?—ഛേയ്; അങ്ങനെയാണെങ്കിൽ ആ രഹസ്യം അയാാം എങ്ങനെ അറിയാനിടയായി? തീച്ചയായും അവാം ആരോടെങ്കിലും പറയാതെ അതു പുറത്താവുകയില്ല. അമ്മിണി അയാളോടു സത്യവും തുറന്നുപറഞ്ഞിട്ടുണ്ടു്. സംശയമില്ല. ശിവശങ്കരപിള്ള!—ഈ ആനന്ദരംഗം അയാാംക്കും ആതിഥ്യമേകിയിട്ടുണ്ടു്—

അതോക്കുമ്പോാം രവിയുടെ ഉള്ളു പൊട്ടി. ആ മനുഷ്യന്റെ നേക്കു് അയാാംക്കു പക തോന്നി. അയാളുടെ മനസ്സു നൊന്തു—സഹിക്കാൻ സാധിക്കാത്തവിധം നൊന്തു. കുറച്ചുനേരം അയാാം, കാൽമുട്ടുകാംക്കിടയ്ക്കു മുഖം മറച്ചു്, കുനിഞ്ഞിരുന്നു തേങ്ങിത്തേങ്ങിക്കരഞ്ഞു.

Digitized By Kerala Sahitya Akademi

....ഛേയ്! എന്തിനു കരയുന്നു! വെറും മൗഢ്യം!—അതും നിസ്സാരയായ ഒരു പെണ്ണിനുവേണ്ടി!—പൗരുഷം അയാളെ കുറ്റപ്പെടുത്തി.

അയാൾ കണ്ണീർ തുടച്ചു.

....വരട്ടെ; അങ്ങനെയാണെങ്കിൽ അതു് അവസാനിച്ചിരിക്കില്ല. ഇനിയും ആവർത്തിക്കപ്പെട്ടും. കണ്ടുപിടിക്കണം. രണ്ടുപേരേയും ഒരു പാഠം പഠിപ്പിക്കണം—പ്രതികാരബുദ്ധി അയാളെ പ്രേരിപ്പിച്ചു.

...പക്ഷേ, അതിനെന്തധികാരം? അയാൾക്കും ഇതിൽ തുല്യാവകാശമല്ലേ? അയാളുടെ പ്രവൃത്തി അപരാധമാണെങ്കിൽ തന്നേരതോ? അവളെ ഏതായാലും താൻ വിവാഹം കഴിക്കാൻ ഉദ്ദേശിക്കുന്നില്ല. പിന്നെ അവൾ എങ്ങനെ പോയിത്തുലഞ്ഞാലും തനിക്കെന്തു്?—വിവേകം അയാളോടു വാദിക്കാൻ തുടങ്ങി.

....പക്ഷേ, ഈ വിധത്തിലുള്ള ഒരു ബന്ധത്തിനു മറ്റാർക്കും അവകാശമില്ല. തനിക്കു് അവളുടെ പേരിൽ പ്രത്യേകിച്ചും ഒരധികാരമുണ്ടു്. അവൾ തന്നേ കളിത്തോഴിയാണു്—മമതയുടെ മക്കടമുഷ്ടിയായിരുന്നു അതു്.

ഇങ്ങനെ പരസ്പരവിരുദ്ധങ്ങളായ നിരവധി ചൂടുപിടിച്ച ചിന്തകൾ ആ പിഞ്ചുഹൃദയത്തെ അങ്ങോട്ടുമിങ്ങോട്ടും ആഞ്ഞുവലിക്കാൻ തുടങ്ങി. ഖണ്ഡംഖണ്ഡമായി തന്നേ ഹൃദയം ചിതറിത്തെറിക്കുന്നപോലെ രവിക്കു തോന്നി.

....ഇന്നേതായാലും വന്നതു വന്നു. ഇനി ഈ കുലടയുടെ മുറ്റത്തു കാൽ കുത്തുകയില്ല—രവീന്ദ്രൻ ശപഥം ചെയ്തു.

Digitized By Kerala Sahitya Akademi

പെട്ടെന്നു് ഒരു കോമളവിഗ്രഹം അയാളുടെ മുൻപിൽ പ്രത്യക്ഷപ്പെട്ടു. ആ ഇരുട്ടിൽപ്പോലും തന്റെ മുഖവൈവർണ്ണ്യം വെളിപ്പെട്ടേയ്ക്കുമെന്നായിരുന്നു അയാളുടെ ഭയം.

വാതിൽ തുറക്കുന്ന ശബ്ദമേ കേട്ടില്ല. ഇതെന്തു വിദ്യ?

"നമുക്കിതിന്റെ പുറകിലുള്ള തിണ്ണയിൽപ്പോയിരിക്കാം"—അമ്മിണി അയാളുടെ കൈ കടന്നുപിടിച്ചു പയ്യെ വലിച്ചുകൊണ്ടു പറഞ്ഞു. അവൾ നടന്നു. രവീന്ദ്രൻ എഴുന്നേറ്റു് അവളുടെ പിന്നാലെ പോയി.

"ഇവിടെ മുഴുവൻ പൊടിയാണു്. ഈ ഷാൾ അങ്ങു വിരിച്ചുകൊള്ളാം."

അവൾ നിലത്തുനിന്നും പൊടിയുതിക്കളഞ്ഞിട്ടു രവിയുടെ കുഴത്തിൽക്കിടന്ന ഷാൾ എടുത്തു നിവർത്തി വിരിച്ചു. അവരിരുവരും അതിന്റെ മീതെ സ്ഥാനംപിടിച്ചു.

"ഇന്നു നിലാവില്ല"—അമ്മിണി കുണ്ഠിതപ്പെട്ടു.

"അതേ, ഇരുട്ടാണു്."

"എനിക്കിരുട്ടാണിഷ്ടം."

"അതിൽ അത്ഭുതപ്പെടാനില്ല."

"ഉവ്വോ? എന്താണതു്?"

"അതിനു പലതും മറച്ചുപിടിക്കാൻ കഴിയും."

"ആ പറഞ്ഞതു കവിതയാണു്"—അമ്മിണി ആക്ഷേപഭാവത്തിൽ അഭിപ്രായപ്പെട്ടു.

"അമ്മിണിക്കെല്ലാം കാര്യം മാത്രമേയുള്ളൂ."—അയാൾ നീരസം കലർന്ന സ്വരത്തിൽ അർത്ഥംവെച്ചു പറയാൻ നോക്കി.

Digitized By Kerala Sahitya Akademi

"കായ്യംകൊണ്ടെ ജീവിതത്തിൽ പ്രയോജനമുള്ളൂ- സപ്നം കാണുന്നവക്കാണു് കവിത." അമ്മിണി പിട്ടു കൊടുത്തില്ല.

"സപ്നം കാണുന്നവർ ഭാഗ്യശാലികളാണു്. അവക്കു് ഹൃദയമുണ്ടു്."

"സപ്നം കാണാത്തവരായ ഞങ്ങൾക്കോ?"

നിങ്ങൾക്കു ചങ്കിൽ കുട്ട മാത്രമേയുള്ളൂ. അതിനകത്തു രക്തസങ്കേതമായി സ്പന്ദിച്ചുകൊണ്ടിരിക്കുന്ന ഒരു യന്ത്രവും."

"കാ, ഇന്നു വലിയ തക്കാരനായിട്ടാണല്ലോ പുറപ്പാടു്. അതെല്ലാം പോട്ടെ. അപ്പോഴേ, ഞാൻ ഒരുകുട്ടം പറയട്ടേ?"

"പറയൂ."

അവൾ രണ്ടു കൈകൊണ്ടും മുഖം മറച്ചു കാൽമുട്ടു കൾക്കിടയിൽ കളിപ്പിച്ചു് അല്പം ദൂരത്തേയ്ക്കു മാറിയിരുന്നു.

ഏതാനും നിമിഷങ്ങൾ നിശ്ശബ്ദമായിക്കഴിഞ്ഞു.

"എന്താണു് പറയാമെന്നു പറഞ്ഞതു്?"

"എന്താണു് പറയാമെന്നു പറഞ്ഞതു്?"—രവി അവളുടെ അരികിലേയ്ക്കു നീങ്ങി മുമലിൽ കൈവെച്ചുകൊണ്ടു ചോദിച്ചു.

"തലക്കുട്ടുക്ക"—പരിഭവസ്വരത്തിൽ ഇങ്ങനെ ജല്പിച്ചുകൊണ്ടു് അവൾ രവിയുടെ കൈ തട്ടിനീക്കി. അപ്പോഴത്തെ പരിതസ്ഥിതിയിൽ, എന്തോ രവിക്കതു തീരെ രസിച്ചില്ല. അയാൾ കഴിഞ്ഞുമാറി അല്പം ദൂരെ തലകുനി

Digitized By Kerala Sahitya Akademi

ച്ചു മിണ്ടാതിരുന്നു. അയാളുടെ ഹൃദയം കോപംകൊണ്ടു ജ്വലിക്കുകയാണു്.

"അല്ലാ, എന്നോടു പിണക്കമാണോ? ഇത്ര പെട്ടെന്നു മുഷിഞ്ഞോ?"—അവൾ കുണുങ്ങിക്കുണുങ്ങി അടുത്തുവന്നു് അവളുടെ മൃദുലകരങ്ങൾ രവിയുടെ കഴുത്തിൽ കോർത്തിട്ടുകൊണ്ടു ക്ഷീണമായ അയാളുടെ മുഖത്തു സ്നേഹപൂർവ്വം കുനിഞ്ഞു ചുംബിച്ചു.

രവിയുടെ മുഖം നിശ്ശ്ലേഷം വിളർത്തിരിക്കയാണെന്നു് അവൾക്കു മനസ്സിലായി.

"എന്താണിന്നു മുഖത്തു വല്ലാത്ത ഒരു ക്ഷീണം?" അവൾ അനുഭാവപൂർവ്വം ചോദിച്ചു.

"ഓ, കുഴപ്പമില്ല"—അലസമായ മട്ടിൽ രവി മറുപടി പറഞ്ഞു.

"അതല്ല. എന്നോടു സത്യം പറയൂ. എന്താണിന്നിങ്ങനെ പതിവില്ലാത്തവിധം ഒരു വിഷാദഭാവം?"

"എനിക്കൊരു വിഷാദവുമില്ല."

"ഞാൻ സമ്മതിക്കില്ല, അതു പറഞ്ഞാൽ. ഈ മുഖം വിളിച്ചുപറയുന്നുണ്ടല്ലോ. എന്താണിന്നിങ്ങനെ? പറയൂ. എന്നോടു പറയൂ. ഞാൻ സ്നേഹംകൊണ്ടു ചോദിക്കുന്നതല്ലേ?"

"സ്നേഹം! അതുമാത്രം നീ പറയാതെ!"—കോപംകൊണ്ടു വിറയ്ക്കുന്ന രവി അല്പം ഉച്ചത്തിൽ ഗർജ്ജിച്ചു: "സ്നേഹം! പെട്ടെന്നു പറയാവുന്ന രണ്ടക്ഷരം! നിന്റെ വസ്ത്രം അതു കണികണ്ടിട്ടുണ്ടോ? സ്നേഹംപോലും, സ്നേഹം!"

അമ്മിണി നടുങ്ങിപ്പോയി. രവിയുടെ ഭാവഭേദം;

Digitized By Kerala Sahitya Akademi

അപ്രതീക്ഷിതമായ അയാളുടെ ഭർത്സനം!—ഒരു വജ്രപാതംപോലെ അതവളുടെ ഹൃദയത്തിൽ പതിച്ചു. ക്ഷണനേരത്തേയ്ക്കു് അവൾ ഒരു ശിലാപ്രതിമപോലെ നിശ്ചലയായി നിലകൊണ്ടു. ശബ്ദിക്കാൻ അവൾക്കു കഴിഞ്ഞില്ല. അവളുടെ ശരീരം വിയർത്തു. ഭയചകിതയായ അവൾ രവിയോടു ചേർന്നിരുന്നു, കൈപ്പടമുയർത്തി രവിയുടെ വായ് പൊത്തിപ്പിടിച്ചുകൊണ്ടു പറഞ്ഞു:

"അയ്യോ! ഇങ്ങനെ കുഴപ്പമുണ്ടാക്കിയാലോ! അച്ഛനെങ്ങാനും ഉണർന്നേയ്ക്കും. അല്പം പതുക്കെ പറയണം!"

രവീന്ദ്രൻ അവളുടെ കൈ തട്ടിമാറ്റിക്കൊണ്ടു വീണ്ടും അമറി:

"എന്നെത്തൊടാതെ! മാറിനില്ക്കു്, ശവമേ!"

അമ്മിണിയുടെ മുഖം വിളറിപ്പോയി. അവൾക്കു സഹ്യമായിരുന്നു ആകസ്മികമായ ഈ രൂപാന്തരം.

"ഇന്നെന്താണിങ്ങനെ! ഇതിൽ കീഴിലില്ലാത്തപോലെ ഒരു പെരുമാറ്റം? എനിക്കിതിന്റെ അർത്ഥം മനസ്സിലാകുന്നില്ല." നിസ്സഹായഭാവത്തിൽ അവൾ പ്രസ്താവിച്ചു.

"മിണ്ടാതിരി അമ്മിണീ. ഞാൻ നിന്നെ നല്ലപോലറിയും."

"അതുകൊണ്ടാണല്ലോ എനിക്കീഗതി. ഞാൻ എന്തു തെറ്റു ചെയ്തു?"

"അയ്യോ, പാവം! പച്ചവെള്ളം കടിച്ചു ചവയ്ക്കുന്ന പൂച്ച! അറിയുമെടീ, നിന്റെ വർഗ്ഗത്തിന്റെ നാട്യവും മട്ടുമെല്ലാം എനിക്കു നന്നായറിയാം. ഇനിയെങ്കിലും നീ എ

Digitized By Kerala Sahitya Akademi

ന്നെയിട്ടു കുരങ്ങുകളിപ്പിക്കാതെ.” പുച്ഛഭാവത്തിൽ രവീന്ദ്രൻ പറഞ്ഞു.

“ഇങ്ങനെ മനസ്സിലെന്തോ വെച്ചുകൊണ്ടു സംസാരിച്ചാൽ ഞാൻ എന്തു സമാധാനം പറയാനാണു”? എന്താണു കാര്യമെന്നു പറയൂ. എനിക്കൊന്നും മനസ്സിലാകുന്നില്ല.” ദയനീയമായ രീതിയിൽ അവൾ ആവർത്തിച്ചു.

നിനക്കു മനസ്സിലാകുന്നില്ല. മനസ്സിലാവുകയുമില്ല. കഷ്ടം! അമ്മിണീ, നീയെന്നെ മനഃപൂർവ്വം വഞ്ചിക്കയായിരുന്നില്ലേ?”

അയാളുടെ ചോദ്യം അവളെ കിടുകിടുപ്പിച്ചു.

“ഞാൻ രവിയെ വഞ്ചിക്കയോ? എന്തു ഭ്രാന്താണിതു”?”

“ഭ്രാന്തു”! അതേ. സ്നേഹിക്കുന്നവരെ ഭ്രാന്തു പിടിപ്പിച്ചു രസിക്കുന്ന വർഗ്ഗമാണു നീ.....കഴിഞ്ഞ ആഴ്ചയിൽ ഒരു രാത്രി ആ ശിവശങ്കരപ്പിള്ള ഇവിടെ വന്നിട്ടുണ്ടായിരുന്നോ?”

അവളുടെ മുഖത്തു ഒരു കരിമുകിൽ നിഴലിച്ചു. അന്ധകാരം അതിനെ ആവരണം ചെയ്തെങ്കിലും അതു താൻ കാണുന്നുണ്ടെന്നു രവിക്കു തോന്നി.

“ഏതു ശിവശങ്കരപ്പിള്ള?”—ഒന്നുമറിയാത്ത മട്ടിൽ അമ്മിണി ചോദിച്ചു.

“ഹോ, പാവം! ഇപ്പോൾ ആകാശത്തിൽനിന്നടർന്നു വീണതേയുള്ളൂ.....ആ പള്ളിക്കൂടം വാദ്ധ്യാരേയ്.....”

“ഇല്ല്യാ, അയാൾ ഇവിടെ വന്നിരുന്നില്ല.” അവൾ തീർത്തു പറഞ്ഞു.

Digitized By Kerala Sahitya Akademi

"എന്തിനമ്മിണി മുഖത്തുനോക്കി ഇങ്ങനെ പച്ച ക്കള്ളം പറയുന്നു? ഞാൻ എല്ലാം അറിഞ്ഞു."

"വിചിത്രമായ പലതും രവി അറിയും. അതിനു ഞാൻ ഉത്തരവാദിയല്ല. രവി പറയുന്ന ആ വാദ്ധ്യാർ ഇ ന്നുവരെ ഈ വളപ്പിൽ കാൽകുത്തിയിട്ടില്ല."

"എന്നാൽ പിന്നെ തലകുത്തിയായിരിക്കാം അ യാൾ ഇവിടെ വന്നതു്. നിങ്ങൾ രണ്ടുപേരും—"

"രവിയെന്തോ തെറ്റിദ്ധരിച്ചിരിക്കയാണു്"—തട്ട ത്തുകൊണ്ടു് അമ്മിണി കാതരമായ സ്വരത്തിൽ പറഞ്ഞു. "ആരോ എന്തൊക്കെയോ ഏഷണിപറഞ്ഞു ധരിപ്പിച്ചി ട്ടുണ്ടു്. ഞാൻ നിരപരാധിനിയാണു്."

"അയാൾതന്നെയാണല്ലോ എന്നോടു പറഞ്ഞതു്, ആ ശിവശങ്കരപ്പിള്ള."

"അയാൾ എന്തു പറഞ്ഞു?"—ഉൽക്കണ്ഠയോടെ അവൾ ചോദിച്ചു.

"പറഞ്ഞതെന്തുമാകട്ടെ. കാര്യം പരമാർത്ഥമാണെ ന്നു് എനിക്കു നിശ്ചയമുണ്ടു്. കഷ്ടം! നീ സദ്വൃത്തയാ ണെന്നു വിശ്വസിച്ചിരുന്ന ഞാൻ എന്തൊരു മൂഢനാ ണു്!"

"രവി എന്തു വേണമെങ്കിൽ വിചാരിച്ചോളൂ. എനി ക്കതുകൊണ്ടൊന്നുമില്ല. ഒരു കാര്യം ഞാൻ തീർത്തു പറയാം: രവിയീപ്പറഞ്ഞതു വെറും കള്ളമാണു്. അയാൾ എന്തെ ങ്കിലും പറഞ്ഞിട്ടുണ്ടെങ്കിൽ അതിലൊന്നും ഒരു സത്യവു മില്ല. അതീശ്വരനറിയാം. നിങ്ങളൊക്കെ എന്തു വേണ മെങ്കിലും വിശ്വസിച്ചുകൊള്ളൂ."

Digitized By Kerala Sahitya Akademi

"ഈ മിരട്ടൊക്കെ കൈയിലിരിക്കട്ടെ, അമ്മിണി. ഏതായാലും ഇക്കായ്ത്തിൽ ഞാൻ ഇനിയൊന്നും പറയുന്നില്ല. നീ നിന്റെ ഇഷ്ടംപോലെ ജീവിച്ചുകൊള്ളുക. ഞാൻ ഇനിമേൽ ഇവിടെ കാൽകുത്തുകയില്ല."

രവീന്ദ്രൻ എഴുന്നേറ്റു. അമ്മിണി അയാളുടെ കൈ കടന്നുപിടിച്ചു. അയാൾ ഒരു തട്ടു കൊടുത്തുകൊണ്ടു ശാസിച്ചു!

"നീയെന്നെത്തൊടരുത്"!"

"എന്റെ രവിയേയ്യോ?—"

"ഞാൻ നിന്റെ രവിയല്ല."

"പിന്നാരുടെയാ—അതെയതേ; എനിക്കു മനസ്സിലായി. എന്നെക്കൊണ്ടു മുഷിഞ്ഞു, അല്ലേ? എന്തെങ്കിലും സൂത്രമെടുത്തു് എന്നിൽനിന്നും വിട്ടുമാറണം. അങ്ങനെയാണെങ്കിൽ അക്കായ്മങ്ങു നേരേ പറഞ്ഞാൽ മതിയല്ലോ. എന്തിനെന്നെ പഴി പായുന്നു? എനിക്കെല്ലാമറിയാം. ആ തങ്കമ്മ—"

"അതെന്റെ ഇഷ്ടം!"

"ആയിക്കോളൂ. ആട്ടെ രവി എന്നെന്നേയ്ക്കുമായ് എന്നെ ഉപേക്ഷിച്ചു പിരിഞ്ഞുപോവുകയാണോ?"

"അതെ."

"ഇത്ര പെട്ടെന്നു നാമിങ്ങനെ വേർപിരിയണമെന്നാണോ വിധി?"

"അങ്ങനെതന്നെ. ആ വിധി നീ വരുത്തിക്കൂട്ടിയതാണു്."

"അങ്ങനെയാകട്ടെ. പക്ഷേ, രവി ഒന്നോർക്കണം.

Digitized By Kerala Sahitya Akademi

എന്നോട് കായ്മയില്ലാതെ കലഹിച്ചു പിൻമാറുന്നതു രവിയാണു്. ദൈവത്തെ സാക്ഷിനിർത്തി ഞാൻ വീണ്ടും പറയുന്നു, ഒരപരാധവും ഞാൻ പ്രവർത്തിച്ചിട്ടില്ല. രവിയെന്നെ കുറ്റപ്പെടുത്തുന്നതിൽ എനിക്കു രവിയോടു് ഒരു വിരോധവുമില്ല. എന്റെ സ്നേഹം ഞാൻ മരിക്കുന്നതുവരെ നിലനില്ക്കും. രവിയെ ഞാൻ കുട്ടിക്കാലംമുതൽ സ്നേഹിക്കുന്നതാണു്. അതെല്ലാം ഈശ്വരൻ അറിഞ്ഞുകൊള്ളും. രവിക്കു് ഇഷ്ടം തോന്നുമ്പോൾ വീണ്ടും എന്റെ അടുത്തു വരാം.....പോയ്ക്കോളൂ!"

രവി നടന്നു. അയാൾ അന്ധകാരത്തിൽ അപ്രത്യക്ഷനാകുന്നതുവരെ അവൾ അവിടെത്തന്നെ ഉറുനോക്കിക്കൊണ്ടു നിന്നു. അനന്തരം അവൾ വലിയ ഹൃദയഭാരത്തോടുകൂടി അകത്തേയ്ക്കു പോയി.

എട്ടു്

സംഭവങ്ങൾക്കു നിർവ്വികാരമായി സാക്ഷ്യം വഹിച്ചുകൊണ്ടു ദിനരാത്രങ്ങൾ കുറേനിരപുറകെ മറ്റൊന്നായി മുറയ്ക്കുങ്ങനെ പോയ്ക്കൊണ്ടിരുന്നു. അമ്മിണിയുമായി വേർപെട്ടതിന്റെ ശേഷം രവിയുടെ ഹൃദയത്തിനു സ്വസ്ഥതയില്ലാതായി. കഴിയുന്നതും വെളിയിലേയ്ക്കിറങ്ങാതെ അയാൾ സ്വവസതിയിൽത്തന്നെ കഴിച്ചുകൂട്ടി. കേശവപിള്ള നിത്യവും അയാളെ സന്ദർശിക്കാറുണ്ടു്. പക്ഷേ, അമ്മിണിയെപ്പറ്റി രണ്ടുപേരും ഒന്നും പറയാറില്ല.

നാട്ടിൽ പരന്ന കോളിളക്കം നിശ്ശേഷം കെട്ടടങ്ങി. പക്ഷേ, ആ കാമിനീകാമുകന്മാരുടെ ബന്ധം അത്ര പെട്ടെ

Digitized By Kerala Sahitya Akademi

ന്നു ശിഥിലമാകുന്നതല്ലെന്ന ബോധം പലരുടേയും ഹൃദയത്തിൽ വേരുന്നിയിരുന്നു.

ഒരു സുഹൃത്തിന്റെ ക്ഷണമനുസരിച്ചു രവീന്ദ്രൻ വിദൂരമായ രാജധാനിയിലേയ്ക്കു തിരിച്ചു. ഒന്നരണ്ടു മാസത്തോളം അവൻ പലയിടങ്ങളിലും ചുറ്റിക്കറങ്ങി. അതിനിടയിൽ അവനെസ്സംബന്ധിച്ച അപവാദം നിശ്ശേഷം നിർമ്മാജ്ജിതമായി.

രവീന്ദ്രന്റെ ആത്മാവിനോടു് ഏറ്റവും അടുത്ത സുഹൃത്താണു് കേശവപിള്ള. അവർ പരസ്പരം ആത്മാർത്ഥമായി സ്നേഹിച്ചു. ഒരിക്കലും മറക്കുവാനാവാത്ത പല ഉപകാരങ്ങളും കേശവപിള്ള രവിക്കു ചെയ്തുകൊടുത്തിട്ടുണ്ടു്. എന്നെന്നേയ്ക്കും താൻ ആ സുഹൃത്തിനു കടപ്പെട്ടവനാണെന്ന ബോധം രവിയുടെ ഹൃദയത്തിൽ സുദൃഢമായിപ്പതിഞ്ഞിരുന്നുവെങ്കിലും അതവന്റെ സ്വാതന്ത്ര്യവാഞ്ഛയെ തെല്ലും ക്ഷതപ്പെടുത്തിയില്ല. കേശവപിള്ളയാകട്ടെ, രവി തനിക്കു കടപ്പെട്ടവനാണെന്ന ഭാവമേ കാണിക്കാതെ അയാളുടെ അഭ്യുദയത്തിനുള്ള സദ്വ്യാപാരങ്ങളിലും സദാ വേണ്ട ശ്രമം ചെയ്തുകൊണ്ടിരുന്നു.

രവി ചിരിക്കാറുണ്ടു്; കളിക്കാറുണ്ടു്; രസിക്കാറുണ്ടു് —പക്ഷേ, അതെല്ലാം അയാളുടെ ഹൃദയവേദനയെ മറച്ചുപിടിക്കാനുള്ള വെറും നാട്യങ്ങൾമാത്രം! അമ്മിണിയുടെ ഭർത്തൃപദത്തിൽനിന്നും വിട്ടൊഴിയേണ്ടിവന്ന ദുർവ്വിധിയെ ഓർത്തല്ല അയാൾക്കു കണ്ണീരിതം. നേരേമറിച്ചു് ആ നിർഭാഗ്യം തനിക്കുണ്ടാകാതെ, പരിതസ്ഥിതികളുടെ യഥാർത്ഥസ്വഭാവം പരിപൂർണ്ണമായി വെളിപ്പെടുത്തിത്തന്നു്, തന്നെ രക്ഷിച്ച ഈശ്വരാനുഗ്രഹത്തിൽ അയാൾ പ്രത്യേകി

Digitized By Kerala Sahitya Akademi

ച്ചും സന്തോഷിച്ചിരുന്നു. പക്ഷേ, അയാൾക്കു് അവളോടു മുറിച്ചാൽ മുറിഞ്ഞുപോകാത്ത ഒരു 'ബന്ധ'മുണ്ടു്; അതാണയാളുടെ മനസ്സു നോവിച്ചതു്.

അമ്മിണിയുമായി വേർപെട്ടതിന്റെ ശേഷം അവളുടെ ഓരോ വാക്കും അയാൾ ആവർത്തിച്ചാവർത്തിച്ചനുസ്മരിച്ചുകൊണ്ടിരുന്നു. ഒരുപക്ഷേ, ആ ശിവശങ്കരപ്പിള്ള വെറുതേ ഒരു കളവു പറഞ്ഞതല്ലെന്നാക്കിയാം! അമ്മിണിയുമായുള്ള അയാളുടെ രഹസ്സ്യസന്ദർശനങ്ങൾ സ്വാഭാവികമായി ഒരാൾക്കുഹിക്കുവാൻ സാധിക്കും. അതും പോരെങ്കിൽ ആരെങ്കിലും വല്ലപ്പോഴും അതു കണ്ടുകാണും. അങ്ങനെ അതിനു പ്രചാരം സിദ്ധിച്ചിരിക്കും. അല്ലാതെ, അമ്മിണിയെല്ലാം ഒരാളോടു് ഏറുപറഞ്ഞ പരസ്യമാക്കു എന്നില്ല.

പരമാർത്ഥമറിയാതെ, തിരക്കിയറിയുവാൻ ഉദ്യമിക്കാതെ, അക്ഷമനായ താൻ കേശവപിള്ളയുടെ പ്രസ്താവത്തെ മാത്രം ആധാരമാക്കി ആ ഭയങ്കരാപരാധം അവളിൽ ആരോപിച്ചു.

അവൾ സത്യംചെയ്തു പറഞ്ഞു. ആ കണ്ണുനീർ! കഷ്ടം, ആ പ്രസ്താവം വെറും അസത്യമാണെങ്കിൽ—താൻ സംശയിക്കുന്നതുപോലെ യാതൊന്നും സംഭവിച്ചിട്ടില്ലെങ്കിൽ—മൃഗീയമായ തന്റെ പെരുമാറ്റം അവളുടെ ഹൃദയത്തെ എത്രമാത്രം വ്രണപ്പെടുത്തിയിരിക്കും!—

സാരമില്ല!—ആ പ്രസ്താവം അസത്യമായിരുന്നാൽ മതി! താൻ സംശയിക്കുന്നതുപോലെ ഒന്നും സംഭവിച്ചിട്ടില്ലെങ്കിൽ മതി! ഹാ, എങ്കിൽ താൻ എന്തു ഭാഗ്യവാനാ

Digitized By Kerala Sahitya Akademi

ണു്! അവളുടെ കാല്ക്കൽ വീണു തന്റെ അവിവേകത്തിനു മാപ്പിരക്കാൻ സാധിക്കുക! പരിതസ്ഥിതികൾ പെട്ടെന്നു് അതിനനുകൂലമായവിധം രൂപാന്തരപ്പെട്ടിരുന്നെങ്കിൽ—അയാൾ ആശിച്ചു.

രവി പശ്ചാത്തപിക്കാൻ തുടങ്ങി. അയാളുടെ ആ പഴയ വിശ്വാസത്തിൽ വീണ്ടും അയാൾ പഠിപ്പിടിച്ചു. ആ വിശ്വാസത്തിന്റെ മുമ്പിൽ അമ്മിണി വീണ്ടും ഒരു ദേവതയായി. അവളുടെ കാമനമുഖത്തിനു ചുറ്റും ഒരു പരിവേഷമുണ്ടു്. നക്ഷത്രങ്ങൾ അവളുടെ നേത്രങ്ങളിൽ മന്ദഹസിച്ചിരുന്നു.

അവൾ അയാൾക്കു മാപ്പുകൊടുക്കുകയില്ലേ? ഉവ്വു്; തീർച്ചയായും അവൾക്കയാളെ സ്നേഹിക്കാതിരിക്കാൻ സാധിക്കയില്ല.

അവളെ വീണ്ടും ചെന്നു കാണണം. അവളെ സമാധാനിപ്പിക്കണം—രവി നിശ്ചയിച്ചുറച്ചു.

പക്ഷേ—

അതാ നാടൊട്ടുക്കു് ഒരപവാദം പരക്കുന്നു! ശിവശങ്കരപ്പിള്ള അമ്മിണിയുടെ കാമുകൻ!

അയ്യോ, കഷ്ടം, അതു സത്യമാണു് അമ്മിണി! ആ കനകവിഗ്രഹത്തിനുള്ളിൽ കുടികൊള്ളുന്നതെന്താണെന്നോ? ചീങ്കണ്ണി! ചുവന്ന കണ്ണുകളോടെ വായൊളിച്ചുകൊണ്ടു തുറിച്ചുനോക്കുന്ന ബുഭുക്ഷുവായ ഒരു ചീങ്കണ്ണി! ആ ദുഷ്കൃതിയിൽ അയാളുടെ ഹൃദയം വീണ്ടും നീറിപ്പിടിക്കാൻ തുടങ്ങി. ആ ദുഷ്കൃതിയുടെ മുൻപിൽ അമ്മിണി ഭയങ്കരിയായ ഒരു രക്തസാക്ഷിയായി. അവൾക്കു ദംഷ്ട്രകൾ

Digitized By Kerala Sahitya Akademi

ളുണ്ടു്. ആ കണ്ണിൽനിന്നു വമിക്കപ്പെടുന്നതു് അഗ്നിജ്വാലകളാണു്. അതു ചുരുണ്ടിരുണ്ട കാർകൂന്തലല്ല; അയാളുടെ ആത്മാവിൽ ചുറ്റിപ്പിണഞ്ഞു് അയാളെ കടിച്ചുകീറുന്ന കാളസർപ്പങ്ങൾ!—രവീന്ദ്രൻ ഞെട്ടിപ്പോയി.

ഇല്ല! ചെറും തോന്നിടിശ്ശി!—അവളെ ഇനി കാണുകയില്ല—രവിയുടെ ആദ്യത്തെ നിശ്ചയം തെറ്റി.

ഇങ്ങനെ മാറിമാറി വഴുതിവീഴുന്ന നിശ്ചയങ്ങളുമായി ആ പുകഞ്ഞുനീറുന്ന ഹൃദയം മല്ലുപിടിച്ചുകൊണ്ടിരുന്നു.

ഒമ്പതു്

ഒരു വർഷം കഴിഞ്ഞു. കേശവപിള്ള പരീക്ഷയിൽ വിജയം നേടി. രവിയുടെ മനശ്ശല്യം അവനെ പരാജിതനാക്കി.

ഒരു കുന്നിൻപുറത്തു് ആ രണ്ടു ചങ്ങാതികളും കാറുംകൊണ്ടിരിക്കുകയാണു്. ചുറ്റുമുള്ള മരച്ചില്ലകളിൽ ഗ്രീഷ്മാന്തസന്ധ്യ അശോകമാലകൾ ചാർത്തുന്നു. സുഖപ്രദമായ ഒരിളംകാറു് പച്ചിലകളെ കിക്കിളിക്കൂട്ടുന്നു!

"എന്തുമാകട്ടെ, രവീ, താനവളെ വിവാഹം കഴിക്കുന്നില്ലല്ലോ, ഉവ്വോ?"

"ഇല്ല—ഞാനതു മുൻപുതന്നെ പറഞ്ഞിട്ടില്ലേ?"

"പറഞ്ഞിട്ടുണ്ടു്, പിന്നെ രവിക്കെന്താണീ വൈമനസ്യം?"

"എന്റെ കേശവൻകുട്ടീ, വൈമനസ്യമൊന്നുമുണ്ടായിട്ടല്ല. നിങ്ങൾ ശ്രമിച്ചാൽ സാധിക്കാനുള്ളതേയുള്ളു."

Digitized By Kerala Sahitya Akademi

"അതൊന്നും പറഞ്ഞാൽ ഞാൻ സമ്മതിക്കില്ല. തനിക്കിതിൽ മനഃപൂർവ്വവിരോധമുണ്ടു്."

"താനങ്ങനെ തെറിദ്ധരിക്കുന്നതു സങ്കടമാണു്. അവൾ കുലടയായിരിക്കാം. പക്ഷേ, കേശവൻകുട്ടീ, ഞങ്ങൾ തമ്മിലുള്ള പെരുമാറ്റം ഒന്നു വേറെയാണു്. എന്റെ സ്ഥാനത്തു കേശവൻകുട്ടിയായിരുന്നെങ്കിലോ?"

"എങ്കിൽ ഞാനിത്രയൊന്നും പറയില്ല. രവിക്കതെന്നെ അനുഭവമുള്ള കാര്യമാണല്ലോ അതു്. അന്നു നാം—"

"അതുമിതും ഒരുപോലല്ല. ഞാൻ മുൻപു പറഞ്ഞതു നിങ്ങൾ ശ്രദ്ധിച്ചില്ല. അവൾ എങ്ങനെയെല്ലാമാണെങ്കിലും എന്നോടു പതിവ്രതയായിട്ടാണു് ഭാവിക്കുന്നതു്."

"ഏതു വേശ്യയും അങ്ങനേ ഭാവിക്കാറുള്ളൂ."

"പക്ഷേ, കേശവൻകുട്ടീ, അവിടെ എന്റെ നില—"

"ഇതൊന്നും പറയേണ്ട രവീ. ഉള്ള കാര്യം അങ്ങുതുറന്നു പറഞ്ഞേയ്ക്കൂ. ഈ കഴികഴിവുകളൊടെയെല്ലാം അടിയിൽ കിടക്കുന്നതെന്തെന്നെനിക്കറിയാം." കേശവപിള്ള പരിഭവിച്ചു.

രവിയുടെ മുഖം വിവർണ്ണമായി. വിളറത്തിലുള്ള ചക്രവാളത്തിലേയ്ക്കു് അയാൾ ചിന്താവിഷ്ടനായി ഉറുനോക്കിക്കൊണ്ടിരുന്നു.

— എന്തെങ്കിലുമാകട്ടെ.....താനതിനനുകൂലിച്ചില്ലെങ്കിൽ ആ സ്നേഹിതൻ പിണങ്ങും. അതു പോകട്ടെ; സാരമില്ല. പക്ഷേ, അയാളോടു തനിക്കു ചില കടപ്പാടുകളുണ്ടല്ലോ. ആ കടപ്പാടുകൾ ഇക്കാര്യത്തിൽ ബാധകമാ

Digitized By Kerala Sahitya Akademi

ണോ?—അല്ല. ഈ നിർബ്ബന്ധബുദ്ധി ആ സുഹൃത്തിന്റെ ദുഷിച്ച മനസ്ഥിതിയെ കാണിക്കുന്നു. എങ്കിൽ താനോ?—. കരിക്കൽ താനും ഇക്കാര്യത്തിൽ ആ സ്നേഹിതനെ നിർബ്ബന്ധിച്ചിട്ടില്ലേ?.....

എന്തും വരട്ടെ.....അവളെ ഒന്നു പരീക്ഷിക്കാമല്ലോ. തന്നെ മാത്രമേ സ്നേഹിക്കുന്നുള്ളു എന്നാണവളുടെ നാട്യം. അങ്ങനെയല്ലെന്നു തനിക്കു ദൃഢമായ വിശ്വാസവുമുണ്ടു്. പ്രത്യക്ഷത്തിൽ യാതൊരു തെളിവുകളും കിട്ടിയിട്ടില്ല. അവളുടെ സ്നേഹത്തിനു മറ്റൊരാൾക്കുകൂടി അവകാശമുണ്ടെന്നു തെളിയുന്നതു നല്ലതാണു്. ഒരു വിഷമപ്രശ്നത്തെ അതു ശരിപ്പെടുത്തും. മാത്രമല്ല, പിന്നീടൊരിക്കലും നിഷ്ക്കളങ്കതയെക്കുറിച്ചു് അവളുടെ പ്രസംഗം കേട്ടു ഭ്രാന്തുപിടിക്കേണ്ടിവരികയുമില്ല.....

"ശരി, കേശവൻകുട്ടീ, നമുക്കിന്നവിടെ പോകാം," ഇടറിയ സ്വരത്തിൽ രവി പറഞ്ഞു.

സ്നേഹിതന്റെ മുഖം സന്തോഷംകൊണ്ടു വികസിച്ചു. പക്ഷേ, രവിയുടെ മുഖം നിശ്ശ്ലേഷം വിളറിപ്പോയി. കേശവപിള്ള അതു സൂക്ഷിക്കാതിരുന്നില്ല.

"രവിക്കിക്കാര്യത്തിൽ മനോവേദനയുണ്ടെങ്കിൽ കരിക്കലും ഞാൻ രവിയെ നിർബ്ബന്ധിക്കുകയില്ല. താൻ എന്റെ ആത്മസ്നേഹിതനാണു്. തന്റെ കണ്ണീരത്തിൽ എനിക്കാഹ്ലാദിക്കണമെന്നില്ല." കേശവപിള്ള ദൃഢസ്വരത്തിൽ അറിയിച്ചു.

"ഛേയ്, എനിക്കൊരു മനോവേദനയുമില്ല. എന്തിനും, ഞാനെന്തിനു കണ്ണീരൊപ്പുന്നു?" രവി ഒരു പുഞ്ചി

Digitized By Kerala Sahitya Akademi

രി തുകുവാൻ പണിപ്പെട്ടുനോക്കി. കഴിഞ്ഞില്ല. അയാളുടെ സ്വരം ഇടറിയിരുന്നു.

"അങ്ങനെയാണെങ്കിൽ," കേശവപിള്ള തുടർന്നു: "രവി ഇത്രമാത്രം ചെയ്താൽ മതി. ജനലിൽ തട്ടി അവളെ വിളിക്കുക. അവൾ ജനൽ തുറക്കുമ്പോഴേയ്ക്കും മാറിനിന്നു കൊണ്ടാൽ മതി. ബാക്കി കാര്യമെല്ലാം ഞാനേറ്റു."

"അങ്ങനെതന്നെ." രവി സമ്മതിച്ചു.

അവർ സന്ധ്യ മയങ്ങിയതോടുകൂടി കുന്നിൻപുറം വിട്ടു. രവി കഴിയുന്നതും സന്തോഷം പ്രദർശിപ്പിക്കുവാൻ ശ്രമിച്ചു. പക്ഷേ, അയാളുടെ ഹൃദയം നീറുകയായിരുന്നു. ആ സ്നേഹിതൻ ഇതറിയുന്നില്ലേ?.....

പത്തു്

നിശീഥത്തിന്റെ നിശ്ശബ്ദതയിൽ രണ്ടു സുഹൃത്തുക്കൾ രഹസ്യമായി ആ വളപ്പിനുള്ളിൽ കടന്നു. നിലാവുദിച്ചെങ്കിലും, മഴക്കാറുള്ളതിനാൽ ഒരു മങ്ങിയ വെളിച്ചം മാത്രമേ അന്തരിക്ഷത്തിൽ വ്യാപിച്ചിരുന്നുള്ളു.

രവിയുടെ ഹൃദയം ശക്തിയായി മിടിച്ചുകൊണ്ടിരുന്നു. അയാളുടെ നേത്രങ്ങൾ ബാഷ്പാങ്കിതങ്ങളായി. അയാളതു മറയ്ക്കാൻ ശ്രമിച്ചു. ഒരു നിമിഷനേരം അയാളുടെ ഹൃദയത്തിന്റെ അഗാധതയിൽ പൈശാചികമായ ഒരു വികാരവീചിയുടെ പ്രക്ഷോഭമുണ്ടായി—തന്റെ ആത്മസുഹൃത്തിന്റെ നടുവിനൊരു ചവിട്ടുകൊടുക്കാൻ. പക്ഷേ, അയാൾ അടങ്ങി.

ഒരു മാസം മുൻപുവരെ, നിത്യവും തനിക്കു സ്വാഗതം

Digitized By Kerala Sahitya Akademi

മരുളിയിരുന്ന ആ കൗമാരമുള്ള കിളിവാതിലിന്റെ മുൻപിൽ അന്നം അയാളെത്തി. അതിന്മേൽ സ്പർശിക്കാൻ അയാൾക്കു ധൈര്യം വന്നില്ല. അവിടെനിന്നും ക്ഷണത്തിൽ കാടിമറഞ്ഞെങ്കിലോ എന്നയാൾക്കു തോന്നി. അയാളുടെ ആത്മാവിൽ അദൃശ്യമായ ഏതോ കൈവിരലുകൾ അനുനിമിഷം മൊട്ടസൂചി തറയ്ക്കുന്നു. അയാൾ ജനൽവാതിലുകൾക്കിടയിൽ ചെവി വട്ടംപിടിച്ചു ശ്രദ്ധിച്ചു. ഒരു നിമിഷം.....രണ്ടു നിമിഷം!.....അതാ ഒരു വളക്കിലുക്കം! അവൾ ഉറങ്ങിയിട്ടില്ല.

അകത്തൊരു ചുമ. അതേ, തീച്ചയാണു്, അവൾ ഇനിയും ഉറക്കമായിട്ടില്ല. അവളുടെ ചിന്തകൾ എന്തെല്ലാമാണെന്നാർക്കറിയാം? നിദ്രാദേവി അവളെ അനുഗ്രഹിക്കാത്തതെന്തു്? തന്നെക്കുറിച്ചു് അവൾ കണ്ണീരൊഴുക്കുകയാണോ?.....

വെറുതേ അവളുമായി കലഹിച്ചു. ഇന്നും തനോടവൾക്കു യാതൊരു പരിഭവവും ഉണ്ടായിരിക്കയില്ല. കഴിഞ്ഞ ഒരു സംവത്സരത്തിനിടയിൽ എത്ര പ്രാവശ്യം അവളോടു വഴക്കടിച്ചു! എത്രമാത്രം അവളെ ഭർത്സിച്ചു! പാവം. അവളതെല്ലാം നിശ്ശബ്ദമായി സഹിക്കുകയല്ലേ ചെയ്തതു്? പിണക്കം ഭാവിച്ചു രണ്ടു ദിവസം നേരേ വരാതിരുന്നാലും, മൂന്നാംദിവസം അവൾ കൈകാട്ടി വിളിച്ചുതുടങ്ങും. അവൾക്കു തീച്ചയായും തനോടു സ്നേഹമുണ്ടു്. മറാരായിരുന്നാലും ഇത്രത്തോളം ക്ഷമിക്കുകയില്ല. വെറുക്കപ്പെടുവാൻ ഇതിലധികം കാണിക്കേണ്ടതായിട്ടില്ല. എന്നിട്ടും സ്നേഹിക്കുക; ഉള്ളഴിഞ്ഞു സ്നേഹിക്കുക. അത്ഭുതാ

Digitized By Kerala Sahitya Akademi

വഹമായ ഈ സഹനശക്തിയുടെ അടിയിൽ പ്രവത്തി
ച്ചുകൊണ്ടിരിക്കുന്ന ആ ഗ്രഡമായ വികാരം എന്തായി
രിക്കും?.....

'അമ്മിണീ ഞാനൊരപരാധം പ്രവത്തിക്കുന്നു. നീ
യെന്നെ മറന്നോയ്ക്കൂ'—രവിയുടെ ഹൃദയം മന്ത്രിച്ചു.

അയാളുടെ കരാംഗ്രലികൾ ആ കിളിവാതിലിന്മേൽ
പതുക്കെയൊന്നു മുട്ടി: 'ക്ടിം'—നിശ്ശബ്ദം—വീണ്ടും, ഒന്നു
കൂടി: 'ക്ടിം'—അതാ, ആ വളക്കിലുക്കം.....അവൾ അ
ത്തു കേട്ടു. ചിരപരിചിതമായ ആ ശബ്ദം അവൾക്കു മന
സ്സിലായി. അവൾ എഴുനേല്ക്കുന്നുണ്ടു്.....ഈശ്വരാ, ഇ
നിയത്തെ രംഗം!

കൊളുത്തു നീങ്ങുന്നു. രവി ഒരു പ്രേതത്തെപ്പോലെ
വലതുവശത്തേയ്ക്കു നീങ്ങി, ജനൽവാതിൽ തുറക്കപ്പെട്ടു.
കേശവപിള്ള മുന്നോട്ടടുക്കുന്നു.

തനിക്കു ബോധക്ഷയം വന്നെങ്കിലോ എന്നു രവി
ഭയപ്പെട്ടു.

"പിണക്കമൊക്കെ കഴിഞ്ഞോ?"—അകത്തുനി
ന്നൊരു ചോദ്യം.

മറുപടിയില്ല.

"എങ്കിലും ഇത്ര സ്നേഹമില്ലല്ലോ.....ഈ ഒരു
മാസം....."

നിശ്ശബ്ദം!

"എന്താണൊന്നും മിണ്ടാത്തതു്?"—ആ മുട്ടുലകം
പുടം മുന്നാട്ടു നീങ്ങുന്നു. അതു സാവധാനം ഗ്രഹിക്കപ്പെ
ടുന്നു.

Digitized By Kerala Sahitya Akademi

പെട്ടെന്നൊരു കടച്ചിൽ.....

"ആരാണത്?"—അമ്പരപ്പോടെ അവൾ ചോദിച്ചു.

"ഭയപ്പെടേണ്ട....ഞാൻതന്നെ....തൈമുറത്തു കേശവപിള്ള....അമ്മിണിയുടെ ഒരാരാധകൻ!"

അവൾക്കു നാവു പൊങ്ങിയില്ല. ആ ശരീരം കിലുകിലാ വിറയ്ക്കുകയാണു്. അങ്ങനെ ഏതാനും നിമിഷങ്ങൾ മരവിച്ച ഒരു നിശ്ശബ്ദതയിൽ കഴിഞ്ഞുകൂടി.

"ഇതെന്തു....സാഹസമാണു്.....ഈ കാണിച്ചതു്?" ഗദ്ഗദസ്വരത്തിൽ അവൾ ചോദിച്ചു.

"അതേ, അമ്മിണീ, ഇതു സാഹസമാണു്. ഞാൻ സമ്മതിക്കുന്നു. പക്ഷേ ഭംഗിയുള്ള ആ കൺമുനകൾ എന്നെ ഒരു സാഹസികനാക്കി. ഞാൻ എന്തുചെയ്യട്ടെ?"

"രവിയെവിടെ?"—അവൾ ഒരു നെടുവീർപ്പോടുകൂടി ചോദിച്ചു.

"സുഖമായി രവിയുടെ വീട്ടിൽ കിടന്നുറങ്ങുന്നു."

"എന്നാൽ പൊയ്ക്കോളൂ. ഞാൻ ഈ ജനൽവാതിലടച്ചുട്ടെ."

"അമ്മിണി ഇത്ര നിർദ്ദയമായിട്ടാണോ എന്നെപ്പറഞ്ഞയയ്ക്കുന്നതു്?...."

"ഈ ജനൽക്കമ്പിയിൽനിന്നു കൈയെടുക്കു."

"ഇതാ, എടുത്തുകഴിഞ്ഞു....."

"എന്നാൽ, വേഗത്തിൽ ഇവിടെനിന്നു പോകണം."

"ഞാൻ പോയ്ക്കോളാം. അമ്മിണിയുടെ സമ്മതം

Digitized By Kerala Sahitya Akademi

കൂടാതെ ഞാൻ ആ വിരൽത്തുമ്പിൽപ്പോലും സ്പർശിക്കുകയില്ല. ക്ഷമയോടുകൂടി ഞാൻ പറയുന്നതു് അമ്മിണി കേൾക്കു. അമ്മിണി കുട്ടം ഭയപ്പെടേണ്ട.”

“ദയവുചെയ്തു് ഇവിടെനിന്നു പോകൂ.....അച്ഛൻ ഉണരും.....എന്നെ കൊന്നുകളയും.”

“ശരി....ഞാനിതാ പൊയ്ക്കൊള്ളാം. പക്ഷേ അമ്മിണി എന്നെ മറക്കരുതു്. എനിക്കു് അമ്മിണിയോടു സ്നേഹമുണ്ടു്.....അമ്മിണിക്കും എന്നെക്കുറെ അതറിയാമെന്നാണെന്റെ വിശ്വാസം. നാംതമ്മിൽ ഇതുവരെ കുറ്റകരം സംസാരിച്ചിട്ടില്ലെങ്കിലും.....”

“നേരം വൈകുന്നു. ഇതാ, അച്ഛൻ ഉണർന്നുകഴിഞ്ഞു. ദയവുചെയ്തു് ഇവിടെനിന്നു പോകൂ”—അവൾ ആവർത്തിച്ചു.

“ഞാൻ പോകുന്നു. എന്നെ അമ്മിണി മറക്കുമോ? ഇല്ലെന്നെന്നോടു പറയൂ. അതു മാത്രം മതി. ഞാൻ പോയ്ക്കൊള്ളാം. പറയൂ, അമ്മിണി എന്നെ മറക്കുമോ?”

“ഇല്ല.”

“മതി. അമ്മിണി കുന്നും ഭയപ്പെടേണ്ട. സമാധാനമായി കിടന്നുറങ്ങു. ഞാനീ പ്രവർത്തിച്ചതു സാഹസമാണെന്നെനിക്കറിയാം....പക്ഷേ, മറ്റൊരു പോംവഴിയും ഞാൻ കണ്ടില്ല. ക്ഷമിക്കു. ഞാൻ പോകട്ടെ.”

“ആട്ടെ!”

ജനൽ വീണ്ടും അടയുന്നു.

രവി! അയാൾ ഒരു സാലഭഞ്ജികയെന്നോണം കുറച്ചുകലെ മാറിനില്ക്കുകയാണു്. വെറുമൊരു ജീവച്ഛവം!

Digitized By Kerala Sahitya Akademi

"വരൂ, രവി, നമുക്കു പോകാം."

രവി അനുഗമിച്ചു. അവർ വഴിയിലെത്തി. നല്ല നാട്ടുവെളിച്ചം. മങ്ങിയ നിലാവു്. കേശവപിള്ള രവിയുടെ മുഖത്തേയ്ക്കു സൂക്ഷിച്ചുനോക്കി. അവിടെ യാതൊരു രക്തരേഖയുമില്ല.

"രവീ!" ആയാൾ മിണ്ടിയില്ല.

"രവീ, രവിക്കു സങ്കടമുണ്ടോ?"—തോളിൽ കൈയിട്ടുകൊണ്ടു് കേശവപിള്ള ചോദിച്ചു.

"ഇല്ല."

"എനിക്കു മാപ്പുതരൂ, രവീ."

"അതിനെന്താ ആവശ്യമില്ല."

"രവിക്കു മനോവേദനയുണ്ടോ എന്നു ഞാൻ ചോദിച്ചതല്ലേ? ഇല്ലെന്നൊറപ്പു പറഞ്ഞതുകൊണ്ടാണു് ഞാനിതിനൊരുമ്പെട്ടതു്. ഈ മുഖം എനിക്കു സഹിക്കുന്നില്ല."

"എനിക്കു് ഒരു കുണ്ഠിതവുമില്ല, കേശവൻകുട്ടീ."

"വരൂ, നമുക്കിന്നു വീട്ടിലേയ്ക്കു പോകാം."

"ഇല്ല, ഞാൻ വരുന്നില്ല."

"എന്നാൽ ഞാൻ രവിയോടൊന്നിച്ചു വരാം."

"വേണ്ട. ദയവുചെയ്തു് ഇന്നെന്നെത്തനിച്ചു വിടൂ. ഞാനെല്ലാം ഒന്നു മറക്കട്ടെ.....ഇല്ല; കേശവൻകുട്ടി സംശയിക്കേണ്ട. എനിക്കിതിൽ ഒരു കുണ്ഠിതവുമില്ല. ഞാനവളെ മറന്നുകഴിഞ്ഞു. ഇനി അവൾ നിങ്ങളുടെയാണു്."

"രവീ, ഞാൻ പശ്ചാത്തപിക്കുന്നു. ഞാൻ രവിയുടെ ഹൃദയം വേദനിപ്പിച്ചു. ഇത്രത്തോളമൊന്നും ഞാൻ യഥാർത്ഥത്തിൽ ആലോചിച്ചില്ല. അതിന്റെ ഗൗരവം ഇപ്പോ

Digitized By Kerala Sahitya Akademi

ഴാണെനിക്ക ബോധപ്പെട്ടന്നതു്. എന്റെ അവിവേകം ക്ഷമിക്ക. എനിക്ക മാപ്പു തരു.”

“കേശവൻകുട്ടീ, ഞാൻ പേത്തും പേത്തും പറയുന്നു, എനിക്കിക്കായ്മത്തിൽ അശേഷം കുണ്ഠിതമില്ല. ഒരു വലിയ ഉപകാരമാണു് നിങ്ങൾ എനിക്ക ചെയ്തതു്. സത്യത്തിന്റെ വെളിച്ചത്തിൽ അവളുടെ തനിനിറം കാണ്മാൻ എനിക്കിന്ന തരമായി....അക്കായ്മത്തിലും ഞാൻ നിങ്ങളോടു കടപ്പെട്ടവനാണു്: നിങ്ങളോടുള്ള കടപ്പാടുകളിൽനിന്നൊഴിയുവാൻ ശ്രമിക്കുംതോറും ഞാൻ അധികമധികം നിങ്ങൾക്ക കടപ്പെടുകയാണു് ചെയ്യുന്നതു്!”

ആ വാക്കുകൾ കേശവപിള്ളയുടെ മനസ്സിൽ കണക്കിന്ന കൊണ്ടു. അയാൾക്ക വല്ലാതെ നൊന്തു. ഒരക്ഷരം പിന്നീടു ശബ്ദിക്കാനയാൾക്ക സാധിച്ചില്ല. സപയം ശപിച്ചുകൊണ്ടു് അയാൾ രവിയോടു യാത്രപാഞ്ഞു സപഗൃഹത്തിലേയ്ക്കു പോയി.

പതിനൊന്നു്

ആ മൂന്ന വ്യക്തികൾക്കും അന്ന രാത്രി നിദ്രാദേവിയുടെ അനുഗ്രഹം ലഭിക്കയുണ്ടായില്ല. രാത്രി ഒരു മൂന്ന മൂന്നരമണിയായിക്കാണും, രവി വീണ്ടും അമ്മിണിയുടെ കിളിവാതിലൂലെത്തി. അതു മലക്കെ തുറന്ന കിടപ്പുണ്ടായിരുന്ന. മഴക്കാറു നീങ്ങി മനോഹരമായ ചന്ദ്രിക ദിക്കെങ്ങും വ്യാപിച്ചിട്ടുണ്ടു്. അയാൾ അകത്തേയ്ക്കു നോക്കി. അമ്മിണി കട്ടിലിന്മേൽ കിടക്കുന്നുണ്ടു്. അവൾ ഉറക്കമായിരിക്കുമെന്ന രവി കരുതി. കൈയിലിരുന്ന കടലാസുതുണ്ടു

Digitized By Kerala Sahitya Akademi

ജനലിൽക്കൂടി അകത്തിട്ടിട്ട് അയാൾ മിന്നൽവേഗത്തിൽ അവിടെനിന്നും മറഞ്ഞു.

അമ്മിണി ഉറങ്ങിയിരുന്നില്ല. വിവിധചിന്തകൾ അവളുടെ മനസ്സിൽ അള്ളിപ്പിടിക്കുകയാണ്. അവൾ എല്ലാം കണ്ടു. രവി പോയ ഉടൻതന്നെ അവൾ എഴുനേറ്റ് ആ കടലാസുതുണ്ടു കൈയിലെടുത്തു. അപ്പോൾത്തന്നെ അതു വായിച്ചാൽകൊള്ളാമെന്നവൾക്ക് ആശതോന്നി. പക്ഷേ, വിളക്കു കൊളുത്താൻ അവൾക്കു ധൈര്യംവന്നില്ല. ജനലിലൂടെ ഇഴഞ്ഞുകയറുന്ന ചന്ദ്രരശ്മികൾക്കെതിരെ അവളതു നിവർത്തിപ്പിടിച്ചു. അക്ഷരങ്ങൾ വ്യക്തമാകുന്നില്ല. നിരാശതയോടെ വീണ്ടും അവൾ ശയ്യയെ ശരണം പ്രാപിച്ചു. അവളുടെ ശങ്കകൾ, ഭീതികൾ, ചിന്തകൾ, എന്തെല്ലാമായിരുന്നെന്നോ ഈശ്വരനുമാത്രമറിയാം! എത്ര ശ്രമിച്ചിട്ടും ഉറങ്ങാനൊക്കുന്നില്ല. ഉരുണ്ടും പിരണ്ടും ഒരുവിധത്തിലവൾ നേരം വെളുപ്പിച്ചു. അതവൾക്കൊരു കാളരാത്രിതന്നെയായിരുന്നു.

അവൾ ആ കത്തു വായിച്ചുനോക്കി:

പ്രിയപ്പെട്ട അമ്മിണീ,

നീയിതു ചെയ്യേണ്ടവൾതന്നെ. നിന്നെ ഞാനതിൽ കുറ്റപ്പെടുത്തുന്നില്ല. എനിക്കതിലൊട്ടു കുണ്ഠിതവുമില്ല. ഒരു പുതിയ സുഹൃത്തുണ്ടാകുന്നതു് എന്തുകൊണ്ടും നല്ലതാണല്ലോ. ഇനിയേതായാലും നിനക്കു് എന്നെ മറക്കാൻ സാധിക്കും. അതുതന്നെയാണു് എന്റേയും ആവശ്യം. എന്റെ ഏറ്റവും അടുത്ത ഒരു സ്നേഹിതനാണു് കേശവപി

Digitized By Kerala Sahitya Akademi

ള്ള. എന്തുകൊണ്ടും അയാളുമായിട്ടുള്ള സാഹചര്യമാണു് നിനക്കധികം നല്ലതു്. അതിൽ നിന്നെ ഞാനനുമോദിക്കുന്നു. വല്ല കാലത്തും എനിക്കല്പം കുണ്ഠിതം തോന്നുമോ ആവോ! അങ്ങനെ തോന്നാതിരിക്കാൻ ഞാൻ കഴിയുന്നതും ശ്രമിക്കും. നിനക്കു ഞാൻ നന്മ നേരുന്നു.

എന്നു്,
രവി.

അതു് കരാവൃത്തിക്കുടി വായിക്കാൻ അവൾക്കു സാധിച്ചില്ല. പണ്ടും ഒരു കത്തവൾക്കു രവിയിൽനിന്നു കിട്ടുകയുണ്ടായി. അതു് അവളുടെ ആത്മാവിനെ സംഗീതത്തിൽ പൊതിഞ്ഞു; ഇതാകട്ടെ ഉമിത്തീയിലും!

അവൾക്കിനി എന്തു പഠയാൻ കഴിയും? രവി അതു കണ്ടു. അവന്റെ മുൻപിൽ അവളിനി വെറുമൊരു വേശ്യ!—അമ്മിണി പൊട്ടിക്കരഞ്ഞു.

സ്മരണകൾ അവളെ അലട്ടാൻ തുടങ്ങി. ആ കിളിവാതിലൂൽ മുട്ടുക.....അതു രവിയല്ലാതാരാണു്? പോരെങ്കിൽ കുറെ ദിവസങ്ങളായി അയാൾ വരാറുമില്ല. കണ്ടാൽ കൊള്ളാമെന്നു് അത്യാശയോടെ എത്രയെത്ര രാത്രികളായി അവൾ കണ്ണുപൂട്ടാതെ കാത്തു കിടക്കുന്നു.

അപ്പോഴാണു് കിളിവാതിലിന്മേൽ ചിരപരിചിതമായ ആ അംഗുലീസ്പർശം. അവൾ എങ്ങനെ അനുമാനിക്കും? ഉടലാകെ കോരിത്തരിപ്പുകൊണ്ടാണവൾ ജനൽ തുറന്നതു്! പക്ഷേ—അവൾക്കു് ഒരു നിമിഷം കേശവപിള്ളയോടു് അസഹ്യമായ അവജ്ഞ തോന്നി. എന്നാൽ അ

Digitized By Kerala Sahitya Akademi

യാളുടെ ആ പെരുമാറ്റത്തിൽ, അപരാധിയാണെങ്കിലും, അയാൾ കാണിച്ച വിനീതഭാവം അവൾക്കു മറക്കാനൊക്കുകയില്ല.

ഇല്ല; താനെന്തൊക്കെ പറഞ്ഞാലും രവി ഇനി തന്നെ വിശ്വസിക്കുകയില്ല. അയാളുടെ മുൻപിൽ താൻ അപഥസഞ്ചാരിണിയായി. ഇനി മരണംവരെ ആ പ്രിയപ്പെട്ട കളിത്തോഴന്റെ മുൻപിൽ താൻ പെരുമൊരു വേശ്യ!—അവൾ കണ്ണീർ തുടച്ചു.

എന്നാലും.....അയ്യോ, അദ്ദേഹത്തിന്റെ ഹൃദയം ആ കാഴ്ച കണ്ടു ദ്രവിച്ചിരിക്കയില്ലേ? ആ വേദന! തനിക്കു ദ്രോഹം മാപ്പുതരുമോ? അഥവാ മാപ്പുചോദിക്കാൻതന്നെ തനിക്കവകാശമുണ്ടോ?—ഏതായാലും അദ്ദേഹത്തെ കണ്ണു കാണണം.....

"ഞാൻ തെറ്റുകാരിയാണു്. ഇനിയെന്നെ അത്തരത്തിൽ ഗണിച്ചാൽ മതി. പക്ഷേ, ദയവുചെയ്തു് ഇന്നു രാത്രി കന്നിത്രയോളം വന്നിട്ടു പോകണം.....രണ്ടു വാക്കു സംസാരിക്കുവാൻമാത്രം. വരാത്തപക്ഷം ഒരിക്കൽ പശ്ചാത്തപിക്കേണ്ടിവരും.....എന്നു്, അമ്മിണി."

ഇങ്ങനെ ഒരു കുറിപ്പെഴുതി അവൾ തന്റെ കൊച്ചു നാജൻവശം കൊടുത്തയച്ചു—രവിക്കു കൊടുക്കാൻ.

പന്ത്രണ്ടു്

ആ മുറിക്കകത്തു് ആടുന്ന ഒരു കട്ടിലിൽ രവി ഇരിക്കുകയാണു്. ക്ഷുരിതനുട്ടു്. അതേ കട്ടിലിൽ അല്പം അകലെമാറി അമ്മിണിയും ഇരിക്കുന്നുണ്ടു്. ഇടയ്ക്കിടെ അവൾ കാ

Digitized By Kerala Sahitya Akademi

രോ നെടുവീർപ്പിട്ടുകൊണ്ടിരുന്നു. ഏറെ നേരത്തേയ്ക്ക് ഇരുവരും ഒന്നും മിണ്ടിയില്ല. കോപംകൊണ്ടു രവി അടിമുടി വിറയ്ക്കുകയാണു്. ആ മൗനം അയാൾക്കസഹ്യമായിത്തോന്നി. തന്റെ സമീപം ഫണം വിടർത്തിക്കൊണ്ടു് ഒരു വിഷസർപ്പം സ്ഥിതിചെയ്യുന്നതായി അയാൾ മനസാ കരുതി.

"ഇനിച്ചിനിവിടെ ഇല്ല"—അമ്മിണിതന്നെ ഒടുവിൽ മൗനം ഭഞ്ജിച്ചു.

രവി എന്നിട്ടും ഒന്നും മിണ്ടിയില്ല. ഓരോ നിമിഷം കഴിയുംതോറും അവളോടയാൾക്കു് അധികമധികം വെറുപ്പു തോന്നി.

"അതാണിന്നു ഞാൻ അകത്തു വിളിച്ചതു്"—അവൾ തുടർന്നു പ്പറഞ്ഞു.

രവി എന്നിട്ടും ഒന്നും മിണ്ടിയില്ല.

"എന്താണൊന്നും മിണ്ടാത്തതു്?"—അവൾ ആശങ്കയോടെ ചോദിച്ചു.

"നിന്നോടു മിണ്ടുന്നവൻ പാപിയാണു്."

ഈ വാക്കു് അവളുടെ ഹൃദയത്തിൽ ഒരസ്ത്രംപോലെ തറച്ചു. അതേ, പ്രേമാർദ്രമായ ആ കാമുകഹൃദയത്തിൽ കോപം ആളിപ്പിടിക്കുകയാണു്. പുകപുരണ്ട അതിന്റെ ഒരു ഗ്രഞ്ജനവീചിയാണാക്കേട്ടതു്. രവിയുടെ മുൻപിൽ അമ്മിണിയിന്നൊരു പാപിനിയാണു്. ആ പുളകംകൊള്ളിക്കുന്ന പരിരംഭണങ്ങളിൽ അലിഞ്ഞമരുവാൻ അവൾക്കു കൊതിയുണ്ടു്. പക്ഷേ—ആ കോപാഗ്നിജ്വാലകൾ ഒന്നു ശമിപ്പിക്കാനെന്തു നിവൃത്തി? അവൾ ചിന്താമഗ്നയായി.

"ഞാൻ എങ്ങനെയാണീ മുറിക്കകത്തു വന്നതെന്നറിയാമോ?.....നാലുകെട്ടിൽ ഒരു വലിയ അരിപ്പെട്ടിയിൽ

Digitized By Kerala Sahitya Akademi

രിക്കുന്നതു കണ്ടിട്ടില്ലേ? അതിന്റെ മുകളിൽ കേറിയാൽ തട്ടിൻപുറത്തേയ്ക്കു കേറാൻ വിഷമമില്ല. അവിടെനിന്നും ഈ മുറിയുടെ ചായ്പ്പിലേയ്ക്കും ഒരു കോണിയുണ്ടു്. അപ്പുനവിടെ ഉണ്ടെങ്കിൽത്തന്നെ സാരമില്ല. ചായ്പ്പിന്റെ വാതിൽ, കേട്ടില്ലേ, ലേശമെങ്കിലും ഒച്ച കേൾക്കാതെ തുറക്കും. നമുക്കിനി ഇവിടെ മതി. പുറത്തിരിക്കേണ്ട"—അമ്മിണി നയത്തിൽ പ്രസ്താവിച്ചു.

"അതിനാവശ്യമുള്ളവർ വന്നുകൊള്ളും.....അങ്ങനെതന്നെ ആയിക്കോ!"—രവി ഗർജ്ജിച്ചു.

പാവം അമ്മിണി കുഴങ്ങി.

"എന്നും ഈ ശുണ്ഠിതന്നെ ശുണ്ഠി.....ടേ, ഈ മുക്കു നോക്കു....ഇതിന്റെ തുമ്പത്താണു് ദേഷ്യം.....പണ്ടേ ഇങ്ങനെതന്നെയാണു്." അവൾ കുറച്ചുകൂടി അടുത്തേയ്ക്കു നീങ്ങി പൊട്ടിച്ചിരിച്ചുകൊണ്ടു് അയാളുടെ മൂക്കു പിടിച്ചു കുലുക്കി. കോപം സഹിക്കാതെ രവി ആ കൈയ്ക്കൊരു തട്ടു കൊടുത്തു.....ഛീ, നാണംകെട്ട ശവമേ, നീയെന്നെത്തൊടരുതു്!"

"ഹാവൂ, എന്റെ കൈയൊടിഞ്ഞുപോയി. ആയിക്കോളൂ! എന്തു വേണമെങ്കിലും ആയിക്കോളൂ!" അവൾ ദീനസ്വരത്തിൽ തേങ്ങിപ്പറഞ്ഞു.

"എനിക്കൊന്നും ആകണ്ട.....എല്ലാം മതിയായി."

"അതേ, ഞാൻ പഴകി; എന്നെ മടുത്തു. ഇനി പുതിയതു നോക്കാം"—അവൾ പരിഭവപ്പെട്ടു.

ആ വാക്കുകളിൽ വിഷാദം സ്ഫുരിച്ചിരുന്നു.

Digitized By Kerala Sahitya Akademi

"അതെന്റെ ഇഷ്ടംപോലെ ഞാനായിക്കൊള്ളാം!"

"ആരു വേണ്ടെന്നു പറഞ്ഞു?"

"എങ്കിലും, നിന്നോക്കാൾ ഭേദമാണു് ഞാൻ—"

"അതേ,യതെ; നാണമില്ലല്ലോ ആ കമലമ്മയുടെ പിന്നാലെ....."

"എങ്കിലും അവൾ നിന്നെപ്പോലെ കാണുന്നവരെയെല്ലാം—"

"അതേ,യതെ; ആ മാധവൻപിള്ള കഴിഞ്ഞു കിട്ടണോങ്കിൽ നല്ല നേരം നോക്കണം."

"എനിക്കീ നാട്ടിലുള്ളവരുടെ കായ്മനമൊന്നും കേൾക്കണ്ട. നീയെന്തിനാണെന്നെ കാണാനാവശ്യപ്പെട്ടതു്?" —തികഞ്ഞ വെറുപ്പോടുകൂടി രവി ചോദിച്ചു.

"കൊറെ ശകാരം കേൾക്കാൻ!"

"ഞാൻ പോണു."

"ഇനിയിവിടെ വരില്ലേ?"

"ജീവനുണ്ടെങ്കിൽ ഇല്ല."

"ഞാൻ വിളിച്ചാലും?"

"നിനക്കെന്നെ വിളിച്ചിട്ടാവശ്യമില്ല. മേലിൽ നീയെന്നെ വിളിക്കരുതു്."

"ഞാനോ?"

"അതെ, നീതന്നെ."

"ഈ അമ്മിണിയോ? ആട്ടെ, ഒന്നെനിക്കു മുഖത്തു നോക്കിപ്പറയൂ. ഈ അമ്മിണിക്കാണോ രവിയെ വിളിക്കാനധികാരമില്ലാത്തതു്? പിന്നാക്കാണാ അധികാരം?— കമലമ്മയ്ക്കാ?"

Digitized By Kerala Sahitya Akademi

"നിന്റെ—ഞാൻ പറയണ്ടാ," ദേഷ്യം അടക്കാനാകാതെ രവി അലറി.

"എന്തിനാ പറയാതിരിക്കണേ? പറഞ്ഞോളൂ, ഇഷ്ടംപോലെ എന്തൊക്കെ വേണമെങ്കിലും എന്നെപ്പറഞ്ഞോളൂ. എന്തും കേൾക്കേണ്ടവളാണു് ഞാൻ. എന്റെ രവി എന്നെ ശകാരിക്കുന്നതു് എനിക്കു വളരെ സന്തോഷമാണു്. ഞാനിങ്ങനെ ഓരോ നേരമ്പോക്കു പറയണതന്നെ രവിയെ ശ്രുണ്ടിക്കൂട്ടീ കൂടെ ശകാരം വാങ്ങാനാ!"

"മതി; നിന്റെ ഈ മിരട്ടും മങ്ങിണിമായവുമൊക്കെ മതി. ഇതു ഞാൻ കുറേയേറെ കേട്ടിട്ടുള്ളതാണല്ലോ. നിനക്കെന്നോടു വലിയ സ്നേഹമുണ്ടു്; ഞാൻ നിന്റെ പ്രാണനാണു്; കാണപ്പെട്ട ദൈവമാണു്—എല്ലാം മനസ്സിലായി. ഇന്നലെ രാത്രിയേ എനിക്കതിത്ര നന്നായി മനസ്സിലായുള്ളൂ—" ക്ഷുഭിതഭാവത്തിൽ രവി പറഞ്ഞു.

ആ വാക്കോരോന്നും അവളുടെ ഹൃദയത്തിൽ തുളഞ്ഞുകയറി. അവൾ എന്തു പറയും? വാസ്തവത്തിൽ അവൾ അപരാധിനിയല്ലേ? തികച്ചും പരമാർത്ഥമല്ലേ രവി പറയുന്നതു്?

"എന്റെ പ്രിയപ്പെട്ട രവീ," വിഷാദസ്വരത്തിൽ അവൾ പറയുവാൻ തുടങ്ങി: "രവിയെന്നെ എങ്ങനെ വേണെങ്കിക്കണക്കാക്കിക്കൊള്ളൂ. ഞാൻ തെറ്റുകാരിതന്നെ, സമ്മതിച്ചു. പക്ഷേ, ഒരു കാര്യത്തിൽമാത്രം രവി എന്നെ സംശയിക്കരുതു്."

"ഉം? എന്താണതു്?"—രവി ശ്രുക്ഷമായിത്തിരക്കി.

"ഞാൻ എന്റെ രവിയെ സ്നേഹിക്കുന്നതിൽ!—"

Digitized By Kerala Sahitya Akademi

"സ്നേഹം!"—പരിഹാസസ്വരത്തിൽ അയാൾ പുലമ്പി: "എത്ര എളുപ്പം പറയാവുന്ന ഒരു വാക്കു്! സ്നേഹം പോലും, സ്നേഹം! അതേ, നിങ്ങളുടെ വർഗ്ഗം എല്ലാവരേയും സ്നേഹിക്കും; ആരേയും സ്നേഹിക്കയുമില്ല. സ്നേഹമെന്താണെന്നു നിങ്ങൾക്കറിഞ്ഞുകൂടാ. നീയതറിയണമെങ്കിൽ ഇനിയൊരു ജന്മം ജനിച്ചു വരണം!"

"രവീ," അടക്കാനാവാതെ തള്ളിപ്പുറപ്പെട്ട കണ്ണുനീരോടുകൂടി അവൾ തൊണ്ടയിടറിപ്പറഞ്ഞു:—"ഈശ്വരൻ സാക്ഷിയായി ഞാൻ പറയുന്നു, എന്റെ സ്നേഹത്തിൽ എന്റെ പൊന്നുരവി എന്നെ അവിശ്വസിക്കരുതു്. ഞാൻ പെറുമൊരു—അയ്യോ, അതു പറയാൻ എനിക്കു നാവാടുന്നില്ല.....അത്തരത്തിൽപ്പെട്ട ഒരുവളായിരിക്കാം. എന്നാലും എനിക്കു സ്നേഹമുണ്ടു്. എന്റെ രവിയെ എനിക്കു സ്നേഹിക്കാൻ കഴിയും. ഞാൻ രവിയെ സ്നേഹിക്കുന്നു. രവി എന്നെ മറന്നാലും, എന്നെപ്പറ്റിത്താഴ്ത്തിയാലും, ഞാൻ ഇനിയും എന്റെ രവിയെ സ്നേഹിക്കതന്നെ ചെയ്യും! ഇതെല്ലാം എന്റെ വിധിയാണു്....."

ഒരു കൊച്ചുകുഞ്ഞിനെപ്പോലെ അവൾ ഏങ്ങലടിച്ചു കരയാൻ തുടങ്ങി. ആ അശ്രുധാര രവിയുടെ കോപാഗ്നിയിൽ പതിച്ചു. അതു് അല്പാല്പമായി കെട്ടുതുടങ്ങി. അയാൾ മനഃപൂർവ്വം അവലംബിച്ച ഹൃദയകാഠിന്യത്തിനു പെട്ടെന്നൊരിളക്കം തട്ടി! പാവം, പെൺകിടാവു്! അവൾ എങ്ങനെയെങ്കിലുമുള്ളവളാകട്ടേ. താൻമൂലം അവളുടെ ഹൃദയം നീറിപ്പുകയുക!

"അതിനെന്തിനിങ്ങനെ കരയുന്നു? കരയുകയാണെന്നാ

Digitized By Kerala Sahitya Akademi

ങ്കിൽ ഞാനിതാ ഇറങ്ങിപ്പോവുകയാണു്,'' രവി ശാന്ത സ്വരത്തിൽ പറഞ്ഞു.

കണ്ണീരടക്കാൻ അവൾ കഴിയുന്നതും ശ്രമിച്ചുനോക്കി. പക്ഷേ, അതിനതിനു് അതു തള്ളിത്തള്ളിപ്പുറപ്പെടുകയാണു്. അവളുടെ 'ബോഡീസു്' മുഴുവൻ നനഞ്ഞുകുതിർന്നു.

"രവീ.....രവിയെന്നെ വിവാഹം കഴിക്കാൻ പോകുന്നില്ലല്ലോ. പിന്നെ ഞാനെങ്ങനെയായാൽ രവിക്കെന്തു്?''—അമ്മിണി ചോദിച്ചു.

"എനിക്കെന്തെന്നോ? ന്യായത്തിനു യാതൊന്നുമില്ല. അതെനിക്കറിയാം.....പക്ഷേ, ഞാനങ്ങനെയൊരുമട്ടിലല്ല ഇതുവരെ നിന്നെ കരുതിയിരുന്നതു്. അത്തരത്തിൽപ്പെട്ട കരുവളോടു് കരാഠംക്കുണ്ടാകാവുന്ന മനോഭാവം എനിക്കു നിന്നോടുണ്ടായിട്ടില്ല; ഉണ്ടാകുന്നുമില്ല....''

"രവീ,'' അവൾ തടഞ്ഞുകൊണ്ടു പറഞ്ഞു: "അതെനിക്കറിയാം. രവിയുടെ ഹൃദയം നല്ലപോലെ ഞാൻ മനസ്സിലാക്കീട്ടുണ്ടു്. രവിയുടെ സ്നേഹത്തിൽ എനിക്കു സംശയമില്ലല്ലോ. രവി ആരെ വേണമെങ്കിലും.....ആട്ടെ, രവി വിവാഹം കഴിക്കുകയില്ലേ?''

"ഉവ്വു്,'' രവി ദൃഢസ്വരത്തിൽ പ്രസ്താവിച്ചു: "എന്റെ സ്വന്തം കാലിൽ നില്ക്കുവാൻ എനിക്കു സാധിക്കുമെന്നു പരിപൂർണ്ണമായി ബോധപ്പെടുന്ന കാലത്തു ഞാൻ വിവാഹം കഴിക്കും.''

"അതേ അങ്ങനെയാണു് വേണ്ടതു്. രവി ഒരു നല്ല നിലയിൽ എത്തിച്ചേരുമെന്നെനിക്കുറപ്പുണ്ടു്. പക്ഷേ, ര

Digitized By Kerala Sahitya Akademi

വി വിവാഹം കഴിച്ചാൽപ്പോലും എന്നോടുള്ള സ്നേഹം നശിക്കയില്ലെന്നെനിക്കറിയാം. അതുപോലെ എനിക്കും—"

"ഈ തത്വജ്ഞാനമെല്ലാം വെറും വാക്കുകളിൽ ഉള്ളതു മാത്രമല്ലേ?"—രവി ഇടയിൽ കടന്നുചോദിച്ചു.

"അല്ല, ഒരിക്കലുമങ്ങനെയല്ല. മനുഷ്യസാധാരണമല്ലാത്ത ഒന്നല്ല ഞാനീപ്പറയുന്നതു്....."

"പ്രേമം എന്നൊന്നു് ഈ ലോകത്തിലുണ്ടെന്നുപോലും എനിക്കു വിശ്വസിക്കാൻ സാധിക്കുന്നില്ല."

"എന്നു തീർത്തുപറഞ്ഞുകൂടാ," അമ്മിണി വാദിച്ചു: "പക്ഷേ, ചുരുക്കം എന്നേ ഉള്ളു. ഞാൻ വിചാരിക്കുന്നതു തെറ്റായിരിക്കാം. എനിക്കെന്തറിവിരിക്കുന്നു? ഞാൻ വെറുമൊരു പെണ്ണു്. ഇതാവിധത്തിലുള്ള ഒരു ദിവ്യവസ്തുവാണെന്നൊന്നുമല്ല ഞാനീപ്പറയുന്നതു്. വെറും മനുഷ്യസാധാരണമായ ഒരു സ്നേഹം.....പക്ഷേ, എന്തോ ഒരു പ്രത്യേകത അതിനുണ്ടെന്നുള്ളതിൽ സംശയമില്ല. അതെന്താണെന്നു് എനിക്കും അറിഞ്ഞുകൂടാ. ഇതെന്തോ ഒരാത്മബന്ധമാണു്. എന്റെ രവിയെ മറക്കാൻ എനിക്കു സാദ്ധ്യമല്ല. ആട്ടേ, എന്നോടു തുറന്നു പറയൂ, രവിയിങ്ങനെ വെറുതെ വാദിക്കുന്നതല്ലാതെ എന്നെ നിശ്ശേഷം മറക്കുവാൻ രവിക്കു സാധിക്കുമോ?"

"സാധിക്കുമോ എന്നു ഞാൻ ശ്രമിച്ചുനോക്കട്ടെ," രവി അലസഭാവത്തിൽ പറഞ്ഞു.

"ഇല്ല രവീ, സാധ്യമല്ല. എന്നാൽ പിന്നെ ഈ ലോകമെങ്ങനെ നിലനില്ക്കും? എന്തോ ചില ശക്തിവിശേഷങ്ങൾ പ്രകൃതിയിൽ കുടിഞ്ഞുനിന്നു പ്രവർത്തിക്കുന്നു

Digitized By Kerala Sahitya Akademi

ണ്ടു്. എത്രതന്നെ ശ്രമിച്ചാലും അവസ്ഥ നാം കീഴടങ്ങാതെ നിവൃത്തിയില്ല.”

“അതൊക്കെ പരമാത്ഥംതന്നെ. ഞാനും സമ്മതിക്കുന്നു”—രവി ഏറുപറഞ്ഞു.

“അതേ രവീ; അങ്ങനെയൊരു ശക്തിയാണു് നമ്മെ ഈ മട്ടിൽ കൂട്ടിയിണക്കിയതു്. അതു് ഇന്നോ ഇന്നലെയോ ഉണ്ടായതല്ല. നമുക്കോമ്മവെച്ച നാൾമുതൽ നാം രണ്ടു ശരീരവും ഒരു ജീവനുമായിക്കഴിഞ്ഞുകൂടുകയാണു്. മനുഷ്യനുണ്ടാക്കിയ വെറുമൊരു ചടങ്ങാണല്ലോ വിവാഹം. യഥാത്ഥമാലോചിച്ചാൽ ശാശ്വതമായി നിലനില്ക്കുന്നതു പ്രകൃത്യാ ഉണ്ടാകുന്ന ഹൃദയബന്ധമാണു്. രവി ഒന്നു മനസ്സിലാക്കണം. മാനസികമായിട്ടെങ്കിലും വ്യഭിചരിക്കാത്ത ഒരു സ്ത്രീയോ പുരുഷനോ ഈ ലോകത്തിൽ ഉണ്ടായിരിക്കയില്ല. പക്ഷേ, മനുഷ്യർ അതേറു പറയുകയില്ലെന്നേയുള്ളൂ. മാത്രമല്ല മനസ്സാക്ഷിയെ വഞ്ചിച്ചുകൊണ്ടു് അതിനോടെതിർക്കുകയും ചെയ്യും. ഒരു സ്ത്രീ പാതിവ്രത്യം പുലത്തുന്നതു് അവളുടെ മനശ്ശക്തികൊണ്ടോ ആഭിശുഭ്രകതികൊണ്ടോ അല്ല, സമുദായം അവളിൽ ചുത്തിവെയ്ക്കുന്ന ഭീരുത്വംകൊണ്ടു മാത്രമാണു്. പക്ഷേ, ഒരു കാര്യം ഞാൻ ഉറപ്പു പറയാം. പുരുഷൻ മറക്കുന്നതെന്തോ അതു സ്ത്രീ എപ്പോഴും ഓർക്കുന്നു. ഞാനീപ്പറയുന്നതു രവി വിശ്വസിക്കണം: ഒരു വേശ്യയ്ക്കും ഒരു ഹൃദയമുണ്ടായിക്കൂടെന്നില്ല; ഹൃദയമുള്ളവരെല്ലാം പതിവ്രതകളായിരിക്കണമെന്നുമില്ല.”

രവി ചിന്താധീനനായി. അവളുടെ വാക്കുകൾ അയാളുടെ ഹൃദയത്തെ ഗാഢമായി സ്പർശിച്ചു.

Digitized By Kerala Sahitya Akademi

"ശരിയാണു്. അമ്മിണി പറയുന്നതു പരമാത്ഥ
മാണു്."

സമ്മതിക്കാതിരിക്കാൻ അയാൾക്കു കഴിവുണ്ടായില്ല.

"ആ കഴിഞ്ഞുപോയ കാലങ്ങൾ!—അന്നത്തെ കാ
രോടിവസത്തെ നിസ്സാരസംഭവങ്ങൾപോലും ഞാൻ കാ
ത്തോത്തു കരയാറുണ്ടു്. കഷ്ടം, രവീ! നമുക്കിങ്ങനെ വള
രേണ്ടായിരുന്നു. ഇന്നു നാം കപടങ്ങൾ പഠിച്ചു.....എ
ന്നാൽ ആ കൂട്ടിക്കാലത്തു്....."

"അതേ അമ്മിണീ, ആ സ്മരണകൾ എന്നെ പുള
കംകൊള്ളിക്കാറുണ്ടു്"—രവി സമ്മതിച്ചു.

"നമ്മുടെ ഹൃദയം സ്പന്ദിക്കാതാവുന്നതുവരെ ആ സ്മ
രണകൾ നിലനില്ക്കും. അവ നിലനില്ക്കുന്നിടത്തോളം
കാലം, നാമെന്തൊക്കെപ്പറഞ്ഞാലും, ഈ ആത്മബന്ധം
പുലർത്തുപോരികയും ചെയ്യും. ഞാൻ എന്റെ സ്വന്തം
സഹോദരനെന്ന നിലയിൽ എന്റെ രവിയെ സ്നേഹിക്കു
മായിരുന്നു. ഒരിക്കലും അതിലൊരു പുള്ളിക്കുത്തുപോലും
വീഴാതെ ഞാനതിനെ കാമനിച്ചു പുലർത്തുമായിരുന്നു. പ
ക്ഷേ രവീ, രവിയാണു് ആദ്യമായി അതിൽ മഷി കൂട
ഞ്ഞതു്. എന്താ അല്ലേ? പറയൂ!"

"അതെ"—ഒരു കുറവാളിയെപ്പോലെ രവി മൂളി.

"ആ പരിശുദ്ധമായ സഹോദരസ്നേഹം, ഇങ്ങനെ
മാംസഗന്ധംകൊണ്ടു മലിനപ്പെടുത്തിയതു രവിയാണു്."

"അതേ, അമ്മിണീ, എനിക്കതിൽ കുണ്ഠിതമുണ്ടു്,"
വിഷാദസ്വരത്തിൽ അയാൾ പറഞ്ഞു.

"അതിൽ രവി കുണ്ഠിതപ്പെടേണ്ടതായിട്ടില്ല. അ
തൊക്കെ മനുഷ്യസാധാരണമാണു്. ആഭിലാഷങ്ങൾ ഏതു പ

Digitized By Kerala Sahitya Akademi

ട്ടിയും പ്രസംഗിക്കും; അനുഷ്ഠിക്കുവാൻ മഹാന്മാക്കൾപോലും വിഷമമാണു്. അപൂർവ്വം ചിലക്കു മാത്രമേ അതു സാധിക്കുന്നുള്ളു. അവരെയാണു് ലോകം അതിമാനുഷന്മാരെന്നു വിളിക്കുന്നതു്. എല്ലാവക്കും അതിമാനുഷന്മാരാകുക സാദ്ധ്യമല്ല. ഞാനിത്രയേ രവിയോടപേക്ഷിക്കുന്നുള്ളു: നിശ്ശേഷം എന്നെ പരിത്യജിക്കരുതു്. ആ കാലം ഒരിക്കൽ വരും. അന്നു്—ഞാൻ പറയുന്നതു മനസ്സിലായോ?"

"ഉവ്വമ്മിണീ, എനിക്കു തികച്ചും മനസ്സിലായി."

"അന്നു് എന്നെപ്പിരിഞ്ഞു പോയ്ക്കൊള്ളു. അതിലെനിക്കു കുണ്ഠിതമില്ല. അതുവരെ എനിക്കിങ്ങനെ രവിയെ കണ്ടുകൊണ്ടിരിക്കണം. ഞാനിങ്ങനെ പറയുമ്പോൾ, എന്നെ തെറ്റിദ്ധരിക്കാനിടയുണ്ടു്. ഞാൻ വികാരരഹിതയാണെന്നു രവി സംശയിച്ചേയ്ക്കും."

"ഒരിക്കലും നിന്നെ ഞാനങ്ങനെ സംശയിച്ചിട്ടില്ല." രവി കടന്നു പറഞ്ഞു.

"അതിന്റെ ശമനം മാത്രമാണു് ഞാനാശിക്കുന്നതെങ്കിൽ എനിക്കു രവിയോടീവിധത്തിൽ താണവണ്ണമപേക്ഷിക്കേണ്ടതില്ലല്ലോ."

"ഇല്ല."

"പക്ഷേ, ഈ ആനന്ദം—ഇങ്ങനെ കലശൽകൂട്ടാൻ, പിണങ്ങാൻ, വീണ്ടും ഇഷ്ടമാകാൻ, ഈ ആത്മവിസ്മൃതിയനുഭവിക്കാൻ തരപ്പെടുക—അതൊന്നു വേറെത്തന്നെയാണു്. ആ ആനന്ദം എനിക്കു തരാൻ ഈ ലോകത്തിൽ രവിയെക്കൊണ്ടു മാത്രമേ സാധിക്കൂ. മറ്റൊന്നും എനിക്കാശയില്ല. ഇതാ ഇങ്ങനെ ഏകാന്തതയിൽ എന്നെ

Digitized By Kerala Sahitya Akademi

രവിയുടെ കാമനക്കെവിരലുകളെത്താലോലിച്ചുകൊണ്ടി രുന്നു് കാരോ വിനോദങ്ങളം പറഞ്ഞു രസിക്കാൻമാത്രം എ നിക്കു സാധിച്ചാൽ മതി. ഇനിയും എനിക്കെന്റെ രവി യെ കണ്ടു മതിയായിട്ടില്ല.”

“അമ്മിണി”—അയാൾ വികാരതരളിതനായി അ വളെ മാറോടുചേത്താലിംഗനംചെയ്തു. അവളുടെ ബ്ലൗസു് ആകമാനം കണ്ണുനീർകൊണ്ടു നനഞ്ഞിരുന്നു. രവിയുടെ മനം നൊന്തു. അയാൾ അവളുടെ ബാഷ്പസിക്തമായ വ ക്ഷസ്സിൽ കവിളണച്ചു കുറച്ചുനേരം കണ്ണും മിണ്ടാതിരുന്നു. തന്റെ പ്രവൃത്തിയെക്കുറിച്ചു് അയാൾക്കു പശ്ചാത്താപം തോന്നി. കൈലേസെടുത്തു് അശ്രുധാരാവിലങ്ങളായ അ വളുടെ നേത്രങ്ങളം പ്രേമപൂർവ്വം തുടച്ചുകൊണ്ടു് അയാൾ അവളെ ചുംബിച്ചു.

“അമ്മിണീ, എനിക്കു നിന്നെ മനസ്സിലായി,” സം ന്തപനസ്വരത്തിൽ രവി അവളെ അറിയിച്ചു: “ഞാനൊ രിക്കലും ഇനി നിന്നെ കുറപ്പെടുത്തുകയില്ല. നിന്റെ ഹൃദയം എനിക്കുവേണ്ടി മലക്കെത്തുറന്നിട്ടിരിക്കയാണെ ന്നു തികച്ചും ഞാനറിയുന്നു.”

“കുറച്ചുനാൾകൂടി കഴിയട്ടെ. ഞാൻ ചില രഹസ്യ ങ്ങളം രവിയെ അറിയിക്കാം,” അയാളുടെ തോളിൽ കൈ കോത്തു മാത്തട്ടിലേയ്ക്കു തല ചായ്ച്ചുകൊണ്ടു് അമ്മിണി പറഞ്ഞു.

അങ്ങനെ നീറിപ്പിടിച്ച ഒരു രംഗം ക്രമേണ ശാന്ത മും പൂർവ്വാധികം പ്രേമസാന്ദ്രവുമായിപ്പരിണമിച്ചു.

കോഴി കൂകി. ഉണർന്നുതുടങ്ങിയ കിളികളുടെ ചില

Digitized By Kerala Sahitya Akademi

അവ്യക്തസ്വരങ്ങൾ പ്രഭാതാഗമം പ്രസ്പഷ്ടമാക്കി. രവി അമ്മിണിയോടു യാത്രപറഞ്ഞു വസതിയിലേയ്ക്കു മടങ്ങിപ്പോന്നു. പോരുംവഴി അയാളുടെ ഹൃദയം കാറൊഴിഞ്ഞ ആകാശംപോലെ ശാന്തമായിരുന്നു. അയാൾ അമ്മിണിയെ അധികം ഇഷ്ടപ്പെട്ടുവെന്നു നിദ്രാലസങ്ങളെങ്കിലും പ്രസാദലോലസങ്ങളായ അയാളുടെ നേത്രങ്ങൾ മൗനഭാഷയിൽ വിളംബരംചെയ്തു.

പതിമൂന്നു്

അന്നൊഴിവുദിവസമായിരുന്നു. രവീന്ദ്രൻ എവിടെയോ പോയിരിക്കയാണു്. ഉച്ചതിരിഞ്ഞു ശിവശങ്കരപ്പിള്ള മാധവക്കുറുപ്പിന്റെ വസതിയിലെത്തി. അവർ ഓരോ നാട്ടുവർത്തമാനങ്ങൾ പറഞ്ഞു. കടുവിൽ അവരുടെ സംസാരവിഷയം രവീന്ദ്രനിൽ എത്തിച്ചേർന്നു.

"എങ്കിലും ശിവശങ്കരപ്പിള്ളച്ചേട്ടാ," മാധവക്കുറുപ്പു് ആരംഭിച്ചു: "ഞാനന്നു പറഞ്ഞതുപോലെ നിങ്ങൾ പ്രയോഗിച്ച ആ 'രാമബാണം' കണക്കിനു കൊണ്ടു."

"കായ്മെല്ലാം എങ്ങനെയായാലും, എനിക്കിന്നതോർക്കുമ്പോൾ വലിയ കൃതാർത്ഥതയുണ്ടു്. കുറുപ്പേട്ടനന്നതു പറഞ്ഞപ്പോൾ എനിക്കു വലിയ മടി തോന്നാതിരുന്നില്ല. രവി അക്കായ്മത്തിൽ അത്രത്തോളം ഭ്രമിച്ചുവശായിട്ടുണ്ടെങ്കിൽ എന്റെ പ്രവൃത്തി ഒരു പാതകമാവുകയില്ലേ എന്നായിരുന്നു എനിക്കു ഭയം."

"പക്ഷേ കേട്ടോ, ചേട്ടാ, ചേട്ടനതു പറഞ്ഞില്ലായിരുന്നെങ്കിൽ പാവം അവിടെ കുടുങ്ങിപ്പോയേനേ. അങ്ങ-

Digitized By Kerala Sahitya Akademi

നെയൊരുപായം പ്രയോഗിച്ചാലല്ലാതെ കായ്ം ശരിപ്പെടുകയില്ലെന്നെനിക്കുറപ്പുണ്ടായിരുന്നു." ഒരു നുള്ളു പൊടിയെടുത്തു വലിച്ചുകൊണ്ടു കുറുപ്പു തുടർന്നു: "അതുകൊണ്ടാണു് എങ്ങനേയും അവിടെക്കടന്നുകൂടി അവളിൽനിന്നു തന്ത്രത്തിൽ കായ്മെല്ലാം ഗ്രഹിച്ചുകൊണ്ടുപോരണമെന്നു ഞാൻ ചേട്ടനെ നിർബ്ബന്ധിച്ചതു്. രവിയെ കായ്മെല്ലാം പറഞ്ഞു ധരിപ്പിക്കാൻ എനിക്കു കേശവപിള്ളയെ ആശ്രയിക്കേണ്ടിവന്നു. ഞാൻ പറഞ്ഞാൽ രവി വിശ്വസിക്കുകയില്ല."

"അതെയതെ." ശിവശങ്കരപ്പിള്ള സമ്മതിച്ചു. "കേശവപിള്ള പിറേറദിവസംതന്നെ സംഗതി മുഴുവൻ എന്നെ ധരിപ്പിക്കുകയുണ്ടായി. ഒരു പത്തു ദിവസംകൂടി അത്തരത്തിൽ കഴിഞ്ഞിരുന്നെങ്കിൽ പാവം കുട്ടങ്ങിപ്പോയേനെ."

"രവിക്കുതന്നെ ഇന്നതു നന്നായറിയാം. അതിനെക്കുറിച്ചു് എന്നോടുതന്നെ പലപ്പോഴും സംസാരിച്ചിട്ടുണ്ടു്." കുറുപ്പു വെളിപ്പെടുത്തി: "പക്ഷേ, അന്നു രവിക്കു് എന്നോടുതന്നെ വെറുപ്പു തോന്നിയിരുന്നു!"

"അതൊക്കെ അത്രയേ ഉള്ളു. അത്ഭുതപ്പെടാനില്ല. ചെറുപ്പമല്ലേ? എന്നോടു രവി പുറമേ വലിയ ലോഹ്യമെല്ലാം കാണിക്കാറുണ്ടെങ്കിലും ഉള്ളിൽ അല്പം വിരോധമുണ്ടെന്നു തോന്നുന്നു."

"ഛേ, അശേഷമില്ല," കുറുപ്പു തിരുത്തി. "അക്കാര്യം ഞാൻ ഉറപ്പു പറയാം. ഞാൻ പലപ്പോഴും രവിയുടെ ഉള്ളെടുത്തിട്ടുണ്ടു്."

Digitized By Kerala Sahitya Akademi

"പാവം! നല്ല പയ്യൻ," ശിവശങ്കരപ്പിള്ള തുടർന്നു പറഞ്ഞു: "കരു നല്ല നിലയിൽ എത്തിച്ചേരാനുള്ള ലക്ഷണം കാണുന്നുണ്ട്."

"തീച്ചയായും." സന്തോഷപൂർവ്വം കുറുപ്പുനുകൂലിച്ചു: "എങ്ങനെയെല്ലാമായാലും രവിയുടെ മനസ്സു നല്ലതാണു ..... പക്ഷേ, ശിവശങ്കരപ്പിള്ളച്ചേട്ടാ, പുള്ളിക്കാരൻ ആ ബന്ധം നിശ്ശേഷമങ്ങു വിട്ടിട്ടുണ്ടെന്നു തോന്നുന്നില്ല."

"കാ! ഇനിയൊന്നും ഭയപ്പെടാനില്ല."

"എന്നു തീച്ചപ്പെടുത്തേണ്ട." അല്പം ഗൗരവംകലർന്ന സ്വരത്തിൽ കുറുപ്പു പറഞ്ഞു: "ഏതായാലും ആ ബന്ധം അത്ര നന്നാണെന്നു എനിക്കഭിപ്രായമില്ല."

"ഗുണദോഷങ്ങൾ വേർതിരിച്ചറിയാൻ രവിക്കിന്നതികമ്മം സാധിക്കും. അയാളുടെ നില കാക്കാനുള്ള തന്റേടം ഇന്നയാൾക്കുണ്ട്."

"അതു ശരിയാണു. പുരുങ്ങിയ കാലത്തിനുള്ളിൽ രവിക്കു വന്നിട്ടുള്ള മാറ്റം കുറച്ചൊന്നുമല്ല."

ഈ ഘട്ടത്തിൽ രവി പടി കടന്നു വരുന്നതു ,ശിവശങ്കരപ്പിള്ളയുടെ ദൃഷ്ടിയിൽപ്പെട്ടു.

"അതാ രവി വരുന്നുണ്ടു," എന്നു താഴ്ന്ന സ്വരത്തിൽ പറഞ്ഞിട്ടു, ശിവശങ്കരപ്പിള്ള സംഭാഷണം മറ്റു വിഷയങ്ങളിലേയ്ക്കു തിരിച്ചു.

പതിനാലു

അന്നത്തെ രാത്രിയിലെ ഹീനമായ ആ സംഭവത്തിനുശേഷം അമ്മിണിയെക്കുറിച്ചൊരക്ഷരംപോലും രവിയും

Digitized By Kerala Sahitya Akademi

കേശവപിള്ളയും തമ്മിൽ സംസാരിച്ചിട്ടില്ല. പക്ഷേ, കേശവപിള്ള അമ്മിണിയിൽ അതിരറ്റു ഭ്രമിച്ചുവശായിട്ടുണ്ടെന്നു രവിക്കു നന്നായറിയാമായിരുന്നു. ആ സംഭവത്തിനുശേഷം സ്വാഭാവികമായ ഒരു സങ്കോചം ആ സുഹൃത്തുക്കളെ അല്പമൊന്നലട്ടിയിരുന്നുവെങ്കിലും അവർ തമ്മിലുള്ള സൗഹാർദ്ദത്തിനു ലേശമെങ്കിലും ശൈഥില്യം തട്ടിയിരുന്നില്ല.

രവിയുടെ ഹൃദയം സദാ അസ്വസ്ഥമായിരുന്നു. അയാൾ ഗാഢമായി ചിന്തിച്ചുനോക്കി. ന്യായത്തിനു് അമ്മിണിയുടെ കാര്യത്തിൽ സംശയദൃഷ്ടിയോടുകൂടി വർത്തിക്കേണ്ട ആവശ്യം തനിക്കില്ല. അവളുടെ ഹൃദയത്തിൽ തനിക്കു സിദ്ധിച്ചിട്ടുള്ള സ്ഥാനം ഒന്നു വേറെത്തന്നെയാണു്. അക്കാര്യം തനിക്കു പൂർണ്ണബോധമുണ്ടു്. പക്ഷേ, എന്തോ, കേശവപിള്ള അമ്മിണിയോടടുക്കുന്നതിൽ കരസുഖം. എന്നാൽ കരിക്കൽ എന്തിനു താനതിനു് അനുകൂലിച്ചു? താൽക്കാലികമായുണ്ടായ ആ ദൗർബ്ബല്യത്തിൽ തനിക്കിന്നു പശ്ചാത്താപമില്ലേ?.....

കേശവപിള്ളയേയും അമ്മിണിയേയും രവി പ്രത്യേകം സൂക്ഷിച്ചുകൊണ്ടിരുന്നു. തീച്ചയായും അവർ അന്യോന്യം ആകർഷിക്കപ്പെട്ടിട്ടുണ്ടു്. അവർ അടുക്കുകയില്ലേ? അടുത്തിട്ടില്ലേ?—പല രാത്രികളിലും രവി ഒളിച്ചിരുന്നു പരിശോധിച്ചു. ഒരു തുമ്പും കിട്ടുന്നില്ല.

അന്നു രാത്രി അമ്മിണി കിളിവാതിൽ തുറന്നതു താനാണെന്നു കരുതിയാണു്. അക്കാര്യത്തിൽ ഒരു സംശയത്തിനും അവകാശമില്ല. കേശവപിള്ളയോടു യഥാർത്ഥ

Digitized By Kerala Sahitya Akademi

ത്തിൽ തനിക്കു സ്നേഹമുണ്ടോ?—രവി അയാളുടെ ഹൃദയത്തിന്റെ നിഗൂഢതയിലേയ്ക്കു് എത്തിനോക്കി. ഉണ്ടു്, അതു കൈതവമായ സൗഹൃദം അവിടെ മിന്നിത്തിളങ്ങുന്നുണ്ടു്. പക്ഷേ, ചഞ്ചലമായ ഒരു ധൂമികാവലയം അതിനെ പൊതിഞ്ഞിരിക്കുന്നു. അതസൂയയാണോ? ആണെങ്കിൽ അതു് ആ സൗഹാർദ്ദത്തെ ഗ്രസിക്കുകയില്ലേ?

ആ നശിച്ച രാത്രി!—രവി എപ്പോഴും അതിനെ ശപിച്ചുകൊണ്ടിരുന്നു. അയാൾ അതിനെ മറക്കാൻ ശ്രമിച്ചു; പക്ഷേ, അധികമധികം അതിനെ ഓർക്കുകയായിരുന്നു ഫലം. അതിനെക്കുറിച്ചുള്ള ചിന്ത അയാളെ ഭ്രാന്തു പിടിപ്പിച്ചു.....

എങ്കിലും അയാൾ അമ്മിണിയെ സന്ദർശിച്ചുകൊണ്ടിരുന്നു. അവൾക്കു തന്നോടു വെറുപ്പു തോന്നിക്കുവാനായിരുന്നു രവിയുടെ പിന്നത്തെ ഉദ്യമം. അയാൾ പലതരത്തിലും അവളുടെ വികാരങ്ങളെ മുറിപ്പെടുത്തി. അവളെ കേവലം പ്രാകൃതമായ രീതിയിൽ ഇടവിടാതെ ഭർത്സിച്ചു; മൃഗീയമായ രീതിയിൽ പീഡിപ്പിച്ചു. പക്ഷേ, അവൾ അശേഷം ക്ഷോഭിച്ചില്ല. അവൾ എല്ലാം സഹിച്ചു. അങ്ങനെ പീഡിപ്പിക്കപ്പെടുന്നതിൽ അവൾക്കു് അവർണ്ണ്യമായ ഒരാനന്ദാനുഭൂതിയുണ്ടായി. അതിനു പ്രതിഫലമെന്നോണം അവൾ രവിയെ അധികമധികം സ്നേഹിച്ചു. ആ അനുവർത്തനം അയാളെ അത്ഭുതപ്പെടുത്തി. തന്റെ സംരംഭത്തിൽ വിജയം നേടുവാനുള്ള എല്ലാ ഉപായങ്ങളും ദയനീയമായ രീതിയിൽ തന്നെ പരാജയപ്പെടുത്തുകയാണെന്നയാൾക്കു ബോധപ്പെട്ടു. ആ പരാജയബോധം

Digitized By Kerala Sahitya Akademi

അനിയന്ത്രിതമായ രീതിയിൽ അയാളെ അവളുടെ ആരാധകനാക്കി. അയാൾ അവളെ മനസാ പൂജിച്ചു. ചന്ദ്രികാസുന്ദരമായ ഒരു രാത്രിയിൽ മട്ടാലസയായി തന്റെ മാറിൽ അവൾ തല ചായ്ച്ചു നില്ക്കുമ്പോൾ, ചുരുണ്ടു നീണ്ട അവളുടെ തലമുടി ആ ഇളംകഴുത്തിൽ ചുറ്റിവരിഞ്ഞു, യാതൊരു ക്ഷോഭവും കൂടാതെ അവളെ ഞെക്കിക്കൊല്ലുവാൻ അയാൾ ആത്മാർത്ഥമായി ആശിച്ചു. പലപ്പോഴും അയാൾ അതിനായി ഒരുമ്പെടുകയുംചെയ്തു. പക്ഷേ, അയാൾക്കതിനു ശക്തി കിട്ടിയില്ല. കായ്ത്തോടടുക്കുമ്പോൾ പകച്ചുപോകുന്ന തന്റെ മനോദൗർബ്ബല്യത്തിൽ രുചിക്കു കുണ്ഠിതം തോന്നി.

അങ്ങനെയിരിക്കെ, ഇന്നവളെ ഞെക്കിക്കൊല്ലുമെന്നു മനസാ ശപഥം ചെയ്ത രാത്രിയിൽ, ശിവശങ്കരപ്പിള്ള തന്റെ താരുണ്യത്തിൽ ഒരു പങ്കുകാരനാണെന്നു്, അമ്മിണി ഒരു പുഞ്ചിരിയോടെ രവിയോടോറു പറഞ്ഞു. അയാൾ നടുങ്ങിപ്പോയി! ബ്രഹ്മാണ്ഡം തന്റെ കൺമുമ്പിൽ വട്ടംകറങ്ങുന്നതുപോലെയും, തന്റെ കായ്ബലശക്തി ക്ഷീണിക്കുന്നതുപോലെയും അയാൾക്കു തോന്നി. അയാളുടെ ഹൃദയം കോപംകൊണ്ടുജ്ജ്വലിച്ചു. പക്ഷേ, അയാളുടെ മുഖം വിളറിയിരുന്നു.

പലപ്പോഴും താൻ എത്ര നിർബ്ബന്ധിച്ചിട്ടും കൂസൽ കൂടാതെ നിഷേധിച്ചിരുന്ന ആ രഹസ്യം ഇപ്പോളിതാ, അനാവശ്യപ്പെടാതെതന്നെ, അവൾ വെളിപ്പെടുത്തിയിരിക്കുന്നു. ഒരു കൊച്ചുകുഞ്ഞിന്റെ നിഷ്കളങ്കതയോടെ മന്ദഹസിച്ചുകൊണ്ടു നില്ക്കുവാൻ, ഒരു കുറസമ്മതത്തിനുശേഷം, ആ സൈരിണിക്കെങ്ങനെ സാധിച്ചു? അവളുടെ സ്വര

Digitized By Kerala Sahitya Akademi

ത്തിൽ ലേശമെങ്കിലും ഇടച്ചില്ലയില്ല. ഭീതിയോ സങ്കോചമോ അവളുടെ മുഖത്തു തീണ്ടിയിട്ടുപോലുമില്ല. വൈവശ്യം മുഴുവൻ തനിക്കാണു്.....

ഏറെനേരത്തെ മൗനത്തിനുശേഷം ക്ഷീണിച്ച സ്വരത്തിൽ രവി അവളോടു ചോദിച്ചു.

"നീ ഇതുവരെ ഇക്കാര്യം എന്നിൽനിന്നു മറച്ചുവച്ചതെന്തുകൊണ്ടാണു്?"

"രവി എന്നിൽനിന്നകന്നുപോകുമെന്നു ഭയന്നു്."

"ഇപ്പോഴോ?"

"ഇനി രവിക്കെന്നിൽനിന്നകലാൻ സാദ്ധ്യമല്ല. ഇന്നെനിക്കതുറപ്പുണ്ടു്."

രവിയുടെ അഭിമാനത്തെ ആ വാക്കുകൾ അല്പം ക്ഷതപ്പെടുത്തുകയുണ്ടായി. പക്ഷേ അയാൾ സഹിച്ചു.

അമ്മിണി കടുവിഷമപ്രശ്നമായിരുന്നു—അപഗ്രഥിക്കുവാൻ പണിപ്പെട്ടതോറും അധികമധികം കൊട്ടുമ്പിരിക്കൊള്ളുന്ന കടം!

"നിന്നെ ഞാനിപ്പോൾ ഞെക്കിക്കൊന്നാലോ?" മനസ്സറിയാതെ രവി ആക്രോശിച്ചുപോയി. അയാൾ കലികൊണ്ടു വിറച്ചു.

"നിർവൃതിയോടെ ഞാൻ മരിക്കും!"—ശാന്തസ്വരത്തിൽ അമ്മിണി പ്രതിവചിച്ചു. അവൾ മന്ദഹസിച്ചു.

രവി തോറ്റു. അയാൾക്കു പിന്നീടൊന്നും സംസാരിക്കുവാൻ സാധിച്ചില്ല. നിദ്ര അയാളുടെ കൺപോളകളെ അലട്ടിത്തുടങ്ങി. ശരീരത്തിനും മനസ്സിനും അയാൾക്കു കടംപോലെ ക്ഷീണം തോന്നി.

Digitized By Kerala Sahitya Akademi

നക്ഷത്രങ്ങൾ പരിഹാസഭാവത്തിൽ അയാളെ നോക്കി പുഞ്ചിരിയിട്ടന്നു.

അമ്മിണിയുടെ അടുത്തുനിന്നും അയാൾ പണിപ്പെട്ടെഴുനേറ്റു, കന്നും മിണ്ടാതെ മുഖം കുനിച്ചു, ഒരു തടവുകാരനായ പോരാളിയെപ്പോലെ നടന്നു പോയി.....

പതിനഞ്ചു്

പുഞ്ചിരിയും കണ്ണീരും ഇടകലർന്ന ഒരു സംവത്സരം പിന്നേയും കഴിഞ്ഞു. ഇതിനിടയിൽ അമ്മിണിക്കു് ഒരു വിവാഹാലോചന വന്നു. അവൾ അതിനു വഴിപ്പെട്ടില്ല. മാതാപിതാക്കന്മാർ അവളെ കണക്കിലധികം നിർബ്ബന്ധിച്ചു. പക്ഷേ അവൾക്കതിൽ നിരാശതയാണുണ്ടായതു്. മകളുടെ ദുർല്ലാഭ്യം അവരെ വല്ലാതെ ശല്യപ്പെടുത്തി.

അന്നു് അമ്മിണിയുടെ മാതാപിതാക്കൾ വീട്ടിലുണ്ടായിരുന്നില്ല. ഈ തക്കംനോക്കി അവൾ രവിയെ വിളിച്ചു. നേരം മദ്ധ്യാഹ്നമായിരുന്നു. രവി ഊണു കഴിച്ചിരുന്നില്ല. അവളുടെ നിർബ്ബന്ധപ്രകാരം അയാൾ അവിടെനിന്നു് അന്നാദ്യമായി ആഹാരം കഴിച്ചു. അനന്തരം വിശ്രമിക്കുവാനായി അയാൾ ഒരു ചാരുകസേരയിൽ കയറി മലർന്നുകിടന്നു. കൈയിൽ ഒരു വിശറിയുമായി അമ്മിണി കസേരയുടെ കൈയിന്മേലും സ്ഥലംപിടിച്ചു. ഏറെനേരം അവർ ഓരോ നേരമ്പോക്കുകൾ പറഞ്ഞു് ഉല്ലാസമായിക്കഴിച്ചുകൂട്ടി. അതിനിടയിൽ ഒരു കള്ളച്ചിരിയോടുകൂടി രവിയുടെ മുഖം പിടിച്ചുയർത്തിക്കൊണ്ടു് അമ്മിണി ചോദിച്ചു:

Digitized By Kerala Sahitya Akademi

"ഞാൻ ഒരു കാര്യം പറയട്ടേ?"

"പറയൂ."

"പറഞ്ഞാൽ എന്നോട് പിണങ്ങും."

"ഇല്ല, ഒരിക്കലുമില്ല!"

"ഉവ്വ്, പിണങ്ങും; ഞാൻ പറയില്ല."

"ഞാനല്ലേ അമ്മിണിയോട് പറയുന്നത്—എന്തു തന്നെയായാലും ഞാൻ പിണങ്ങില്ല," അയാൾ ഉറപ്പു കൊടുത്തു.

"തീച്ചു?"

"തീച്ചു!"

"ഞാനേയ്.....ഇല്ല; പിണങ്ങും. ഞാൻ പറയൂല്ല." കുലുങ്ങിക്കുണുങ്ങിക്കൊണ്ട് അവൾ മുറുമുറുത്തു. രവി അവളുടെ ശിരസ്സു പിടിച്ചു താഴ്ത്തി അരുണാധരങ്ങളിൽ മൃദുവായൊന്നു ചുംബിച്ചുകൊണ്ടു വീണ്ടും ഊന്നിപ്പറഞ്ഞു.

"പറയൂ അമ്മിണി, ഒട്ടും മടിവിചാരിക്കേണ്ട. എന്താണെങ്കിലും പറഞ്ഞോളൂ!"

അവൾ മടിക്കുത്തിനടിയിൽ തിരുകിവെച്ചിരുന്ന ഒരു ചെറിയ ഞെക്കുവിളക്കു പുറത്തെടുത്തു. അതു രവിയുടെ നേർക്കു കാണിച്ചുകൊണ്ട് അവൾ ചോദിച്ചു:

"ഈ വിളക്കു കണ്ടിട്ടുണ്ടോ?"

"ഇല്ല...."

"ഇതാരുടെയാണെന്നു പറയാമോ?"

"ഇങ്ങു തരൂ, നോക്കട്ടെ."

രവി അതു കൈയിൽ വാങ്ങി സൂക്ഷിച്ചുനോക്കി. അയാൾക്കോർമ്മവന്നു. നിമിഷത്തിനുള്ളിൽ അയാളുടെ മുഖം

Digitized By Kerala Sahitya Akademi

നിശ്ശ്വേഷം വിവർണ്ണമായിപ്പോയി! താൻ കേശവപിള്ളയ്ക്കു് കരിക്കൽ സമ്മാനിച്ച വിളക്കായിരുന്നു അതു്.

"ഇതാ, മുഖം വാടിപ്പോയല്ലോ.....ഇതുകൊണ്ടാണു് ഞാൻ സംശയിച്ചതു്." പരിഭ്രമത്തോടെ അമ്മിണി മന്ത്രിച്ചു.

"ഛേയ്! എന്റെ മുഖം വാടുന്നൊന്നുമില്ല....അതിന്റെ ആവശ്യമെന്തു്?" മുഖത്തു കൃത്രിമമായ കരു പുഞ്ചിരി പൊടിപ്പിക്കാൻ പണിപ്പെട്ടുകൊണ്ടു് അയാൾ ഉദാസീനഭാവത്തിലെന്നപോലെ ചോദിച്ചു:

"ഇതമ്മിണിക്കെങ്ങനെ കിട്ടി?"

"ഞാൻ കേശവപിള്ളയുടെ കൈയിൽനിന്നു ചോദിച്ചു വാങ്ങി."

"എങ്ങനെ? എന്നു്?"—അതൊരലർച്ചയായിരുന്നു. അമ്മിണി ഞെട്ടിപ്പോയി. അപ്പോഴേ രവിക്കു മനസ്സിലായുള്ളൂ, തന്റെ സ്വരം ഉച്ചത്തിലുള്ളതും പരുഷവുമായിരുന്നു എന്നു്. അയാൾ വീണ്ടും ശാന്തമായ സ്വരത്തിൽ ചോദിച്ചു:

"എങ്ങനെയാണമ്മിണി? എന്നാണതു്?"

"കരു ദിവസം രാത്രി—രവി ഇന്നാട്ടിലില്ലാതിരുന്ന കരു ദിവസം രാത്രി—കേശവപിള്ള ഇവിടെ വന്നു—അതേ, ഞാൻ പറഞ്ഞിട്ടു്. നാം എന്നും ഇരിക്കാറുള്ള മുറിയുടെ ചായ്പ്പിൽ മൂന്നു മണിക്കൂറോളം ഞങ്ങൾ കാരോന്നു സംസാരിച്ചുകൊണ്ടിരുന്നു....."

"ഉം! എന്നിട്ടു?"—രവി വീണ്ടും ഗർജ്ജിച്ചു.

Digitized By Kerala Sahitya Akademi

"കിടന്നലറാതിരിക്കൂ! എന്നിട്ടൊന്നുമില്ല. അയാൾ വന്നവഴിക്കു തിരിച്ചുപോയി."

"വെറും കൈയോടെ?—"

"അതേ....."

"അയാൾ കുറ്റം ആവശ്യപ്പെട്ടില്ല?"

"ഉവ്വ്. പലതും....പക്ഷേ—"

"പക്ഷേ?—"

"പക്ഷേ ഞാൻ പിശുക്കു കാണിച്ചു."

"എനിക്കൊന്നും മനസ്സിലാകുന്നില്ല. കുറ്റം തെളിച്ചു പറയൂ!"

"തെളിച്ചുതന്നെ ഞാൻ പറയുന്നതു്. അയാൾക്കു് എന്റേതായിക്കൊടുക്കാൻ വെറും കുറു ചുംബനംമാത്രമേ ഉണ്ടായിരുന്നുള്ളൂ. അതു ഞാൻ കൊടുത്തു. എന്റെ മനോഭാവം മനസ്സിലാക്കാനുള്ള വിവേകമെങ്കിലും അയാൾക്കുണ്ടായിരുന്നു. ആ മനുഷ്യനെ ഞാൻ ബഹുമാനിക്കുന്നു.....അയാൾ എന്നെ അസഹ്യപ്പെടുത്താതെ യാത്ര പറഞ്ഞു പിരിഞ്ഞുപോയി."

"കള്ളം, പച്ചക്കള്ളം! ഞാനിതു കേട്ടങ്ങു വിശ്വസിക്കുമെന്നാണോ വിചാരം?"—രവി ഈർഷ്യയോടെ ചോദിച്ചു.

"വിശ്വസിക്കണമെന്നു് എനിക്കു നിർബ്ബന്ധമില്ല." അവൾ കുലുക്കംകൂടാതെ ദൃഢവും ശാന്തവുമായ സ്വരത്തിൽ മറുപടി പറഞ്ഞു. "ഉണ്ടായ സംഭവം അതേപടി ഞാൻ പറഞ്ഞു എന്നേയുള്ളൂ."

"ദൈവമേ, ഇവളെന്തൊരത്ഭുതസൃഷ്ടി!"—രവിയുടെ ഹൃദയം മന്ത്രിച്ചു.

Digitized By Kerala Sahitya Akademi

"ഇതാ, ഇതെല്ലാമെന്താണെന്നറിയാമോ?"—മടിയിൽനിന്നും ഒരു ചെറിയ കടലാസുകെട്ടെടുത്തു കാണിച്ചുകൊണ്ടും അവൾ ചോദിച്ചു.

"എന്താണതും?"

"കത്തുകൾ.....പ്രേമലേഖനങ്ങൾ—കേശവപിള്ളയുടെ!"—പുഞ്ചിരിതൂകിക്കൊണ്ടവൾ വീണ്ടും ചോദിക്കുകയാണും: "ഇതെല്ലാം ഒന്നു വായിച്ചുനോക്കണമോ?"

"വേണ്ട—എനിക്കൊന്നും വായിക്കണ്ട!"

"അങ്ങനെയല്ല....രവി ഇതു വായിച്ചുനോക്കണം. ഇതാ, വേണമെങ്കിൽ കൊണ്ടുപോകാം. എനിക്കു വിരോധമില്ല."

"അമ്മിണീ, നീയീതെന്തിനെന്നോടു പറഞ്ഞു? നീ എനിക്കു സൈരം തരില്ലേ?"—ദയനീയമായ സ്വരത്തിൽ രവി ചോദിച്ചു.

"ഞാൻ സൈരംകെടുത്തുന്നില്ല. തന്നത്താൻ സൈരം നശിപ്പിക്കുകയാണും രവി ചെയ്യുന്നതു്. രവി എന്നെ എങ്ങനെ വേണമെങ്കിൽ കണക്കാക്കിക്കൊള്ളു. ഞാനേതായാലും ഇനിയൊരു സംഗതിയും രവിയിൽനിന്നു മറച്ചുവെയ്ക്കുകയില്ല."

"കേശവപിള്ളയോടു നിനക്കാനുകൂല്യമുണ്ടായിരുന്നിട്ടും, അയാളെക്കുറിച്ചും എത്രമാത്രം ദുഷിച്ചാണും നീയെന്നോടു സംസാരിച്ചിട്ടുള്ളതു്! ഞങ്ങളെത്തമ്മിൽ അകറ്റുവാൻപോലും നീ ഉദ്യമിച്ചിട്ടില്ലേ?"

"ഉണ്ടു്. അതെന്റെ അന്നത്തെ സ്ഥിതിക്കും അനുകൂലമായ ഒരു തന്ത്രമായിരുന്നു. അന്നും എനിക്കതിന്റെ

Digitized By Kerala Sahitya Akademi

ആവശ്യവുമുണ്ടായിരുന്നു. പക്ഷേ, അന്നത്തെ ഞാനല്ല ഇന്നത്തെ ഞാൻ.....”

“അന്നു നിന്റെ വാക്കു കേട്ടു ഞാൻ അയാളോടു പിണങ്ങിയിരുന്നെങ്കിൽ എന്തു വിഡ്ഢിത്തമാകുമായിരുന്നു!”

“നിങ്ങൾ തമ്മിൽ പിണങ്ങുകയില്ലെന്നു് എന്തെല്ലാമായാലും എനിക്കുറപ്പുണ്ടായിരുന്നു. പിന്നെ ഒരു കൈയൊന്നു പരീക്ഷിച്ചുനോക്കിയെന്നേയുള്ളൂ. അന്നു നിങ്ങൾ പിണങ്ങിയകന്നിരുന്നെങ്കിൽ ഇതിനൊന്നും ഇടവരില്ലായിരുന്നു—”

“എന്താണതു്?”

“അബദ്ധത്തിൽ ഞാനന്നാ ജനൽവാതിൽ തുറന്നതു മറന്നുപോയോ?—എന്റെ ചാരിത്ര്യം പരീക്ഷിക്കാനെടുത്ത ഒരുപായം! കഷ്ടം! രവിക്കിത്രയൊക്കെ പഠിപ്പുണ്ടായതുകൊണ്ടെന്തു പ്രയോജനം? ഇല്ല, ഞാൻ അധികമൊന്നും പറഞ്ഞു രവിയെ വേദനിപ്പിക്കാൻ ഇഷ്ടപ്പെട്ടുന്നില്ല. എന്റെ മേൽ ഞാൻ രവിക്കു മനസ്സാലെ അനുവദിച്ചുതന്നിട്ടുള്ള അധികാരത്തിനടിസ്ഥാനം എന്റെ കളങ്കമറ്റ സ്നേഹം മാത്രമാണെന്നു രവി ഓർക്കണം. ആ അധികാരം ഒരുപയോഗപ്പെടുത്തുന്നതു നന്നല്ല. രവിയെപ്പോലെതന്നെ വേദനിക്കാവുന്ന ഒരു ഹൃദയം എനിക്കും ഉണ്ടെന്നും സൈരം അതിനും ആവശ്യമുണ്ടെന്നും ഉള്ള കാര്യം രവി മറന്നുകളയുന്നു. എന്നെ രവി ഒരാപൽഘട്ടത്തിൽ അകപ്പെടുത്തി. ഞാൻ അതു സപ്നേപി ശങ്കിച്ചിരുന്നതല്ല. ആ ആപത്തിൽനിന്നു തല്ക്കാലം രക്ഷനേടാൻ എനിക്കൊരു വാക്കു പറയേണ്ടിവന്നു. കേശവപിള്ള ഒരു ചീത്ത

Digitized By Kerala Sahitya Akademi

മനുഷ്യനാണെന്നു് എനിക്കു തോന്നിയിരുന്നെങ്കിൽ ഞാൻ ഒരിക്കലും ആ വാക്കു പരിപാലിക്കുമായിരുന്നില്ല. രവിയെ വഞ്ചിച്ചു ഞാനെന്റെ വാക്കു പരിപാലിച്ചതിൽ എനിക്കിന്നു പശ്ചാത്താപമല്ല, സന്തോഷമാണുണ്ടാകുന്നതു്. കേശവപിള്ളയോടു് ഇന്നെനിക്കു് അത്രമാത്രം ബഹുമാനമുണ്ടു്. ആ മനുഷ്യന്റെ സ്ഥാനത്തു രവിയായിരുന്നെങ്കിൽ, എനിക്കുറപ്പുണ്ടു്, നേരേമറിച്ചായിരിക്കും കഥ..... എന്താ ഞാനിതൊക്കെത്തുറന്നു പറയുന്നതിൽ രവിക്കെന്നോടു വിരോധമുണ്ടോ?"

"ഛെയ്! അശേഷമില്ല." ശക്തിയായി മിടിക്കുന്ന ഒരു ഹൃദയത്തോടെ രവീന്ദ്രൻ പറഞ്ഞു. അയാൾക്കാകപ്പാടെ വല്ലാത്ത ഒരസുഖം തോന്നി. അമ്മിണിയുടെ സംഭാഷണം തുടർന്നുപോകാനിടയാക്കാതെ അയാൾ അവിടെനിന്നെഴുന്നേറ്റു.

"ഞാൻ പോകുന്നു.....എനിക്കു കുറച്ചു ജോലിയുണ്ടു്."

"എന്നോടു പിണങ്ങിപ്പോവുകയാണോ?" അവൾ ഉല്ക്കണ്ഠയോടെ ചോദിച്ചു.

"എന്തിനു പിണങ്ങുന്നു? അഥവാ ഞാൻ പിണങ്ങിയാൽത്തന്നെ അമ്മിണിക്കെന്തു്?"—രവിയുടെ സ്വരത്തിൽ ഉല്ക്കടമായ വിഷാദം ധ്വനിച്ചിരുന്നു. അതവളെ വ്യാകുലപ്പെടുത്തി.

രവി ദൃഷ്ടിയിൽനിന്നു മറയുന്നതുവരെ അവൾ നിശ്ചലയായി അയാളെത്തന്നെ നോക്കിക്കൊണ്ടു നിന്നു. പക്ഷേ, പതിവനുസരിച്ചു രവി തിരിഞ്ഞുനോക്കുകയുണ്ടായില്ല. അവൾ ഒരു നെടുവീർപ്പിട്ടു.....

Digitized By Kerala Sahitya Akademi

പതിനാറ്

ഏതാനും ദിവസത്തേയ്ക്കു രവി പിന്നെ അമ്മിണിയെ കാണുകയുണ്ടായില്ല. കഴിവുകാലമായിരുന്നതിനാൽ അയാൾ ഒരു യാത്രയ്ക്കൊരുമ്പെട്ടു. അമ്മിണിയെ അറിയിക്കാതെയാണു് അയാൾ പുറപ്പെട്ടതു്. അവൾക്കതിൽ കുണ്ഠിതം തോന്നി.

ബസ്സിലും ബോട്ടിലും തീവണ്ടിയിലുമായി യാത്ര ചെയ്യുമ്പോൾ രവിയുടെ ഏകചിന്ത അമ്മിണിയെക്കുറിച്ചായിരുന്നു. കാക്കുംതോറും അത്ഭുതകരവും അസഹ്യവുമായ അവളുടെ ആ സ്വഭാവം മേല്ക്കുമേൽ അയാളെ അമ്പരപ്പിക്കുന്നതേയുള്ളു. അവൾ അത്യന്തനികൃഷ്ടയായ ഒരു കുലടയാണെന്നും തന്നോടു കാണിക്കുന്ന സ്നേഹം കേവലം കപടനാട്യം മാത്രമാണെന്നും ചിലപ്പോൾ അയാൾക്കു തോന്നും. പക്ഷേ, ആ തോന്നൽ അസംബന്ധമാണെന്നു തെളിയിക്കുവാൻ തികച്ചും പര്യാപ്തങ്ങളായ ഭൂതകാലസംഭവങ്ങളുടെ സജീവസ്മൃതിചിത്രങ്ങൾ മനസ്സിനുമുമ്പിൽ തുടരെത്തുടരെ പ്രത്യക്ഷപ്പെടും.

അവൾക്കു തന്നോടു സ്നേഹമുണ്ടു്—അകൈതവമായ സ്നേഹം. അതിൽ സംശയിക്കേണ്ടതായിട്ടില്ല. അവൾ സാമാന്യം സുന്ദരിയായ ഒരു യുവതി. ആ നീലിച്ച കൺമുനകൾ ഒന്നു ചലിച്ചാൽ, ആ കരാംഗുലികൾ തെല്ലൊന്നിളകിയാൽ, മതി, അവളെ സമീപിക്കാൻ അനേകം പേരുണ്ടാകും. അവളെ ദൂഷിക്കുന്നവർപോലും സ്നേഹംനടിച്ചാരാധിക്കും. സ്ത്രീക്കു പ്രകൃതിദത്തമായിട്ടുള്ള ഒരു ശ

Digitized By Kerala Sahitya Akademi

കുതിയാണത്ര്. അവൾ സുന്ദരിക്കുടിയായാൽ പിന്നെ പ
റയേണ്ടതുണ്ടോ?.....

താൻ അവളുമായി അടുത്തു പെരുമാറിത്തുടങ്ങിയി
ട്ടു നാലു സംവത്സരങ്ങൾ കഴിഞ്ഞു. ഇതിനിടയിൽ ആ
ദ്യത്തെ കന്നൊന്നരമാസമൊഴികെ, ഇന്നുവരെ അവളോ
ടനുവർത്തിച്ചിട്ടുള്ള നയം എത്രയും വിദ്വേഷജനകമല്ലേ?
അവളുടെ സ്ഥാനത്തു മറെറാരു യുവതിയായിരുന്നെങ്കിൽ
ഇതിനുള്ളിൽ അവളുടെ സ്മൃതിമണ്ഡലത്തിൽനിന്നുപോ
ലും താൻ നിഷ്കാസിതനായേനേ—താനവളെ ഒത്രമാത്രം
അലട്ടിയിട്ടുണ്ട്. പക്ഷേ, അതിനതിനും അവൾ അധി
കമധികം തന്നോടടുത്തിട്ടേയുള്ളൂ.....

രവിയെ അത്യന്തം അത്ഭുതപ്പെടുത്തിയതായിരുന്നു
ഈ ചിന്ത.

—പക്ഷേ, മറുള്ളവരുമായി ഇടപെടുവാൻ അ
വൾക്കു യാതൊരു സങ്കോചവുമില്ലല്ലോ! അതു പോട്ടെ;
അതപ്പാടേ അങ്ങു തുറന്നുപറയുകയും ചെയ്തു! തനിക്കുവേ
ണ്ടി ജീവനൊപ്പോലും തൃണതുല്യം പരിത്യജിക്കാൻ അ
വൾ സന്നദ്ധയാണത്രേ.....അവളെ സംബന്ധിച്ചുള്ള
രഹസ്യങ്ങൾ അന്വേഷിക്കാൻ, അവയുടെ യാഥാർത്ഥ്യം
മനസ്സിലാക്കാൻ, താനെന്തിനു യത്നിച്ചു? കഷ്ടം, ഒന്നും
അറിയാതെ കഴിഞ്ഞിരുന്നെങ്കിൽ! പക്ഷേ, ഇനിയെന്തു
നിവൃത്തി? അവൾതന്നെ എന്തും തുറന്നു സമ്മതിക്കുന്നു.
അവൾ എല്ലാം ഹൃദയത്തിൽ മറച്ചുവെയ്ക്കുന്നതായിരുന്നു
ഭേദം. എങ്കിൽ, അവൾ പരിശുദ്ധയാണെന്ന സങ്കല്പ
ത്തിൽ, എല്ലാം മിഥ്യാപവാദങ്ങളാണെന്നു കരുതി, അ
വളെ ആത്മാർത്ഥമായി സ്നേഹിച്ചു, ആനന്ദാനുഭൂതിയിൽ

Digitized By Kerala Sahitya Akademi

മുഴകിക്കഴിയാമായിരുന്നു. ഇനിഃയെന്നാലതിനും നിവൃത്തിയില്ല.....

—ഭരങ്ങനെയാണെങ്കിൽ അവളെ അങ്ങുപേക്ഷിച്ചുകൂടേ? അവളെ പാടേയങ്ങു വെറുത്തുകൂടേ?—ഇല്ല, തനിക്കതും സാദ്ധ്യമല്ല. അതിനു താൻ മനഃപൂർവ്വം ശ്രമിച്ചിട്ടുണ്ടു് പലപ്പോഴും. കരുതിക്കൂട്ടി എന്തെങ്കിലും കാരണമുണ്ടാക്കി അവളുമായി കലഹിച്ചു് എത്ര പ്രാവശ്യം താൻ പിണങ്ങിപ്പിരിഞ്ഞിരിക്കുന്നു! അവളുടെ നേർക്കു തിരിഞ്ഞുനോക്കുകപോലും ചെയ്യാതെ അവളെ നിശ്ശേഷം പരിത്യജിച്ച ഭാവത്തിൽ എത്രയെത്ര ദിവസം താൻ കഴിച്ചുകൂട്ടിയിട്ടുണ്ടു്! പക്ഷേ, പിന്നെയും അവൾ തന്നെ മാടിമാടി വിളിക്കും. താനതു കണ്ടതായി നടിക്കാറില്ല. എന്നാൽ അങ്ങനെ അവളുമായി അകന്നുനില്ക്കുന്ന കാലങ്ങളിൽ തനിക്കു മനഃശ്സാന്തി ലഭിച്ചിട്ടുണ്ടോ? ആ അവസരങ്ങളെ അവളുടെ മറ്റു കാമുകന്മാർ സൈരമായി ഉപഃയോഗപ്പെടുത്തുകയാണെന്നുള്ള ചിന്ത കണക്കിലേറെ തന്നെ അലട്ടിയിട്ടില്ലേ? അതും പോകട്ടെ;—കുറച്ചുദിവസം അങ്ങനെ കഴിയുമ്പോൾ തന്റെ ജീവിതത്തിനു് ഒരു പശീമയില്ലായ്മ, ഒരു പരുപരുപ്പു്, കരസ്ഥതാ, തനിക്കുണ്ടാകാറില്ലേ? അതെന്തുകൊണ്ടു്? അനിയന്ത്രിതമായ രീതിയിൽ ഏതോ ശപ്തമായ ഒരു ശക്തിവിഃശേഷത്തിനു വിധേയനായി ആ വിഃയോഗഘട്ടത്തിൽ ഒരു രാത്രി പൊട്ടനെ അവളുടെ മുൻപിൽ താൻ ആവിർഭവിക്കാറില്ലേ? അതുവരെ അന്യോന്യമുള്ള പിണക്കമെല്ലാം അതോടെ അവസാനിച്ചു് അവാച്യമായ ആത്മാനുഭൂതി തന്നെ

Digitized By Kerala Sahitya Akademi

സ്വാഗതം ചെയ്യാറില്ലേ? എത്രയെത്ര പ്രാവശ്യം ഈ ചപലകേളി ആവർത്തിക്കപ്പെട്ടിരിക്കുന്നു!!.....

അവൾ തന്നെ സ്നേഹിക്കുന്നുവെന്നു പറയുന്നു. അതേസമയംതന്നെ അന്യരുമായി അടുക്കുന്നതിൽ അവൾക്കു് അശേഷം വൈമുഖ്യവുമില്ല. എന്തൊരു കെട്ടുപിണഞ്ഞ മാനസികപ്രശ്നം! തനിക്കൊരുവിധത്തിലും അതെന്നവഗ്രഥിക്കാൻ സാധിക്കുന്നില്ല. പുറമേ താൻ എത്ര സന്തോഷം പ്രദർശിപ്പിച്ചാലും ആന്തരമായി തീച്ചൂയായും ഇക്കായ്മത്തിൽ തനിക്കസുഖമുണ്ടു്. ആ അസുഖത്തെക്കുറിച്ചു് അമ്മിണിക്കറിഞ്ഞുകൂടേ? ആവോ! ഒരുപക്ഷേ, അവൾക്കറിഞ്ഞുകൂടായിരിക്കാം. അറിയാമായിരുന്നെങ്കിൽ അവളുടെ അനുവർത്തനം ഇത്രത്തോളം ഹീനമായ ഒന്നാകുമായിരുന്നില്ല. അവളിങ്ങനെ അപഥത്തിൽ സഞ്ചരിക്കുന്നതെന്തിനു്? അതിനെക്കുറിച്ചവൾ ചിന്തിച്ചിട്ടില്ലേ? ആ സ്നേഹം, സപരീക്ഷണത്തിൽ നേരിട്ടു തനിക്കനുഭവപ്പെട്ടിരുന്നെങ്കിൽ! പക്ഷേ, അതെങ്ങനെ സാധിക്കും? പറയുന്നതു വിശ്വസിക്കുകയല്ലാതെ ഹൃദയം പിളർന്നുനോക്കാൻ കഴിയുമോ?—

ഇങ്ങനെയുള്ള ചിന്തകൾ ഏതവസരത്തിലും തുടച്ചയായി രവിയെ അലട്ടിക്കൊണ്ടിരുന്നു. അയാൾ ഏതാണ്ടൊരു ഭ്രാന്തനെപ്പോലെയായി. ഒന്നിലും മനസ്സുറച്ചുനില്ക്കുന്നില്ല. തൻെറ പഠനം തുടരണമോ എന്നുപോലും അയാൾ ശങ്കിച്ചുതുടങ്ങി.....ഒരു യാത്ര പോയാൽ—കുറച്ചുദിവസം നാടുവിട്ടകന്നുനിന്നാൽ—അല്പം മനശ്ശാന്തി ലഭിച്ചേയ്ക്കുമെന്നാണു് അയാൾ കരുതിയതു്. പക്ഷേ,

Digitized By Kerala Sahitya Akademi

അതു പെരുമൊരു വ്യാമോഹമായിരുന്നു. ശാന്തി ലഭിച്ചില്ലെന്നുമാത്രുമല്ല അയാൾ കൂടുതൽ അസ്വസ്ഥനായിത്തീർന്നു.....കുറച്ചു ദിവസം കഴിഞ്ഞു രവി സ്വദേശത്തേയ്ക്കുതന്നെ മടങ്ങി.

പതിനേഴ്

"അമ്മിണീ, നീ എനിക്കുവേണ്ടി ഒരുപകാരം ചെയ്യുമോ?"—രവി അവളുടെ കൈ പിടിച്ചു അവളെ തന്റെ മടിയിൽ ചേർത്തിരുത്തിക്കൊണ്ടു ചോദിച്ചു.

"ചെയ്യാം, എന്തുവേണമെങ്കിലും ചെയ്യാം." അവൾ നിശ്ചിതസ്വരത്തിൽ മറുപടി പറഞ്ഞു.

രവിയുടെ മുഖം മങ്ങിയിരുന്നു. ആ കണ്ണുകളിൽ അശ്രുകണങ്ങൾ പൊടിഞ്ഞു. അമ്മിണി അതു കണ്ടു. അവൾ വല്ലാതമ്പരന്നു. അവളുടെ ഹൃദയത്തിൽ ഒരു നടുക്കമുണ്ടായി. ആ കണ്ണുനീർ! രവി ഇതുവരെ കരഞ്ഞിട്ടില്ല. അയാളുടെ കണ്ണിൽ അവൾ ആദ്യമായി പൊടിഞ്ഞുകാണുന്ന കണ്ണീരാണതു്. എന്തോ ഗുസ്സഹമായ മനഃക്ലേശം രവിയെ അലട്ടിക്കൊണ്ടിരിക്കുന്നുണ്ടു്; സംശയമില്ല!....എന്താണെങ്കിലും അതിൽനിന്നയാളെ മോചിപ്പിക്കേണ്ടതു തന്റെ കർത്തവ്യമാണെന്നവൾക്കു തോന്നി. വസ്ത്രാഞ്ചലംകൊണ്ടു് അവൾ ആ കണ്ണീർ ഒപ്പിക്കളഞ്ഞു.

"അയ്യോ, എന്റെ പൊന്നുരവീ, കരയാതിരിക്കൂ! കഷ്ടം, രവി ഒരു പുരുഷനല്ലേ? ആ കണ്ണീരിനു കാരണമെന്തു്? എന്റെ രവിയുടെ ഹൃദയം നീറുകയാണു്, എനി

Digitized By Kerala Sahitya Akademi

ക്കറിയാം. സംഗതിയെന്തെന്നു തുറന്നുപറയൂ. ഞാൻ വഴിയുണ്ടാക്കാം."

"നീ എനിക്കുവേണ്ടി എന്തു ത്യാഗവും ചെയ്യുമോ?"—വീണ്ടും രവി ഉന്നിച്ചോദിച്ചു.

"എന്തും ചെയ്യാം. എന്തും....രവി പറയുന്നതെന്തു ചെയ്യാനും ഞാനൊരുക്കമാണു്. പറഞ്ഞോളൂ!" അയാളുടെ ആ ബഷ്പാർദ്രമായ കണ്ണുകളിൽ തുരുതുരെ ചുംബിച്ചുകൊണ്ടു് അവൾ പറഞ്ഞു.

"നീ എനിക്കുവേണ്ടി.....മരിക്കണം."—രവിയൊന്നു നടുങ്ങി.

അമ്മിണിയുടെ മുഖത്തു് ഒരു ഭാവഭേദവും ഉണ്ടായില്ല.

അവൾ ദൃഢസ്വരത്തിൽ പറഞ്ഞു

"ഇത്രയേ ഉള്ളോ? ഇതു നിസ്സാരമല്ലേ? ഇതാ, എന്റെ ജീവൻ രവിക്കധീനമാണു്. രവിയുടെ ഇഷ്ടംപോലെ ആ ജീവൻകൊണ്ടു പെരുമാറാം....."

"അമ്മിണീ, നീ ജീവിച്ചിരിക്കുന്നിടത്തോളംകാലം എനിക്കു മനഃശ്സാന്തിയുണ്ടാവുകയില്ല. ഒന്നുകിൽ നീ, അല്ലെങ്കിൽ ഞാൻ—നമ്മിൽ ആരെങ്കിലും ഒരാൾ മരിച്ചേ കഴൂ. മരണത്തെ നിനക്കു ഭയമുണ്ടെങ്കിൽ, ഞാൻ മരിക്കാൻ സന്നദ്ധനാണു്.....ഞാൻ—"

"അയ്യോ, എന്റെ രവി മരിക്കുകയോ? ഒരിക്കലും പാടില്ല. രവി സന്തോഷത്തോടുകൂടി, സൗഭാഗ്യത്തോടുകൂടി, ദീർഘകാലം ജീവിച്ചിരിക്കണം. എന്റെ ജീവിതമാകട്ടെ, എനിക്കുതന്നെ ഒരു ഭാരമാണു്! അതെങ്ങനെയെ

Digitized By Kerala Sahitya Akademi

ങ്കിലും ഒന്നവസാനിപ്പിക്കണമെന്നു് ഏറെ നാളായി ഞാ നാശിക്കുന്നു. ഒന്നരണ്ടുപ്രാവശ്യം ഞാനതിനൊരുങ്ങിയി ട്ടുമുണ്ടു്. അപ്പോഴെല്ലാം രവിയുടെ രൂപം എന്റെ മുൻ പിൽ പ്രത്യക്ഷപ്പെട്ടും. അപ്പോൾ ഹൃദയവേദനയോടെ ആ ഉദ്യമത്തിൽനിന്നു താനേ ഞാനൊഴിഞ്ഞുമാറും—അ ങ്ങനെയായിരുന്നു. ഇന്നെനിക്കെന്തോ ഒരു വലിയ ആ ശ്വാസം തോന്നുന്നു. എനിക്കുണ്ടാകാവുന്ന ഏറ്റവും വ ലിയ ഭാഗ്യം ഇതാണു്. ഛാ, എന്റെ രവിയുടെ മടി യിൽ ഇങ്ങനെ തലയും വെച്ചു് ആ മുഖത്തു നോക്കി മന്ദ ഹസിച്ചുകൊണ്ടു കിടന്നു മരിക്കുവാൻ സാധിക്കുക! അതി നേക്കാൾ വലിയ ഒരു ഭാഗ്യം എനിക്കുണ്ടാകാനില്ല.”

“എന്നാൽ നാളെ രാത്രി അമ്മിണി അതു ചെയ്യ ണം. അതിനു നീ കഷ്ടം ക്ലേശിക്കേണ്ടതില്ല. ഏറ്റവും സു ഖപ്രദമായ ഒരു മരണം ഞാൻ നിനക്കുണ്ടാക്കിത്തരാം.... ....യാതൊരു വേദനയുമില്ലാത്ത, നിമിഷത്തിനുള്ളിൽ നി വ്വഹിക്കപ്പെടുന്ന, മധുരമായ ഒരാത്മഹത്യ!”

“വേദനിച്ചാലും തരക്കേടില്ല.” അമ്മിണി തടഞ്ഞു പറഞ്ഞു. “ഞാൻ ഇതുവരെ അനുഭവിച്ചിട്ടുള്ള വേദന യോളം ശക്തി മറ്റൊരു വേദനയ്ക്കും കാണുകയില്ല.”

“അതു വേണ്ട. നീ എന്റെ മുൻപിൽ പ്രാണവേ ദന അനുഭവിച്ചുകൊണ്ടു കിടന്നു പിടയുന്നതു കണ്ടുനി ല്ക്കാൻ എനിക്കു സാദ്ധ്യമല്ല. നീ സുഖമായി മരിക്ക ണം.”

“എന്നാലങ്ങനെ. പക്ഷേ, അതെങ്ങനെ സാധി ക്കും?”—അവൾ ഉല്ക്കണ്ഠയോടെ ചോദിച്ചു.

Digitized By Kerala Sahitya Akademi

"അതിനു വിഷമമില്ല." ഒരു നെടുവീർപ്പിട്ടുകൊണ്ടു രവി സമാധാനിപ്പിച്ചു. "ഒരൊറ മിനിട്ടുകൊണ്ടു മരിക്കാം. ലോകത്തിൽ ഉള്ളതിൽ ഏറ്റവും ശക്തികൂടിയ ഒരു വിഷദ്രാവകം, ഞാൻ കരുതിവെച്ചിട്ടുണ്ടു്.....പൊട്ടാസിയം സൈനഡു്. നീ സമ്മതിക്കാത്തപക്ഷം അതുപയോഗിച്ചു് എനിക്കു് ആത്മഹത്യ ചെയ്യണമെന്നായിരുന്നു എന്റെ ഉദ്ദേശം. ആ വിഷദ്രാവകം ഒരു തുള്ളി നാവിലൊഴിച്ചാൽ മതി.....പിന്നത്തെ മാത്രയിൽ നീ മരവിച്ചുകഴിഞ്ഞു!"

"അതേ, ആ വിഷത്തെക്കുറിച്ചു ഞാൻ കേട്ടിട്ടുണ്ടു്. ഹാ, എന്തു സുഖമായ, എളുപ്പമായ മരണം!.....എന്നാലങ്ങനെതന്നെ. നാളെ രാത്രി!"

"നീ ഒന്നുകൂടി ചെയ്യേണ്ടതായിട്ടുണ്ടു്.....ഒരു കത്തെഴുതിവെയ്ക്കണം.....അല്ലെങ്കിൽ പല വിഷമങ്ങളുമുണ്ടാകും."

"അതു ഞാൻ ഉദ്ദേശിച്ചുകഴിഞ്ഞു: കാര്യം എനിക്കു മനസ്സിലായി. രവി പറഞ്ഞേച്ചാൽമതി. അതേ വാചകങ്ങൾ എന്റെ സ്വന്തം കൈപ്പടയിൽ ഞാൻ എഴുതിവെച്ചുകൊള്ളാം. ഞാൻ പേനയും കടലാസും എടുത്തുകൊണ്ടുവരാം....ഇതാ, ഞാൻ വന്നുകഴിഞ്ഞു."

അവൾ എഴുന്നേറ്റു് അടുത്ത മുറിയിലേയ്ക്കോടിപ്പോയി. അല്പനേരത്തിനുള്ളിൽ അവൾ മഷിയും പേനയും ഒരു നോട്ടുപുസ്തകവുമായി മടങ്ങിയെത്തി. പുസ്തകത്തിൽനിന്നു് ഒരു കടലാസു വലിച്ചുചീന്തി അവൾ രവിക്കഭിമുഖമായി ഇരിപ്പുറപ്പിച്ചു. രവി പറഞ്ഞുകൊടുത്ത വാചകങ്ങൾ ഇങ്ങനെ എഴുതി:

Digitized By Kerala Sahitya Akademi

ലോകം അറിയുവാൻ

ജീവിതം എനിക്കു മടുത്തു. ഇങ്ങനെ നരകിക്കാൻ എനിക്കു സാദ്ധ്യമല്ല. മരണം എന്നെ ആശ്വസിപ്പിക്കുമെന്നു് എനിക്കുറച്ചു വിശ്വാസമുണ്ടു്. പക്ഷേ, അതെന്നെ സമീപിക്കുന്നില്ല. അതിനാൽ ഞാൻ സ്വയം മരണത്തെ വരിക്കുന്നു. പരിപൂർണ്ണസംതൃപ്തിയോടുകൂടിയാണു് ഞാൻ മരിക്കുന്നതു്. ആരും എന്നോടൊരു തെറ്റും ചെയ്തിട്ടില്ല. എന്റെ മരണത്തിൽ ആരും ദുഃഖിക്കരുതെന്നപേക്ഷ.

എന്റെ ആത്മഹത്യയിൽ ഞാൻ മാത്രമാണു് ഉത്തരവാദി. മറ്റൊരു ജീവിക്കും ഇതിൽ യാതൊരു പങ്കുമില്ല. നിയമത്തിന്റെ സംശയദൃഷ്ടി ഇക്കാര്യത്തിൽ ആരുടെമേലും പതിയേണ്ട ആവശ്യമില്ലെന്നു് കരിക്കൽക്കുടി ഞാൻ ദൃഢപ്പെടുത്തിക്കൊള്ളുന്നു. ഞാൻ പോകട്ടെ!

എന്നു്,
അമ്മിണി (ഒപ്പു്)

അവൾ ആ കത്തു മടക്കി പുസ്തകത്തിനുള്ളിൽ ഭദ്രമായി സൂക്ഷിച്ചിട്ടു്, വീണ്ടും രവിയുടെ സമീപം ചെന്നിരുന്നു. അയാളുടെ വിവർണ്ണമായ മുഖം പിടിച്ചുയർത്തി അതിൽ അളവറ്റ ചാരിതാർത്ഥ്യത്തോടെ പലവുരു ചുംബിച്ചു.

പതിനെട്ടു്

അമ്മിണിയുടെ മരണദിവസം അതിരാവിലെ എഴുന്നേറ്റു കുളികഴിച്ചു് അവൾ അമ്പലത്തിലേയ്ക്കു പോയി.

Digitized By Kerala Sahitya Akademi

അവൾ ക്ഷേത്രത്തിൽനിന്നു മടങ്ങുന്നതു രവിയുടെ കണ്ണിൽ പെട്ടു. ആ കാഴ്ച അയാളെ ദഹിപ്പിച്ചു.

അവൾ അന്നു സഹോദരിയെ കാണ്മാൻ പോയി. അവളുടെ ഇളയ സഹോദരന്മാരും അവിടെ താമസമുണ്ടായിരുന്നു. അവൾക്കു കൊടുക്കുവാനായി കുറെ മിഠായി അവൾ വാങ്ങിച്ചുകൊണ്ടുപോയി. ആ കാമനക്കുഞ്ഞുങ്ങളെ അവൾ വാരിയെടുത്തു മാറോടണച്ചു് അവരുടെ ശിരസ്സിൽ തുരുതുരെ ചുംബിച്ചു. അവളുടെ കണ്ണിൽനിന്നും ഒരു തുള്ളി കണ്ണുനീർ നിലത്തടർന്നുവീണു.

ആ കുഞ്ഞുങ്ങൾ!—കഷ്ടം, അവർ ഒരിക്കലും ശങ്കിച്ചിരിക്കുകയില്ല, ആ സമ്മാനം അവരുടെ ചേച്ചിയുടെ അവസാനത്തേതാണെന്നു്.

കുറെക്കാലമായി അമ്മിണി അവളുടെ സഹോദരിയുമായി അത്ര രസമില്ലാതിരിക്കുകയായിരുന്നു. പെട്ടെന്നുള്ള അവളുടെ ആവിർഭാവം സഹോദരിയെ അത്ഭുതപ്പെടുത്തി. അവർ അകമഴിഞ്ഞു് ഏറെ നേരം സംസാരിച്ചുകൊണ്ടിരുന്നു. ഉച്ചതിരിഞ്ഞു് അവരോടെല്ലാം ഒരുവിധം യാത്ര പറഞ്ഞിട്ടു് അവൾ സ്വഗൃഹത്തിലേയ്ക്കു മടങ്ങിപ്പോന്നു. അന്നു വൈകുന്നേരം അവൾ രവിയെ കാപ്പി കുടിക്കാൻ ക്ഷണിച്ചു.....അവർ ഒന്നിച്ചിരുന്നു കാപ്പി കുടിച്ചു.

അർദ്ധരാത്രി. പൂനിലാവു്. അമ്മിണിയുടെ മുറിയിലെ കിളിവാതിൽ മലക്കെത്തുറന്നുകിടക്കുകയാണു്..... രവി അവിടെ നില്ക്കുന്നുണ്ടു്. അവൾ ആ എഴുത്തെടുത്തു പെട്ടെന്നു കാണത്തക്കവിധം മേശപ്പുറത്തു വെച്ചു. പിന്നീടു ജനൽവാതിൽക്കൽ വന്നു് അവൾ രവിയോടു മൃദുസ്വരത്തിൽ പറഞ്ഞു:

Digitized By Kerala Sahitya Akademi

"ഞാൻ പുറത്തിറങ്ങിവരാം."

രവിയുടെ ഹൃദയം ശക്തിയായി മിടിക്കാൻ തുടങ്ങി. അമ്മിണി പുറത്തിറങ്ങിവന്നു. വിലപിടിച്ച ഒരു സാരി അവൾ ധരിച്ചിട്ടുണ്ട്. അവളുടെ ആഭരണങ്ങളെല്ലാം മെടുത്തണിഞ്ഞിട്ടുണ്ട്. ഒരു മുല്ലമാല കാർകൂന്തലിൽ ചൂടിയിട്ടുണ്ട്. നെറ്റിയിൽ ഒരു കുങ്കുമപ്പൊട്ടു തൊട്ടിട്ടുണ്ട്.

അവളുടെ മുഖം മുൻപൊരിക്കലും കണ്ടിട്ടില്ലാത്തവിധം പ്രസന്നമായിരിക്കുന്നു. ആ അധരപുടങ്ങൾ മന്ദസ്മിതാർദ്രങ്ങളാണു്. വിവാഹമണ്ഡപത്തിൽ ഒരു വധു എന്നപോലെയാണു് അമ്മിണി രവിയുടെ മുൻപിൽ വന്നുനില്ക്കുന്നതു്! അയാളുടെ ഹൃദയം ഒരു തീച്ചൂളപോലെ നീറിക്കൊണ്ടിരുന്നു. അയാളുടെ മുഖം രക്തശൂന്യവും വിഷാദഭരിതവുമായിരുന്നു. അയാളുടെ സിരകളെല്ലാം തളർന്നുപോയിരുന്നു.

ആ മാവിൻചുവട്ടിൽ—അനേകമനേകം ആനന്ദരംഗങ്ങൾക്കു് അങ്കമൊരുക്കിയിട്ടുള്ള ആ മാവിൻചുവട്ടിൽ—അയാൾ ഏറെനേരം ഒരു ജീവച്ഛവമായി നിലകൊണ്ടു. അനന്തരം ഷാൾ വിരിച്ചു് അതിൽ ഇരുന്നു. അമ്മിണിയും അയാളുടെ വാമഭാഗത്തിൽ ഇരിപ്പുറപ്പിച്ചു.

"എന്നാലാകട്ടെ....നേരം വൈകുന്നു."—രവിയുടെ കൂഴത്തിൽ കൈ കോർത്തു സ്നേഹപൂർവ്വം ചുംബിച്ചുകൊണ്ടവൾ പറഞ്ഞു.

"അമ്മിണി, വേണ്ട; അമ്മിണി മരിക്കണ്ട. ഞാൻ മരിക്കാം." രവി ഗദ്ഗദസ്വരത്തിൽ പണിപ്പെട്ടു പറഞ്ഞു.

Digitized By Kerala Sahitya Akademi

"ഛായ്. എന്റെ രവി അങ്ങനെയൊന്നും പറയാതിരിക്കൂ. ഞാൻ മരിക്കാം. അതെവിടെ? അതെവിടെ?"

"എന്റെ കൈയിലുണ്ട്". ഇതാ," എന്നു പറഞ്ഞുകൊണ്ടു രവി കുപ്പായക്കീശയിൽനിന്നും ഒരു ചെറിയ കുപ്പി പുറത്തെടുത്തു.

അതിനുള്ളിൽ ആ ഭയങ്കരവിഷദ്രാവകം തുളുമ്പിനില്ക്കുന്നു.

അമ്മിണി രവിയുടെ മടിയിൽ തലവെച്ചു മലന്നുകിടന്നു. അനന്തരം അയാളുടെ മുഖം പിടിച്ചു താഴ്ത്തി അവസാനമായി ഒരു ചുംബനമർപ്പിച്ചു. ഒരു നിമിഷനേരം അദ്ധോന്മീലിതനേത്രങ്ങളോടെ അവൾ ഒരനുഭൂതിയിൽ ലയിച്ചിട്ട്, പിന്നത്തെ മാത്രയിൽ കണ്ണുതുറന്നു് ഇങ്ങനെ പറഞ്ഞു:

"നല്ല മധുരം—ഒരു പുളിപ്പുമുണ്ടു്." അവൾ മന്ത്രിച്ചു—ഒരു മിനിട്ടു കഴിഞ്ഞു. രണ്ടു്, മൂന്നു്, നാലു്.....പത്തുമിനിട്ടിലധികം അങ്ങനെ ഒരു മൗനത്തിൽ കഴിഞ്ഞുകൂടി. ഒരു വേദനയും അമ്മിണിക്കു തോന്നുന്നില്ല. ഒരു ഭാവവ്യത്യാസവും ഉണ്ടാകുന്നില്ല.....അവൾ മരണത്തെ പ്രതീക്ഷിച്ചു് അങ്ങനെ മലന്നുകിടക്കുകയാണു്....

"അമ്മിണീ!.....ഞാനൊരു രാക്ഷസനാണു്.....വെറും പിശാചു്.....ഞാൻ സംശയിച്ചു.....നിന്നെ സ്നേഹത്തിൽ....." ഭയപരവശനായി രവി ജല്പിച്ചു. "ഇതൊരു പരീക്ഷ മാത്രമായിരുന്നു.....അതു വിഷമായിരുന്നില്ല.....വെറും പച്ചവെള്ളം.....പഞ്ചസാരചേർത്ത നാരങ്ങാവെള്ളം!....."

"ഹെന്തു്?"—ഒരു സിംഹിയെപ്പോലെ അവൾ ചാ

Digitized By Kerala Sahitya Akademi

ടിയെഴുന്നേറു. "ദ്രോഹി!"—അവൾ പുലമ്പി. "എന്നെ കൊല്ലാതെ കൊല്ലുന്നു! എന്തു്? ഞാൻ മരിച്ചില്ല? പരീക്ഷ! പരീക്ഷ!! പരീക്ഷ!!! വജ്രഹൃദയൻ! പരീക്ഷപോലും!—ഹായ്, അതു വിഷമല്ലെന്നോ? പരീക്ഷ! ആ മുഖം എനിക്കിനി കാണരുതു്!"—അവൾ എഴുന്നേറുനിന്നു.

"അമ്മിണീ, എന്റെ പ്രിയപ്പെട്ട അമ്മിണീ, എനിക്കു മാപ്പു തരൂ! ഇനി ഈ ജീവിതത്തിൽ നിന്നെ ഞാൻ—"

"വേണ്ട; ഇനിയൊന്നും വേണ്ട. പൊയ്ക്കോളൂ. ഇനി ഇവിടെ കാൽ കുത്താൻ പാടില്ല. ആ മുഖത്തിനി ഞാൻ നോക്കുകയില്ല. ദ്രോഹി"—മിന്നൽക്കൊടിപോലെ അവൾ അകത്തേയ്ക്കു പാഞ്ഞുപോയി.

രവി ശൂന്യഹൃദയനായി അവിടെനിന്നു മടങ്ങി.

ആ കിളിവാതിൽ പിന്നീടൊരിക്കലും തുറക്കപ്പെട്ടിട്ടില്ല. അമ്മിണിയുടെ നിഴൽപോലും ഒരു നോക്കൊന്നു കാണ്മാൻ, എത്ര പരിശ്രമിച്ചിട്ടും, രവിക്കു സാധിച്ചിട്ടില്ല. അവൾ ജീവിച്ചിരിപ്പുണ്ടെന്നുമാത്രം അറിയാം. അത്രതന്നെ!

പശ്ചാത്താപം രവിയുടെ ഹൃദയത്തെ കരണ്ടുതിന്നുകൊണ്ടിരുന്നു. ആ സംശയം! ആ നശിച്ച സംശയം!—

അതു കാട്ടിക്കൂട്ടിയ അസഹ്യമായ വ്യതിയാനം!

അമ്മിണിയെക്കുറിച്ചു് ആരും ഒന്നും പറയാറില്ല. അവൾ പുറത്തിറങ്ങാറില്ല. ആരും അവളെ കാണാറില്ല. അങ്ങനെ കാലക്രമത്തിൽ അവൾ നാട്ടുകാരുടെ മനോമണ്ഡലത്തിൽനിന്നും നിശ്ശേഷം അപ്രത്യക്ഷയായി. പാവം!.....

Digitized By Kerala Sahitya Akademi

രണ്ടാം ഭാഗം

Digitized By Kerala Sahitya Akademi

Life, magic life, never stands still, though its pace may slow down for a while. And when FATE seems hardly to lift a finger for five or ten years, she seldom allows us this respite out of kindness of heart, but is moved, as a rule, by sheer wantonness. All of a sudden, frequently without warning, she flings us back into the vortex, and a moment's notice life surges wild and turbulent once more.

—**ALFRED NEUMAN.**

Digitized By Kerala Sahitya Akademi

കൊല്ലം ആറു കഴിഞ്ഞു. 'മല്ലികാമന്ദിര'ത്തിൽ ഒന്നും ആകപ്പാടെ ഒരു വലിയ ബഹളമായിരുന്നു. തീവണ്ടി പോകുന്ന ശബ്ദം കേൾക്കുന്നുണ്ടോ എന്നു ചെവി പട്ടംപിടിച്ചുകൊണ്ടു മാധവിയമ്മ ആ വാതിലിങ്കൽ കാത്തു നിന്നിട്ടേറെ നേരമായി.....മൂന്നുകൊല്ലമായി പിരിഞ്ഞിരിക്കുന്ന തന്റെ ഏകപുത്രനെ ഒന്നു കാണുവാൻ അവരുടെ ഹൃദയം ഉല്ക്കണ്ഠാകുലമായിച്ചമഞ്ഞതിൽ അത്ഭുതമില്ല. ഉച്ചതിരിഞ്ഞു 2—30-നാണു് മെയിൽവണ്ടി വരുന്നതു്. ഇനി അരമണിക്കൂർ മതി.....സമയം നീങ്ങുന്നില്ല. ചുമരിൽ സ്ഥാപിച്ചുകൊണ്ടിരുന്ന ഘടികാരത്തിൽത്തന്നെയാണു് മാധവിയമ്മയുടെ ദൃഷ്ടി.

സ്റ്റേഷനിലേയ്ക്കു രണ്ടു മൈൽ ദൂരമുണ്ടു്. മാധവക്കുറുപ്പും ചില ഭൃത്യന്മാരും സ്റ്റേഷനിലേയ്ക്കു പോയിരിക്കുന്നു. മാധവിയമ്മയുടെ അനുജത്തി ജാനകിയമ്മ അടുക്കളയിൽ വലിയ ജോലിത്തിരക്കിലാണു്.....

അതാ, മെയിലിന്റെ ചൂളംവിളി. മാധവിയ്മ്മയുടെ ഹൃദയം ആഹ്ലാദംകൊണ്ടു് കാളംവെട്ടി.....

പടിക്കൽ ഒരു കാർ വന്നുനിന്നു. മാധവിയമ്മ പടിക്കലേയ്ക്കോടി.....അതാ, സൂട്ടും ഹാറും ധരിച്ചു ധടയുടെ മട്ടിൽ ഒരു യുവകോമളൻ കാറിൽനിന്നിറങ്ങുന്നു—രവീന്ദ്രൻ, തന്റെ കാമനപുത്രൻ. മാധവിയമ്മയുടെ കണ്ണുകളിൽ ഹർഷാശ്രുക്കൾ പൊടിഞ്ഞു. അദ്ദേഹത്തിന്റെ പുറകെ മൂന്നുവയസ്സു പ്രായമുള്ള ഒരോമനക്കുട്ടൻ കാറിൽനിന്നു ചാടിയിറങ്ങുന്നു. മാധവിയമ്മ അവനെ വാരിയെ

Digitized By Kerala Sahitya Akademi

ടുത്തു് അവന്റെ തക്കാളിപോലെ തുടുത്ത കവിൾത്തടങ്ങളിൽ മാറിമാറിച്ചുംബിച്ചു. അതിസുന്ദരിയായ ഒരു യുവതി രവീന്ദ്രനെ അനുഗമിച്ചു മാധവിയമ്മയുടെ മുൻപിൽ വന്നു് ആ വന്ദ്യമാതാവിനെ കാൽതൊട്ടു ശിരസ്സിൽ വെച്ചു പ്രണമിക്കുന്നു. ഭൃത്യന്മാർ പെട്ടികളും സാമാനങ്ങളുമെല്ലാം ചുമന്നുകൊണ്ടു പോകുന്നു.....

എല്ലാവരും വീട്ടിലെത്തി. അവിടെയുണ്ടായ ആഹ്ലാദപ്രകടനങ്ങൾ ചെറുതൊന്നുമല്ല. ജാനകിയമ്മയുടെ കുട്ടികൾ—ബാലനും ലീലയും—'ചേട്ടൻ, ചേട്ടൻ' എന്നു ചുറ്റിൽ ആർത്തുവിളിച്ചു തുള്ളിച്ചാടിവന്ന രവീന്ദ്രന്റെ കൈയിൽത്തൂങ്ങി.

"മല്ലികേ, ആ താക്കോലിങ്ങു തന്നു; ഞാനിവരെയൊന്നു സമാധാനപ്പെടുത്തട്ടെ."

അയാൾ പെട്ടി തുറന്നു് കാരോ കളിപ്പാട്ടങ്ങൾ എടുത്തു കുട്ടികൾക്കു കൊടുത്തു. മാധവിയമ്മ കുഞ്ഞിനേയും കൊണ്ടകത്തേയ്ക്കു പോയി. ജാനകിയമ്മയും മല്ലികയും അവരെ അനുഗമിച്ചു.

"ഛായ്, എനിക്കൊരു കുപ്പിപ്പാവ! ബാലേട്ടനോ?"

"എനിക്കൊരു തോക്കു്! ഛായ്, ഛായ്!"

"എനിക്കൊരു മോട്ടോർവണ്ടി. ഞാനിതു ബാലേട്ടനു തരുല്ല."

"എനിക്കു ചേട്ടനൊരു ചിത്രപുസ്തകോംകൂടിത്തന്നില്ലോ. ഞാനതു നിന്നെക്കാണിച്ചുതരില്ല."

.....അങ്ങനെ കുഞ്ഞുങ്ങളുടെ കോലാഹലങ്ങൾ!

"ആട്ടെ, എല്ലാവരും അകത്തുപോയിക്കളിച്ചോളിൻ. ലഹളകൂട്ടരുതു്!"—രവീന്ദ്രൻ പറഞ്ഞു.

Digitized By Kerala Sahitya Akademi

കുഞ്ഞുങ്ങളെല്ലാം കളിപ്പാട്ടങ്ങളും താങ്ങി അകത്തേക്കു പോയി.

"കല്ക്കൂട്ടയിൽ ചൂട കുറെ ശക്തിയാണല്ലേ, രവീ? രവി ഇവിടന്നു പോയതിലും കുറുത്തു." മാധവക്കുറുപ്പു പ്രായപ്പെട്ടു.

"അതെ, വേനലായാൽ വെയിൽ സഹിക്കില്ല— അതുപോലെ മഴയാണെങ്കിൽ പിന്നെ മഴതന്നെ."

"ആങ്ങ്ഹാ!"

രവീന്ദ്രൻ കോട്ടും ട്രൗസറുമെല്ലാം അഴിച്ചു സ്റ്റാൻഡിൽ തൂക്കി, മുണ്ടും ബനിയനും ധരിച്ചു് ഒരു ചാരുകസേരയിൽ വന്നു കിടന്നു. അടുത്തൊരു കസേരയിൽ മാധവക്കുറുപ്പും സ്ഥലംപിടിച്ചു.

"പിന്നെ, എന്തെല്ലാമാണു് കുപ്പേട്ടാ, വിശേഷങ്ങൾ? നമ്മുടെ കേശവൻകുട്ടിയുണ്ടോ ഇവിടെ?"—രവി തിരക്കി.

"ഉണ്ടായിരുന്നു. കന്നൊന്നര ആഴ്ചയായിട്ടെങ്ങോ പോയിരിക്കയാണു്. വരും, ഇന്നോ നാളയോ വരും."

"ഞാൻ കേശവൻകുട്ടിക്കെഴുതിയിട്ടുണ്ടായിരുന്നു, നാട്ടിലേയ്ക്കു വരുന്നെന്നു്."

"ഉവ്വു്, എന്നോടു പറഞ്ഞു. ഇവിടെത്തന്നെ വന്നിട്ടു നാലഞ്ചു ദിവസമേ താമസിച്ചുള്ളു. ഇപ്പോൾ കോളേജടച്ചിരിക്കയല്ലേ? അങ്ങു ഭായ്മവീട്ടിലായിരുന്നു."

"കേശവൻകുട്ടിയുടെ വിവാഹത്തിനു വന്നാൽക്കൊള്ളാമെന്നു് എനിക്കു വലിയ ആശയുണ്ടായിരുന്നു.....പക്ഷേ തരപ്പെട്ടില്ല."

Digitized By Kerala Sahitya Akademi

"രവി വരുമെന്നുതന്നെയായിരുന്നു ഞങ്ങളുടേയും വിശ്വാസം."

"എന്തു ചെയ്യും, കുറുപ്പേട്ടാ? അലക്കൊഴിഞ്ഞിട്ടു കാശിക്കു പോവാൻ നേരമില്ലെന്നു വെളുത്തേടൻ പറഞ്ഞതുപോലെയാണു് നമ്മുടേയും കഥ"—

"ബാങ്കിൽ രവി ഒരാളേ മാനേജരായിട്ടുള്ളോ?"

"അതേ."

"അവധി കിട്ടാൻ വിഷമമാണല്ലു്?"

"കൊല്ലത്തിൽ പതിനാലുദിവസം കിട്ടും; അത്രതന്നെ."

"ഇപ്പോൾ എത്രനാളേയ്ക്കു കിട്ടിയിട്ടുണ്ടു്?"

"ഒരു മാസത്തേയ്ക്കു്!"

"അല്ല, അത്രയേ ഉള്ളോ? അപ്പോൾ പെട്ടെന്നങ്ങു പോകണമല്ലോ!"

"വേണ്ടം.....," ഒരു മിനിട്ടുനേരം മൗനമായിരുന്നിട്ടു് ഒരു ചെറിയ പുഞ്ചിരിയോടുകൂടി അല്പം താണസ്വരത്തിൽ രവീന്ദ്രൻ ചോദിച്ചു: "പിന്നെ, നമ്മുടെ അവിടത്തെ വിശേഷങ്ങൾ എന്തെല്ലാമാണു് കുറുപ്പേട്ടാ?"

"കഷ്ടം!" വിഷാദസ്വരത്തിൽ കുറുപ്പു പറഞ്ഞു: "അപ്പോൾ രവി അക്കഥയൊന്നുമറിഞ്ഞില്ലേ?"

"ഇല്ല. ഞാനെങ്ങനെ അറിയും? എന്താണു് വിശേഷം?" ഉല്ക്കണ്ഠയോടെ രവീന്ദ്രൻ ചോദിച്ചു.

"അമ്മിണി തീരെ കിടപ്പാണു്. ഇവിടില്ല. ആസ്പത്രിയിലാ!"

രവീന്ദ്രൻ കണ്ണു നട്ടങ്ങി. അയാളുടെ മുഖത്തു് ഒരു നിഴൽ വ്യാപിച്ചു.

Digitized By Kerala Sahitya Akademi

"എന്താണ് സുഖക്കേട്?"

"പനി—ജ്വരം."

"എത്ര നാളായി തുടങ്ങീട്ട്?"

"കണ്ണൊന്നര മാസത്തിനു മേലായി."

"എന്നിട്ടൊരാശുപാസവുമില്ലേ?"

"ഇല്ല: ഇപ്പോൾ കലശലാണ്. കടുങ്കകിട്ടാൻ കുറച്ചു വിഷമാന്നാ കേക്കണെ."

"ആസ്പത്രിയിലയ്ക്കു കൊണ്ടുപോയിട്ട് എത്ര നാളായി?"

"ഒരു മാസായിക്കാണും."

"കൂടെ ആരുണ്ട് ശുശ്രൂഷയ്ക്ക്? പപ്പുണ്ണിപ്പിള്ള കാണമായിരിക്കും, ഇല്ലേ?"

"കൊള്ളാം. അയാൾ മരിച്ചിട്ട് ഒരു കൊല്ലം കഴിഞ്ഞു."

"എന്തു്? പപ്പുണ്ണിപ്പിള്ള മരിച്ചുവോ?"

"ഉവ്വ്. അപ്പോൾ രവി ഇതൊന്നും അറിഞ്ഞിട്ടില്ലേ?"

"ഞാനെങ്ങനെയറിയാനാ കുറുപ്പേട്ടാ? ഇവിടെനിന്നു വരുന്ന കത്തുകളിൽ ഇക്കാര്യങ്ങളൊന്നും ഇതുവരെ എഴുതിക്കണ്ടിട്ടില്ല.....കേശവൻകുട്ടിയുടെ കത്തുകളിലും അങ്ങനെതന്നെ. പിന്നെ, ആയിരം നാഴികയ്ക്കപ്പുറത്തിരിക്കുന്ന ഞാൻ ഇതൊക്കെ എങ്ങനെയറിയും?—എന്തായിരുന്നു പപ്പുണ്ണിപ്പിള്ളയ്ക്ക് സുഖക്കേട്?"

"കാ, വിശേഷിച്ചൊന്നുമുണ്ടായിരുന്നില്ല. കുറെ നീർവീഴ്ചയും പനിയുമായിത്തുടങ്ങി.....അധികം കിടന്നരിഷ്ടിക്കണ്ടിവന്നില്ല.....രണ്ടാഴ്ചയ്ക്കുള്ളിൽ കഴിഞ്ഞു. അ

Digitized By Kerala Sahitya Akademi

ത്രയും പറഞ്ഞാൽ മതിയല്ലോ. ഏതായാലും അമ്മിണിയുടെ കാര്യം വലിയ കഷ്ടമായി!"

"അവൾ ഇവിടെത്തന്നെയായിരുന്നോ താമസം?"

"അതേ, അവളുടെ അമ്മയും സഹോദരങ്ങളും മൂത്ത സഹോദരിയൊന്നിച്ചാണു് താമസം."

"അവൾ തനിച്ചാണോ ഇവിടെത്താമസിച്ചിരുന്നതു്?"

"അതേ, അവളെ സഹായിക്കാനാരുമുണ്ടായിരുന്നില്ല. വളരെ കഷ്ടപ്പെട്ടു, പാവം. ഒടുവിൽ സുഖക്കേടു കലശലായപ്പോൾ അമ്മയും സഹോദരിയും വന്നു് ആശുപത്രിയിൽ കൊണ്ടുപോയാക്കി."

ഈ വാർത്ത രവീന്ദ്രനു് അസഹ്യമായിത്തോന്നി. രണ്ടുമൂന്നു കൊല്ലംകൂടി സ്വദേശത്തെയ്ക്കു് ആനന്ദഭരിതനായിത്തിരിച്ചെത്തിയപ്പോൾ അയാൾക്കാദ്യമായി ചെവിക്കൊള്ളേണ്ടിവന്ന വൃത്താന്തം അത്യന്തം ഹൃദയഭേദകമായ ഒന്നാണു്. കഴിഞ്ഞുപോയ കാലങ്ങൾ അവയുടെ സ്വപ്നസമാനങ്ങളായ സംഭവചിത്രങ്ങൾ ഓരോന്നോരോന്നായി അയാളുടെ അന്തർനേത്രങ്ങളുടെ മുൻപിൽ അനുക്രമമായി പിടിത്തിപിരിക്കാൻ തുടങ്ങി.

ഹാ, എത്ര നിർവ്വാണപ്രദങ്ങളായ രംഗങ്ങൾ. അമ്മിണി—അയാളുടെ കളിത്തോഴി! അവളുമൊന്നിച്ചു് എത്രയെത്ര ദിവസങ്ങളിൽ മറാരാലും ആസ്വദിക്കപ്പെടുവാൻ സാദ്ധ്യമല്ലാത്ത ആനന്ദാനുഭൂതികളിൽ അയാൾ മുഴുകി കഴിഞ്ഞിട്ടുണ്ടു്!

അവൾ തന്റെ പ്രാണനായിരുന്നില്ലേ? അവൾ

Digitized By Kerala Sahitya Akademi

സ്വജീവനേക്കാൾ അധികമായി തന്നെ സ്നേഹിച്ചിരുന്നില്ലേ? ഉവ്വ്. ആ സ്നേഹം, സ്വജീവനെപ്പോലും തൃണസമാനം വലിച്ചെറിയുവാൻ അവളെ പ്രേരിപ്പിച്ച ആ അദ്ഭുതസ്നേഹം, താൻ പരീക്ഷിച്ചറിഞ്ഞിട്ടുള്ളതാണ്.... അങ്ങനെയുള്ള അവൾക്ക് ഇന്നു നേരിട്ടിരിക്കുന്ന ദുരന്തപരിണാമം!—

രവിയുടെ ഹൃദയം വല്ലാതെ നൊന്തു. ഇന്നും അയാളുടെ ഹൃദയത്തിന്റെ നിഗൂഢതലങ്ങളിൽ അവളോടുള്ള സ്നേഹം തിങ്ങിനില്ക്കുന്നുണ്ട്, അയാൾ അവളെ മറന്നിട്ടില്ല. വിവാഹം കഴിച്ചിട്ടും ഒരു കുഞ്ഞിന്റെ പിതാവായിത്തീർന്നിട്ടും, ആറേഴ കൊല്ലമായി അവളെ കാണാതിരുന്നിട്ടും, അയാൾ അവളെ വിസ്മരിച്ചിട്ടില്ല. അയാൾക്കതു സാദ്ധ്യവുമല്ല.

"കുറുപ്പേട്ടാ," രവീന്ദ്രൻ ഒരു താണ സ്വരത്തിൽ ആരംഭിച്ചു: "അവളുടെ ഈ ദയനീയസ്ഥിതിയിൽ എനിക്കു വലിയ കുണ്ഠിതമുണ്ട്. ആറു കൊല്ലത്തിനുമേലായി ഞാൻ അവളെ കണ്ടിട്ട്. പഠിക്കുവാനായി ഞാൻ മദിരാശിക്കു പോയതിന്റെശേഷം അവളെ ഒരു നോക്കൊന്നു കാണാൻ എനിക്കു തരപ്പെട്ടില്ല—"

"അപ്പോൾ കഴിവുകാലത്തു് ഇവിടെ വന്നപ്പോഴൊന്നും രവി അവളെ കണ്ടിട്ടില്ല?"—അത്ഭുതഭാവത്തിൽ കുറുപ്പു ചോദിച്ചു.

"ഇല്ലാ, കുറുപ്പേട്ടാ," ദുഃഖസ്വരത്തിൽ അയാൾ മറുപടി പറഞ്ഞു: "ഞാൻ അവളെയൊന്നു കാണാൻ വളരെപ്പണിപ്പെട്ടിട്ടുണ്ട്. പക്ഷേ, അവൾ ഒരിക്കലും എന്നെ

Digitized By Kerala Sahitya Akademi

നേരെ വന്നിട്ടില്ല. ഒരു സംഭവത്തിനുശേഷം—അതു പറഞ്ഞാൽ കുറെയേറെയുണ്ടു്—ഞാനവളെ ഇതാ, ഈ നിമിഷംവരെ കണ്ടിട്ടില്ല. അവളെ മറക്കുകയെന്നതു് എനിക്കു സാധിക്കാത്ത ഒരു കാര്യമാണു്—"

"രവിക്കതു സാദ്ധ്യമല്ലെന്നെനിക്കറിയാം." കുറുപ്പു തടഞ്ഞുപറഞ്ഞു.

"ഞാൻ മറ്റൊരുതരത്തിൽ പറയുന്നതല്ല. കുറുപ്പേട്ടൻ തെറ്റിദ്ധരിക്കരുതു്.....മറ്റൊരു ദൃഷ്ടിയോടുകൂടി ഇനി അവളുടെ മുഖത്തു നോക്കാൻ എനിക്കു ധൈര്യമുണ്ടാവുകയില്ല. അതുദ്ദേശിച്ചല്ല ഞാൻ പറഞ്ഞതും.....പക്ഷേ, എന്റെ ജീവിതത്തിൽ അത്രമാത്രം സ്വാധീനശക്തിയുള്ള ഒരു വ്യക്തിയാണവൾ!"

"അവൾക്കു രവിയെ വലിയ സ്നേഹമാണെന്നെനിക്കറിയാം. രവിയുടെ വർത്തമാനങ്ങളിൽ അവൾ പലതവണത്തിലും അനേഷിച്ചറിയാറുണ്ടു്....അവളുടെ ആ പണ്ടത്തെ സ്വഭാവമെല്ലാം പോയി—"

"ഈ ദയനീയസ്ഥിതിയിൽ അവളെ രക്ഷിക്കേണ്ട കടമ എനിക്കുണ്ടു്. ഞാൻ എന്തെങ്കിലും സഹായം ചെയ്യാമെന്നുവെച്ചാൽ, അവളതൊന്നും സ്വീകരിക്കയില്ലെന്നുള്ളതു തീർച്ചയാണു്. എനിക്കവളെ കാണണം. ആശുപത്രിയിൽ വേണ്ട ഏർപ്പാടുകളെല്ലാം ചെയ്യണം....."

"നമുക്കു നാളെ രാവിലെ പോകാമല്ലോ."

"നാളേയ്ക്കു നീട്ടേണ്ട....ഇന്നു വ്യാഴാഴ്ച നല്ല ദിവസമാണു്. വൈകുന്നേരംതന്നെ പോണം. ആശുപത്രിയിൽ പണമില്ലാത്തവരെ വേണ്ട വിധത്തിൽ ശുശ്രൂഷിക്കയില്ല-

Digitized By Kerala Sahitya Akademi

നമുക്ക ഡോക്ടർമാരെ കണ്ടു പണംകൊടുത്തു് അവളുടെ കായ്മത്തിൽ പ്രത്യേകം ചില ഏർപ്പാടുകൾ ചെയ്യണം....”

“അങ്ങനെതന്നെ. നമുക്ക വൈകുന്നേരംതന്നെ പോകാം, തയ്യാറായിക്കോളൂ!”

അവർ അതിനെത്തുടർന്നു് ഓരോ കായ്ങ്ങൾ സംസാരിച്ചുകൊണ്ടിരുന്നു. അപ്പോഴേയ്ക്കും കാപ്പിയും പലഹാരങ്ങളുമെത്തി. രവീന്ദ്രൻ വന്ന വിവരമറിഞ്ഞു ചില പഴയ പരിചയക്കാരും സ്നേഹിതന്മാരും അവിടെ എത്തിച്ചേർന്നു. എല്ലാവരുംകൂടി കാപ്പികുടിച്ചും വെടിപറഞ്ഞും കുറെ രണ്ടു മണിക്കൂർ ഉല്ലാസമായിക്കഴിച്ചുകൂട്ടി. എന്നാൽ രവീന്ദ്രന്റെ ഹൃദയം നെടുവീർപ്പിട്ടുകൊണ്ടു് എവിടെയൊക്കെയോ ചുറ്റിപ്പറക്കുകയായിരുന്നു. ആറുകൊല്ലമായി മങ്ങിക്കിടന്നിരുന്ന ആ ഹൃദയവ്യഥ സ്പർശത്തു കാൽ കൂത്തിയതോടുകൂടി വീണ്ടും നീറിപ്പിടിക്കാൻ തുടങ്ങി.

ഒരു കൊല്ലമായി അമ്മിണി ഒറ്റയ്ക്കാണു് വീട്ടിൽ താമസിച്ചിരുന്നതെന്നു കേട്ടപ്പോൾ രവീന്ദ്രനു് ഒരുസുഖം തോന്നി. വിവാഹിതനായ താൻ അവളുടെ സമ്പത്തിയെക്കുറിച്ചാരായുന്നതുതന്നെ തെറ്റാണെന്നു് അയാൾക്കറിയാം. എങ്കിലും, എന്തുകൊണ്ടോ എന്തോ, ഒരുസ്വാസ്ഥ്യം. അവളുടെ ആ പണ്ടത്തെ സ്വഭാവമെല്ലാം പോയി എന്നു കുറുപ്പു പറഞ്ഞപ്പോൾ അയാളുടെ ഹൃദയത്തിൽ ഒരു പുളകമുണ്ടായി..... ആ ആനന്ദത്തിന്റെ അടിസ്ഥാനം മൃഗീയമായ സ്വാർത്ഥതയാണെന്നു് അയാളുടെ മനസ്സാക്ഷി മുരണ്ടു. അവൾ അശരണയായി, വ്യാധിയുടെ അങ്കതലത്തിൽ, ജീവിതത്തിന്റെയും മരണത്തിന്റെയും

Digitized By Kerala Sahitya Akademi

മദ്ധ്യത്തിൽ കിടന്നുഴലുമ്പോൾ അവളുടെ സദാചാരത്തെക്കുറിച്ചുള്ള സങ്കല്പത്തിനു് അവിചാരിതമായി വിധേയമായ തന്റെ ഹൃദയത്തിന്റെ ഹീനഭാവത്തിൽ അയാൾക്കു് അയാളോടുതന്നെ വെറുപ്പുതോന്നി.

അവൾ എന്നുമങ്ങനെ താങ്ങും തണലുമില്ലാതിരുന്നു നരയ്ക്കുണമെന്നോ? അവളിൽ അന്തല്പീനമായി വർത്തിക്കുന്ന മാതൃത്വത്തിന്റെ പ്രക്ഷോഭം അവൾക്കു നിയന്ത്രിക്കാൻ സാധിക്കുമോ?—അയ്യോ, എന്തൊരു മൂഢീയമായ വിചാരം! അവൾ ജീവിക്കുമെന്നുതന്നെ ആർക്കറിയാം?—അവൾ മരിച്ചുപോയാൽ?—

രവീന്ദ്രൻ കിടുകിടുത്തുപോയി.....

രണ്ടു്

"അല്ലാ അമ്മിണി വീണ്ടും ജനൽ തുറന്നിട്ടാണോ കിടപ്പു്? ഞാൻ പലപ്പോഴും പറഞ്ഞിട്ടില്ലേ? ഈ തണുത്ത കാറ്റു വളരെ ചീത്തയാണു്."

"കാറ്റു കൊള്ളുമ്പോൾ എനിക്കു ബഹുസുഖംതോന്നുന്നു, ഡോക്ടർ. അതുകൊണ്ടാണു്. വേണമെങ്കിൽ അടച്ചേയ്ക്കാം," എന്നു പറഞ്ഞുകൊണ്ടു് അമ്മിണി എഴുന്നേല്ക്കാൻ ഭാവിച്ചു.

"വേണ്ട," ഡോക്ടർ തടുത്തുകൊണ്ടു പറഞ്ഞു: "ശ്രമമിളക്കാൻ പാടില്ല. ഞാനടച്ചുകൊള്ളാം."

ഡോക്ടർ കിളിവാതിലുകൾ രണ്ടും ഭദ്രമായി അടച്ചുകൊളുത്തിട്ടു. അനന്തരം അവളുടെ കട്ടിലിന്നരികെ കസേര വലിച്ചിട്ടു് അതിൽ ഇരിപ്പുറപ്പിച്ചു. അല്പനേര

Digitized By Kerala Sahitya Akademi

ത്തെ മൗനത്തിനുശേഷം അത്ഭുതകരമായ ഒരു ചെറു പുഞ്ചിരിയോടെ അദ്ദേഹം ആരംഭിച്ചു.

"അപ്പോൾ അമ്മിണി എന്നോടു പറയാമെന്നു പറഞ്ഞിട്ടു് ഇതുവരെ പറഞ്ഞില്ലല്ലോ.....ആ മനുഷ്യനെ പ്പറ്റി."

"അതേ, ഡോക്ടർ, ഞാൻ പറയാം....." നിമിഷ നേരത്തെ മൗനത്തിനുശേഷം അമ്മിണി തുടർന്നു....."ഇന്നെനിക്കു വളരെ സുഖം തോന്നുന്നു.....ഇനി എത്ര ദിവസംകൂടി ഞാനിവിടെ കിടക്കേണ്ടിവരും, ഡോക്ടർ?"

"കൂടിയതു്, ഒരു പത്തു ദിവസംകൂടി. അതു കഴിഞ്ഞാൽ അമ്മിണിക്കു വീട്ടിലേയ്ക്കു പോകാം. സുഖക്കേടു നല്ലപോലെ ഭേദമായിട്ടുണ്ടു്. ഇനി ദേഹക്ഷീണം മാത്രമേയുള്ളു. അതുകൂടി അല്പമൊന്നു മാറിക്കഴിഞ്ഞാൽ പോകാം...."

"ശരി," അമ്മിണി തുടർന്നു: "എന്റെ ജീവിതം നിങ്ങൾക്കു വളരെ കടപ്പെട്ടിരിക്കുന്നു. മരണത്തിന്റെ വായിൽനിന്നു് എന്നെ വീണ്ടെടുത്തതു നിങ്ങളാണു്. നിങ്ങളോടെനിക്കു് അളവറ്റ കൃതജ്ഞതയുണ്ടു്; അതിനോടൊപ്പം അകമഴിഞ്ഞ സ്നേഹവും.....നിങ്ങളും എന്നെ സ്നേഹിക്കുന്നെന്നു പറയുന്നു. എന്നതന്നെയല്ല, നിങ്ങൾ എന്നെ വിവാഹം കഴിക്കുവാനും ആവശ്യപ്പെടുന്നു. നിങ്ങൾക്കെന്നെക്കുറിച്ചു യാതൊന്നുമറിഞ്ഞുകൂടാ. നിങ്ങളെ അതു ഗ്രഹിപ്പിക്കണമെന്നു ഞാൻ കരുതിത്തുടങ്ങിയിട്ടു കുറെ ദിവസമായി. ഏതായാലും ഇന്നതു നിങ്ങളോടു തുറന്നു പറയുവാൻതന്നെ ഞാൻ തീരുമാനിച്ചു."

പതുക്കെ എഴുന്നേറ്റു ഭിത്തിയോടു ചാരിയിരുന്നു പാ

Digitized By Kerala Sahitya Akademi

ത്രത്തിൽനിന്നും ഒരു കപ്പു പാൽ പകന്നെടുത്തും അല്പാല്പ മായിക്കുടിച്ചുകൊണ്ടും അമ്മിണി പറയാൻ തുടങ്ങി:

"നിങ്ങൾ ഒരു നല്ല ഡോക്ടരാണും. ഉയർന്ന നിലയിൽ ജീവിക്കുന്ന ഒരു മാന്യൻ. നിങ്ങളുടെ ഭാര്യയാകുവാൻ ഒന്നുകൊണ്ടും, ഒരു തരത്തിലും, എനിക്കു യോഗ്യതയില്ല."

ഡോക്ടർ മൗനമായിരുന്നതേയുള്ളൂ.

"പറയത്തക്ക ധനസ്ഥിതിയൊന്നുമില്ലാത്ത ഒരു കുടുംബത്തിലാണെന്റെ ജനനം. എനിക്കും അമ്മയും ചേച്ചിയും ഒരനുജത്തിയും അനുജനും മാത്രമേയുള്ളൂ. അച്ഛൻ ഒരു വർഷത്തിനുമുൻപു മരിച്ചുപോയി. അമ്മയും സഹോദരങ്ങളും ചേച്ചിയൊടൊരുമിച്ചാണും താമസം. ചേച്ചിയുടെ ഭർത്താവിനു സാമാന്യം നല്ല ധനസ്ഥിതിയുണ്ടും. അവരെല്ലാം സുഖമായി കഴിഞ്ഞുകൂടുന്നു. ചേച്ചിയും അവരുടെ ഭർത്താവും വളരെ സ്വഭാവഗുണമുള്ളവരാണും. പക്ഷേ....."

അവളുടെ കണ്ണുകളിൽ ഒരു വിഷാദച്ഛായ കലർന്നും. അവർക്കു തുടരാൻ സാധിച്ചില്ല. അവർ എന്തൊക്കെയോ ഓർത്തു പശ്ചാത്തപിക്കുന്നതുപോലെ ഡോക്ടർക്കു തോന്നി.

"പക്ഷേ?—പറയൂ അമ്മിണീ, മടിക്കേണ്ട. പറഞ്ഞോളൂ." ഡോക്ടർ അവളെ സ്നേഹാർദ്രമായ സ്വരത്തിൽ ഉത്തേജിപ്പിച്ചു.

"പക്ഷേ," അമ്മിണി ഒരു നെടുവീർപ്പോടെ തുടർന്നു: "എന്റെ തെറ്റുകൊണ്ടുതന്നെയാണും—അവർ എന്നെ സ്നേഹിക്കുന്നില്ല. എനിക്കു ജന്മം തന്ന എന്റെ അമ്മയ്ക്കു

Digitized By Kerala Sahitya Akademi

പോലും എന്നെ കണ്ടുകൂടാ. ഞാൻ അവരെ കുറപ്പെടുത്തു കയാണെന്നു തോന്നരുതു്. സത്യസ്ഥിതി പറഞ്ഞുവെന്നേ യുള്ളു. അവരാരും എന്നെ തിരിഞ്ഞുനോക്കാറില്ല. ശപി ക്കപ്പെട്ട ഒരു ജീവിയായ ഞാൻ ഒറായ്ക്കന്റെ വീട്ടിൽ താമസമാണു്. മാസംതോറും അഞ്ചോ ആറോ രൂപാ പാ ന്ഥിലുള്ള തെങ്ങിൽനിന്നാദായം കിട്ടും. അതുകൊണ്ടാണു് ഞാൻ, അരിഷ്ടിച്ചാണെങ്കിലും, ജീവിച്ചുപോരുന്നതു്. ഇ ത്രയുമാണെന്റെ കുടുംബസ്ഥിതികഥ....."

"ഇക്കാരണങ്ങളാൽ അമ്മിണിയെ ഞാൻ വിവാ ഹം കരിക്കരുതെന്നില്ലല്ലോ. ദാരിദ്ര്യം ഒരു പാപമാണെ ന്നോ അപരാധമാണെന്നോ ഞാൻ കരുതുന്നില്ല. എന്നാ ല്ല, ഈ സ്ഥിതിയിൽ അമ്മിണിയെ സഹായിക്കുവാൻ, ശോചനീയമായ ഈ നിലയിൽനിന്നുയർത്തിക്കൊണ്ടുവരു വാൻ, എനിക്കു സന്ദർഭം കിട്ടുന്നപക്ഷം അതൊരു വലിയ ഭാഗ്യമായിട്ടെനിക്കു തോന്നുന്നുമുണ്ടു്." ഡോക്ടർ അനുക മ്പാർദ്രമായ സ്വരത്തിൽ പറഞ്ഞു.

"ഇല്ല—തീർന്നില്ല. ഇത്രയും പറഞ്ഞതു് എന്റെ കു ടുംബത്തെക്കുറിച്ചു്. ഇനിയുള്ളതെന്നെമാത്രം സംബന്ധി ക്കുന്നതാണു്. ഇന്നു ഞാൻ ഒരുവിവാഹിതയാണെങ്കിലും ഒരു കന്യകയല്ല. എന്റെ യൗവനത്തിന്റെ മാധുര്യം ആ സ്വദിക്കപ്പെട്ടിട്ടുണ്ടു്. ഈ ലോകത്തിൽ ഞാൻ ഏറ്റവു മധികം സ്നേഹിച്ചിട്ടുള്ള, ഇന്നും സ്നേഹിക്കുന്ന, മരിക്കുംവ രെ സ്നേഹിക്കുന്ന, ഒരാളുടെ ഭാഷയിൽ പറയുകയാണെ ങ്കിൽ ഞാൻ ഒരു 'വേശ്യ'യാണു്. എന്തു് ഡോക്ടർ, നിങ്ങ ളുടെ മുഖം വിളറുന്നല്ലോ! സത്യം തുറന്നുപറയുന്നതിൽ എനിക്കു് ഒരു സങ്കോചവും തോന്നുന്നില്ല."

Digitized By Kerala Sahitya Akademi

"പറയൂ അമ്മിണീ, എനിക്കമ്മിണിയുടെ യഥാർത്ഥ സ്ഥിതി അറിയുവാൻ അതിയായ ആഗ്രഹമുണ്ടു്." ഡോക്ടർ പറഞ്ഞു.

അവൾ തുടർന്നു:

"ഞാനും എന്റെ അടുത്ത വീട്ടിലെ ഒരാളും കുട്ടിക്കാലംമുതൽ അകമഴിഞ്ഞ സ്നേഹത്തോടെ ഒരുമിച്ചു കളിച്ചു വളർന്നു. പ്രായമായതോടുകൂടി ഞങ്ങൾ അങ്ങിങ്ങായി വേർപെട്ടുപോയെങ്കിലും അതു കൂടുതൽ അടുക്കുവാൻമാത്രമായിരുന്നു.....ഞാനധികമൊന്നും വിസ്തരിക്കുന്നില്ല. ഞങ്ങൾ തമ്മിൽ അടുത്തു. എന്നുവെച്ചാൽ—ഡോക്ടർക്കു മനസ്സിലാകുന്നുണ്ടല്ലോ, ഇല്ലേ?"

"ഉവ്വു്. എനിക്കു മനസ്സിലാകുന്നുണ്ടു്." ഉദാസീനഭാവത്തിൽ ഡോക്ടർ പ്രതിവചിച്ചു.

"എന്നെ വിവാഹം കഴിക്കണമെന്നു് ഒരിക്കലും ഞാനദ്ദേഹത്തോടാവശ്യപ്പെട്ടിട്ടില്ല.....ഞാൻ ആവശ്യപ്പെടാതെതന്നെ അദ്ദേഹം എന്നെ വിവാഹംകഴിക്കുമായിരുന്നു. പക്ഷേ, ഞാൻ ആ മാർഗ്ഗം ബന്ധിച്ചുകളഞ്ഞു. അദ്ദേഹവുമായി അടുത്തുപെരുമാറിയിരുന്ന അക്കാലത്തുതന്നെ എനിക്കു മറ്റൊരാളുമായി ഇടപെടേണ്ടിവന്നു. ആ മനുഷ്യൻ ഇന്നു ജീവിച്ചിരിപ്പില്ല. എന്റെ അമ്മയുടെ പ്രേരണമൂലമാണതു സംഭവിച്ചതു്. ഒരു രാത്രി രണ്ടു മണിക്കൂർ നേരം അദ്ദേഹം എന്റെ മുറിയിൽ ചിലവഴിച്ചു. ഞാൻ അദ്ദേഹത്തിന്റെ കാല്ക്കൽ വീണു പൊട്ടിക്കരഞ്ഞുകൊണ്ടു് എന്നെ കളങ്കപ്പെടുത്തരുതേ എന്നു യാചിച്ചു. ഹൃദയാലുവായ ആ മനുഷ്യൻ എന്റെ അഭ്യർത്ഥന

Digitized By Kerala Sahitya Akademi

യെ കൈക്കൊണ്ടു. അദ്ദേഹം എന്നെ സ്പർശിച്ചപോലുമി ല്ല.....അതേ, എന്റെ മാതാവിനേക്കാൾ ആ മനുഷ്യനു് എന്റെ പേരിൽ കനിവുണ്ടായി. അന്നാണു് ആദ്യമായി എനിക്കെന്റെ അമ്മയോടു വെറുപ്പുതോന്നിയതു്.....ആ മനുഷ്യൻ ഇവിടെ വന്ന വിവരം എന്റെ കളിത്തോഴനു് എങ്ങനെയോ മനസ്സിലായി. ഇതദ്ദേഹത്തെ വല്ലാതെ വേദനിപ്പിച്ചു. അദ്ദേഹം എന്നോടക്കാര്യം ചോദിക്കയുണ്ടായി. തന്ത്രത്തിൽ അതു വെറും കളവാണെന്നു പറഞ്ഞു ഞാൻ അദ്ദേഹത്തെ വിശ്വസിപ്പിച്ചു. പിന്നീടു കുറെക്കാലത്തേയ്ക്കു യാതൊരസ്വാസ്ഥ്യവുമുണ്ടായില്ല. ഞങ്ങൾ ഭാര്യാഭർത്താക്കന്മാരെന്നോണം കഴിഞ്ഞുകൂടി—പക്ഷേ, രഹസ്യമായി. അങ്ങനെയിരിക്കെ ഒരു ദിവസം എന്തോ ഒരു കാരണത്തിന്മേൽ ഞങ്ങൾ വഴക്കിട്ടു പിരിഞ്ഞു. ഒരു മാസക്കാലത്തോളം പിന്നീടദ്ദേഹം എന്റെ വീട്ടിലേയ്ക്കു കടന്നില്ല. 'ഇന്നു വരും' 'ഇന്നു വരും' എന്നാശിച്ചു്, രാത്രി വളരെ വൈകുന്നതുവരെ ഞാൻ ചെവി വട്ടംപിടിച്ചുകൊണ്ടുറങ്ങാതെ കിടക്കും....അന്നൊരു രാത്രി എന്റെ മുറിയുടെ കിളിവാതിലിൽ ഞാനൊരു മുട്ടു കേട്ടു. അതാണദ്ദേഹത്തിന്റെ പതിവു്. അതദ്ദേഹംതന്നെ. എന്റെ ഹൃദയം ആനന്ദനൃത്തം ചെയ്തു. ഉടലാകെ കോരിത്തരിച്ചുകൊണ്ടു ഞാനെന്റെ കിളിവാതിൽതുറന്നു മുന്നോട്ടു കൈനീട്ടി. എന്റെ കൈകൾ സസ്നേഹം സ്വീകരിക്കപ്പെട്ടു. പക്ഷേ,—ഞാൻ നടുങ്ങിപ്പോയി. അതു മറെറാരാളായിരുന്നു. അദ്ദേഹത്തിന്റെ ഒരാത്മസുഹൃത്തു്. അച്ഛനെ വിളിച്ചെങ്കിലോ എന്നു ഞാൻ ആലോചിച്ചു. അതു ബുദ്ധിമോശമാണെന്നു

Digitized By Kerala Sahitya Akademi

പിന്നത്തെ മാത്രയിൽ എനിക്കു തോന്നി. ജനൽക്കൊളു
ത്തു മുറിക്കകത്തല്ല.....ഞാനെന്തിനതു തുറന്നുവെന്നു
ചോദിച്ചാൽ?.....എന്തിനും, അന്നൊരുവിധത്തിൽ
ഞാൻ ആ മനുഷ്യനെ അലോഹ്യമൊന്നുംകൂടാതെ അവി
ടെനിന്നു പറഞ്ഞയച്ചു. പക്ഷേ, എനിക്കൊരു വാഗ്ദാനം
ചെയ്യേണ്ടതായി വന്നുകൂടി—ആ മനുഷ്യനെ ഞാൻ മറ
ക്കുകയില്ലെന്നും. അന്നവിടെ നടന്ന സംഭവമെല്ലാം എ
ന്റെ കളിത്തോഴൻ കണ്ടുനില്ക്കുന്നുണ്ടായിരുന്നു. എന്നെ
അദ്ദേഹം ന്യായമായും തെറ്റിദ്ധരിച്ചു. അതാണെന്റെ
തനിനിറമെന്നു പ്രത്യക്ഷത്തിൽ അദ്ദേഹത്തിനു ബോധ
പ്പെട്ടു. ഞാൻ എന്തു പറയും? എന്റെ പരമാത്മാവ്
തെങ്കിലും വിശ്വസിക്കുമോ?—എന്നാൽ ആ ജനൽവാതി
ല്ക്കൽ വന്ന മനുഷ്യൻ കരു മുമ്മാസ്റ്റിയായിരുന്നില്ല. അദ്ദേ
ഹത്തിനും എന്നിൽ യുവസഹജമായിട്ടുണ്ടാകാവുന്ന ഉൽ
ക്കടമായ കാമാശയുണ്ടായിരുന്നുവെന്നുള്ളതു പരമാത്മാംത
ന്നെ. രണ്ടു കൊല്ലത്തോളം തുടച്ചയായി അദ്ദേഹം എനി
ക്കു കട്ടേതെ പ്രേമലേഖനങ്ങളയച്ചു. ഞാനവയെല്ലാം സൂ
ക്ഷിച്ചുവെച്ചു. ക്രമേണ ആ മനുഷ്യനിൽ എനിക്കലിവു
തോന്നിത്തുടങ്ങി. ഞാൻ അധികം പഠയുന്നില്ല. രണ്ടു
വർഷത്തെ അഭ്യർത്ഥനയുടെ ഫലമായി, എന്റെ കളിത്തോ
ഴൻ നാട്ടിലില്ലാതിരുന്ന തക്കം നോക്കി, കരു രാത്രി ഞാൻ
എന്റെ മുറിയിൽ ആ കാമുകനെ സ്വാഗതംചെയ്തു. മൂ
ന്നു മണിക്കൂർ ഞങ്ങൾ തോളോടുതോൾ ചേർന്നിരുന്നു സ
മ്മസല്ലാപം ചെയ്തു. കരു ചുംബനംകൊണ്ടുമാത്രം ഞാൻ
അദ്ദേഹത്തെ കൃതാർത്ഥനാക്കി. ഇന്നാ മനുഷ്യൻ കരു കോ

Digitized By Kerala Sahitya Akademi

കളജിൽ പ്രൊഫസറാണു്. ആറു മാസമേ ആയുള്ളു, അദ്ദേഹം വിവാഹം കഴിച്ചിട്ടു്.....ആ സംഗതിയൊന്നും എന്റെ കളിത്തോഴൻ അറിഞ്ഞിരുന്നില്ല. അദ്ദേഹം എന്നെ ഗാഢമായി സ്നേഹിക്കുന്നുണ്ടെന്നു് എനിക്കുറപ്പുണ്ടായിരുന്നു. ഞാനദ്ദേഹത്തെ എന്റെ ജീവനെക്കാൾ സ്നേഹിച്ചിരുന്നെങ്കിലും അദ്ദേഹം അതു വിശ്വസിച്ചിരുന്നില്ല. എന്തിനു്? അദ്ദേഹത്തിൽനിന്നതു മറച്ചുവെയ്ക്കുന്നതു് ഒരു വലിയ പാതകമാണെന്നൊന്നിക്കു തോന്നി. ഇതാ, ഇന്നിപ്പോൾ ഞാൻ ഡോക്ടരോടു പറയുന്നതുപോലെയുള്ള കാര്യങ്ങളെല്ലാം ഒരിക്കൽ ഞാൻ അദ്ദേഹത്തോടു തുറന്നു പറഞ്ഞു! ആ മൃദുലഹൃദയം അതു കേട്ടു് എരിഞ്ഞു നീറി. ഞാൻ മരിച്ചെങ്കിൽമാത്രമേ വീഴ്പ്പുമുട്ടുന്ന അദ്ദേഹത്തിന്റെ ഹൃദയത്തിനു് അല്പമെങ്കിലും സമാധാനമുണ്ടാവുകയുള്ളുവെന്നും, ഞാൻ അതിനനുകൂലിക്കാത്തപക്ഷം അദ്ദേഹം ആത്മഹത്യ ചെയ്യുവാനാണുദ്ദേശിക്കുന്നതെന്നും ഒരു ദിവസം അദ്ദേഹം എന്നോടു തുറന്നു പറഞ്ഞു. അതു കേട്ടു്, സത്യം പറയാം ഡോക്ടർ, ഞാൻ കിടുകിടുത്തുപോയി....."

അവൾ പതുക്കെ ഒന്നു ചുമച്ചു. അതു കണ്ടു ഡോക്ടർ ചോദിച്ചു:

"അമ്മിണീ, അധികനേരമിങ്ങനെ സംസാരിക്കുന്നതു്, രോഗം വിട്ടുമാറിയെങ്കിലും, ഇപ്പോൾ നന്നല്ല....എന്നോടു പിന്നീടു പറഞ്ഞാൽ മതി."

"സാരമില്ല ഡോക്ടർ," അമ്മിണി തുടർന്നു: "സംസാരിക്കുന്നതുകൊണ്ടു് എനിക്കു് അശേഷം ക്ലേശം തോന്നുന്നില്ല. ഇന്നതന്നെ എനിക്കെല്ലാം പറഞ്ഞു കഴിയ്ക്കണം."

Digitized By Kerala Sahitya Akademi

"എന്നാൽ കുറച്ചുകൂടി പതുക്കെപ്പറയൂ. ഇങ്ങനെ ചാരിയിരുന്നാലോ? കിടന്നു പറഞ്ഞാൽ മതി."

അവൾ ഡോക്ടർ പറഞ്ഞതനുസരിച്ചു് ഒരു വശം ചേന്നുകിടന്നുകൊണ്ടു വീണ്ടും തന്റെ ആത്മകഥ ആരംഭിച്ചു:

"അതേ, ഡോക്ടർ.....ഞാനതു കേട്ടു നടുങ്ങിപ്പോയി. അദ്ദേഹം മരിക്കുകയോ? ഒരിക്കലും അതു പാടില്ല. എന്റെ ജീവിതം നിസ്സാരം; പോരെങ്കിൽ അതെനിക്കൊരു ഭാരവും. മരിക്കുന്നതെനിക്കു സന്തോഷമായിരുന്നു. ഹൃദയപൂർവ്വം ഞാനതിനു സമ്മതിച്ചു. ഒരൊറ നിമിഷത്തിൽ മരവിപ്പിക്കുന്ന 'പൊട്ടാസിയം സൈനേഡ്' അദ്ദേഹം എനിക്കു തരാമെന്നോറു. അദ്ദേഹത്തിനുവേണ്ടി ആത്മാപ്പണം ചെയ്യാൻ തരപ്പെട്ടുന്നതിൽ കവിഞ്ഞ ഒരു ഭാഗ്യം എനിക്കില്ല. എന്നാൽ ഡോക്ടർ, ആ ദുഷ്ടൻ എന്നെ വഞ്ചിക്കയാണു് ചെയ്തതു്. വിഷമാണെന്നു പറഞ്ഞു വിശ്വസിപ്പിച്ചു് എന്റെ വായിൽ പകർന്നതന്നതു വെറും നാരങ്ങാനീരു ചേർത്ത പഞ്ചസാരവെള്ളമാണു്. എന്റെ സ്നേഹം പരീക്ഷിക്കാനെടുത്ത ഒരു തന്ത്രമായിരുന്നു അതു്. മൂഢയായ ഞാൻ അതറിഞ്ഞില്ല. അറിഞ്ഞിരുന്നെങ്കിൽ, മരിക്കാൻ ഞാൻ തയ്യാറില്ലെന്നും, അദ്ദേഹം ആത്മഹത്യ ചെയ്യുന്നതാണു് നല്ലതെന്നും, അതിലെനിക്കു സന്തോഷമേ ഉള്ളൂ എന്നും ഞാൻ കർശനമായിപ്പറഞ്ഞേനെ. ഇന്നെനിക്കു നിശ്ചയമുണ്ടു്, അതു വെറും ഭീഷണിമാത്രമായിരുന്നു എന്നു്. അദ്ദേഹം ഒരിക്കലും ആത്മഹത്യ ചെയ്യുകയില്ല.....മരണത്തിന്റെ നിഴൽ കണ്ടാൽ

Digitized By Kerala Sahitya Akademi

വിരണ്ടോടുന്ന വെറുമൊരു പേടിത്തൊണ്ടനാണദ്ദേഹം. പക്ഷേ, അന്നെനിക്കത്രത്തോളം ബുദ്ധി ചെന്നില്ല.....

"ആദ്ദേഹത്തിന്റെ ആ നീചമനോഭാവം എനിക്കു സഹിച്ചില്ല. അതുവരെ എന്നെ തീണ്ടിയിട്ടുപോലുമില്ലാത്ത ഒരു കടുത്ത വെറുപ്പ് എനിക്കദ്ദേഹത്തോടുണ്ടായി. മേലിൽ എന്റെ വീട്ടിൽ കാൽകുത്താൻ പാടില്ലെന്നു പറഞ്ഞു, അദ്ദേഹത്തിന്റെ ക്ഷമായാചനത്തിനുപോലും ചെവികൊടുക്കാതെ, അവിടെനിന്നു ഞാനോടിപ്പോയി. ആ കൊല്ലത്തിനുമേലായി ഇതു സംഭവിച്ചിട്ട്. അതിനുശേഷം ഞാൻ അദ്ദേഹത്തിന്റെ നേരേ ചെന്നിട്ടില്ല. അന്നദ്ദേഹത്തോടു തോന്നിയ ആ കടുത്ത വെറുപ്പ് അല്പനേരത്തേയ്ക്കു മാത്രമേ നിലനിന്നുള്ളു. എനിക്കു സാദ്ധ്യമല്ല, അദ്ദേഹത്തെ വെറുക്കാൻ. അദ്ദേഹം കാണാതെ ഞാൻ അദ്ദേഹത്തെ കളിഞ്ഞുനോക്കും.....പക്ഷേ, പിന്നീടൊരിക്കലും ഞങ്ങൾ കന്നിച്ചു കണ്ടുമുട്ടുകയോ ഒരക്ഷരമെങ്കിലും സംസാരിക്കയോ ചെയ്തിട്ടില്ല. ഇന്നും ഞാൻ ഏറ്റവും സ്നേഹിക്കുന്നതു് അദ്ദേഹത്തെത്തന്നെയാണു്.....ആ ശരീരത്തിൽ ഇനി ഞാൻ സ്പർശിക്കയില്ല. അതിനിന്നു പേറേ അവകാശിയുണ്ടു്. ഇന്നദ്ദേഹം ഒരോമനപ്പുത്രന്റെ അച്ഛനാണു്. സുന്ദരിയും സുശീലയുമായ ഒരു യുവതിയുടെ ഭർത്താവാണു്. അദ്ദേഹത്തിന്റെ നിലതന്നെ മാറിപ്പോയി. കല്ക്കത്തയിൽ ഇന്നദ്ദേഹം ഒരു വലിയ ബാങ്കിലെ മാനേജിംഗ്ഡയറക്ടരാണു്. നിദ്രാവസ്ഥയിൽ ജനിച്ചുവളർന്ന അദ്ദേഹം ഇന്നൊരു നല്ല പണക്കാരനാണു്. അദ്ദേഹം—"

Digitized By Kerala Sahitya Akademi

"അപ്പോൾ അന്നിവിടെ വന്നിരുന്ന ആൾ അദ്ദേഹമാണല്ലേ?" ഡോക്ടർ അത്ഭുതത്തോടെ ചോദിച്ചു.

"അതേ, അദ്ദേഹംതന്നെ.....ഒന്നോ രണ്ടോ മാസത്തെ അവധിയെടുത്തു നാട്ടിൽ വന്നതാണു്. ഞാൻ സുഖമില്ലാതെ കിടക്കുന്നുവെന്നു കേട്ടു് ഇവിടെ വന്നു് എന്നെ ക്കണ്ടു. ഇപ്പോൾ അദ്ദേഹം മടങ്ങിപ്പോയിക്കാണും. അല്ലെങ്കിൽ വീണ്ടും വരുമായിരുന്നു.....ആകെ കൊല്ലമായി ഞങ്ങൾ തമ്മിൽ കണ്ടിട്ടു്....."

"ആൾ ഒരു നല്ല മനുഷ്യനാണെന്നു തോന്നുന്നു.... എന്നോടു് അമ്മിണിയെ വേണ്ടപോലെ ശുശ്രൂഷിക്കണമെന്നു പ്രത്യേകം പറയുകയുണ്ടായി. അതിലെന്തു് ഒരു നല്ല തുക എനിക്കു സംഭാവന തരാനൊരുമ്പെട്ടു. പക്ഷേ, എനിക്കപ്പോൾ ദേഷ്യമാണുണ്ടായതു്—"

അമ്മിണിക്കൊരു രോമാഞ്ചമുണ്ടായി. അല്പനേരം അങ്ങനെ കഴിഞ്ഞു.

"അതേ ഡോക്ടർ, അദ്ദേഹം ആൾ നല്ലവനാണു്. എന്നോടദ്ദേഹത്തിനു സ്നേഹമുണ്ടു്." അവൾ സാഭിമാനം പ്രസ്താവിച്ചു.

"അമ്മിണീ!" ഡോക്ടർ സ്നേഹഭാവത്തിൽ അവളെ വിളിച്ചു. അവൾ തലയുയർത്തി അദ്ദേഹത്തിന്റെ നേരേ സൂക്ഷിച്ചുനോക്കി. അവിടെ വിഷാദമയമായ ഒരു പുഞ്ചിരി അവൾ കണ്ടു. ഡോക്ടർ തുടർന്നു:

"അമ്മിണീ, നിന്നെ ഞാൻ സ്നേഹിക്കുന്നു. നിന്നെ ചികിത്സിച്ചുതുടങ്ങിയമുതൽ, നീയുമായി അടുത്തു പെരുമാറിത്തുടങ്ങിയതുമുതൽ, എന്റെ ഹൃദയം അല്പാല്പമായി

Digitized By Kerala Sahitya Akademi

നിന്നിൽ അലിഞ്ഞു ചേരുന്നുണ്ടെന്നു് എനിക്കു തോന്നിത്തുടങ്ങി....ഇന്നത്തെ നിന്റെ സംസാരം—ഹൃദയം തുറന്നുള്ള ഈ കുറസമ്മതം—എന്നെ അടിപ്പെടുത്തിയിരിക്കുന്നു. സ്ത്രീലോകത്തിൽ നിന്നെപ്പോലുള്ള കരുവളെ ഇന്നോളം ഞാൻ കണ്ടുമുട്ടിയിട്ടില്ല. സ്ത്രീ, അന്ത്യശ്വാസത്തിലും തന്റെ സന്മാർഗ്ഗസംബന്ധമായ അപരാധം ഏറ്റു പറയാത്തവളാണു്. നിന്റെ ഈ കുറസമ്മതംമൂലം നിന്നെ ഞാൻ വെറുക്കുകയല്ല, കൂടുതൽ സ്നേഹിക്കുകയാണു്—ആരാധിക്കുകയാണു്! സ്നേഹദീപ്തമായ നിന്റെ ഹൃദയത്തെ ഞാൻ ഏറ്റവും വിലമതിക്കുന്നു.....തെറ്റു ചെയ്യാത്തവർ ലോകത്തിലാരുണ്ടു്? പക്ഷേ, മറ്റൊരാളുടെ മുൻപിൽ അതു സമ്മതിക്കുവാനുള്ള ഹൃദയവിശാലത അധികമാരിലും കാണുകയില്ല. നിന്റെ ഈ കുറസമ്മേതം എനിക്കൊരു പുതിയ പ്രചോദനം നല്കിയിരിക്കുന്നു. എന്റെ കഥ പറയുകയാണെങ്കിൽ....കുറെയേറെയുണ്ടു്. അതു് ഇനിയൊരവസരത്തിൽ വിസ്തരിച്ചു നിന്നോടു പറഞ്ഞുകൊള്ളാം. അതിന്റെ പുരുക്കം മാത്രം ഞാൻ ഇപ്പോൾ നിന്നെ അറിയിക്കുന്നു....”

കരുണള്ള പൊടിയെടുത്തു വലിച്ചു തുവാലകൊണ്ടു മൂക്കു തുടച്ചിട്ടു ഡോക്ടർ കുന്നു നിവന്നിരുന്നു. അദ്ദേഹം പഠയാൻ തുടങ്ങി:

“എന്റെ യൗവനം കരുതരത്തിലും അഭിനന്ദിക്കത്തക്കതായിരുന്നില്ല. പഠിക്കുന്ന കാലംമുതൽ ഞാൻ ദുർവൃത്തിയിൽ മുഴുകാൻ തുടങ്ങി. ഞാൻ അനേകം യുവതികളെ നിരാശപ്പെടുത്തിയിട്ടുണ്ടു്. ഞാൻ ആരേയും സ്നേഹി

Digitized By Kerala Sahitya Akademi

ച്ചിട്ടില്ല.....പലരോടും വിവാഹം കഴിച്ചുകൊള്ളാമെന്നേ റിട്ട് ഉദ്ദേശം നിറവേറിയതിന്റെശേഷം, അവരെ ഞാൻ നിർദ്ദയം പരിത്യജിച്ചു. വേശ്യാലയങ്ങളിൽ എന്റെ ആരോഗ്യവും ധനവും ഒട്ടധികം ഞാൻ ബലികഴിച്ചിട്ടുണ്ട്. ഇതിനൊരു സമാപ്തിയുണ്ടാകുമെന്നു കരുതി ഞാൻ വിവാഹം കഴിച്ചു.....പക്ഷേ, അതുകൊണ്ടും യാതൊരു ഫലവുമുണ്ടായില്ല. വിവാഹശേഷം ഞാൻ പണ്ടത്തേതിനേക്കാൾ പതിന്മടങ്ങു മൃഗീയതയോടെ ദുർവൃത്തി കളിലേർപ്പെടുകയാണു് ചെയ്തതു്. എന്റെ ഭാര്യ ഒരു സാധുയുവതിയായിരുന്നു. അവൾക്കു പഠിപ്പില്ല; പരിഷ്കാരമില്ല. പക്ഷേ, അവൾ എന്നെ സ്നേഹിച്ചു; ദൈവത്തെപ്പോലെ പൂജിച്ചു. എന്നിൽനിന്നു കിട്ടിയ പ്രതിഫലമോ? അതോർക്കുമ്പോൾ ഞാൻ നടുങ്ങിപ്പോകുന്നു. അവളുടെ ഹൃദയപുഷ്പത്തെ, എന്റെ പാദങ്ങളിൽ അർപ്പിക്കപ്പെട്ട സ്നേഹസുരഭിലമായ ഹൃദയപുഷ്പത്തെ, ഞാൻ നിർദ്ദയം ചവിട്ടിത്തേച്ചുകളഞ്ഞു. അവൾ എന്നെയോർത്തു കണ്ണീർകുടിച്ചു കഴിച്ചുകൂട്ടുമ്പോൾ ഞാൻ മദ്യലഹരിയിൽ മത്തടിച്ചുകൊണ്ടു വേശ്യകളുമായി രമിച്ചു മതിമറന്നു കഴിയുകയായിരുന്നു പതിവു്. അവൾ എന്നോടു കേണപേക്ഷിച്ചു. യാതൊരു ഫലവുമുണ്ടായില്ല. എന്തിനു്? ഏതായാലും ദൈവം അവളെ അധികം നരകിപ്പിച്ചില്ല. ആദ്യത്തെ പ്രസവത്തോടുകൂടി അവൾ ഇഹലോകം വെടിഞ്ഞു—അതേ ഒരു മരിച്ച കുട്ടിയെ പ്രസവിക്കുവാനായി അവൾ മരിച്ചു. ആ സംഭവം എന്നെ തിരിഞ്ഞടിച്ചു. അതിനുശേഷം എനിക്കൊരു വലിയ പരിവർത്തനമുണ്ടായി. എന്റെ ആ

Digitized By Kerala Sahitya Akademi

ചക്കില്ലായ്മ, ആ പരക്കംപാച്ചിൽ, പെട്ടെന്നു പിടിച്ചുനിർത്തുവാൻ ആ സംഭവത്തിൽനിന്നുണ്ടായ മനഃക്ഷോഭം തികച്ചും പയ്യാപ്തമായിരുന്നു..... അവൾ മരിച്ചിട്ടിപ്പോൾ മൂന്നു വർഷമായിക്കാണും. അവളുടെ അകാലചരമത്തിനുശേഷം ഇതാ, ഇതുവരെയും ഒരു സ്ത്രീയുടെ ശരീരസ്പർശം ഞാൻ അനുഭവിച്ചിട്ടില്ല....”

ഡോക്ടർ ചിന്തയിൽ ലയിച്ചു. അദ്ദേഹത്തിനു പെട്ടെന്നൊരു ചൂട വന്നു. അതു കുറച്ചേറെ നേരത്തേയ്ക്കുങ്ങനെ നീണ്ടുനില്ക്കുകയുണ്ടായി. അതു കഴിഞ്ഞു് അദ്ദേഹം കൂടി താണ സ്വരത്തിൽ തുടർന്നു:—

“അമ്മിണീ, എനിക്കും ശരീരസുഖമില്ല....ഏതോ ഒരു ഭയങ്കരവ്യാധിക്കു ഞാൻ ഇരയായിത്തീർന്നിട്ടുണ്ടെന്നു് എനിക്കറിയാം....എനിക്കീ ലോകത്തിൽ അടുത്ത ബന്ധുക്കളായി ആരുമില്ല. എന്റെ മാതാപിതാക്കന്മാർ മരിച്ചുപോയി. ഞാൻ മാത്രമേ അവക്കൊരു സന്താനമായിട്ടുണ്ടായിരുന്നുള്ളു. ഇന്നും സാമാന്യം നല്ലൊരു സ്വത്തു് എന്റെ കൈവശമുണ്ടു്. ഞാനിന്നൊകനാണു് മറ്റൊരാളുടെ സഹായംകൂടാതെ ഏറെനാളിനി എനിക്കു ജീവിക്കാൻ സാദ്ധ്യമല്ല....എനിക്കു വലിയ ക്ഷീണമുണ്ടു്. ഓരോ ദിവസം ചെല്ലുംതോറും എന്റെ ശരീരം ശോഷിച്ചു ശോഷിച്ചു വരുന്നു....അധികം താമസിയാതെ ഞാൻ ഈ ഉദ്യോഗം രാജിവെയ്ക്കും. വീട്ടിൽ സ്വസ്ഥമായിരിക്കുമ്പോൾ, എന്റെ നിസ്സഹായസ്ഥിതിയിൽ, എന്നെ സ്നേഹിക്കുവാൻ, എന്നെ ശുശ്രൂഷിക്കുവാൻ, എന്റെ ആത്മാവിനോടൊട്ടിനില്ക്കുന്ന ഒരാൾ കൂടിയേ കഴിയൂ. അല്ലെങ്കിൽ അധികനാൾ

Digitized By Kerala Sahitya Akademi

ചെല്ലുന്നതിനുമുമ്പു് എന്റെ ജീവിതം അവസാനിക്കും. ഇതുവരെ സ്നേഹത്തിന്റെ മാധുര്യം ഞാൻ അനുഭവിച്ചിട്ടില്ല. എനിക്കതിനാശയുണ്ടു്. അമ്മിണീ, ഞാനും ഒരു മനുഷ്യനാണു്. സ്നേഹിക്കുവാനും സ്നേഹിക്കപ്പെടുവാനും, സഹായിക്കാനും സഹായിക്കപ്പെടാനും, മാപ്പു കൊടുക്കുവാനും മാപ്പു നല്കപ്പെടുവാനും ഉള്ള ആ മനുഷ്യസഹജമായ മോഹം എനിക്കുമുണ്ടു്.....അമ്മിണീ, ഞാൻ ഇതുവരെ അനുഭവിച്ചിട്ടില്ലാത്ത ആ ദിവ്യവസ്തു—സ്നേഹം—എന്റെ ഹൃദയത്തിൽ വേരുന്നിയിരിക്കുന്നു. ഹാ, അതെത്ര മധുരമാണു്! എത്ര ആശ്വാസകരമാണു്!....അമ്മിണീ, നിയെന്നെ ഉപേക്ഷിക്കുമോ? നീയെന്നെ സ്വീകരിക്കുമെങ്കിൽ, അതെനിക്കൊരു വലിയ നേട്ടമാണു്. എന്റെ ശേഷിച്ച ലഘുജീവിതം മനസ്സമാധാനത്തോടെ കഴിച്ചുകൂട്ടിയാൽ കൊള്ളാമെന്നു് എനിക്കതിയായ മോഹമുണ്ടു്. നീയതു സാധിച്ചുതരുമോ?" വിഷാദഭാവത്തിൽ അമ്മിണിയുടെ കൈ സാവധാനം ഗ്രഹിച്ചുകൊണ്ടു ഡോക്ടർ ഇടറിയ സ്വരത്തിൽ ഇങ്ങനെ ചോദിച്ചിട്ടു്, മറുപടിക്കായി അവളുടെ നേക്കു് ഉല്ക്കണ്ഠയോടെ ഉറുനോക്കിക്കൊണ്ടിരുന്നു.

ആ സ്പർശനത്തിൽ, പണ്ടവൾ അനുഭവിച്ചിട്ടുള്ള ആ കോരിത്തരിക്കൽ ഇന്നും അവൾക്കനുഭവപ്പെടുന്നു. അതേ, രവിയുടെ കരസ്പർശത്തിൽ മാത്രമേ അവൾ പുളകംകൊണ്ടിട്ടുള്ളൂ. ആ രോമഹർഷം, ആ ആത്മവിസ്മൃതി, അനേകനാളായി അനുഭവിച്ചിട്ടില്ലാത്ത, എന്നെന്നേയ്ക്കുമായി വേർപെട്ടുകഴിഞ്ഞുവെന്നു വിശ്വസിച്ചിരുന്ന, ആ ആനന്ദമൂർച്ഛ, ഇതാ, ഡോക്ടരുടെ കരസ്പർശത്തിൽ അവൾക്കു വീണ്ടും കരഗതമാകുന്നു.

Digitized By Kerala Sahitya Akademi

അവളുടെ നയനങ്ങളിൽ കണ്ണുനീർ പൊടിഞ്ഞു. അവൾ കൈ വലിച്ചില്ല. ഡോക്ടർ അതുയത്തി. അതിന്റെ പടത്തിൽ, ഒരു കൊച്ചുകുഞ്ഞിനെ എന്നപോലെ, അതിരറ്റ വാത്സല്യത്തോടെ ഒന്നു ചുംബിച്ചു. അതിൽ നിഷ്കളങ്കമായ സ്നേഹം ത്രസിച്ചിരുന്നു. അതവൾ അനുഭവിച്ചറിഞ്ഞു. ആ ആനന്ദമൂർച്ഛയിൽ അവൾ കണ്ണടച്ചു.

"അമ്മിണീ, നീയെന്തു പറയുന്നു?"—ഒരു നിസ്സഹായനെപ്പോലെ അഭ്യർത്ഥനാത്മകങ്ങളായ നേത്രങ്ങൾ അവളുടെ മുഖത്തുറപ്പിച്ചുകൊണ്ടു് അയാൾ വീണ്ടും ചോദിച്ചു.

അവൾ കണ്ണു തുറന്നു. അല്പനേരത്തേയ്ക്കു് അവൾക്കൊന്നും പറയുവാൻ സാധിച്ചില്ല. അനന്തരം അവൾ മൃദുലമായ സ്വരത്തിൽ ഇങ്ങനെ പറയാൻ തുടങ്ങി:

"മാന്യനായ ഡോക്ടർ! നിങ്ങളുടെ സന്മനസ്സു് എന്നെ അത്ഭുതപ്പെടുത്തുന്നു.....ഞാൻ അങ്ങേയ്ക്കു യോജിച്ചവളല്ലെന്നെനിക്കറിയാം. എനിക്കതിനു യോഗ്യതയില്ല. അങ്ങു് ഉയർന്ന പദവിയിൽ ജീവിക്കുന്ന ഒരു മാന്യൻ! ഞാനോ? മലിനയായ ഒരേഴ!—ഈ സ്ഥിതിച്യുത്യാസം കൊണ്ടുള്ള ഭയമാണു് ഞാൻ ഇത്രയുംകാലം ഇങ്ങനെ പ്രതിഷേധിക്കാൻ കാരണം."

"അമ്മിണീ," ഡോക്ടർ ഇടയ്ക്കു കയറിപ്പറഞ്ഞു: "അതു വിചാരിച്ചു നീ ക്ലേശിക്കേണ്ട. നികൃഷ്ടമായി യാതൊന്നുംതന്നെ നിന്നിൽ ഞാൻ കാണുന്നില്ല. നീ എന്തെങ്കിലുമൊരപരാധം പ്രവർത്തിച്ചിട്ടുള്ളതായി എനിക്കൊട്ടുതോന്നുന്നുമില്ല. നീയൊരാളെ സ്നേഹിച്ചു. അതൊരപരാധമാണോ? കുലീനകളായ കന്യകകളെ വിവാഹം കഴി

Digitized By Kerala Sahitya Akademi

ക്കുന്നവർ കാലഗതിയിൽ കൂടെകൂടെ ഭർത്താക്കന്മാരായി ക്ലേശിക്കുന്നില്ലേ? എന്റെ നിലയൊന്നാലോചിച്ചുനോക്കൂ! ആ തോതുവെച്ചു നോക്കുമ്പോൾ വെറുമൊരു മൃഗത്തേക്കാൾ എന്തു വിശേഷമാണെനിക്കുള്ളതു്? നീയെന്നെ സ്നേഹിക്കുമെങ്കിൽ, നിനക്കതിനു സാധിക്കുമെങ്കിൽ, അതെനിക്കു് ഒരനുഗ്രഹമാണു്.....അമ്മിണീ നീയെന്നെ ഉപേക്ഷിക്കരുതു്....." അദ്ദേഹത്തിന്റെ നേത്രങ്ങളും ബാഷ്പസികതങ്ങളായി.

"അങ്ങു ക്ലേശിക്കേണ്ട." അമ്മിണി സാന്ത്വനിപ്പിച്ചു. "അങ്ങേയ്ക്കുവേണ്ടി എന്തു ചെയ്യുവാനും ഞാനൊരുക്കമാണു്. അങ്ങയുടെ സന്മനസ്സിനു് എന്നെന്നും കൃതജ്ഞയായി, അങ്ങയുടെ ഒരു പാദദാസിയായി ഞാൻ ജീവിച്ചുകൊള്ളാം....പക്ഷേ, ഒന്നെനിക്കു വീണ്ടും എടുത്തുപറയേണ്ടിയിരിക്കുന്നു. അങ്ങയെ ഞാൻ ഇപ്പോൾ പരിചയപ്പെട്ടതേയുള്ളൂ. അങ്ങയെ കണ്ടുമുട്ടുമെന്നുപോലും ഞാൻ അറിഞ്ഞിരുന്നവളല്ല. എല്ലാം കർമ്മഗതിമാത്രം. ഞാൻ ലോകത്തിൽ ഏറ്റവും സ്നേഹിക്കുന്ന മനുഷ്യൻ രവീന്ദ്രനാണു്.....ആ സ്നേഹം മറ്റൊരാൾക്കു് എന്നിൽനിന്നു കീട്ടുന്നതല്ല.....ഞാൻ ഇനിയദ്ദേഹത്തെ കണ്ടുമുട്ടുകയില്ലായിരിക്കാം. ഇനിയദ്ദേഹത്തെ മറ്റൊരു നിലയിൽ..... ഇല്ല, ഒരുകാലത്തും അതു സംഭവിക്കുകയില്ല.....എന്നാലും ഞാനദ്ദേഹത്തെ സ്നേഹിക്കും. അതിനുമാത്രം അങ്ങെനിക്കനുമതി തരുമെങ്കിൽ...."

"അമ്മിണീ, എനിക്കതിൽ യാതൊരസൂയയുമില്ല. നീ മനസാ അദ്ദേഹത്തെ ആരാധിച്ചുകൊള്ളുക. ഇന്നുമു

Digitized By Kerala Sahitya Akademi

തൽ അദ്ദേഹത്തെ എന്റെ കരാത്മസോദരനായി ഞാൻ പരിഗണിക്കുന്നു!"

അമ്മിണിയുടെ മുഖസരോജം പ്രഫുല്ലമായി. അതിൽ അഭിനവമായ കരു കാന്തിപ്രസരം കളിയാടി. ഡോക്ടർ തരളിതഹൃദയനായി അതിന്റെ മഹനീയമധുരിമ ആന്തരാനുകൂലകൊണ്ടു മതിമറന്നു നിന്നുപോയി. അവൾ ഡോക്ടറെ കിടയ്ക്കയിൽ, അവളുടെ പാർശ്വത്തിൽ, പിടിച്ചിരുത്തി.

"അങ്ങയെ ഞാൻ വഞ്ചിക്കുകയില്ല. അങ്ങെന്നെ വിശ്വസിക്കണം....."—അവൾ മന്ത്രിച്ചു.

"അമ്മിണീ, നീയിവിടെനിന്നു പോകുന്നതോടുകൂടി ഞാൻ ഉദ്യോഗം ഉപേക്ഷിക്കും. എനിക്ക് എന്റെ നാട്ടിൽ സ്വന്തമായി കരു വീടുണ്ട്. വിവാഹശേഷം നമുക്കവിടെ സുഖമായി താമസിക്കാം."

•"അവിടുന്നൊരു മനുഷ്യനല്ല.....കരു ദേവൻ!—" അവൾ വീണ്ടും മന്ത്രിച്ചു. ആ ചിന്തയിൽനിന്നു സഞ്ജാതമായ ആത്മാനുഭൂതിയിൽ മുഴുകി, അവൾ കണ്ണടച്ചങ്ങനെ കിടന്നു.

"അല്ലാ, അമ്മിണീ ഉറക്കമാണോ?" കുറച്ചു കഴിഞ്ഞു ഡോക്ടർ കരു പുഞ്ചിരിയോടുകൂടി ചോദിച്ചു.

"അല്ല."

"അപ്പോളിനി കൂടിയതു പത്തു ദിവസം."

"അതേ.....പത്തു ദിവസം.....ആട്ടെ, അങ്ങെന്നെ വെറുക്കുകയില്ലേ? എന്നെ വിവാഹം കഴിച്ചതിൽ കരികലങ്ങു പശ്ചാത്തപിക്കയില്ലേ?"?

Digitized By Kerala Sahitya Akademi

"ഒരിക്കലുമില്ലമ്മിണീ. ഒരു ദേവതയെപ്പോലെ നിന്നെ ഞാൻ പൂജിക്കും. നിന്നെ എന്റെ മരണംവരെ ഞാൻ ഒരുതരത്തിലും അസഹ്യപ്പെടുത്തുകയില്ല. നിന്നെ എനിക്കു മനസ്സിലായി. നിന്നോളം ഹൃദയവതിയായ ഒരു സ്ത്രീയെ ഞാൻ കണ്ടിട്ടില്ല."

"അങ്ങനെ സ്നേഹിക്കുമെങ്കിൽ ഞാൻ ഭാഗ്യവതിയായി. ഞാൻ എന്റെ അന്ത്യനിമിഷംവരെ അങ്ങയെ വഞ്ചിക്കുകയില്ല. അങ്ങയുടെ കൈ പിടിച്ചു് ഈശ്വരൻ സാക്ഷിയായി ഞാൻ പറയുന്നു: ഞാനങ്ങയെ മനസാ, വാചാ, കർമ്മണാ വഞ്ചിക്കയില്ല. കഴിഞ്ഞതൊക്കെക്കഴിഞ്ഞു. ഇനിയങ്ങനെ അവിശ്വസിക്കരുതു്."

"ഒരിക്കലുമില്ല."

മൂന്നു്

ഒന്നരമാസത്തെ അവധി കഴിഞ്ഞു രവീന്ദ്രൻ സകുടുംബം കല്ക്കത്തയിൽ തിരിച്ചെത്തി. അന്നൊരു ദിവസം ആശുപത്രിയിൽ ചെന്നു് അമ്മിണിയെ കണ്ടതല്ലാതെ, പിന്നീടയാൾക്കു പോകുവാനോ അവളെ കാണുവാനോ തരപ്പെട്ടില്ല. അദ്ധ്യപ്രജ്ഞയായിക്കിടന്നിരുന്ന അവസരത്തിലും അമ്മിണി അയാളെ തിരിച്ചറിഞ്ഞു. അവൾക്കൊന്നും സംസാരിക്കാൻ ശക്തിയുണ്ടായിരുന്നില്ല. എങ്കിലും അവളുടെ ഹൃദയംമുഴുവൻ വിഷാദമയമായ ഒരു നേരിയ പുഞ്ചിരിയിൽക്കൂടി പ്രതിഫലിക്കയുണ്ടായി. ആ പുഞ്ചിരി ഇതാ, ഇപ്പോഴും അയാളുടെ മനോദർപ്പണത്തിൽ തെളിഞ്ഞുനില്ക്കുന്നു. അയാൾക്കതു മറക്കാൻ കഴിയുന്നി

Digitized By Kerala Sahitya Akademi

ല്ല. ആ പുഞ്ചിരിയിൽ അവളുടെ അന്തരാ ജീവിതയാതനാകഥ തുളുമ്പിനില്ക്കുന്നില്ലേ?

അവൾ സുഖപ്പെട്ടെഴുന്നേറ്റോ?—ആവോ! യാതൊരു വിവരവും അറിഞ്ഞില്ല. എങ്കിലും അവൾക്കല്പം ആശ്വാസമുണ്ടെന്നാണു്, നാട്ടിൽനിന്നു പോന്ന അവസരത്തിൽ അയാൾക്കു മാധവക്കുറുപ്പിൽനിന്നും കിട്ടിയ അറിവു്. ആ വൃത്താന്തം അയാളെ അല്പം സമാശ്വസിപ്പിച്ചു.....

അന്നു രവീന്ദ്രനു് ഒരു കത്തു കിട്ടി. അയാൾ അതു തുറന്നുനോക്കി. അമ്മിണിയുടെ വിവാഹത്തിനുള്ള ക്ഷണപത്രം! അതോടൊന്നിച്ചു മറെറാരു കത്തുകൂടിയുണ്ടായിരുന്നു—ഡോക്ടർ സുകുമാരമേനവന്റേതു്. അതിൽ താൻ അവളെ വിവാഹം കഴിക്കുവാൻ ഉദ്ദേശിച്ചതെന്തുകൊണ്ടാണെന്നു വിശദമായി വിവരിച്ചിരിക്കുന്നു. അമ്മിണിയുമായി തനിക്കൊരുകാലത്തുണ്ടായിരുന്ന ബന്ധത്തെക്കുറിച്ചും, അതിൽനിന്നുണ്ടായ വിവിധസംഭവങ്ങളെക്കുറിച്ചും, അല്പംപോലും ബാക്കിവെയ്ക്കാതെ, അവൾ ഡോക്ടറോടു് ഏറുപറഞ്ഞുവത്രേ!—രവീന്ദ്രൻ നടുങ്ങിപ്പോയി.

അയാൾക്കെന്തോ വല്ലാത്ത ഒരു ജാള്യത തോന്നി. ഡോക്ടർ സുകുമാരമേനവൻ അമ്മിണിയെപ്പോലെതന്നെ ഒരത്ഭുതചിഹ്നമായി അയാളുടെ മനോമണ്ഡലത്തിൽ തലയുയർത്തി നില്ക്കുന്നു. ആ മനുഷ്യന്റെ സന്നിധിയിൽ അയാൾ ഒരു കൃമിയെപ്പോലെ മൂളിപ്പോകുന്നു. ഈ ലോകത്തിൽ എന്തുതന്നെ സംഭവിച്ചുകൂടാ! മൃത്യുവക്ത്രത്തിലേയ്ക്കല്ല, പ്രേമദീപ്തമായ ദാമ്പത്യത്തിലേയ്ക്കാണു്, അതി

Digitized By Kerala Sahitya Akademi

കഠിനമായ രോഗം അമ്മിണിയെ ആനയിച്ചതു്. അവളെ ഒരാൾ വിവാഹം കഴിക്കുമെന്നു് ഇതുവരെ രവി ശങ്കിച്ചിട്ടുപോലുമില്ല. മാത്രമല്ല, അങ്ങനെ സംഭവിക്കില്ലെന്നു് അയാൾക്കു് അടിയുറച്ച വിശ്വാസവുമുണ്ടായിരുന്നു. ആ വിശ്വാസസൗധം ഇതാ, അടിതകർന്നിരിക്കുന്നു!

ആ ദാമ്പത്യജീവിതം സുഖകരമായിരിക്കുമോ? ലൈംഗികജീവിതത്തിൽ അപഭ്രംശം വന്നിട്ടുള്ള ഒരു യുവതിക്കു ഹൃദയപൂർവ്വം മാപ്പുകൊടുക്കുവാനും അവളെ ധർമ്മപത്നിയായി സ്വീകരിക്കുവാനും ഒരു പുരുഷനു സാധിക്കുമോ? സാധിച്ചാൽത്തന്നെ എപ്പോഴും ഒരു സംശയദുഷ്ടിയോടുകൂടിയായിരിക്കുകയില്ലേ അയാൾ അവളെ വീക്ഷിക്കുക? അയാളുടെ മനസ്സിനു സ്വൈരത കിട്ടുമോ? അങ്ങനെയുള്ള ഒരു പുരുഷനെ ഒരു സ്ത്രീ സ്നേഹിക്കുകയോ വെറുക്കുകയോ ചെയ്യുക? ആ പുരുഷനെ അവൾ ബഹുമാനിക്കുമോ?.....

ഈവക ചിന്തകൾ ഒന്നിനുപുറകേ മറ്റൊന്നായി പാഞ്ഞണഞ്ഞു് അയാളുടെ മസ്തിഷ്കത്തെ കുഴച്ചുമറിക്കാൻ തുടങ്ങി.

അയാൾ ആ ക്ഷണപത്രം ഒരിക്കൽക്കൂടി വായിച്ചു നോക്കി. അയാളുടെ മനസ്സു് എത്ര നിയന്ത്രിച്ചിട്ടും അല്പമൊന്നു വേദനിച്ചു. ഡോക്ടറോടു് അയാൾക്കു ക്ഷണനേരത്തേയ്ക്കു് അസൂയാത്മകമായ ഒരു വെറുപ്പു തോന്നി. അടുത്തനിമിഷത്തിൽ അതൊരു പരിഹാസത്തിന്റെ രൂപമെടുത്തു. പൗരുഷം തൊട്ടുതേച്ചിട്ടില്ലാത്ത വെറുമൊരു പെൺകൊതിയനല്ലേ ആ മനുഷ്യനെന്നുപോലും അയാൾ സംശയിച്ചു. ഡോക്ടർ!—അയാളെ അവളുലട്ടും. ക

Digitized By Kerala Sahitya Akademi

ണ്ണീർ കുടിപ്പിക്കും. വഞ്ചന അവളുടെ കൂടപ്പിറപ്പാണു്. അങ്ങനെ വരണം. ബുദ്ധിശൂന്യനായ ആ മനുഷ്യൻ അതെല്ലാം അനുഭവിക്കണം.....

അമ്മിണി!—അവൾ വിവാഹം കഴിക്കുന്നു. അവൾ ഒരു ഭാര്യയാകുന്നു. അവൾ ഇത്രയും നാൾ തനേറതായിരുന്നു. തനിക്കവൾ നഷ്ടപ്പെട്ടു. മറെറാരാൾ പൂണ്ണാവകാശിയായി. അവളും താനും ഇനി വെറും പരിചയക്കാർമാത്രം! തനിക്കൊരുകാലത്തു ഹൃദയപൂർവ്വം അവൾ സംഭാവന ചെയ്ത ആ യൗവനത്തിൻെറ സകല അനുഭൂതികളും അവൾ ആ പുതിയ മനുഷ്യനു് ഉപഹാരമായി അർപ്പിക്കുന്നു—

രവിക്കതു തീരെ രസിച്ചില്ല.

അവൾ എന്തിനു വിവാഹം കഴിക്കുന്നു? ഒരു പുരുഷൻെറ ചുമലിൽ എന്തിനവൾ പാറിക്കളിക്കുന്നു? അവൾക്കങ്ങനെ എന്തുകൊണ്ടിരുന്നു നരകിച്ചുകൂടാ? അങ്ങനെ അവിവാഹിതയായി നരകിച്ചുകൊണ്ടുള്ള ജീവിതമാണു്, വിവാഹിതയായി സുഖിക്കുന്നതിനേക്കാൾ, അവൾ നയിച്ചു കാണുവാൻ താൻ ഇഷ്ടപ്പെടുന്നതു്. ഒരുപക്ഷേ, ഇതു തനോടുള്ള ഒരു പ്രതികാരമല്ലെന്നാക്കറിയാം?—ഇനി താനവളെ കാണുമ്പോൾ.....അന്നവൾ വിജയഗർവ്വം നടിക്കുകയില്ലേ? ഒരിക്കൽ ഒരു ദാസിയെപ്പോലെ തൻെറ കാല്ക്കൽ വീണു കെട്ടിപ്പിടിച്ചു കരഞ്ഞ അവൾ അഹങ്കാരംതുളുമ്പിത്തുളുമ്പുന്ന കണ്ണുകളോടുകൂടിയായിരിക്കും ഇനി തന്നെ വീക്ഷിക്കുക. അവളുടെ പേരിൽ തനിക്കൊരു പരിതാപവുമില്ല. ഡോക്ടരോടുള്ള അവളുടെ ആ കൂറാസമ്മതം,

Digitized By Kerala Sahitya Akademi

തനിക്കവളുടെ ദാമ്പത്യജീവിതത്തിന്റെ നേക്കു പ്രയോഗിക്കുവാൻ സാധിക്കുമായിരുന്ന നശീകരണായുധങ്ങളിൽ അവസാനത്തേതുപോലും ധൂളീകരിച്ചിരിക്കുന്നു. സുരക്ഷിതമായ അവളുടെ ഭൂത്തിൽ അവൾക്കിനി അജയ്യയായി അഹങ്കരിക്കാം.....

ഈ ചിന്ത രവിക്കു സഹിക്കുവാൻ സാധിച്ചില്ല. അമ്മിണി ഒരു വിവാഹിതയാകുന്നതിൽ—മറെറാരാളുടെ പത്നിയായിത്തീരുന്നതിൽ—അത്ഭുതവും അനാശാസ്യവുമാണെങ്കിലും, അത്യല്പമായ കുണ്ഠിതം അയാൾക്കുതോന്നി.

അന്നു രവി പതിവിലും നേരത്തെ ആഫീസ്സിൽനിന്നു പോന്നു. അയാൾ ഭവനത്തിൽ ചെന്നു. വസ്ത്രങ്ങൾ മാറി, കാപ്പി കുടിച്ചു, കുറെ പണവും കൈവശമെടുത്തു നേരേ 'നാഷനൽബ്ബാറി'ലേയ്ക്കു തിരിച്ചു.....

അവിടെനിന്നു രാത്രി പത്തുമണിയോടുകൂടിയാണു രവി വീട്ടിൽ മടങ്ങിയെത്തിയതു്. അയാളുടെ കണ്ണുകൾ ചുവന്നു കലങ്ങിയിരുന്നു. കാലുകൾ നിലത്തുറച്ചിരുന്നില്ല. അങ്ങനെയൊരു മട്ടിൽ ആദ്യമായിട്ടാണു് മല്ലിക തന്റെ ഭർത്താവിനെ കാണുന്നതു്. അവൾ ഭയന്നുപോയി. ആദ്യം അവൾക്കൊന്നും മനസ്സിലായില്ല.....

രവി വന്ന വഴിയേ ഒരു ചാരുകസേരയിൽ വീണു. മല്ലിക സമീപം ചെന്നു.....അസഹ്യമായ ഒരു ദുർഗ്ഗന്ധം. ഭയചകിതമായ ഒരു സ്വരത്തിൽ കുണ്ഠിതത്തോടെ അവൾ ചോദിച്ചു.....

"നിങ്ങൾ ഇന്നു കുടിച്ചോ?"

Digitized By Kerala Sahitya Akademi

"ഉം, ഞാൻ കടിച്ചു....ഇനിയൊന്നും എന്നോട് ചോദിക്കണ്ട. പോയിക്കിടന്നോളൂ."

ആ സാധുയുവതിയുടെ ഹൃദയം നീറി! അനർത്ഥഗർത്തത്തിലേയ്ക്കുള്ള തന്റെ ഭർത്താവിന്റെ ആദ്യത്തെ കാൽവെപ്പാണതെന്നു് അവളുടെ ഹൃദയം മന്ത്രിച്ചു. അവൾ കിടുകിടുത്തുപോയി. അന്നവൾ പിന്നൊന്നുംതന്നെ ചോദിച്ചില്ല: ഏറ്റവും പ്രേമാർദ്രമായ രീതിയിൽ സപത്നിയെ കൈയ്യ് പിടിച്ചെഴുന്നേല്പിച്ചു് അവൾ കിടയ്ക്കയിൽ കൊണ്ടുപോയി കിടത്തി.....അല്പനേരത്തിനുള്ളിൽ രവി ഉറങ്ങിപ്പോയി. മല്ലികയ്ക്കുനു് കരുപോള കണ്ണടയ്ക്കാൻ കഴിഞ്ഞില്ല.....

പിറേറദിവസം രവി നീണ്ട ഒരു കത്തും ഏതാനും സമ്മാനങ്ങളും ഡോക്ടർ സുകുമാരമേനോനയച്ചുകൊടുത്തു. മനസ്സാക്ഷിയെ വഞ്ചിച്ചിട്ടുള്ള ഒരു കത്തായിരുന്നു അതു്. ആ കത്തിൽ ഡോക്ടറെ ഹൃദയപൂർവ്വം അനുമോദിക്കുകയും രവി ആ മനുഷ്യന്റെ ഏറ്റവും അടുത്ത സുഹൃത്തായി ആജീവനാന്തം വർത്തിക്കുന്നതാണെന്നുറപ്പുകൊടുക്കുകയും ചെയ്തിരുന്നു.....മല്ലികയെ ഇതൊന്നുംതന്നെ അയാൾ അറിയിച്ചില്ല.

നാലു്

"അമ്മിണീ, ഈ മനുഷ്യനെ അമ്മിണി അറിയുമോ?"—എന്നു ചോദിച്ചുകൊണ്ടു് ഒരു ദിവസം വൈകുനേരം ഡോക്ടർ സുകുമാരമേനവൻ വരാന്തയിലേയ്ക്കു കയറി. അദ്ദേഹത്തിന്റെ കൂടെ സുഭഗനായ ഒരു യുവാവുകൂടിയുണ്ടായിരുന്നു.

Digitized By Kerala Sahitya Akademi

അവർ ഡോക്ടരെ കാത്തുകൊണ്ടു വാതിൽക്കൽത്തന്നെ നില്ക്കുകയായിരുന്നു. ആ പുതിയ മനുഷ്യന്റെ മുഖത്തവർ സൂക്ഷിച്ചുനോക്കി. ആ മുഖം അവർക്കു വളരെ പരിചയമുള്ളതാണു്. കണ്ണിമയ്ക്കാതെ അവർ അല്പനേരത്തേയ്ക്കങ്ങനെ നോക്കിക്കൊണ്ടിരുന്നു. മേനവൻ പുഞ്ചിരിതൂകിനിന്നതേയുള്ളു.

"എന്താ അമ്മിണീ, അറിയില്ലേ?"—ആഗതൻ കരുമന്ദസ്മിതത്തോടെ ചോദിച്ചു.....ആ സ്വരം.....ചെട്ടെന്നവർക്കു മനസ്സിലായി. അവർക്കത്ഭുതം തോന്നി. അവർ പൊട്ടിച്ചിരിച്ചുകൊണ്ടു് അല്പം ജാള്യതയോടെ പറഞ്ഞു:

"അയ്യോ, ആളെത്ര മാറിപ്പോയിരിക്കുന്നു!—എനിക്കാദ്യം തീരെ മനസ്സിലായില്ല, കെട്ടോ!"—

അവർക്കു വലിയ സന്തോഷം തോന്നി.

"ഇരിക്കണം, മിസ്റ്റർ കേശവപിള്ളേ!.....അമ്മിണീ, ഞങ്ങൾക്കു വിശപ്പു സഹിക്കവയ്യ. വല്ലതും ഉടനെ തന്നില്ലെങ്കിൽ....."

"ഈ കസേരയും മേശയുമൊക്കെ അങ്ങു വിഴുങ്ങിക്കളയും, അല്ലേ?"—അവർ ചിരിച്ചുകൊണ്ടു ചോദിച്ചു.

"കസേരയും മേശയും മാത്രമല്ല അമ്മിണിയേയും പക്ഷേ വിഴുങ്ങിയേയ്ക്കും....അത്ര വിശപ്പുണ്ടു്."

"ഏതായാലും അതൊന്നും വേണ്ട. ഇപ്പോൾ കാപ്പി തയ്യാറാകും. തിളപ്പിച്ചുവെച്ചിരുന്നാൽ ആറിപ്പോയെങ്കിലോ എന്നു കരുതിയാണു്.....ഇതാ ഇപ്പോൾ കൊണ്ടുവന്നേയ്ക്കാം," എന്നു പറഞ്ഞു് അവർ അകത്തേയ്ക്കു പോയി.

Digitized By Kerala Sahitya Akademi

ഡോക്ടർ കേശവപിള്ളയ്ക്കഭിമുഖമായി മറെറാരു ചാരുകസേരയിൽ കിടന്നു.

"അപ്പോൾ, നാളെ രാവിലെത്തന്നെ പോകണമെന്നു നിർബ്ബന്ധമാണോ? ഒരാഴ്ചയെങ്കിലും ഇവിടെ താമസിച്ചിട്ടു പോയാൽ പോരേ? ലീവു് എഴുതിയയച്ചാൽ മതിയല്ലോ."

"അയ്യോ, പോരാ!" കേശവപിള്ള പറഞ്ഞു: "ഞാൻ വെക്കേഷൻകാലത്തു് ഒരാഴ്ചയല്ല, ഒരു മാസം വന്നു താമസിച്ചുകൊള്ളാം. സൗദാമിനിയെയും കൊണ്ടുവരാം. ഇപ്പോൾ കുട്ടികൾക്കു സെലക്ഷൻടൈമാണു്. മറന്നാൽ കോളേജുണ്ടു്. പോകാതെ നിവൃത്തിയില്ല."

"സൗദാമിനിക്കു സുഖംതന്നെയോ?"

"അതേ, സുഖംതന്നെ."

"പ്രസവിച്ചില്ലേ?...."

"ഉവ്വു്, ഒരു കുട്ടിയുണ്ടു്. ആറു മാസമായി."

"എന്താ കുട്ടിയുടെ പേരു്?"

"രവീന്ദ്രനാഥൻ."

"അല്ലാ, അപ്പോൾ നമ്മുടെ രവിയുടെ പേർതന്നെയാണല്ലോ."

"അതേ, രവി എന്റെ ഏറ്റവും അടുത്ത സ്നേഹിതനാണു്."

"അതെനിക്കറിയാം.....അമ്മിണി എല്ലാമെന്നോടു പറഞ്ഞിട്ടുണ്ടു്."

കേശവപിള്ളയുടെ മുഖം ഒരു നിമിഷത്തേയ്ക്കു വിളറിപ്പോയി. അതു മറയ്ക്കുവാൻ കീഴോട്ടു കുനിഞ്ഞു നിലത്തു

Digitized By Kerala Sahitya Akademi

കിടന്നിരുന്ന ഒരു കത്തിച്ച തീപ്പെട്ടിക്കൊള്ളി കൈയിലെടുത്തുകൊണ്ടു പറഞ്ഞു:

"ഞങ്ങളുടെ സ്നേഹത്തിന്റെ സ്മരണയ്ക്കായി ഞാൻ ആ പേരുതന്നെ ഇട്ടു."

"രവി നാട്ടിൽ വന്നിരുന്നല്ലോ. കണ്ടില്ലേ?"

"കണ്ടില്ലേ എന്നാ? പോകുന്നതുവരെ ഞങ്ങൾ ഒന്നിച്ചായിരുന്നു."

"സൗദാമിനി എന്റെ ഒരകന്ന ചാച്ചിക്കാരിയാണു്. ഒരുവഴിയിൽ, ഒരു മരുമകൾ."

"അതെ, എനിക്കറിയാം. സൗദാമിനി എന്നോടു പറഞ്ഞിട്ടുണ്ടു്."

"രവിയുടെ കത്തുകൾ ഇടയ്ക്കിടെ വരാറുണ്ടു്. ഞാൻ ഒരു പ്രാവശ്യമേ കണ്ടിട്ടുള്ളൂ...."

"അന്നു് ആശുപത്രിയിൽ വന്നിരുന്നപ്പോൾ—"

"അതേ. ഇപ്പോൾ കത്തുമൂലം ഞങ്ങൾ വളരെ അടുത്ത സുഹൃത്തുക്കളായിത്തീർന്നിരിക്കുന്നു....ആട്ടെ, എന്താണു് ഞങ്ങളുടെ വിവാഹത്തിനു വരാതിരുന്നതു്?"

"ഞാൻ എഴുത്തയച്ചിരുന്നില്ലേ? എക്സാമിനേഷൻ ടൈമായിരുന്നല്ലോ. എനിക്കു സൂപ്പർവിഷൻവക്കുണ്ടായിരുന്നു. വരാൻ തരപ്പെടാഞ്ഞതിൽ എനിക്കു കുണ്ഠിതമുണ്ടു്."

"ഏതായാലും അയച്ച സമ്മാനം ഇവിടെ കിട്ടി...." ഒരു പുഞ്ചിരിയോടെ ഡോക്ടർ പറഞ്ഞു.

"സുഖക്കേടു ഭേദമായതിനുശേഷം അമ്മിണി വളരെ നന്നായിട്ടുണ്ടു്." കേശവപിള്ള അഭിപ്രായപ്പെട്ടു.

Digitized By Kerala Sahitya Akademi

"അതേ." ഡോക്ടർ അനുകൂലിച്ചു. "ഈ ടൈഫോയ്ഡ്ഫീവറിന്റെ ഒരു സ്വഭാവമാണതു്. രക്ഷപ്പെട്ടുകിട്ടിയാൽ ജയിച്ചു; കുറച്ചെന്തെങ്കിലും രക്ഷ ചെയ്താൽ ശരീരത്തിനു പിന്നീടു നല്ല പുഷ്ടി കിട്ടും."

"രക്ഷപ്പെട്ടുമെന്നു് അന്നാരും പറഞ്ഞിരുന്നതല്ല."

"ഈശ്വരൻ എന്നെ സഹായിച്ചു. എനിക്കവളെ തരുവാനായിട്ടാണു് അദ്ദേഹം രോഗം പിടിപ്പിച്ചു് അവളെ എന്റെ ശുശ്രൂഷയ്ക്കായി കൊണ്ടുവന്നതു്....ഇപ്പോൾ കുറച്ചധികം തടിച്ചിരിക്കുന്നു.....ഗർഭമാണു്.....പാവം. കേശവപിള്ളേ, സത്യം പറഞ്ഞാൽ എനിക്കുപോലും അന്നു വിശ്വാസമില്ലായിരുന്നു, അവൾ ജീവിക്കുമെന്നു".."

"അമ്മിണി ദൈവാധീനമുള്ളവളാണു്." കേശവപിള്ള പ്രസ്താവിച്ചു.

"ഏതായാലും, എന്റെ ജീവിതത്തിൽ അവൾ എനിക്കൊരു വലിയ സഹായമായിത്തീർന്നിട്ടുണ്ടു്. അവളെ കണ്ടുമുട്ടിയില്ലായിരുന്നെങ്കിൽ ഒരിക്കലും ഞാനിത്ര മനഃശാന്തിയോടുകൂടി ജീവിക്കുമായിരുന്നില്ല." ഡോക്ടർ കൃതജ്ഞതാസാന്ദ്രമായ അഭിമാനത്തോടെ അറിയിച്ചു.

"ചേട്ടൻ വല്ലാതെ ക്ഷീണിച്ചിരിക്കുന്നല്ലോ!"—കേശവപിള്ള അഭിപ്രായപ്പെട്ടു.

ഡോക്ടർ ചിന്താധീനനായി. അതുവരെ പ്രസന്നമായിരുന്ന ആ മുഖം പെട്ടെന്നൊന്നു വിളറി. ആ കണ്ണുകളിൽ ഒരു ശോകച്ഛായ പരന്നു. തന്റെ പ്രസ്താവം അബദ്ധമായിപ്പോയോ എന്ന ഭയം കേശവപിള്ളയെ ബാധിച്ചു.....

Digitized By Kerala Sahitya Akademi

"കേശവപിള്ളേ, ഞാൻ ക്ഷീണിച്ചിട്ടുണ്ടു്." താണ സ്വരത്തിൽ ഡോക്ടർ പറഞ്ഞു. "എനിക്കു തീരെ ശരീര സുഖമില്ല.....എന്നാൽ ഇനി ഞാൻ ജീവിച്ചിരിക്കുമെന്നും എനിക്കു വിശ്വാസമില്ല.....അമ്മിണിയെക്കുറിച്ചോർക്കുമ്പോൾ എനിക്കു മരണത്തിൽ വലിയ കുണ്ഠിതമുണ്ടു്."

"ഓ, അത്ര വലിയ സുഖക്കേടു വല്ലതും ചേട്ടനുണ്ടോ?"—കേശവപിള്ള ഇടയ്ക്കു കയറിച്ചോദിച്ചു.

"ഉണ്ടു്," എന്നു പറഞ്ഞുകൊണ്ടു ഡോക്ടർ അകത്തേയ്ക്കു് കണ്ണെത്തിച്ചുനോക്കി. അമ്മിണി വരുന്നില്ലെന്നു കണ്ടു് അയാൾ വളരെ താഴ്ന്ന സ്വരത്തിൽ തുടർന്നു: "എന്റെ സുഖക്കേടു് എന്താണെന്നറിയാമോ?"

"ഇല്ല. എന്താണു്?"—കേശവപിള്ള ഉൽക്കണ്ഠയോടെ തിരക്കി.

"ക്ഷയം!—പാവം അമ്മിണി; അവൾക്കറിഞ്ഞുകൂടാ! അവൾ സദാ ആനന്ദഭരിതയായി എന്റെ പരിചര്യകളിൽമാത്രം ശ്രദ്ധിച്ചുകൊണ്ടു യാതൊരു ചിന്താഭാരവുമില്ലാതെ ജീവിക്കുകയാണു്. അടുത്തു വരാൻപോകുന്ന ആ ഭയങ്കരമായ ആപത്തിനെക്കുറിച്ചു് അവൾ ഒന്നും അറിയുന്നില്ല. അവളെ വിവാഹം കഴിക്കുന്നതിനു മുൻപുതന്നെ എന്റെ ആയുസ്സിനെസ്സംബന്ധിച്ചു് ഒരു സൂചന ഞാനവൾക്കു നല്കുകയുണ്ടായി. പക്ഷേ, അവൾ അതിന്റെ ഗൗരവത്തെക്കുറിച്ചു ചിന്തിച്ചിട്ടില്ല. അവളുടെ ഭാവിയെക്കുറിച്ചോർക്കുമ്പോൾ എന്റെ ഹൃദയം തകരുന്നു. പക്ഷേ, കണ്ണും ഞാൻ പുറമേ ഭാവിക്കാറില്ല. എല്ലാം ഉള്ളിലടക്കി

Digitized By Kerala Sahitya Akademi

ക്കൊണ്ടു്, പ്രസന്നവദനനായി ഞാൻ അവളോടൊപ്പം കളിച്ചു ചിരിച്ചുങ്ങനെ കഴിയുകയാണു്. എന്നാൽ ഇതെത്രനാൾ നീണ്ടുനില്ക്കുമെന്നു്—അതേ, അക്കാര്യത്തിൽ കേശവപിള്ളയോടു ഞാൻ യോജിക്കുന്നു. കോൺഗ്രസ്സിന്റെ ശക്തി നാൾക്കുനാൾ വർദ്ധിച്ചുവരികയാണു്. ഈ തെരഞ്ഞെടുപ്പിൽ....”

അമ്മിണിയുടെ കാലൊച്ച അകത്തു കേട്ടമാത്രയിൽ ഡോക്ടർ സംസാരവിഷയം പെട്ടെന്നു മാറിക്കളഞ്ഞു. അവൾ കാപ്പിയും പലഹാരവുമായി എത്തി. രണ്ടു പേർക്കും അവൾ വിളമ്പിക്കൊടുത്തു. അവരുടെ സംസാരം ഇതര വിഷയങ്ങളിലേയ്ക്കു കടന്നു. ആ പഴയ സുഹൃത്തിന്റെ അപ്രതീക്ഷിതമായ ആവിർഭാവത്തിൽ അമ്മിണിയുടെ ഹൃദയം ആനന്ദനൃത്തം ചെയ്തുകൊണ്ടിരുന്നു. അതീതകാലങ്ങളിലെ ചില മധുരസ്മരണകൾ അവളെ പുളകംകൊള്ളിച്ചു. എന്നാൽ അതിനിടയിൽ അതേ സ്മൃതികളിൽനിന്നും ഉടലെടുത്ത മറ്റു ചില സംഭവചിത്രങ്ങൾ അവളെ വേദനിപ്പിക്കാതിരുന്നില്ല. അവർ ഓരോന്നു സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ, എത്ര തടുത്തിട്ടും അടങ്ങിനില്ക്കാതെ, അവളുടെ ഹൃദയം ഏതോ അപരിചിതങ്ങളായ ചില വിദൂരതകളിൽ ചുറ്റിപ്പറന്നുകൊണ്ടിരുന്നു.....അവിടെ ഒരോമനക്കുഞ്ഞിനെ തോളത്തെടുത്തു സുന്ദരിയായ ഒരു യുവതിയോടു സല്ലപിച്ചുകൊണ്ടിരിക്കുന്ന ഒരാളെ അവളുടെ സങ്കല്പം വരച്ചുകാണിച്ചു.....ധൂമികാവലയത്താൽ പരിവേഷ്ടിതമായ ഒരു ചിത്രം!—അതാരാണു്?

അവളുടെ മനസ്സൊന്നു ഞെട്ടി.....കഴിഞ്ഞ പാ

Digitized By Kerala Sahitya Akademi

ത്രങ്ങളും എടുത്തുകൊണ്ടു് അവൾ വീണ്ടും മൂകമായി അകത്തേയ്ക്കു കടന്നുപോയി.....

അഞ്ചു്

വർഷം മൂന്നു കഴിഞ്ഞു. അമ്മിണിക്കിന്നൊരു കൊച്ചുമകനുണ്ടു്. മിടുമിടുക്കനായ ഒരോമനക്കുട്ടൻ. മുരളി എന്നാണവന്റെ പേർ.

എന്നാൽ അവന്റെ ജനനത്തോടുകൂടി, പ്രശാന്തമായ ദാമ്പത്യത്തിന്റെ സുവർണ്ണദീപ്തിയിൽ ആറാടിനിന്ന ആ ഗൃഹത്തിൽ, എവിടെനിന്നാവോ, ഒരു വിഷാദത്തിന്റെ കരിനിഴൽ കടന്നെത്തിയിട്ടുണ്ടു്. പ്രകാശപൂരിതമായ ആ അന്തരിക്ഷത്തിൽ അവിചാരിതമായി ഒരു മങ്ങൽ ബാധിച്ചിട്ടുണ്ടു്.

ഡോക്ടർ സുകുമാരമേനവൻ തീരെ കിടപ്പായിട്ടു് ഏതാണ്ടൊരു കൊല്ലത്തോളമായി. ദിനംപ്രതി അസ്വാസ്ഥ്യം വർദ്ധിച്ചുവരികയാണു്. വിദഗ്ധന്മാരായ പല ഡോക്ടർമാരും പരിശോധിച്ചുനോക്കി. ചികിത്സ മുറയ്ക്കു നടക്കുന്നുണ്ടു്. പക്ഷേ രോഗത്തിനു് അണുപോലും ശമനമുണ്ടാകുന്നില്ല. താൻ ഇനി അധികനാൾ ജീവിച്ചിരിക്കില്ലെന്നും കാരോടിവസം കഴിയുന്തോറും താൻ ശവകുടീരത്തോടടുക്കം അടുക്കുകയാണെന്നും സുകുമാരമേനവനു തോന്നി. അതു ഡോക്ടർമാരെ നിരാശപ്പെടുത്തി. പക്ഷേ അവർ അമ്മിണിയുടെ മുൻപിൽ അതൊട്ടുംതന്നെ ഭാവിച്ചില്ല. രോഗം ഭേദപ്പെട്ടുവരുന്നുണ്ടെന്നും ആശങ്കാജനകമായിട്ടൊന്നുംതന്നെയില്ലെന്നും ഉറപ്പിച്ചുപറഞ്ഞു് അവർ അവളെ സാന്ത്വനിപ്പിച്ചു.....

Digitized By Kerala Sahitya Akademi

ഇങ്ങനെയെല്ലാമാണെങ്കിലും അമ്മിണിക്കൊരു ഭ്ര തോടയമുണ്ടു്—അടുത്ത ഭാവിയിൽ അവൾ അശരണയാ യിത്തീരുമെന്നു്; ഏകാന്തതയിൽ, തന്റെ വൈധവ്യദുഃ ഖവും പേറി ജീവിതത്തെ ശപിച്ചുകൊണ്ടു കഴിഞ്ഞുകൂടേ ണ്ടിവരുമെന്നു്. ഇതവളുടെ ഹൃദയത്തെ വല്ലാതെ വ്രണ പ്പെടുത്തി. രാപ്പകൽ ഇളവില്ലാതെ അവൾ ഭർത്താവിനെ ശുശ്രൂഷിച്ചുകൊണ്ടിരുന്നു. പക്ഷേ, മുരളിയുടെ ജനനത്തി നുശേഷം, എപ്പോഴും ഒരു വിഷാദച്ഛായയല്ലാതെ ആ മു ഖത്തു് അവൾ കണ്ടിട്ടില്ല. സദാ പുഞ്ചിരിതൂകിക്കൊ ണ്ടിരുന്ന ആ മുഖത്തു് അതിൽപ്പിന്നീടു് ഒരു നേരിയ മ ന്ദസ്മിതാങ്കുരംപോലും സ്ഫുരിച്ചിട്ടില്ല.....അതെന്തുകൊ ണ്ടു്? കാരണം അവൾക്കറിയാം. സ്വകാന്തന്റെ പരമ നിർമ്മലമായ ഹൃദയപുഷ്പത്തെ കരണ്ടെടുക്കുന്ന ആ അസ്വ സ്ഥതയുടെ വിഷകീടം ഏതാണെന്നവൾക്കു നിശ്ചയമു ണ്ടു്. എന്നാൽ അതിനെ നിവാരണം ചെയ്യുകൂടേ? എ ങ്ങിനെ? നിവൃത്തിയില്ല!

ആ ആത്മക്ഷതത്തിനു കാരണക്കാരൻ മുരളിയായി രുന്നു—അവളുടെ ജീവനും ജീവനായ കാമനപ്പുത്രൻ.....

അതാ, ആ കോമളാകാരനായ ബാലൻ കളിപ്പാട്ട ങ്ങൾ വലിച്ചെറിഞ്ഞിട്ടു് ഓടിവന്നു് അമ്മയുടെ സാരിത്തു മ്പിൽ തൂങ്ങിപ്പിടിക്കുന്നു. അവന്റെ മുഖത്തേയ്ക്കു് കുറെ സൂക്ഷിച്ചുനോക്കൂ. ആ ചുരുണ്ട തലമുടി, അഗ്രഭാഗം അ ല്പം കീഴോട്ടു വളഞ്ഞ ആ തത്തച്ചുണ്ടൻമൂക്കു്, ആ കൊച്ചു ചെവികൾ, മന്ദസ്മിതമധുരങ്ങളായ ആ ചുവന്ന അധര പുടങ്ങൾ, ആ മുഖച്ഛായ—സൂക്ഷിച്ചുനോക്കൂ അതു രവീ ന്ദ്രന്റെ കുട്ടിയല്ലെന്നാർ പറയും? അവൻ വളർന്നുവരട്ടെ;

Digitized By Kerala Sahitya Akademi

രവീന്ദ്രനെ കാണാത്തവർ അവനെ കണ്ടാൽമാത്രം മതിയാകും. ഇതെങ്ങനെ സംഭവിച്ചു?.....

ആ കുമാരനാണു് ഡോക്ടർ സുകുമാരമേനവന്റെ രോഗത്തെ തീക്ഷ്ണമായി വലിപ്പിച്ചതു്. അവന്റെ പിതൃസ്ഥാനം ഡോക്ടക്കാണു്. പക്ഷേ, അവൻ ഡോക്ടരുടെ പുത്രനാണോ?—അതേ, അതിൽ സംശയിക്കുവാനില്ല. സുകുമാരമേനവൻ അമ്മിണിയെ വിവാഹം കഴിക്കുന്ന കാലത്തു രവീന്ദ്രൻ കല്ക്കത്തയിലായിരുന്നല്ലോ: അയാൾ നാട്ടിൽ വന്നു പോയിട്ടു നാലു കൊല്ലത്തോളമായി. മുരളിക്കു രണ്ടര വയസ്സായിട്ടേ ഉള്ളു.

അമ്മിണിയുടെ ഹൃദയമാണു് അധികം നീറിപ്പിടിച്ചതു്. തന്റെ അരുമപ്പൈതലിന്റെ ജനയിതാവു ഡോക്ടർതന്നെയാണു്. അദ്ദേഹത്തിനക്കാര്യം നിശ്ചയമുണ്ടു്—എന്നിട്ടും ഒരു സംശയം. രവിക്കു രഹസ്യമായി മടങ്ങിയെത്താൻ പാടില്ലെന്നില്ലല്ലോ. ഒരു പക്ഷേ, അദ്ദേഹം അങ്ങനെ സംശയിക്കുന്നില്ലെന്നാക്കറിയാം? പാവം, അമ്മിണി! അവൾ എന്തു ചെയ്യാനാണു്? യാതൊരപരാധവും പ്രവർത്തിക്കാതെ കുറക്കാരിയാവുക!.....

സുകുമാരമേനവനു് അവളോടുള്ള പെരുമാറ്റത്തിൽ യാതൊരു വ്യത്യാസവും ഉണ്ടായിട്ടില്ല. സഹജീവനേക്കാൾ ആ കാരുണ്യവാനു് അവളോടു സ്നേഹമുണ്ടു്. കരക്ഷരം പോലും അവളോടിതുവരെ മുഴുത്തു സംസാരിച്ചിട്ടില്ല. ആ സ്നേഹം അമ്മിണിയെ അത്ഭുതപ്പെടുത്തി. ഡോക്ടരുടെ മൗനം അവളെ പൊള്ളിച്ചു.....

....അദ്ദേഹത്തിന്റെ സംശയം വാഗ്രൂപത്തിൽ പെ

Digitized By Kerala Sahitya Akademi

ളിപ്പെടുത്തിയിരുന്നെങ്കിൽ! തന്നോടു കായ്ങ്ങളെല്ലാം തുറന്നു ചോദിച്ചിരുന്നെങ്കിൽ! നിരപരാധിയായ തന്നെ നിർദ്ദയം കുറക്കാരിയാക്കി അദ്ദേഹം തന്റെ തലമുടിക്കു പുറിപ്പിടിച്ചു നിലത്തിട്ടിഴച്ചിരുന്നെങ്കിൽ!—എങ്കിൽ തനിക്കിത്ര സങ്കടമുണ്ടാകുമായിരുന്നില്ല. സ്നേഹത്തിൽ പൊതിഞ്ഞ സംശയഗ്രസ്തമായ ഈ മൗനമാണു് തനിക്കു സഹിക്കാൻ സാധിക്കാത്തതു്.....

നാൾക്കുനാൾ മേനവന്റെ രോഗം വർദ്ധിച്ചുവന്നു. ഡോക്ടർമാരിൽ മിക്കവരും കൈയൊഴിഞ്ഞു. അമ്മിണിക്കു സഹിക്കാതായി. ഇതൊന്നുമറിയാത്ത മുരളി ലീലാലോലുപനായിക്കഴിഞ്ഞുകൂടുന്നു. രവിയുടെ കത്തുകൾ കൂടക്കൂടെ വരുന്നുണ്ടു്; ഡോക്ടർ സന്തോഷപൂർവ്വം അവയെല്ലാം അവളെ വായിച്ചു കേൾപ്പിക്കാറുണ്ടു്; എല്ലാറ്റിനും മറുപടി അയയ്ക്കാറുമുണ്ടു്.

അമ്മിണിയുടെ ഹൃദയത്തിൽ രവിയോടു് ഒരു വെറുപ്പു തോന്നി. അയാളെ അവൾ ശപിച്ചു.....

....രവി അമ്മിണിയുടെ ഗൃഹത്തിൽ അതിഥിയായി വന്നു. ഡോക്ടർ സസന്തോഷം അയാളെ സ്വീകരിച്ചു. അമ്മിണി അയാളോടു് ഒന്നു മിണ്ടുകപോലും ചെയ്തില്ല. ഡോക്ടർ അക്കാര്യത്തിൽ അവളോടു പരിഭവിച്ചു....ഉടൻ പോയി കാപ്പി തയ്യാറാക്കി രവിക്കു കൊണ്ടുവന്നുകൊടുക്കണമെന്നു് അദ്ദേഹം അവളെ നിർബ്ബന്ധിച്ചു. തന്നെക്കൊണ്ടു് അതു കഴിയുകയില്ലെന്നും ആ മനുഷ്യനെ താൻ അവിടെനിന്നും ആട്ടിപ്പുറത്താക്കുമെന്നും അവൾ പറഞ്ഞു. അതു കേട്ടു ഡോക്ടർക്കു കലശലായ കോപം വന്നു.

Digitized By Kerala Sahitya Akademi

അന്നാദ്യമായി അവർ കലഹിച്ചു.....ഗത്യന്തരമില്ലാതെ ഡോക്ടർ രവിയുടെ സമീപത്തേയ്ക്കു മടങ്ങിപ്പോയി..... അവർ തൊട്ടതൊട്ടിരുന്നു് ഓരോന്നു സംസാരിക്കുകയാണു്. രവിയെ ഇല്ലാതാക്കണമെന്നു് അവൾ നിശ്ചയിച്ചു. അടുക്കളയുടെ മൂലയിൽ ഒന്നാംതരം ഒരു വെട്ടുകത്തി കിടക്കുന്നുണ്ടു്. മരണത്തെക്കൊണ്ടു തന്നെ കബളിപ്പിച്ചു തന്റെ ജീവിതം ശോചനീയമായ ഈ നിലയിൽ എത്തിച്ച ആ ഹൃദയശൂന്യനെ തുണ്ടംതുണ്ടമാക്കി അരിഞ്ഞുവീഴ്ത്തി സപത്നീകാമുകന്റെ സന്നിധിയിൽ അദ്ദേഹത്തോടുള്ള അകൈതവമായ സ്നേഹം വെളിപ്പെടുത്തണമെന്നവൾ നിശ്ചയിച്ചു.....കട്ടം താമസമുണ്ടായില്ല, വെട്ടുകത്തിയും കൈയിൽപ്പിടിച്ചു്, അവൾ അവരുടെ മുൻപിലേയ്ക്കു ചാടിവീണു.....

അവൾ നിമിഷം നേരം അവരുടെ മുഖത്തു മാറിമാറി നോക്കി. ഡോക്ടരുടെ മുഖം രക്തശൂന്യവും വിഷാദഭരിതവുമായിരുന്നു. രവിയുടെ മുഖം പ്രസന്നമാണു്. ആ ചുണ്ടിൽ ഒരു പുഞ്ചിരിയുണ്ടു്. അയാൾക്കു് ഒരു ക്ഷോഭവുമില്ല. അയാളുടെ കണ്ണുകളിൽ സപരിഹാസം മന്ദഹസിക്കുന്നു. അവൾ കത്തിയുയർത്തി. പക്ഷേ രവിയേയല്ല, സുകുമാരമേനവനെയാണു് അവൾ വെട്ടിയതു്. ആ അസ്ഥിമാത്രശരീരൻ കുഴഞ്ഞറു നിലംപതിച്ചു. രവീന്ദ്രൻ നിമിഷത്തിനുള്ളിൽ അവിടെനിന്നും പറപറന്നു.....

"അയ്യോ, അയ്യോ," എന്നവൾ വാവിട്ടു നിലവിളിച്ചു.

"എന്താണമ്മിണീ, എന്താണിതു്?"—മേശപ്പുറത്തു തലവെച്ചുറങ്ങുന്ന വിളക്കിലെ തിരി കിടന്ന കിടപ്പിൽ

Digitized By Kerala Sahitya Akademi

ത്തന്നെ നിട്ടിക്കൊണ്ടു സുകുമാരമേനോൻ അമ്പരപ്പോടെ ചോദിച്ചു.

"ഞാൻ അങ്ങയെ കൊന്നു....കൊന്നു. വെട്ടിക്കൊന്നു.....ഇല്ലേ? കൊന്നില്ലേ?"—അവൾ കണ്ണു തുറന്നു.

"അമ്മിണീ, എന്തു ഭ്രാന്താണീ പറയുന്നതു്?" ഡോക്ടർ ചോദിച്ചു.

അമ്മിണിക്കു വസ്തുസ്ഥിതികൾ അവയുടെ യഥാർത്ഥ രൂപത്തിൽ മനസ്സിലായി. അവൾ അടിമുടി വിയർത്തിരുന്നു. ഹൃദയം ശക്തിയായി മിടിക്കുന്നുണ്ടു്.

"അയ്യോ, ഞാനെന്തോ സ്വപ്നം കണ്ടു." അവൾ ജാള്യതയോടെ സമ്മതിച്ചു.

"രണ്ടുമൂന്നു ദിവസമായില്ലേ നല്ലപോലൊന്നുറങ്ങിയിട്ടു്? ഞാൻ പറയാറില്ലേ, ഇങ്ങനെ ഉറക്കമിളച്ചിരിക്കരുതെന്നു്? എന്തു പറഞ്ഞാലും അമ്മിണി കേൾക്കില്ല." ഡോക്ടർ ആവലാതിപ്പെട്ടു.

അന്നു് അവൾക്കു പിന്നെ കണ്ണടയ്ക്കാൻ കഴിഞ്ഞില്ല.....

ആ സ്വപ്നത്തിനുശേഷം അമ്മിണി രവീന്ദ്രനെ കൂട്ടത്തിൽ വെറുക്കാൻ തുടങ്ങി.....

രവീന്ദ്രന്റെ അന്നു വന്ന കത്തിനു മറുപടി അയയ്ക്കേണ്ടിയിരുന്നു. ഡോക്ടർ പറഞ്ഞുകൊടുത്തു അവൾ അതുപടി എഴുതി. കണ്ണുനീരുകൂടിയാണവൾ അതെഴുതിത്തീർത്തതു്. ഡോക്ടർ ആ കത്തിൽ ആസന്നമായ തന്റെ അന്തിമമുഹൂർത്തത്തെക്കുറിച്ചു സൂചിപ്പിച്ചിരുന്നു. അതവൾക്കു സഹിച്ചില്ല.

Digitized By Kerala Sahitya Akademi

അവർ ആ കത്തുമായി തന്റെ സ്വന്തം മുറിയിലേയ്ക്കു പോയി. ആ കത്തൊരിക്കൽക്കൂടി അവർ വായിച്ചു. കണ്ണുനീർ അവളുടെ രണ്ടു കവിളുകളിലുംകൂടി ധാരധാരയായി ഒഴുകി. പെട്ടെന്നു തീക്ഷ്ണമായ ഒരു കോപജ്വാല അവളുടെ ഹൃദയത്തിൽ ആളിപ്പടർന്നു.....

കത്തെഴുതിയ കടലാസ്സിന്റെ ഒരു വശത്തു കുറെ സ്ഥലം ഒന്നുമെഴുതാതെ ഒഴിഞ്ഞുകിടപ്പുണ്ടു്. അതിൽ അവർ ഇങ്ങിനെ കുത്തിക്കുറിച്ചു:

"നീച!—എന്റെ പ്രാണതുല്യനായ ഭർത്താവിനെ ക്കൊണ്ടു നീയീ കത്തെഴുതിച്ചു. എന്നെ നശിപ്പിച്ചവനാണു് നീ. നീയെന്നെ ഈ നിലയിലാക്കി. നീമൂലം എന്റെ പരമസാധുവായ ഭർത്താവിന്റെ പനിനീർപ്പൂപോലുള്ള മനസ്സു നീറുകയാണു്. ദ്രോഹീ, നീയിതറിയുന്നുണ്ടോ? നീ സുഖിക്കുന്നു. ഞങ്ങൾ നരകിക്കുന്നു. വിഷകീടമേ, നീയീ പാപം എന്നനുഭവിച്ചുതീർക്കും? നരകത്തിന്റെ അവതാരമേ, നിന്നെ ഞാൻ വെറുക്കുന്നു. ഒരു വിഷസർപ്പത്തേക്കാൾ അധികമായി നിന്നെ ഞാൻ വെറുക്കുന്നു. നീ നശിച്ചുപോകട്ടെ!....."

എഴുതിത്തീർത്തു് ഒരിക്കൽക്കൂടി അവളതു വായിച്ചു. അവൾ നടുങ്ങിപ്പോയി. വീണ്ടും അവൾ കരഞ്ഞു. പെട്ടെന്നു പേനയെടുത്തു് എഴുതിയ ഓരോ അക്ഷരവും അവൾ മായ്ച്ചു—വായിക്കാൻ സാധിക്കാത്തവിധം വെട്ടി. ആ കത്തു് ആകപ്പാടെ അത്യന്തം വികൃതമായി.....അവൾ വേറൊരു നല്ല കടലാസു് എടുത്തു് ആ കത്തു വീണ്ടും വൃത്തിയായി പകർത്തി. ഡോക്ടർ പറഞ്ഞുകൊടുത്ത വാച

Digitized By Kerala Sahitya Akademi

കണ്ണുള്ളാതെ ഒരൊറ വാക്കുപോലും അവൾ സംസാരിച്ചില്ല. അനന്തരം ലക്കോട്ടിലിട്ട പശുവെച്ച തപാലിലിടുവാൻ ഭൃത്യന്റെ കൈയിൽ കൊടുത്തയച്ചു.....

ആറ്

അന്നു സുകുമാരമേനവന്റെ സുഖക്കേടിന്നു വലിയ ആശ്വാസം തോന്നി. ഒരാഴ്ചയായി ഇടവിടാതെ പീഡിപ്പിച്ചിരുന്ന ആ അസഹ്യമായ നെഞ്ചുവേദനയ്ക്കു തലേന്നാൾ രാത്രി തീരെ ഉണ്ടായില്ല. ഏറെനാൾകൂടി ഡാക്ടർ സുഖമായി കിടന്നുറങ്ങി. രാവിലെ ഏഴരമണി കഴിഞ്ഞേ ഉണർന്നുള്ളൂ! ഉണർന്നതോടുകൂടി, എന്നെന്നേയ്ക്കുമായി നശിച്ചുകഴിഞ്ഞുവെന്നു കരുതിയിരുന്ന ആ പണ്ടത്തെ ഉന്മേഷം—അഞ്ചാറുവർഷങ്ങൾക്കപ്പുറം താൻ അനുഭവിച്ചിരുന്ന ആ മാനസോല്ലാസം—അന്നു തനിക്കു തിരിച്ചുകിട്ടിയപോലെ മേനവനു തോന്നി. പകൽമുഴുവൻ ഓരോ നേരമ്പോക്കുകൾ പറഞ്ഞു കഴിച്ചുകൂട്ടി. അമ്മിണിക്കും അതു കണ്ടു വലിയ ആശ്വാസം തോന്നി. അവൾ മനസാ ദൈവത്തെ സ്തുതിച്ചു. സകാന്തന്റെ മുഖത്തും ആ പണ്ടത്തെ പുഞ്ചിരി വീണ്ടും കളിയാടിക്കണ്ടതിൽ അവൾക്കു പുളകമുണ്ടായി! ചികിത്സിച്ചിരുന്ന ഡോക്ടർ അന്നു വൈകുന്നേരം വലിയ സംതൃപ്തിയോടെയാണു് തിരിച്ചുപോയതു്. രോഗം ഭേദപ്പെട്ടുവരുന്ന ലക്ഷണമാണതെന്നു് അദ്ദേഹം സസന്തോഷം പ്രസ്താവിച്ചു. അതു കേട്ടു് അമ്മിണിയുടെ ഹൃദയം നൃത്തംചവിട്ടുകൊണ്ടിരുന്നു.....

രാത്രി, മണി പത്തു കഴിഞ്ഞുകാണും, ഭൃത്യന്മാർ

Digitized By Kerala Sahitya Akademi

ജോലിയെല്ലാം കഴിഞ്ഞു ഭക്ഷണത്തിനായി അക്ഷമയോടെ അടുക്കളത്തളത്തിൽ കാത്തിരിക്കുകയാണു്. കൊച്ചുമ്മയുടെ ഊണു കഴിഞ്ഞിട്ടുവേണമല്ലോ അവരുടെ അത്താഴം.

മേനവനെ വീശിക്കൊണ്ടു് അമ്മിണി കിടക്കയിൽ ചേന്നിരിക്കുകയാണു്. ഏതാണ്ടൊരു മണിക്കൂറായിക്കാണും, രോഗി സുഖമായ ഉറക്കം. ശരീരം വിയർത്തു കുളിക്കുന്നുണ്ടു്. അവൾ പ്രേമപൂർവ്വം തുടച്ചുയായി വീശിക്കൊണ്ടിരുന്നു. ഭർത്താവിന്റെ പരിചരണങ്ങളിൽ അവൾ ഇതുവരെ ഭൃത്യസഹായം ആവശ്യപ്പെട്ടിട്ടില്ല.....

പെട്ടെന്നു ഡോക്ടർ കണ്ണുതുറന്നു. തന്റെ പ്രിയതമതന്നെ വീശിക്കൊണ്ടിരിക്കുന്നു.

"അമ്മിണീ, മുരളി ഉറങ്ങിയോ?"

"ഉവ്വു്."

ഡോക്ടരുടെ ചോദ്യം അവളെ അമ്പരപ്പിച്ചു! അവളുടെ ആത്മാവിൽ ഒരു പുളകം പൊടിഞ്ഞു. തന്റെ കാമനപുത്രനെപ്പറ്റി ഒരു വാക്കു തന്നോടദ്ദേഹം ചോദിക്കുന്നതു് ആദ്യമായിട്ടാണു്.

"അമ്മിണി ഊണുകഴിച്ചോ?....."

"ഇല്ല, എനിക്കുണ്ണാൻ തിടുക്കമൊന്നുമില്ല....."

"എന്നെ വീശിയതു മതി. അമ്മിണി പോയി ഉണ്ടിട്ടു വരു."

"എനിക്കു വിശക്കുന്നില്ല."

"അവർ കാത്തിരുന്നു വിഷമിക്കും. മണി പത്തുപത്തരയായില്ലേ?.....സാധുക്കൾ, അവർ വല്ലതും കഴിച്ചു"

Digitized By Kerala Sahitya Akademi

ഉറങ്ങിക്കൊള്ളട്ടെ. നാമെന്തിനവരെ ബുദ്ധിമുട്ടിക്കുന്നു?"

"അവർ ഊണു കഴിച്ചുകൊള്ളട്ടെ. ഞാൻ പോയി അവരോടു പറഞ്ഞിട്ടു വരാം."

അമ്മിണി എഴുന്നേറ്റു.

"അതല്ല, അമ്മിണീ, അമ്മിണി ഊണു കഴിക്കൂ. ആ സമയംകൊണ്ടു ഞാൻ അല്പമൊന്നു മയങ്ങും. വന്നാൽ എന്നെ വിളിക്കണേ!"

"എന്നാലങ്ങനെതന്നെ. ഞാനിതാ വന്നുകഴിഞ്ഞു."

അമ്മിണി പോയി.....ആ ചിന്ത, ഡോക്ടർ മുറിയെപ്പറ്റി അനുപദിച്ച ആ അത്ഭുതസംഭവത്തെ ആസ്പദമാക്കിയുള്ള ചിന്ത, അവളെ ആനന്ദഭരിതയാക്കി. അവൾ പേരിനല്പം ഉണ്ടു എന്നു വരുത്തിക്കൂട്ടി, ക്ഷണത്തിലെഴുന്നേറ്റു കൈകഴുകി മുറിയിലേയ്ക്കു തിരിച്ചുവന്നു.

"ഉറക്കമായോ ഇത്ര ക്ഷണം?"—എന്നു ചോദിച്ചുകൊണ്ടു വിശറിയുമെടുത്തു മുൻപിലത്തെപ്പോലെ അവൾ കിടയ്ക്കയിൽ ചെന്നു ചേർന്നിരുന്നു. അവൾ ആ ശരീരത്തിൽ തൊട്ടുനോക്കി. തീരെ വിയർക്കുന്നില്ല. എന്തു?—അവൾ നടുങ്ങിപ്പോയി. അദ്ദേഹം കണ്ണടച്ചിരിക്കയാണു്. ആ മിഴികളിൽനിന്നു് അശ്രുധാര തള്ളിപ്പുറപ്പെടുന്നുണ്ടു്. മുകമായി അതിരുകവിളുകളിലുംകൂടി കഴുകിവീണു തലയണയെ നനയ്ക്കുന്നു.....

ഡോക്ടർ പെട്ടെന്നു കണ്ണു തുറന്നു. അമ്മിണിയുടെ ഹൃദയം അതിതീവ്രമായിത്തുടിച്ചുതുടങ്ങി. അവൾ ഒരു പിഞ്ചുകുഞ്ഞിനെപ്പോലെ വിതുമ്പി. അദ്ദേഹം മൃദുസ്വരത്തിൽ അവളെ വിളിച്ചു:

Digitized By Kerala Sahitya Akademi

"അമ്മിണീ!....."

അവളുടെ കണ്ണുകൾ നിറഞ്ഞു.

ഡോക്ടർ തളർന്ന സ്വരത്തിൽ തുടർന്നു: "അമ്മിണീ, ഞാൻ നിന്നോടൊരു കാര്യം ചോദിക്കാൻപോകുന്നു..... നീയെന്നോടു സത്യം പറയുമോ?"

അവൾ കിടുകിടുത്തുപോയി. എന്തൊരു ചോദ്യമായിരുന്നു അത്!.....

"ഞാൻ അവിടുത്താട്ടുമാത്രം ഇതുവരെ അസത്യം പറഞ്ഞിട്ടില്ല....."

"എനിക്കിനി അധികനേരം ജീവിതമില്ല....അതാ മരണം എന്നെ മാടിവിളിക്കുന്നു. സമാധാനത്തോടുകൂടി മരിച്ചാൽകൊള്ളാമെന്നു് എനിക്കാശയുണ്ടു്.....ഞാൻ ലോകത്തിൽ ആദ്യമായും അവസാനമായും കരാളെ സ്നേഹിച്ചിട്ടുള്ളതു നിന്നെ മാത്രമാണു്.....നിനക്കെന്നോടുള്ള ഗാഢമായ സ്നേഹത്തിൽ എനിക്കശേഷം സംശയമില്ല. അതുകൊണ്ടു ഞാൻ ഇങ്ങനെ ചോദിക്കുമ്പോൾ എന്നെ നീ തെറ്റിദ്ധരിക്കരുതു്.....മുരളീയുടെ അച്ഛനാണു് ഞാനെന്നു് എനിക്കഭിമാനിക്കാമോ?".....

അവൾ തേങ്ങിത്തേങ്ങിക്കരഞ്ഞു. അവൾക്കു സഹിച്ചില്ല....ശബ്ദിക്കാൻ അവൾ ശ്രമിച്ചു; സാധിച്ചില്ല. കച്ച പൊത്തുന്നില്ല... ഹാ, ...ഏതു സ്നേഹത്തിനാടിയിലും ആ നശിച്ച സംശയം! ഈശ്വരാ, ഇതോ തന്റെ വിധി? സംശയിക്കാൻ കരുതരത്തിലും പഴുതില്ലെങ്കിലും പിന്നേയും ആ ശപ്തമായ സംശയംതന്നെ! പുരുഷലോകം!—അതിക്രൂരമാണോ? കരു സ്ത്രീയുടെ ലൈംഗികജീവിതത്തിന്റെ

Digitized By Kerala Sahitya Akademi

നൈമ്മല്യം കരു പുരുഷനു ജീവനേക്കാൾ വിലപ്പെട്ടതെന്നോ? ആറു വർഷംകൂടി അരനാഴികയാണു് താൻ ആ കളിത്തോഴനെ കണ്ടിട്ടുള്ളതു്; അതും മരണത്തിന്റെ മുഷ്ടിയിൽപ്പെട്ട പിടയ്ക്കുമ്പോൾ!—ജ്വരത്തിന്റെ ശക്തിയാൽ സംബോധം മുക്കാലും നശിച്ചു കേവലം ജീവച്ഛവമായി കിടക്കുമ്പോൾ! ആ കരു കാഴ്ചമാത്രം.....വെറും സ്വപ്നംപോലെ! പിന്നീടു താൻ അയാളെ കണ്ടിട്ടില്ല. അയാൾ കല്ക്കത്തയ്ക്കു പോയി. അതു കഴിഞ്ഞു് കന്നാരവർഷത്തിനു ശേഷമാണു് മുരളിയുടെ ജനനം. എന്നിട്ടും, ഇതെല്ലാം സ്പഷ്ടമായി അറിയാമായിരുന്നിട്ടും, സംശയം! പാവം, അവൾ എന്തു പറയാനാണു്?

"എന്റെ പ്രാണതുല്യനായ....." അവൾക്കു തുടരാൻ സാധിച്ചില്ല.

"അമ്മിണീ, കരയാതിരിക്കു. ഈ അവസാനനിമിഷത്തിലാണോ, നീയെന്നെ കണ്ണീരിൽ മുക്കി യാത്രയാക്കുന്നതു്?"

അവൾ സാരിത്തുമ്പുകൊണ്ടു കണ്ണുകൾ തുടച്ചു. പിന്നീടവൾ പുറത്തേയ്ക്കു കരഞ്ഞില്ല. അവളുടെ അടക്കാനാവാത്ത കണ്ണുനീർ ആത്മാവിലേയ്ക്കൊഴുകി.....കരുവിധം ധൈര്യമവലംബിച്ചു് അവൾ പറഞ്ഞു:

"ഞാൻ മലിനയായിരുന്നു. അതറിയ്ക്കുറിയാം. ഞാൻ സത്യവും അങ്ങയോടു തുറന്നുപറഞ്ഞിട്ടുണ്ടു്.....എന്നാൽ അങ്ങയെ ആദ്യമായി കണ്ട ദിവസംമുതൽ ഞാൻ മറ്റൊരാളാണു്. അങ്ങെന്നെ ഒരു ദേവതയാക്കി. അന്നു് ആശ്രുപാത്രിയിൽ വെച്ചു് അർഘ്യമർപ്പിയായിക്കിടക്കുമ്പോൾ കരുണാസ്വപ്നംപോലെ രവി എന്റെ സമീപം വന്നു നിന്നതാ

Digitized By Kerala Sahitya Akademi

യി എനിക്കോമ്മയുണ്ടു്.....അതിനുശേഷം ഇതാ, ഈ നിമിഷംവരെ ഞാൻ അദ്ദേഹത്തെ കണ്ടിട്ടില്ല....മുരളി അവിടുത്തെ മകനാണു്.....അവിടുന്നതിൽ സംശയിക്കേണ്ട....”

“അമ്മിണീ, എന്റെ പ്രിയപ്പെട്ട അമ്മിണീ,” ഡോക്ടർ ഇടയ്ക്കു കയറിപ്പറഞ്ഞു: “എനിക്കു മാപ്പുതരൂ. അതെനിക്കു നിശ്ചയമുണ്ടായിരുന്നു. എങ്കിലും ഞാൻ സംശയിച്ചു. അതാണു് പുരുഷന്റെ ഹൃദയം. കാരണമില്ലെങ്കിലും അതു സംശയിക്കും. അതു് അതിന്റെ കഴിയാത്ത സ്വഭാവമാണു്. സ്ത്രീഹൃദയം എങ്ങനെയോ?—അതെനിക്കറിഞ്ഞുകൂടാ. നീ ക്ഷമിക്കണം. എനിക്കാശ്വാസമായി. ഇനി സമാധാനത്തോടെ എനിക്കു മരിക്കാം.....അമ്മിണീ, പോയി മുരളിയെ എടുത്തുകൊണ്ടുവരൂ.....ഞാൻ. ഇതുവരെ എന്റെ കാമനമകനെ സ്പർശിച്ചിട്ടില്ലല്ലോ.....”

അവൾ അടുത്ത മുറിയിലേയ്ക്കോടിച്ചെന്നു് ഉറങ്ങിക്കിടന്നിരുന്ന കുഞ്ഞിനെ വാരിയെടുത്തു കൊണ്ടുവന്നു. പെട്ടെന്നുണ്ടായ നിദ്രാഭംഗംമൂലം അവൻ ഉച്ചത്തിൽ കരയാൻ തുടങ്ങി. അവൾ അവനെത്തടവിത്തടവി ആശ്വസിപ്പിച്ചു് അച്ഛന്റെ അരികെ എടുത്തിരുത്തി. മേനവൻ വികാരതരളതയോടെ അവനെ മാറോടുചേർത്താലിംഗനം ചെയ്തു് അവന്റെ നിറുകയിൽ തെരുതെരെ ചുംബിച്ചു. പെട്ടെന്നു് ആ പൈതലിന്റെ കരച്ചിൽ നിന്നു.

“അമ്മിണീ, ഇവിടെ വന്നിരിക്കൂ. ഞാൻ നിന്റെ മടിയിൽ തലവെച്ചു കിടക്കട്ടെ.”

അവൾ അപ്രകാരം ചെയ്തു.

Digitized By Kerala Sahitya Akademi

"ഛാ, അമ്മിണീ....എന്റെ ഹൃദയം കലിത്തു..... എന്തൊരാശ്വാസം! നീ കരയരുതു്..... മുരളീ, നീ മിടുക്കനായിത്തീരും. ഞാൻ....ആരോ....അതാ....അമ്മിണീ.... നിന്നെ....ഇശ്വരൻ...." ഡോക്ടരുടെ നാവു കുഴഞ്ഞു. തുടരാൻ സാധിച്ചില്ല. ആ ചുണ്ടുകൾ വികൃതമായി കുറച്ചലിച്ചു....കണ്ണുകൾ അടഞ്ഞു.

അമ്മിണി വാവിട്ടു നിലവിളിച്ചു.

ഭൃത്യന്മാർ ഓടിയെത്തി....അവർ വന്നപ്പോൾ കണ്ടതു് അമ്മിണി നിലത്തു ബോധമില്ലാതെ വീണുകിടക്കുന്നതാണു്....യജമാനന്റെ ശരീരം മരവിച്ചിരിക്കുന്നു. മുരളി വാവിട്ടു കരയുന്നു.

ഏഴു്

"അമ്മേ, ദേ ഒരു തുമ്പി....നോക്കൂ, കൊടന്ന പൊടിയ്ക്കണെ! അതിന്റെ ചെറക ഞാൻ മുറിച്ചുകളഞ്ഞു." എന്നു പറഞ്ഞുകൊണ്ടു ലീലാലോലുപനായ ആ കാമനക്കുട്ടൻ ആഹ്ലാദഭരിതനായി തുള്ളിച്ചാടി മല്ലികയുടെ അടുത്തേയ്ക്കു വന്നു. അവൾ ഒരു പുസ്തകം വായിച്ചുകൊണ്ടു സോഫയിൽ കിടക്കുകയാണു്. അവളുടെ സമീപം ഒരു വയസ്സു പ്രായമുള്ള ഒരു കൊച്ചുപെൺപൈതൽ സുഖമായി കിടന്നുറങ്ങുന്നുണ്ടു്.

"അരുതു്, വേണ്ട....ദ്രോഹം കാണിക്കാതെ!"—എന്നു പറഞ്ഞു പുസ്തകം താഴെയിട്ടു് അവൾ ചാടിയെഴുന്നേറ്റു.

Digitized By Kerala Sahitya Akademi

അല്പപ്രാണനോടുകൂടിയ ഒരു ജീവി വേണുവിന്റെ രണ്ടു വിരലുകൾക്കിടയിൽപ്പെട്ടു പിടയുന്നു.

"ഞാൻ ഒന്നും കാണിച്ചില്ലല്ലോ, അമ്മേ, ദ്രോഹം .....ഞാനിതിന്റെ ചെറുക മാത്രമല്ലേ ഇത്തിരി മുറിച്ചു കളഞ്ഞൊള്ളൂ." നിരപരാധിയുടെ മട്ടിൽ അവൻ പറഞ്ഞു. അവനാ പ്രാണിയെ നിലത്തിട്ടു. അതവിടെക്കിടന്നു ചാടിപ്പിടഞ്ഞുതുടങ്ങി. പറന്നുപോകാനുള്ള അതിന്റെ പരമദയനീയമായ പരിശ്രമം പരാജയപ്പെട്ടു. അതിന്റെ ആ പ്രാണപരാക്രമം അവനു രസം കൂട്ടി.

"ഹായ്, ഹായ്!" അവൻ കൈകൊട്ടിപ്പൊട്ടിച്ചിരിച്ചുകൊണ്ടു പറഞ്ഞു: "കാണട്ടേടാ തുമ്പീ, നീയിനിയൊന്നു പറന്നുപോണെ കാണട്ടേടാ തുമ്പീ!"

"നോക്കൂ, കാണിച്ച ദ്രോഹം! അസത്തുകുട്ടി!—എന്തിനാ കുട്ടി, അതിന്റെ ചിറക മുറിച്ചുകളഞ്ഞേ?" മല്ലിക ദേഷ്യഭാവത്തിൽ ചോദിച്ചു.

"അതു പറന്നു പാണ്ടിരിക്കാൻ." അവൻ കൊഞ്ചി. "എന്തുമ്മാത്രോടീ ഞാൻ അതിനെപ്പിടിക്കാൻ. ആ ചെറകൊണ്ടായിട്ടല്ലേ അവനെന്നേട്ടു ബുദ്ധിമുട്ടിച്ചെ?"—എന്നായിരുന്നു അവന്റെ ന്യായവാദം.

"കുട്ടിയെയാണിങ്ങനെ ചെയ്തെങ്കിലോ?"

"എനിക്കു ചെറകില്ലല്ലോ, അമ്മേ. പിന്നെങ്ങനെന്യാ?"

അവൾക്കുത്തരം മുട്ടി.

"കുട്ടീടെ ആ വിരലാണു" കുറച്ചു മുറിച്ചുകളഞ്ഞതെന്നു വിചാരിക്കൂ....കുട്ടി എന്തു ചെയ്യും?"

Digitized By Kerala Sahitya Akademi

"ഞാനച്ഛനോട പറയും....അപ്പൊ അച്ഛനമ്മെ ശ്ശ്യപ്പെട്ടം!"....

മല്ലിക ചിരിച്ചുപോയി. അവൾ ആ കാമനപ്പുത്രനെ വാരിയെടുത്തു മാറോട ചേത്തു. പനിനീർപ്പൂപോലെ തുടുത്ത അവന്റെ കവിളുകളിൽ ചുംബിച്ചുകൊണ്ട്, ജന്തുക്കളെ ഉപദ്രവിക്കരുതെന്നും, ഉപദ്രവിച്ചാൽ ദോഷമാണെന്നും മറും വാത്സല്യപൂർവ്വം ഉപദേശിച്ചു. മേലിൽ അങ്ങനെ ചെയ്യില്ലെന്നവൻ വാക്കു കൊടുത്തു.

"ഞാൻ വേണുവിനു കളിക്കാൻ ഡാളിയെ എടുത്തുതരാമല്ലോ," എന്നു പറഞ്ഞു അലമാറി തുറന്നു അവൾ കരു ഭംഗിയുള്ള പാവയെടുത്തു അവന്റെ നേക്കു നീട്ടി.

"വാ, ഡാളീ, വാ," എന്നു വിളിച്ചു പാവയെ വാങ്ങി മാറോടടുപ്പിച്ചുകൊണ്ടു അവൻ ആഹ്ലാദപൂർവ്വം തുള്ളിച്ചാടി. അപ്പോഴേയ്ക്കും ബംഗ്ലാവിന്റെ മുൻപിൽ കരു കാർ വന്നുനിന്നു. അവൻ ജനലിലൂടെ പുറത്തേയ്ക്കു നോക്കി.

"ഹായ്! അച്ഛൻ! അച്ഛൻ വരുന്നു, അച്ഛൻ"— എന്നു പറഞ്ഞുകൊണ്ടു അവൻ വെളിയിലേയ്ക്കോടിപ്പോയി.

"കാടരുതു വേണ്ടാ, വീഴും."

അവൻ അതു കേട്ട ഭാവംതന്നെ നടിച്ചില്ല. കാടിച്ചെന്നു അവൻ അച്ഛന്റെ കൈകളിൽ തൂങ്ങി.

"ഇന്നെന്താണിത്ര നേരത്തെ പോന്നതു?"—"മല്ലിക ചോദിച്ചു. അവൾ ഭർത്താവിന്റെ മുഖത്തു സൂക്ഷിച്ചു നോക്കി. അവിടെ എന്തോ കരു വ്യസനച്ഛായ സംക്രമിച്ചിരിക്കുന്നതായി അവൾക്കു തോന്നി.

Digitized By Kerala Sahitya Akademi

"മല്ലികേ, എനിക്കിന്നൊരു കമ്പി കിട്ടി. അതിലെ വൃത്തമാനം എന്നെ വല്ലാതെ ക്ലേശിപ്പിക്കുന്നു."

"എന്താണത്? വീട്ടിൽനിന്നാണോ?"—മല്ലിക പരിഭ്രമത്തോടെ ചോദിച്ചു.

"അല്ല....മല്ലിക പരിഭ്രമിക്കണ്ട. വീട്ടിൽ വിശേഷമൊന്നുമില്ല. എന്റെ ഒരു സ്നേഹിതയുടെ—സ്നേഹിതൻ മരിച്ചുപോയി."

"സ്നേഹിതയുടെ സ്നേഹിതനോ? അതിനു നിങ്ങൾക്കെന്തു?"

"അല്ല, മല്ലികേ, എന്റെ സ്നേഹിതൻ...."

"ആരാണത്?"

"മല്ലിക അറിയുകയില്ല....ഒരു ഡോക്ടർ....സുകുമാരേനാൻ....നല്ല ഒരു ഡോക്ടറായിരുന്നു.....കുറെനാളായി അദ്ദേഹം കിടപ്പായിട്ട്."

"ചെറുപ്പമാണോ.....ഭാര്യയും കുട്ടികളുമുണ്ടോ?"—സ്ത്രീസഹജമായ ജിജ്ഞാസ അവളെ അലട്ടുകയാൽ അവൾ ചോദ്യം തുടങ്ങി.

"അദ്ദേഹത്തിനു് അധികം പ്രായമായിട്ടില്ല. ഒരു നാല്പത്തു-നാല്പത്തഞ്ചു വയസ്സു കാണും. ഭാര്യയുണ്ടു്. ഒരു കുട്ടിയും."

"ഒരൊറ്റ കുട്ടിമാത്രം?"

"അതേ, ഒരാൺകുട്ടി. രണ്ടുരണ്ടര വയസ്സു പ്രായം വരും. ഇതദ്ദേഹത്തിന്റെ രണ്ടാമത്തെ ഭാര്യയാണു്. അവരുടെ വിവാഹം കഴിഞ്ഞിട്ടു മൂന്നുനാലു കൊല്ലമേ ആയിട്ടുള്ളൂ. ആദ്യത്തെ ഭാര്യ മരിച്ചുപോയി...."

Digitized By Kerala Sahitya Akademi

"അതിൽ കുട്ടികളൊന്നുമിഃല്ലേ?"

"ഇല്ല."

"ഏതു നാട്ടുകാരിയാണു് ആദ്ദേഹത്തിന്റെ ഭാര്യ?"

"എന്റെ നാട്ടുകാരി.... അതുമല്ല; എന്റെ തൊട്ടടുത്ത വീട്ടിലെയാണു്. അന്നു മല്ലിക കണ്ടില്ലേ—നമ്മുടെ വീടിന്റെ പടിഞ്ഞാറുഭാഗത്തു കാണുന്ന വീടു്!...."

"അന്നു നാം വീട്ടിലായിരിക്കുമ്പോൾ, ആ വീടു് അടച്ചുപൂട്ടിയിരിക്കയായിരുന്നല്ലോ. ഞാൻ അമ്മയോടു ചോദിച്ചു, അതാരുടെ വീടാണെന്നു്...."

"എന്നിട്ടോ? അമ്മയെന്തു പറഞ്ഞു?"—അല്പമൊരു പരിഭ്രമം കലർന്ന ഉല്ക്കണ്ഠയോടെ രവീന്ദ്രൻ ചോദിച്ചു.

"അതിലപ്പോളാരും താമസമില്ലെന്നോ, അവിടെ കുറെ പെൺകുട്ടിമാത്രമേ ഉള്ളൂ എന്നോ, അതാശുപത്രിയിലാണെന്നോ—എന്തൊക്കയോ, ഞാനിപ്പോൾ ശരിക്കോർക്കുന്നില്ല—അമ്മ പറഞ്ഞു."

"അതേ, അന്നവൾ ടൈഫോയ്ഡായി ആശുപത്രിയിൽ കിടപ്പായിരുന്നു. അവളെ ചികിത്സിച്ചിരുന്ന ഡോക്ടരാണു് പിന്നീടവളെ വിവാഹം ചെയ്തതു്."

"അതേതായാലും നന്നായി....ഡോക്ടരെ നിങ്ങൾക്കു കാലേ പരിചയമുണ്ടോ?"

ആ ചോദ്യം ക്ഷണനേരം അയാളെ കുണ്ഠനപ്പെടുത്തി. അടുത്ത മാത്രയിൽ എന്തിനോ, അയാൾ കുതിക്കുട്ടി ഒരു കളവു പറഞ്ഞു:

"ഉവ്വു്, ഞങ്ങൾ ഒരിരുപതു കൊല്ലത്തോളമായി വളരെ സ്നേഹിതന്മാരാണു്."

Digitized By Kerala Sahitya Akademi

"ഈ ഡോക്ടർ നിങ്ങളുടെ നാട്ടുകാരനാണോ?"

"അല്ല, എന്റെ നാട്ടിൽനിന്നു പത്തുപതിനഞ്ചു മൈൽ അകലത്താണു്."

"എന്താണാ സ്ത്രീയുടെ പേരു്?"

"അമ്മിണി."

"അവരും കുട്ടിയും ആ മനുഷ്യന്റെ വീട്ടിലാണോ താമസം? അതോ അവരുടെ വീട്ടിലോ?"

"അല്ല,....അദ്ദേഹത്തിന്റെ വീട്ടിൽ....അദ്ദേഹത്തിന്റെ ബന്ധുക്കളായി വേറെ ആരുമില്ല. സാമാന്യം നല്ല സ്വത്തുമുണ്ടു്....ഒരു നല്ല മനുഷ്യൻ."

"ആ സ്ത്രീയോ?"

"എന്തോ, ആ സ്ത്രീയെപ്പറ്റി എനിക്കു് അധികമൊന്നും അറിഞ്ഞുകൂടാ."

"അതു കൊള്ളാം....തൊട്ടടുത്ത വീട്ടിലെ കാര്യമറിഞ്ഞുകൂടാ; പതിനഞ്ചു നാഴിക ദൂരെയുള്ള ആളെക്കുറിച്ചു് എല്ലാമറിയുകയും ചെയ്യാം.....ഇതു നല്ല നേരംപോക്കുതന്നെ." അവൾ വിനോദഭാവത്തിൽ ചിരിച്ചുകൊണ്ടു പറഞ്ഞു. വീണ്ടും അവൾ ചോദിച്ചു: "ആ സ്ത്രീക്കെന്തു പ്രായമായി?"

"ഒരു മുപ്പതു വയസ്സോളമായിക്കാണും."

"പാവം! ചെറുപ്പം!—നിങ്ങളപ്പോൾ രണ്ടുപേരും ഏതാണ്ടു സമപ്രായമാണല്ലോ....കുട്ടിക്കാലത്തും അവളെ പരിചയമില്ലേ?"

"അടുത്തു പരിചയം ഒന്നുമില്ല. ഞങ്ങളുടെ വീട്ടുകാർ തമ്മിൽ പണ്ടേ അത്ര ലോഹ്യത്തിലല്ല കഴിഞ്ഞിരുന്നതു്...."

Digitized By Kerala Sahitya Akademi

"എന്ന ലും....തൊട്ടയല്ക്കാരിയല്ലേ?"—മല്ലിക ഒരു കള്ളച്ചിരിയോടുകൂടി തട്ടിവിട്ടു.

"ഛേയ്, ഞാനവരോട മിണ്ടിയിട്ടുപോലുമില്ല....ഇന്നവരെ....ആട്ടെ, വല്ലാതെ വിശക്കുന്നല്ലോ മല്ലികേ." തന്ത്രത്തിൽ അയാൾ വിഷയം മാറാൻ നോക്കി.

"ഇതെന്ത്! പതിവില്ലാത്തപോലെ ഒരു പുതിയ വിശപ്പ്! സ്നേഹിതന്റെ മരണവാർത്തയറിഞ്ഞ ദിവസമല്ലേ? ദുഃഖമാചരിക്കണം. ഇന്നൊന്നും കഴിക്കാൻപാടില്ല!—" എന്നു പറഞ്ഞുകൊണ്ടു് അവൾ അടുക്കളയിലേയ്ക്കു പോയി .....

രവീന്ദ്രൻ ഒരു ചാരുകസേരയിൽ കിടന്നു. ഡോക്ടരെക്കുറിച്ചല്ല, അമ്മിണിയെക്കുറിച്ചാണു് അയാളുടെ ചിന്തകൾ കൊടുമ്പിരിക്കൊള്ളുന്നതു്. ദുഃഖവും സന്തോഷവും ഒരേ സമയത്തു് അയാളുടെ ഹൃദയത്തിൽ സ്ഥലം പിടിച്ചു.....അമ്മിണിയുടെ നിസ്സഹായതയിൽ അയാൾക്കു കുണ്ഠിതമുണ്ടു്. പക്ഷേ, ഡോക്ടർ മരിച്ചതിൽ അയാൾക്കു യഥാർത്ഥത്തിൽ സന്തോഷമാണു്. അതെന്തുകൊണ്ടെന്നയാൾക്കറിഞ്ഞുകൂടാ..... അമ്മിണിയിൽ അയാൾക്കിപ്പോഴും മാംസനിബദ്ധമായ അഭിനിവേശമുണ്ടോ? ഇല്ലെന്നേ അയാൾക്കു പറയാൻ കഴിയൂ. അയാളുടെ സംസ്കാരം അത്രയേ പറയൂ; അയാൾ പഠിച്ച ആചാരം അത്രയേ പറയൂ. പക്ഷേ, അയാൾക്കൊരു ഹൃദയമുണ്ടു്. അതോ? ഒരു കാലത്തു് അത്യന്തം തീക്ഷ്ണതയോടെ പ്രവർത്തിച്ചിരുന്ന ആ അനാശാസ്യമായ ആസക്തി പരിതസ്ഥിതികളാൽ ശക്തിപൂർവ്വം അടിച്ചമർത്തപ്പെട്ടു്, ഹൃദയത്തി

Digitized By Kerala Sahitya Akademi

ന്റെ ചില ഇരുളടഞ്ഞ നിഗൂഢതലങ്ങളിൽ ഇന്നും ഹരി നഭിന്നമായിക്കിടക്കുന്നില്ലെന്നാക്കുറിയാം? ഒരുപക്ഷേ, അതിന്റെ ഒരാവശ്യമായിരിക്കാം ഇപ്പോഴത്തെ ഈ പൈശാചികമായ സന്തോഷം!

.....ഇനി അമ്മിണിക്കു സ്വാതന്ത്ര്യമുണ്ട്. പക്ഷേ, താൻ പരതന്ത്രനല്ലേ?—ഛേ, അല്ലെങ്കിൽത്തന്നെ അതൊക്കെ ഇനിയെന്തിനാലോചിക്കുന്നു? പാവം! അമ്മിണി! അവൾക്കു് ആരും സഹായമില്ല. എത്ര കനത്തതായിരിക്കും അവളുടെ ദുഃഖം! ഇപ്പോൾ അവളുടെ ഹൃദയം എത്രമാത്രം നീറുന്നുണ്ടാവും! ദയനീയമായ ഈ ഘട്ടത്തിൽ താൻ ഗൂഢമായി സന്തോഷിക്കുന്നതു് എത്ര ഹീനമാണു്!.....

എങ്കിലും രവീന്ദ്രൻ സന്തോഷിച്ചു. ഹീനവികാരങ്ങൾ പതിയിരിക്കുന്ന മാംസത്തിന്റെ ക്രൂരമായ ഒരു സന്തോഷം!.....

എട്ടു്

പാവം അമ്മിണി!—എത്ര ശോകാത്മകമാണു് അവളുടെ ജീവിതനാടകം! കണ്ണുനീരോടുകൂടി അവൾ ലോകരംഗത്തേയ്ക്കു പ്രവേശിച്ചു. കണ്ണുനീരിൽക്കുതിർന്ന ഒരു ജീവിതം ഇന്നോളം അവൾ അഭിനയിച്ചു.....ഇതാ, ഇപ്പോഴും അതുതന്നെ അവൾക്കഭിനയിക്കേണ്ടിയിരിക്കുന്നു! ഇനിയോ? ആവോ; ആരറിഞ്ഞു! ഈ ശോകാത്മകനാടകം ഇങ്ങനെ നീണ്ടുനീണ്ടു പോകുമെന്നോ?....കാണി

Digitized By Kerala Sahitya Akademi

കളെല്ലാം വെളിച്ചത്താണു്. അവളുടെ രംഗംമാത്രം ഇരുളിൽ! അവിടെ താളമേളങ്ങളില്ല, സംഗീതമില്ല, ലയമില്ല, ഉത്തേജനമില്ല, കന്നുമില്ല....വെറും അന്ധകാരം....അതിൽ ഗദ്ഗദം പുരണ്ട ഒരു മൂകാഭിനയംമാത്രം! അതിനു വിരാമമില്ല....യവനിക വീഴുന്നില്ല!....

അമ്മിണിയുടെ ജീവിതത്തിൽ അകലുഷമായ ആനന്ദം ഇളവെയിൽ വീശിയിട്ടുണ്ടെങ്കിൽ, അതവളുടെ ശൈശവത്തിൽ മാത്രമാണു്. കപടകുടിലമായ ഈ ലോകത്തിന്റെ കൾശസ്വഭാവത്തിൽ കേവലം അജ്ഞതയായി, സദാ പാട്ടുപാടിപ്പറന്നുനടക്കുന്ന ഒരു വനശ്രുതിയെപ്പോലെ, അന്നവൾ ജീവിച്ചു. ആ ജീവിതത്തിൽ മധുരിമ കലർത്തുവാൻ, അന്നത്തെ ദിവസങ്ങൾക്കു നിറപ്പകിട്ടു കൊടുക്കുവാൻ, അന്നത്തെ സ്വപ്നങ്ങളിൽ പരിമളം പകരുവാൻ, ഒരാളുണ്ടായിരുന്നു. അവളെ വിട്ടുപിരിയാതെ ആ ദേവകുമാരൻ അവളുടെ നിഴൽപോലെ സദാ സമീപത്തുതന്നെ സമുല്ലസിച്ചിരുന്നു. സൗഹാർദ്ദസാന്ദ്രമായ ആ സാഹചര്യം ഒന്നുമാത്രമാണു് ജീവിക്കുവാൻ അവളെ പ്രേരിപ്പിച്ചതു്.....അങ്ങനെ യൗവനത്തിലേയ്ക്കു കാൽ കുത്തുന്നു!.....

പുരുഷനെ അപേക്ഷിച്ചു കൂടുതൽ ശീഘ്രവും, അതുപോലെതന്നെ ആപൽക്കരവും, അതിനേക്കാൾ ദയനീയവുമാണു് സ്ത്രീയുടെ ശാരീരികമായ പരിണാമപരിപാടികൾ. പക്ഷേ, അതൊന്നും അവൾക്കറിഞ്ഞുകൂടായിരുന്നു. ആ അപകടംപിടിച്ച കാലഘട്ടത്തിൽ കൂടും കുതിക്കുട്ടിയില്ലാതെ അവൾ ചില നൂതനസ്വപ്നങ്ങൾക്കു

Digitized By Kerala Sahitya Akademi

ക്കായി ദാഹിച്ചു. അവൾക്കവ കിട്ടി. വികലങ്ങളെങ്കിലും മധുരങ്ങളായ ചില സ്മൃതിചിത്രങ്ങൾ മാത്രം വിതറിക്കൊണ്ടു് എണ്ണമറ്റ അനുഭൂതികളെ കൊത്തിവിഴുങ്ങിയ ആ സപര്യരംഗങ്ങൾ ഇങ്ങിനിവരാതവണ്ണം ചിറകടിച്ചു പറന്നുപോയി....അവയ്ക്കെല്ലാം അവകാശിനിയായി അവളുടെ സ്ഥാനത്തു് ഇന്നിതാ മറെറാരു യുവതി! അമ്മിണിക്കതിലസൂയയില്ല. ഇല്ലേ? ഇല്ല! അങ്ങനെ വരുമെന്നു് അവൾക്കു നിശ്ചയമുണ്ടായിരുന്നു. എങ്കിലും അവൾക്കതിലസൂയയിഴില്ല? ഇ....ല്ല! അങ്ങനെ വരണമെന്നും അവൾ ആശിച്ചിരുന്നു!—ആത്മാർത്ഥമായിട്ടോ? അ....തേ!

ആ രംഗങ്ങൾ അവസാനിച്ചതോടുകൂടി താൻ സ്വതന്ത്രയായി എന്നൊരു ബോധം അമ്മിണിക്കുണ്ടായി. എന്നാൽ, അവൾ വിചാരിച്ചിരുന്നതുപോലെ ആ ബോധം അനുഭവത്തിൽ അത്ര ആശ്വാസകാരണമായിത്തീർന്നില്ല. തന്റെ രുചി എന്നന്നേയ്ക്കുമായി തനിക്കു നഷ്ടപ്പെട്ട എന്ന ചിന്ത അവളെ അസഹ്യമാംവിധം വേദനിപ്പിച്ചു. അനേകം രാത്രികളിൽ അവൾ ഏകാന്തതയിലിരുന്നു പൊട്ടിക്കരഞ്ഞു....അവളുടെ ഹൃദയരക്തമായിരുന്ന ആ കണ്ണുനീർ. അനുനിമിഷം നീറിപ്പിടിക്കുന്ന ഉല്ക്കടമായ ആ ഹൃദയവേദനയുമായി മല്ലുപിടിച്ചുകൊണ്ടു സൈര്യം കിട്ടാതെ ഉഴറിക്കൊണ്ടിരിക്കുന്ന കാലത്താണു് സന്നിപാതജ്വരത്തിന്റെ സഹതാപസാന്ദ്രമായ സാന്നിദ്ധ്യം അവളെ വിശ്രമിപ്പിച്ചതും, ആശുപത്രിയുടെ അങ്കതലത്തിൽ അവൾ അഭയം പ്രാപിച്ചതും. തന്റെ സമസ്തദുരിതങ്ങൾക്കും കരുതിയുണ്ടാകുമെന്നായിരുന്ന അവളുടെ വിശ്വാസം-

Digitized By Kerala Sahitya Akademi

എന്നാൽ അബോധഗഹനമായ മൃത്യുവക്ത്രത്തിൽനിന്നും വിധി അവളെ നിർദ്ദയം വീണ്ടെടുക്കുകയാണു് ചെയ്തതു്....

അതോടുകൂടി ഒരു നൂതനലോകം അവളുടെ മുമ്പിൽ പ്രത്യക്ഷപ്പെട്ടു. വസന്തകാലചന്ദ്രികയാൽ അശ്ലേഷിക്കപ്പെട്ട വനവീഥിപോലെ ആകർഷകവും മായാബഹുലവുമായ ഒരത്ഭുതലോകമായിരുന്നു അതു്. നിഷ്കാമകർമ്മത്തിനേറയും നിസ്വാർത്ഥപ്രേമത്തിനേറയും മഹത്വവും മാധുര്യവും അടുത്ത രണ്ടുമൂന്നു സംവത്സരങ്ങൾകൊണ്ടു അവൾക്കു മനസ്സിലാക്കിക്കൊടുത്തു. ഡോക്ടർ സുകുമാരമേനവൻ അവളെ വിവാഹം കഴിച്ചതോടുകൂടി അവളുടെ ജീവിതത്തിനു വലിയ ഒരു മാറ്റം നേരിട്ടു. അദ്ദേഹത്തെ അവൾ ആത്മാർത്ഥമായി സ്നേഹിക്കയും പൂജിക്കയും ചെയ്തിരുന്നു. എന്നാൽ തന്റെ പാർശ്വത്തിൽ ഒരു പുരുഷന്റെ സാന്നിദ്ധ്യം സ്ഥിരമായി ഉണ്ടായിത്തുടങ്ങിയപ്പോൾ പൂർവ്വകാലസ്മരണകൾ പതിന്മടങ്ങു ശക്തിയോടുകൂടി അവളുടെ ചേതനകളെ ആക്രമിച്ചുതുടങ്ങി. ഏറെ നാളായി അവൾ രവീന്ദ്രനെക്കുറിച്ചു് ഓർമ്മിക്കാറില്ല. എന്നാൽ, ഗൃഹസ്ഥാശ്രമത്തിൽ കാൽകുത്തിയപ്പോൾ അവൾക്കാ കളിത്തോഴനെ വിസ്മരിക്കാൻ കഴിയാതായി. അങ്ങനെയൊരു ജീവിതത്തിന്റെ ന്യായമായ അവകാശി രവീന്ദ്രനാണെന്നും, ഡോക്ടർ തന്റെ സമ്മതംതന്നാടുകൂടി അതു കയ്യേറാം ചെയ്തതാണെന്നും അവൾക്കു തോന്നി. മനഃപൂർവ്വം രവീന്ദ്രൻ തന്നെ പരിത്യജിച്ചുവെങ്കിലും ശൈശവംമുതൽ തന്റെ ഹൃദയവേദിയിൽ ദൃഢമുദ്രിതമായിരുന്ന ആ മോഹനരൂപം അഭിനവമായ ഒരു സാങ്കല്പികസൗഭഗം വിശിഷ്ടിക്കൊണ്ടു് അ

Digitized By Kerala Sahitya Akademi

നിരാധ്യമായ രീതിയിൽ അവളുടെ പ്രജ്ഞാകേന്ദ്രങ്ങളെ അനവരതം കിക്കിളിക്കൂട്ടിക്കൊണ്ടിരുന്നു. ലൈംഗികപ്രചോദനങ്ങളാൽ ചൂടുപിടിച്ച മാംസപേശികളും സിരാസഞ്ചയങ്ങളും അവളുടെ ബോധമേഖലയെ തരംഗതരളിതമാക്കിക്കൊണ്ടിരിക്കുമ്പോൾ, അവളുടെ ഹൃദയം, സമാനസ്വഭാവത്തോടുകൂടിയതെങ്കിലും ഭിന്നപരിപാടികളോടുകൂടിയ പൂവ്വുകാലാനുഭവങ്ങളുമായി വർത്തമാനാനുഭവങ്ങളെ തട്ടിച്ചുനോക്കുന്നതിലും, ഈഷദന്തരങ്ങൾപോലും വേർതിരിച്ചെടുക്കുന്നതിലും ജാഗ്രൂകമായി വർത്തിച്ചുകൊണ്ടിരുന്നു.

ഡോക്ടർ സുകുമാരമേനവൻ തന്നെ പരിഗ്രഹിക്കുന്നതിനു മുൻപു് ഇരുളടഞ്ഞ തന്റെ പൂവ്വജീവിതത്തിന്റെ ശരിയായ ചിത്രം അവൾ അദ്ദേഹത്തിനു കാണിച്ചുകൊടുക്കുകയുണ്ടായല്ലോ. ബീഭത്സവും ജുഗുപ്സാവഹവുമായ അതിന്റെ ദൃശ്യത്തിൽ തന്നോടു വെറുപ്പു തോന്നി അദ്ദേഹം അതിൽനിന്നു താനേ പിൻവാങ്ങിക്കൊള്ളുമെന്നായിരുന്നു അവളുടെ വിശ്വാസം. എന്നാൽ, നേരേമറിച്ചു്, ആ കുറസമ്മതം—ഹൃദയം തുറന്നുള്ള ആ സമ്മതവും ഏറുപറയൽ—അദ്ദേഹത്തെ കൂടുതൽ ആകർഷിക്കുകയും അവളോടധികം അടുപ്പിക്കുകയുമാണുണ്ടായതു്. തൽഫലമായി പ്രശാന്തമായ ഒരു വൈവാഹികജീവിതം അവരെ പരസ്പരം കെട്ടിപ്പിടിപ്പിച്ചു. അവർ ആനന്ദിച്ചു. ഉള്ളഴിഞ്ഞു സ്നേഹിച്ചു. എന്നാൽ ആ സമ്മർദ്ദവും അധികനാൾ തങ്ങിനിന്നില്ല....

മുരളിയുടെ മുഖച്ഛായ ഡോക്ടരെ സംശയാകുലനാ

Digitized By Kerala Sahitya Akademi

ക്കി. നിരപരാധിനിയായ അമ്മിണി! അവൾ എങ്ങനെ അതിനൊരു നിവാരണമാർഗ്ഗമുണ്ടാക്കും? ഹൃദയഭേദകമായ കരാശങ്കയുടെ കാൽച്ചുവട്ടിൽ അവരുടെ ശേഷിച്ച ദാമ്പത്യജീവിതം പ്രപഞ്ചമറിയാതെ മുറിപ്പെട്ട കിടന്നു പിടച്ചുകൊണ്ടിരുന്നു. എന്നാൽ, ദയനീയമാണെങ്കിലും ആ ജീവിതംതന്നെ കുറെ നീണ്ടുനിന്നിരുന്നെങ്കിൽ!—വിധി അതിനു സമ്മതിച്ചില്ല....ഏറെനാൾ ചെല്ലുന്നതിനുമുൻപു് അമ്മിണിയുടെ ഏകാവലംബമായ ആ നല്ല ഭർത്താവും അവളെ നിസ്സഹായയാക്കി പ്രപഞ്ചരംഗത്തിൽ വിട്ടിട്ടു്, കാലയവനികയ്ക്കുള്ളിൽ മറഞ്ഞുകളഞ്ഞു.

അവളതാ മറെറാരു പ്രസ്താവം കേൾക്കുന്നു!....ഡോക്ടർ യഥാർത്ഥത്തിൽ മരിച്ചതല്ല, ആത്മഹത്യചെയ്തതാണെന്നു്! അവൾക്കതു വിശ്വസിക്കാൻ വയ്യ. പക്ഷേ, അവളതു കേട്ടു നടുങ്ങിപ്പോയി! മറു ചില ഡോക്ടർമാരിൽ നിന്നാണു് അങ്ങനെയൊരു പ്രസ്താവം വെളിക്കുവന്നതു്. .....അദ്ദേഹം തന്നത്താൻ 'മോർഫിയ' കൈത്തണ്ടിനുള്ളിൽ കുത്തിവെച്ചു മരിച്ചതായിരുന്നുവത്രേ!.....കാരണം? ക്ഷയരോഗത്തിന്റെ ദുസ്സഹക്ലേശങ്ങളിൽനിന്നു മോചനം ലഭിക്കാൻ!—ഇതാണു് പൊതുവേയുള്ള സംസാരം. ഏതായാലും ഡോക്ടരുടെ ശവസംസ്കാരം കഴിഞ്ഞു് ഏതാനും ദിവസങ്ങൾ കഴിഞ്ഞതിനുശേഷമേ സത്യമായാലും അസത്യമായാലും ആ പ്രസ്താവത്തിനു പ്രചാരം ലഭിച്ചുള്ളൂ.... അതിനാൽ നിയമത്തിന്റെ ഗൂഢ്രുദൃഷ്ടി അങ്ങോട്ടെങ്ങും എത്തിനോക്കിയതേയില്ല....അതു ശരിയാണെങ്കിൽ?

—ഒരുപക്ഷേ, അതു സത്യമാണെങ്കിലോ? അല്ലെ

Digitized By Kerala Sahitya Akademi

ന്നാക്കിയാം! എങ്കിൽ, അതിന്റെ യഥാർത്ഥകാരണമോ? —ആ ചിന്ത അമ്മിണിയുടെ ഹൃദയത്തെ ഛിന്നഭിന്നമാക്കി. എങ്കിലും അവൾക്കുത്തമവിശ്വാസമുണ്ട്, ഡോക്ടർ ആത്മഹത്യചെയ്തതല്ലെന്നു്. ചിലപ്പോൾ ആ വിശ്വാസത്തേയും അതിക്രമിച്ചു സംശയം തലയുയർത്തി അവളെ കിടുകിടുപ്പിച്ചുകൊണ്ടിരുന്നു.

അതേ, ഏതു വിശ്വാസത്തേയും കുത്തിത്തുളയ്ക്കുവാൻ ഒരു നേരിയ സംശയത്തിന്റെ കൊമ്പുകൾക്കുപോലും കരുത്തുണ്ടു്!....അതിനു ലിംഗഭേദമില്ല!

ഡോക്ടരുടെ ചികിത്സയ്ക്കായി കുറേറെ പണം ചിലവായി. തന്മൂലം അദ്ദേഹം മരിക്കുമ്പോൾ ഒരു വമ്പിച്ച തുക കടംവന്നിട്ടുണ്ടായിരുന്നു.....കടക്കാർ കേസുകൊടുത്തു സ്വത്തെല്ലാം ഭാഗിച്ചെടുത്തു കൊണ്ടുപോയി. കടുവിൽ ഒരു പുരയിടവും വീടുംമാത്രം അവൾക്കായി ശേഷിച്ചു....ഇന്നിപ്പോൾ അമ്മിണിക്കു് അവളെക്കുറിച്ചുമാത്രം ക്ലേശിച്ചാൽ പോരാ. അവളുടെ ദുർബ്ബലജീവിതത്തിന്മേൽ മറെറാരു കുരുന്നുജീവിതവുംകൂടി നാമ്പെടുത്തിട്ടുണ്ടു്. പുഴുക്കുത്തേല്ക്കാതെ അതിനെ പരിപാലിക്കേണ്ട കർത്തവ്യം അവളെ പരവശയാക്കി. അവളെ സഹായിക്കുവാൻ ആരുമില്ല. അവൾക്കു പണമില്ല. അവളുടെ ഹൃദയവ്യഥ ആരറിയാനാണു്? ആരും അറിഞ്ഞില്ല. അവൾ സഹിച്ചു. നിശ്ശബ്ദമായി ആ പ്രാണയാതന മുഴുവൻ അവൾ സഹിച്ചു. തന്റെ കാമനക്കുഞ്ഞിന്റെ അഭ്യുദയത്തിനായി ആശിച്ചും പ്രാർത്ഥിച്ചും അശരണയായ ആ സാധുമാതാവു് അങ്ങനെ നീറിനീറി ജീവിച്ചുവന്നു.....അവളുടെ ആത്മാവി

Digitized By Kerala Sahitya Akademi

നെ ഏററവും വീഴ്പ്പുമുട്ടിച്ചതു സഹാന്തന്റെ ദയനീയചര മത്തെക്കുറിച്ചുള്ള ആ നശിച്ച സംശയമാണു്.....അദ്ദേഹത്തിന്റെ ആത്മാവു പരഗതിപ്രാപിക്കാതെ അസീമമായ അന്തരിക്ഷത്തിൽ വികാരനിർഭരതയോടെ തേങ്ങിത്തേങ്ങിക്കൊണ്ടു ചുററിത്തിരിയുകയല്ലെന്നാരറിഞ്ഞു....

ചില രാത്രികളിൽ അദ്ദേഹം അവളെ സമീപിക്കും....ഒരു ഛായാത്രുപം. അതിന്റെ വ്യക്തമല്ലാത്ത മുഖം വിഷാദനിർഭരമാണു്. ആ ചുണ്ടുകൾക്കു ചിരിക്കാൻ സാധിക്കുന്നില്ല.....ആ കണ്ണുകൾക്കു കരയാനും കഴിയുന്നില്ല.....അതിനെന്തൊക്കെയോ പറഞ്ഞാൽക്കൊള്ളാമെന്നുണ്ടു്. പക്ഷേ, നീട്ടിപ്പിടിച്ചു് ഒന്നു തേങ്ങുവാനല്ലാതെ അതിനൊന്നും സംസാരിക്കുവാൻ സാധിക്കുന്നില്ല..... ആ തീവ്രയത്നത്തിൽ അതു വേദനകൊണ്ടു പുളയുന്നു.... ആ തേങ്ങൽ കേട്ടു് അവൾ ഞെട്ടിയുണർന്നുപോകും....അന്ധകാരം.....അപ്പോഴാണു് അതു വെറും സ്വപ്നമാണെന്നവൾക്കു മനസ്സിലാകുക.....അവൾ പേടിച്ചു കിടുകിടുത്തു.

ചന്ദ്രികാചർച്ചിതങ്ങളായ മറുചില രാത്രികളിൽ അവൾക്കുണ്ടാകുന്ന സ്വപ്നാനുഭവം പാടേ വ്യത്യാസപ്പെട്ടതാണു്.....ഡോക്ടറുടെ സാക്ഷാൽ സ്വരൂപമായിരിക്കും അവളെ സന്ദർശിക്കുക. ആ മുഖം തികച്ചും പ്രസന്നമാണു്. സ്വർഗ്ഗീയമായ ഒരു നൂതനകാന്തിപ്രസരം ആ കണ്ണുകളിൽ നൃത്തം ചെയ്യുന്നുണ്ടു്. അദ്ദേഹം പ്രേമപൂർവ്വം അവളെ ആശ്ലേഷിച്ചുകൊണ്ടു മധുരസ്വരത്തിൽ ഇങ്ങനെ പറയും: "അമ്മിണീ, എന്റെ മനസ്സിനു് എന്തു സമാ

Digitized By Kerala Sahitya Akademi

ധാനമുണ്ടെന്നോ!''....അവൾ കണ്ണു തുറക്കുമ്പോൾ പ്രഭാതകാന്തി മന്ദഹസിച്ചുകൊണ്ടു് അവളെ പുണരുകയായിരിക്കും....സുഖമായുറങ്ങിക്കിടക്കുന്ന പുത്രനെ വാരിയെടുത്തു സ്നേഹാധിക്യത്തോടെ അവൾ തുരുതുരെ ചുംബിക്കുമ്പോൾ അവൻ കണ്ണു തുറന്നു് ആത്മാകർഷകമായ ഒരു പുഞ്ചിരി അവൾക്കു സംഭാവനചെയ്യും.

ഇങ്ങനെ ജീവിതത്തിനേറയും സ്വപ്നത്തിനേറയും കടുത്തതും മിനുത്തതുമായ യഥാർത്ഥ്യങ്ങളെ മാറിമാറി അഭിമുഖീകരിച്ചുകൊണ്ടു് അമ്മിണി കാലം കഴിച്ചു.....

ഒമ്പതു്

മൂന്നു കൊല്ലം കഴിഞ്ഞു. ഗ്രീഷ്മകാലത്തിലെ ഒരു സായാഹ്നം. പ്രശാന്തമായ ആ നാട്ടിൻപുറം മനോഹരമായ സാന്ധ്യദീപ്തിയിൽ മുങ്ങിനില്ക്കുന്നു. നാലുമൈലകലെയുള്ള പട്ടണത്തിൽ അന്നു ചന്തദിവസമാണു്....സാമാന്യത്തിൽ കയറിറി മടങ്ങിവരുന്ന വണ്ടികളിൽ പൂട്ടിയിട്ടുള്ള കാളകളുടെ കണ്ഠമണികളുടെ നിശ്ചലമായ ആ അന്തരീക്ഷത്തിൽ ചില നേരിയ സ്വരവീചികളെ സ്പന്ദിപ്പിക്കുന്നു. നിരത്തിന്റെ ഇരുവശങ്ങളിലും പരന്നുകിടക്കുന്ന പാടങ്ങളിൽനിന്നു വരണ്ട കളിമണ്ണിന്റെ നേർത്ത ഗന്ധം ഇളംകാറ്റിൽ തിങ്ങിനില്ക്കുന്നുണ്ടു്.....

ആ വഴിയേ പട്ടണത്തിൽനിന്നു വരുന്ന ബസ്സു് അതാ, ആ അത്താണിമുവട്ടിൽ നില്ക്കുന്നു. കൈയിൽ ഒരു ചെറിയ തുകൽസഞ്ചിയും തൂക്കിക്കൊണ്ടു് ഒരു മനുഷ്യൻ അതിൽനിന്നിറങ്ങുകയും പരുഷമായ ഒരു ശബ്ദത്തോടെ

Digitized By Kerala Sahitya Akademi

ആ വാഹനം വീണ്ടും മുന്നോട്ടിരമ്പിപ്പായുകയും ചെയ്തു. അത്താണിച്ചുവട്ടിൽ പ്രായംചെന്ന രണ്ടു കർഷകന്മാർ മുഖത്തോടുമുഖം തിരിഞ്ഞിരുന്നു വെറ്റ തെറുക്കുകയാണു്. ആഗതൻ അവരെ സമീപിച്ചു് എന്തോ ചോദിക്കുന്നുണ്ടു്. അവർ ഉടൻ എഴുന്നേറ്റു് അത്താണിച്ചുവട്ടിൽനിന്നു പാടത്തിൽ കൂടുകെ പോകുന്ന ആ വീതിയുള്ള വരമ്പിനെ ലക്ഷ്യമാക്കി കൈ ചൂണ്ടിക്കാണിക്കുന്നു. അവരുടെ ആംഗ്യങ്ങളിൽനിന്നു് ആഗതൻ ആവശ്യപ്പെട്ടതനുസരിച്ചു് അവർ അദ്ദേഹത്തിനു് എവിടേയ്ക്കോ വഴിപറഞ്ഞുകൊടുക്കുകയാണെന്നുള്ളതു സ്പഷ്ടമാണു്.....

അമ്മിണി സഭവനത്തിൽ, വടക്കുവശത്തുള്ള തിണ്ണയിൽ കുട്ടിയെ ധൃതഗതിയിൽ കളിപ്പിച്ചുകൊണ്ടിരിക്കയാണു്. സന്ധ്യാദീപം കൊളുത്താൻ തിടുക്കമായി.....

"ഇവിടെയാരുമില്ലേ?"—ഒരു സ്വരം കിഴക്കേ മുറ്റത്തുനിന്നെത്തുന്നു.

"ആരാതു്?"—അവൾ വിളിച്ചു ചോദിച്ചു. മൗനം. പകുതി ചാരിയിരുന്ന മുൻവശത്തെ വാതിൽ തള്ളിത്തുറക്കപ്പെടുന്നു.

"ആരാതു്?"—അമ്മിണി ആവർത്തിച്ചു.....മൗനം.

ആഗതൻ ആ ഗൃഹത്തിൽ തനിക്കു പരിപൂർണ്ണസ്വാതന്ത്ര്യമുണ്ടെന്നുള്ള ഭാവത്തിൽ അമ്മിണിയുടെ ശബ്ദം ഉത്ഭവിച്ച സ്ഥലത്തെ ലക്ഷ്യമാക്കി നടന്നുചെന്നു.

അമ്മിണി ആഗതനെ കണ്ടു. നിമിഷത്തിനുള്ളിൽ അവളുടെ കവിൾത്തടങ്ങളിൽ ഒരു തുടുതുടുപ്പു പരന്നു. ആശ്ചര്യഭരിതയായി അല്പനേരത്തേയ്ക്കു് ഒന്നും ശബ്ദിക്കാനാ

Digitized By Kerala Sahitya Akademi

വാതെ വികസ്വരങ്ങളായ നേത്രങ്ങളോടുകൂടി അവൾ ആഗതനെ അങ്ങനെ ഉറുനോക്കിക്കൊണ്ടു നിശ്ചലയായി നിലകൊണ്ടു.....അതു രവീന്ദ്രനായിരുന്നു!

അവളുടെ രവീന്ദ്രൻ!—അല്ല, രവി!

"അചിടെ ഇരിക്കു, ഞാനിതാ വന്നുകഴിഞ്ഞു!" വിനീതമധുരമായ സ്വരത്തിൽ അവൾ ഉച്ചരിച്ചു. അവൾ വേഗത്തിൽ മുരളിയെ തോത്തിക്കുവാൻ തുടങ്ങി.....

നിമിഷത്തിനുള്ളിൽ അവളുടെ ഹൃദയത്തിൽക്കൂടി ആയിരമായിരം ചിന്തകൾ മിന്നൽവേഗത്തിൽ പാഞ്ഞു പോയി. അത്ഭുതം, സന്തോഷം, ശോകം, പ്രേമം, അവജ്ഞ എന്നിങ്ങനെ പലതും കെട്ടുപിണഞ്ഞു തീവ്രമായ ഒരു സമ്മിശ്രവികാരം അവളുടെ ഹൃദയസ്പന്ദങ്ങളെ തരിപ്പിച്ചുകൊണ്ടിരുന്നു....

അദ്ദേഹം ഇവിടെ എങ്ങനെ വന്നു?—അവൾ അത്ഭുതത്തോടെ ചിന്തിച്ചു—ഇതു പണ്ടത്തെ രവിതന്നെയോ? അതോ താൻ സ്വപ്നംകാണുന്നോ? അല്ല, അതദ്ദേഹംതന്നെ. തന്റെ കണ്ണുകൾക്കു് അക്കാര്യത്തിൽ തന്നെ വഞ്ചിക്കാൻ സാദ്ധ്യമല്ല. വെളുത്തുകൊഴുത്ത ആ ശരീരവും തുടുതുടുത്ത കവിളുകളും, പ്രകാശപൂർണ്ണങ്ങളായ മിഴികളും, വിരിഞ്ഞ മാർത്തടവും ഇന്നെവിടെപ്പോയി? തനിക്കു പരിചയമുള്ള രവി അങ്ങനെയൊരു സുകുമാരവിഗ്രഹനാണു്. ആശുപത്രിയിൽ അർദ്ധപ്രജ്ഞയായി കിടന്നിരുന്ന അവസരത്തിലും തന്റെ ദൃഷ്ടികൾ മൂകമായി ആശ്ലേഷിച്ചതു് അങ്ങനെയൊരു മോഹനരൂപത്തെത്തന്നെയാണു്.....അരഞ്ഞാറു വർഷങ്ങൾക്കുള്ളിൽ ഇങ്ങനെയൊരു രൂപാന്തരമോ?

Digitized By Kerala Sahitya Akademi

ഇതു രവിയുടെ പ്രേതമെന്നേ തോന്നൂ. ആരക്തകോമളങ്ങളായ ആ കവിൾത്തടങ്ങൾ ഒട്ടി വിളർത്തുപോയിരിക്കുന്നല്ലോ! ആ ദീപ്തനേത്രങ്ങൾ കുഴിഞ്ഞു കൺപോളകൾ ചുങ്ങിച്ചുളുങ്ങി അതിലെ പ്രകാശം മുഴുവനും മാഞ്ഞു നിർജ്ജീവവും വികൃതവുമായിത്തീർന്നിരിക്കുന്നല്ലോ! കൊഴുത്തു മാംസളമായിരുന്ന ആ മൃദുലശരീരം എല്ലും തോലുമായി വരണ്ടുകൂടിയിരിക്കുന്നല്ലോ!—ഭഗവാനേ, അദ്ദേഹത്തിനെന്തുപറ്റി?

അവളുടെ കണ്ണുകൾ ജലാർദ്രമായി. കുഞ്ഞിനെ തുവർത്തിച്ചു നനഞ്ഞ മുണ്ടുകൊണ്ടു് അവൾ കണ്ണീർ തുടച്ചു.

രവീന്ദ്രൻ തളത്തിലേയ്ക്കു വന്നു് അവിടെയിട്ടിരുന്ന ഒരു പഴയ ചാരുകസേരയിൽ കിടന്നു.... അവിടെ കണ്ട കാഴ്ച!—അതയാളുടെ ഹൃദയത്തെ അത്ഭുതംകൊണ്ടു മൂടിപ്പിച്ചു. അവൾ കൂളിപ്പിച്ചുകൊണ്ടിരുന്ന ആ കാമനാബാലൻ ഏതാണു്? അതു് അയാളുടെ വേണുതന്നെയല്ലേ? ഒരേ മുഖം!—പ്രായത്തിനുമാത്രം അല്പം വ്യത്യാസമുണ്ടെന്നേയുള്ളൂ! ഇതെങ്ങനെ സംഭവിച്ചു?....

അമ്മിണി! അവൾ ഇന്നു് ആ പണ്ടത്തെ കാമനപ്പെൺകിടാവല്ല. പ്രഗത്ഭയായ ഒരു മാതാവു്! അന്നാശ്ചര്യചകിതയിൽപ്പെട്ടു് അവളെ കണ്ടപ്പോൾ ചടച്ചു വെറുമൊരു വൈക്കോൽനാരുപോലിരുന്നു. ഇന്നെന്തൊരാകാരസൗഷ്ഠവമാണവൾക്കു്! ആ മുഖം ക്ലേശദ്യോതകമാണെങ്കിലും അതിലെ ആകർഷകമായ വിലാസത്തിനു് അണുപോലും വാട്ടംതട്ടിയിട്ടില്ല. മുൻപൊരിക്കലും തന്റെ കണ്ണുകൾക്കു് അവളിൽ കാണുവാൻ കഴിഞ്ഞിട്ടില്ലാത്ത ഒരന്തു

Digitized By Kerala Sahitya Akademi

സ്സുള്ള സൗന്ദര്യം ഇന്നാ മുഖത്തു നിഴലിക്കുന്നുണ്ട്. ആ ശരീരം ഇന്നും മുഴുലമാണ്; മാംസളമാണ്. അഴകും ആരോഗ്യവും കനിഞ്ഞുപോലെ അതിനെ അനുഗ്രഹിച്ചിരിക്കുന്നു. അതേ, ആ പുതിയ അമ്മിണിയമ്മ പണ്ടത്തെ തന്റെ കളിത്തോഴിയായ അമ്മിണിക്കുട്ടിതന്നെയാണെന്നു വിശ്വസിക്കുവാൻ സാധിക്കാത്തവിധം, അത്രവലിയ രൂപാന്തരമാണ് അവളിൽ പ്രത്യക്ഷപ്പെട്ടുനതു്.

കൊളുത്തിയ ഒരു നിലവിളക്കുമായി അമ്മിണി തളത്തിൽ പ്രവേശിച്ചു, അതു നടവാതിലിനു മുൻപിൽ വെച്ചു. അനന്തരം ചെറിയ ഒരു റാന്തൽ കൊളുത്തി മേശപ്പുറത്തു രവിയുടെ സമീപത്തായ് വെച്ചിട്ട്, അവൾ തെല്ലു നീങ്ങി ചുമരിനോടു ചാരി നിലകൊണ്ടു. ആ ബാലൻ രവിയുടെ അടുത്തേയ്ക്കു ചെന്നു. അയാൾ അവനെ വാരിയെടുത്തു മടിയിലിരുത്തി. അമ്മിണിയുടെ കണ്ണുകളിൽ വീണ്ടും ജലം പൊടിച്ചു. രവിയതു കാണാതിരിക്കാൻ അവൾ ഒരു വശത്തേയ്ക്കു മുഖം തിരിച്ചുകളഞ്ഞു.

"എന്താ കുട്ടന്റെ പേരു്?"—കുഞ്ഞിനെ വാത്സല്യപൂർവ്വം പുറത്തു തലോടിക്കൊണ്ടു രവി ചോദിച്ചു.

"മുരളി...."

"പഠിക്കുന്നില്ലേ?"

"ഉവ്വ്."

"ഏതു ക്ലാസിൽ?"

"രണ്ടിലു"—ഒരുപാടു പടോണ്ടെന്റെ പൊസ്തകങ്ങളിലു."

Digitized By Kerala Sahitya Akademi

"ആഹാ! മിടുക്കൻ!"—എന്നു പറഞ്ഞുകൊണ്ടു ഹർഷാശ്രുക്കളോടെ രവീന്ദ്രൻ അവന്റെ നിറുകയിൽ ചുംബിച്ചു.

അതവനത്ര പിടിച്ചില്ല. അവൻ അയാളുടെ മടിയിൽനിന്നു കുതറിയിറങ്ങി അമ്മയുടെ സമീപം ചെന്നു ചേർന്നുനിന്നു.

"അമ്മിണീ....ആ ബാലൻ....മുരളി...." രവിക്കു തുടരാൻ സാധിച്ചില്ല.

"അവൻ....എന്റെ മകനാണു്." അവൾ പെട്ടെന്നുറപ്പിച്ചു പറഞ്ഞു.

"അതെനിക്കു മനസ്സിലായി....പക്ഷേ, അവൻ എന്നെ അത്ഭുതപ്പെടുത്തുന്നു."

"ഉം? എന്താണതു്?"—അല്പമൊരു നീരസം സ്ഫുരിക്കുന്ന സ്വരത്തിൽ അവൾ ചോദിച്ചു.

"അവൻ എന്റെ മകൻ വേണുവിനെപ്പോലെതന്നെ ഇരിക്കുന്നു."

"അതിലിത്ര അത്ഭുതപ്പെടാനെന്തുണ്ടു്?"—അവൾ ഉദാസീനമായി ചോദിച്ചു.

"എന്തുണ്ടെന്നോ! അമ്മിണീ, നീയെനിക്കു മാപ്പുതരണം. നീയൊരു ദേവതയാണു്."

"ഒരിക്കലുമല്ല." അവൾ ഉദ്വേഗപൂർവ്വം ഉച്ചരിച്ചു: "ഞാൻ വെറുമൊരു വേശ്യ. നിങ്ങൾ പലപ്പോഴും പറഞ്ഞിട്ടുള്ള ആ വാക്കുച്ചരിക്കുവാൻ ഇന്നെന്റെ നാവിനു ചലിപ്പില്ല. ഞങ്ങൾ ഹൃദയമില്ലാത്തവരാണു്. വെറും നെഞ്ഞിൻകൂട്ടുമാത്രമേ ഞങ്ങൾക്കുള്ളൂ. അതിൽ രക്തപ്രസര

Digitized By Kerala Sahitya Akademi

ണത്തിനായി സ്പന്ദിച്ചുകൊണ്ടിരിക്കുന്ന ഒരു മാംസയന്ത്രവു മുണ്ടു്. അതേ, നിങ്ങൾ കാക്കുന്നില്ലേ? ഞാൻ ഇന്നും മറന്നിട്ടില്ല. ഞാനിപ്പറഞ്ഞതു നിങ്ങൾ കരിക്കലെന്നോട്ടു പറഞ്ഞിട്ടുള്ള വാക്കുകളാണു്."

"എന്റെ പ്രിയപ്പെട്ട അമ്മിണീ...."

"അരുതു്! മേലിൽ എന്നെ നിങ്ങൾ അങ്ങനെ വിളിക്കരുതു്! ഞാൻ നിങ്ങളുടെ പ്രിയപ്പെട്ട അമ്മിണിയല്ലാ.....നിങ്ങൾക്കു പ്രിയപ്പെട്ട മറെറാരാളുണ്ടു്. നിങ്ങൾ ഈ ചെയ്യുന്നതു് അവളെ നിർദ്ദയം വഞ്ചിക്കുകയായിരിക്കും!...."

"അമ്മിണീ," ദയനീയമായ സ്വരത്തിൽ രവീന്ദ്രൻ ആരംഭിച്ചു: "നിന്നോടു വാദിച്ചു നില്ക്കാൻ ഇന്നും എനിക്കു സാമർത്ഥ്യമില്ല....അന്നൊക്കെ ഞാൻ നിന്നെ തെറി ദ്ധരിച്ചിരുന്നു. എന്നെ നീ സ്നേഹിക്കുന്നുണ്ടെന്നു ബോധപ്പെട്ടതോടുകൂടി ഞാൻ എത്രമാത്രം പശ്ചാത്തപിച്ചുവെന്നോ! നിന്നോടു ക്ഷമായാചനം ചെയ്യാൻ കൊതിച്ചു് എത്ര ദിവസം ഞാൻ നിന്നെ കാത്തുനിന്നിട്ടുണ്ടെന്നോ! പക്ഷേ, ആ രാത്രിയിലെ സംഭവത്തിനുശേഷം പിന്നീടു് എനിക്കു നിന്നെ കാണാൻ സാധിച്ചതു് അന്നാശുപത്രിയിൽ വെച്ചാണു്.....ഏഴോ എട്ടോ കൊല്ലത്തിനുശേഷം"—

"അതിനെന്തു്?....ക്ഷമായാചനം ചെയ്യുവാൻ നിങ്ങൾ എന്നോടു യാതൊരു തെറും പ്രവർത്തിച്ചിട്ടില്ല."

"ഉവ്വമ്മിണീ! ലോകത്തിൽ ആരെങ്കിലും നിന്നോടപരാധം പ്രവർത്തിച്ചിട്ടുണ്ടെങ്കിൽ അതു ഞാൻ മാത്രമാണു്. എനിക്കതു നന്നായറിയാം. പക്ഷേ, അമ്മിണീ, അ

Digitized By Kerala Sahitya Akademi

തിനെല്ലാം ഉത്തരവാദം വഹിക്കുന്നതു് എനിക്കു നിന്നോടുള്ള അതിർകവിഞ്ഞ സ്നേഹമാണെന്നു നീ മനസ്സിലാക്കണം.”

“അതെനിക്കറിയാം. നിങ്ങളുടെസ്നേഹത്തിൽ ഞാൻ ഇതുവരെ സംശയിച്ചിട്ടില്ല. നിങ്ങൾ എന്നെ സ്നേഹിച്ചിരുന്നു. അമ്മിണി ഗദ്ഗദസ്വരത്തിൽ പറഞ്ഞു.

“ഈ ‘നിങ്ങൾ’ ‘നിങ്ങൾ’ എന്ന വിളി എനിക്കു സഹ്യമായിത്തോന്നുന്നു. അമ്മിണീ, ആ പണ്ടത്തെ വിളി—‘എന്റെ രവീ’ എന്ന ആ മധുരമായ വിളി—അമ്മിണി മറന്നുപോയോ?”—കുണ്ഠിതത്തോടെ രവീന്ദ്രൻ ചോദിച്ചു.

“ഇല്ല, അതു ഞാൻ മറന്നിട്ടില്ല....പക്ഷേ, ഇന്നങ്ങനെ വിളിക്കാൻ എനിക്കവകാശമില്ല. അതിന്റെ അവകാശിയോടു മനസ്സുകൊണ്ടുപോലും ഞാൻ അപരാധം ചെയ്കയില്ല.”

“അതിനുള്ള അവകാശം അമ്മിണിക്കുമാത്രമേയുള്ളു. ‘എന്റെ രവീ’ എന്നാരെങ്കിലും എന്നെ വിളിച്ചിട്ടുണ്ടെങ്കിൽ അതമ്മിണിമാത്രമാണു്. ആത്മാവു കുളിപ്പിക്കുന്ന ആ വിളി ഒന്നു ഞാൻ കേൾക്കട്ടെ!”

“ഒരിക്കലുമില്ല.” അവൾ ശഠിച്ചു പറഞ്ഞു: “അമ്മിണി ഒരു വേശ്യയായിരിക്കാം. പക്ഷേ, അവൾ ഒരു സ്ത്രീയാണു്. ഭർത്തൃമതിയായ ഒരു സ്ത്രീയെ അറിയുവാൻ അവൾക്കു ശരീരം കഴിയും. ഇന്നു ഞാൻ നിങ്ങളുടെ വെറുമൊരു സ്നേഹിതമാത്രം.”

“അമ്മിണീ, നീയങ്ങനെ പറയരുതു്. വെറുമൊരു

Digitized By Kerala Sahitya Akademi

സ്നേഹിതരപോലും! കഷ്ടം....” ഒരു മിനിട്ടു നേരത്തെ മൗനത്തിനുശേഷം അയാൾ തുടർന്നു: “ആട്ടെ, ഞാൻ വീട്ടിൽ വന്നതു് ഇന്നലെയാണു്. പിറ്റേദിവസംതന്നെ—”

“നിങ്ങൾ അവധിയെടുത്തു വന്നിരിക്കയാണോ?” —അവൾ ഇടയ്ക്കു കയറിച്ചോദിച്ചു.

“അല്ല.” രവി പറഞ്ഞു: “ഞാൻ ഉദ്യോഗം ഉപേക്ഷിച്ചു. ഇനി ഞാൻ കൽക്കത്തയ്ക്കു പോകുന്നില്ല.....വീട്ടിൽ സ്ഥിരമായിരുന്നു കുറെക്കാലം ചികിത്സ നടത്തേണ്ടിയിരിക്കുന്നു.”

“നിങ്ങൾ വല്ലാതെ ചടച്ചുപോയി.....എന്താ സുഖക്കേടു്?”—സഹതാപപൂർവ്വം അവൾ അന്വേഷിച്ചു.

“എന്റെ രോഗത്തെക്കുറിച്ചു് ഒന്നും പറയാതിരിക്കയാണു് നല്ലതു്. കൽക്കത്ത എന്റെ ആരോഗ്യം കരണ്ടുതിന്നു.”

“ഏതായാലും ദേഹം നല്ലപോലെ നോക്കണം. നാട്ടിൽ താമസിക്കുന്നതുതന്നെയാണു് നല്ലതു്.....ആട്ടെ, ഇപ്പോൾ എത്ര കുട്ടികളുണ്ടു്?”

“രണ്ടു്—രണ്ടാമത്തേതു പെൺകുട്ടി.”

“എന്താ പേരു്?”

“ലീല....ആട്ടെ, ഇന്നുതന്നെ ഞാൻ ഇങ്ങോട്ടു പോന്നതെന്തിനാണെന്നറിയാമോ?”—ഒരു പുഞ്ചിരിയോടുകൂടി രവീന്ദ്രൻ ചോദിച്ചു.

“ഉം? എന്തിനാ?”—ഉദാസീനഭാവത്തിൽ അമ്മിണി തിരക്കി.

“അമ്മിണിയെ കാണാൻ!”

Digitized By Kerala Sahitya Akademi

"ആട്ടെ, എന്നെ കാണാനായി ഇങ്ങോട്ട പോരുന്നെന്ന മല്ലികയോട പറഞ്ഞുകൊണ്ടാണോ നിങ്ങൾ പോന്നതു്?"

കേവലം അപ്രതീക്ഷിതമായ ഒരു ചോദ്യമായിരുന്നു അതു്. ആ ചോദ്യത്തിൽ രവീന്ദ്രന്റെ ഹൃദയം ഒന്നു പിടച്ചു. അയാളുടെ മുഖം ക്ഷണനേരം രക്തശൂന്യമായി.

"ഉം....ഇല്ല, ഞാൻ പറഞ്ഞില്ല." ഒരു കുറവാളിയെപ്പോലെ അയാൾ സമ്മതിച്ചു.

"പിന്നെ നിങ്ങൾ എവിടെപ്പോകുന്നുവെന്നു പറഞ്ഞൊച്ചാണു് ഇവിടെ വന്നിട്ടുള്ളതു്?"

"കേശവപിള്ളയെ കാണുവാൻ പോകുന്നുവെന്നു ഞാൻ മല്ലികയോട കള്ളം പറഞ്ഞു."

"ഞാനതൂഹിച്ചു....അപ്പോൾ നിങ്ങൾ മനഃപൂർവ്വം നിങ്ങളുടെ ഭാര്യയെ വഞ്ചിക്കയായിരുന്നു."

"അതെ അമ്മിണീ" ഇടറിയ സ്വരത്തിൽ അയാൾ പറഞ്ഞു: "ഒരു കുടുംബജീവിതത്തിൽ അതു ചിലപ്പോഴൊക്കെ ആവശ്യമാണു്."

"അതു നിങ്ങളുടെ ദുഷിച്ച മനസ്ഥിതിയെ സൂചിപ്പിക്കുന്നുവെന്നായുള്ളൂ.....നിങ്ങൾക്കു് ഒരു മാറ്റവുമുണ്ടായിട്ടില്ല. പണ്ടത്തെ ആ പ്രകൃതംതന്നെ ഇപ്പോഴും. മറ്റുള്ളവർ തന്നെ വഞ്ചിക്കാതെ സ്നേഹിച്ചുകൊള്ളണമെന്നു നിർബ്ബന്ധം പിടിക്കുക; അതേസമയംതന്നെ നിങ്ങളെ സ്നേഹിക്കുന്നവരെ മനഃപൂർവ്വം നിങ്ങൾ വഞ്ചിക്കുകയും ചെയ്യുക—ഇതിൽപ്പരം എന്തൊരപരാധമാണു് നിങ്ങൾ ചെയ്യേണ്ടതായിട്ടുള്ളതു്! കഷ്ടം, കഷ്ടം."

Digitized By Kerala Sahitya Akademi

"അമ്മിണീ, എന്തു വേണമെങ്കിലും എന്നെ പറഞ്ഞുകൊള്ളൂ....ഞാൻ അതൊക്കെ കേൾക്കാൻ സന്നദ്ധനാണു്.....ഒന്നാലോചിച്ചുനോക്കൂ, ഞാൻ മല്ലികയെ വഞ്ചിക്കാൻ ഒരുമ്പെട്ടതുതന്നെ എനിക്കു് അമ്മിണിയോടുള്ള സ്നേഹംകൊണ്ടല്ലേ?"

"സ്നേഹം! കഷ്ടം നിങ്ങൾ ഇന്നുവരെ കണികണ്ടിട്ടില്ലാത്ത ഒന്നാണതു്. സ്നേഹിക്കാത്തവൻ സ്നേഹിക്കപ്പെടുന്നവനാകുവാൻ ഒരിക്കലും തരമില്ല. അധികം പേരിൽ നിന്നു് അധികം സ്നേഹം ആവശ്യപ്പെടുന്നവർ സ്നേഹം കൊടുത്തംതന്നെ ആക്കും കൊടുക്കാത്തവരാണു്. ആ പടംകൊണ്ടു് ഇനിയെന്നെ മയക്കിക്കളയാമെന്നു നിങ്ങൾ കരുതേണ്ട. സ്നേഹം ഞാൻ കണ്ടിട്ടുണ്ടു്; അതിന്റെ മാധുര്യം ഞാൻ മതിമറന്നനുഭവിച്ചിട്ടുണ്ടു്; സ്നേഹിക്കാൻ അറിയാവുന്നവരെ ഞാൻ കണ്ടിട്ടുമുണ്ടു്....കഷ്ടം, നിങ്ങളുടെ മനസ്ഥിതി കണ്ടു് എനിക്കു ലജ്ജ തോന്നുന്നു." വികാരാവേശത്തോടെ അവൾ പുലമ്പി.

"അമ്മിണീ, ഞാൻ തെറ്റുകാരൻതന്നെ. സമ്മതിക്കുന്നു. എനിക്കു മാപ്പു തരൂ. പക്ഷേ, എന്റെ അടക്കാനാവാത്ത മോഹം—ഒരു പന്തീരാണ്ടുകാലത്തിലധികമായി ഞാൻ അടിച്ചമർത്തിയതും, എന്നെ ഭ്രാന്തു പിടിപ്പിക്കുന്നതുമായ ഒരാശ—അതെന്നെ പരവശനാക്കി. ധർമ്മമേതു് അധർമ്മമേതു് എന്നൊന്നും ചിന്തിക്കാനുള്ള ശക്തി എനിക്കുണ്ടായിരുന്നില്ല. ആ ആശ ഇതാ എന്നെ ഇവിടെ കൊണ്ടുവന്നു തള്ളിവിട്ടു,..."

"നിങ്ങൾ പറയുന്നതൊന്നും എനിക്കു മനസ്സിലാകു

Digitized By Kerala Sahitya Akademi

ന്നില്ല." വെറുപ്പോടുകൂടി അവൾ അറിയാത്ത ഭാവം നടിച്ചുകൊണ്ടു കൈയൊഴിഞ്ഞു.

"അമ്മിണി കോപിക്കരുതു്. ഞാൻ തുറന്നു പറയാം. അമ്മിണിയോടു തെളിച്ചു പറയുന്നതിൽ എനിക്കു സങ്കോചം തോന്നേണ്ട ആവശ്യമില്ല. ഞാൻ തെറ്റുകൾ പലതും പ്രവർത്തിച്ചിട്ടുണ്ടു്. അതെല്ലാം അമ്മിണി ക്ഷമിക്കണം. അന്നത്തെ രാത്രി നീയുമായി വേർപ്പെട്ടതിൽപ്പിന്നെ നിന്നെയൊന്നു കാണാൻ ഞാൻ എത്രമാത്രം കൊതിച്ചു. പല തരത്തിലും അതിനായി ഞാൻ ശ്രമിച്ചു. എനിക്കു സാധിച്ചില്ല. എന്റെ ഹൃദയം അസ്വസ്ഥമായി. പെട്ടെന്നു് എന്റെ ജീവിതഗതിയൊന്നു മാറി. ഞാൻ മദിരാശിയിൽ പഠിച്ചുകൊണ്ടിരുന്ന കാലത്തുതന്നെ എനിക്കു വിവാഹം കഴിക്കേണ്ടതായി വന്നുകൂടി. പഠിത്തം കഴിഞ്ഞു ഞാൻ നാടുവിട്ടു. എട്ടൊമ്പതുകൊല്ലം ഞാൻ വിദേശത്തു കഴിച്ചുകൂട്ടി. എന്നാൽ ഇക്കാലത്തെല്ലാം ആ ആശ എന്റെ ഹൃദയത്തിൽനിന്നൊഴിഞ്ഞിരുന്നില്ല. അതു മേല്ക്കുമേൽ വളർന്നുവന്നതേയുള്ളു. നിന്റെ വിവാഹം സംബന്ധിച്ച ക്ഷണക്കത്തു കിട്ടിയ ദിവസം എനിക്കു മറക്കാൻ സാദ്ധ്യമല്ല. അതിനുശേഷം എന്റെ ജീവിതഗതിക്കു പാടേ ഒരു മാറ്റം സംഭവിച്ചിട്ടുണ്ടു്..... അതൊന്നും ഞാനിപ്പോൾ വിസ്തരിക്കുന്നില്ല. ഇനിയൊരിക്കലാകാം. എന്തായാലും നീ മറ്റൊരാളുടെ ഭാര്യയാകുന്നതിൽ എനിക്കു വേദനയുണ്ടായി എന്നുമാത്രം ധരിക്കുക....ഞാൻ തുറന്നു പറയട്ടെ, പണ്ടത്തെപ്പോലെ എന്റെ അമ്മിണിയും നിന്റെ രവിയുമായി നമുക്കങ്ങനെ കഴിഞ്ഞുകൂടാൻ...."

Digitized By Kerala Sahitya Akademi

"മതീ, മതി....അതു നിത്തു!....എനിക്കു മനസ്സിലായി. ഇനി നിങ്ങളതു സംസ്കരിക്കാണണ്ട!"....അവൾ അട്ടഹസിച്ചു.

"എന്റെ അമ്മിണീ, നീയിങ്ങനെ കോപിക്കാതെ....എത്രയായാലും ഞാനല്ലേ?.....നിന്റെ ഈ സൗന്ദര്യം എന്നെ ഭ്രാന്തുപിടിപ്പിക്കുന്നു," എന്നു പറഞ്ഞുകൊണ്ടു രവീന്ദ്രൻ എഴുന്നേറ്റു യാചനാത്മകമായ ഒരു നോട്ടത്തോടെ അമ്മിണിയുടെ കൈത്തു കടന്നു പിടിച്ചു. അവൾ കലിതുള്ളിക്കൊണ്ടു പിന്തിരിയുകയാണു്. രവീന്ദ്രന്റെ കൈ തട്ടിമാറ്റിക്കൊണ്ടു വീണ്ടും അവൾ ഗർജ്ജിച്ചു:

"ഛേ രവീന്ദ്രൻനായർ!—നിങ്ങൾ ഒരു മാന്യനാണെന്നു കരുതിയാണു് ഞാൻ നിങ്ങളെ എന്റെ വീട്ടിൽ കയറ്റിയതു്. എന്റെ മയ്യാദകൊണ്ടു ഞാൻ നിങ്ങളെ അവിടെ ഇരിക്കാൻ അനുവദിച്ചു. അല്ലാതെ അതിനു നിങ്ങൾക്കർഹതയുണ്ടായിട്ടല്ല. നിങ്ങളുടെ ഈ പെരും വിടസ്വഭാവം ക്ഷമിക്കുത്തക്ക സഹനശക്തി, സ്ത്രീയാണെങ്കിലും, എനിക്കുണ്ടാകുന്നില്ലെന്നു നിങ്ങൾ മനസ്സിലാക്കണം. വേണ്ട, ഇനി അവിടെ ഇരിക്കണ്ട. ആ കസേര എന്റെ ഭർത്താവിരുന്നതാണു്. ദേവതുല്യനായ അദ്ദേഹം ഇരുന്ന ആ സ്ഥാനത്തു കുറച്ചു നേരമെങ്കിലും ഒരു മൃഗത്തെ ഞാൻ ഇരിക്കാനനുവദിച്ചു....അതുതന്നെ തെറ്റായിപ്പോയി. ഉം, കടന്നുപോകൂ! മേലിൽ നിങ്ങൾ ഇങ്ങനെ ഒരുദ്ദേശത്തോടുകൂടി ഈ വീട്ടിൽ കാൽകുത്തിക്കൂടാ. ഇതാ ഇന്നുതന്നെ ഈ വിവരങ്ങളെല്ലാം കാണിച്ചു ഞാൻ നിങ്ങളുടെ ഭാര്യയ്ക്കു് ഒരു കത്തെഴുതുന്നുണ്ടു്. പരമനിർമ്മലയായ ഒരു സാ

Digitized By Kerala Sahitya Akademi

ദ്ധചിയെ നിർദ്ദയം വഞ്ചിച്ചു, വെറും കാമകോമരമായി—"

"അമ്മിണീ, ക്ഷമിക്കു. ഞാനിതാ പോകുന്നു! ഇനി ഞാൻ ഈ വീട്ടിൽ വരികയില്ല. പക്ഷേ എനിക്കൊരപേക്ഷയുണ്ടു: നീ ദയവുണ്ടായി ഇതൊന്നും മല്ലികയെ അറിയിക്കരുതു".....ഇതുവരെ ശാന്തമായി നിലകൊണ്ട ഞങ്ങളുടെ ജീവിതത്തെ നീ അലങ്കോലപ്പെടുത്തരുതു. കരു മാതൃഹൃദയം നിനക്കുമുണ്ടല്ലോ. രണ്ടു കുഞ്ഞുങ്ങളുടെ മാതാവായ ആ പാവത്തെ നീ നശിപ്പിക്കരുതു....."

"ഇല്ല, ഞാനതു ചെയ്കയില്ല. നിങ്ങൾ സമാധാനമായി പോയ്ക്കൊള്ളു!"

"ഇതാ ഞാൻ പോകുന്നു. എനിക്കു മാപ്പു തരണം. ഈ നശിച്ച ആശ എന്റെ ഹൃദയത്തിൽനിന്നു വിട്ടുപോകയില്ല. അതെന്നെ നശിപ്പിക്കട്ടെ! എന്റെ ആയുസ്സു് എതാണ്ടൊടുങ്ങാറായി. പക്ഷേ എന്റെ അമ്മിണീ —അയ്യോ, ഞാൻ വീണ്ടും അങ്ങനെ വിളിച്ചുപോകുന്നു; ക്ഷമിക്കു!—ഞാൻ മരിക്കുന്നതിനു മുൻപു് എനിക്കു മാപ്പു തരണം. ഞാൻ പോകുന്നു. നിനക്കു നന്മ വരട്ടെ!"

രവീന്ദ്രൻ പടി കടന്നു.

"രവീ,....എന്റെ പൊന്നുരവീ!"

അവൾ വിളിച്ചു. ആ വിളിയുടെ ശബ്ദം പക്ഷേ കണ്ഠത്തിൽനിന്നു പുറത്തു വന്നില്ല. അവൾ മരവിച്ചുപോയിരുന്നു. കരു മരപ്പാവപോലെ അവൾ നിലകൊണ്ടു. കരു പിഞ്ഞുപൈതലിനെപ്പോലെ അവൾ തേങ്ങിത്തേങ്ങിക്കരഞ്ഞു.

കഷ്ടം! രവിയെ തിരിച്ചുവിളിക്കാൻ സാധിച്ചിരുന്നെങ്കിൽ!....

Digitized By Kerala Sahitya Akademi

ഇല്ല; അയാൾ അപ്രത്യക്ഷനായി....

അദ്ദേഹത്തിനു് ഇനി ബസ്സു കിട്ടുമോ?....ഇല്ല. കട്ട പിലത്തെ ബസ്സും പോയ്ക്കഴിഞ്ഞു.....അദ്ദേഹം എവിടെ രാത്രി കഴിച്ചുകൂട്ടും? അദ്ദേഹം എങ്ങനെ ആഹാരം കഴിക്കും? എന്തൊരബദ്ധമാണു് കാണിച്ചതു്? ഇത്ര കർശനമാനി പറയേണ്ടായിരുന്നു.....

ഇനി പക്ഷേ അദ്ദേഹത്തെ കാണാൻ സാധിച്ചില്ലെങ്കിലോ!.....

അമ്മിണി കിടുകിടുത്തുപോയി! എന്തെല്ലാം നശിച്ച ചിന്തകൾ!.....

പത്തു്

വരമ്പിൽക്കൂടി നടന്നു രവീന്ദ്രൻ റോഡിലുള്ള അത്താണിയുടെ പുവ്വട്ടിലെത്തി. അടുത്തുള്ള ഒരു പീടികയിൽ കയറി അന്വേഷിച്ചതിൽ ഇനി ബസ്സു കിട്ടുകയില്ലെന്നും കടവിലത്തെ ബസ്സു പോയിട്ടു് ഒരു മണിക്കൂറിലധികമായി എന്നും ധരിക്കാൻ കഴിഞ്ഞു. അയാൾ അവിടെനിന്നിറങ്ങി റോഡിൽക്കൂടെ നേരേ നടന്നുപോയി.

മങ്ങിയ ഒരു നിലാവു്. അത്രം ഇനി അധികനേരത്തേയ്ക്കുണ്ടാവുകയില്ല....എതായാലും നടക്കുകതന്നെ.....ക്ഷീണിക്കുമ്പോൾ എവിടെയെങ്കിലും കിടക്കാം....

അയാൾക്കു മനസ്സിനു വല്ലാത്ത അസുഖം തോന്നി. കാടുപിടിച്ച ചിന്തകളും മുഴത്ത നൈരാശ്യവും അയാളുടെ മസ്തിഷ്കത്തിലെ സിരകളെ അനുസ്യൂതമായി കൊട്ടമ്പിരിക്കൊള്ളിച്ചുകൊണ്ടിരുന്നു.....

Digitized By Kerala Sahitya Akademi

അങ്ങനെ ഏതാണ്ടു രണ്ടുനാഴിക ദൂരം അയാൾ നടന്നുകാണും. അപ്പോൾ വഴിവക്കിലുള്ള ഒരു ചായക്കട അയാളുടെ ദൃഷ്ടിയിൽപ്പെട്ടു. യാതൊരു സങ്കോചവുംകൂടാതെ അയാൾ അതിനുള്ളിലേയ്ക്കു കയറി.....

അയാൾ അവിടെനിന്നു വീണ്ടും ഇറങ്ങിവന്നപ്പോൾ ഏതാണ്ടൊരു മണിക്കൂർ കഴിഞ്ഞുകാണും. അയാളുടെ കണ്ണുകൾ ചുവന്നു കലങ്ങിമറിഞ്ഞിരുന്നു. തലമുടി ചിന്നിച്ചിതറിക്കിടന്നിരുന്നു. വേച്ചുവേച്ചു് അയാൾ മുന്നോട്ടു നടന്നുപോയി.

നിലാവസ്തമിച്ചു....ആകാശത്തു കാർമേഘങ്ങൾ അണിനിരന്നിട്ടുണ്ടു്. അതുവരെ ശാന്തസുന്ദരമായിരുന്ന പ്രകൃതിയുടെ ഭാവം കുറേശ്ശേ മാറിത്തുടങ്ങുന്നു....ഒരു മഴയ്ക്കുള്ള ഭാവമാണു്.

രവീന്ദ്രൻ ഒരരനാഴിക നടന്നിരിക്കയില്ല. അപ്പോഴേയ്ക്കും മഴ ചാറിത്തുടങ്ങി. കുറുകുറിരുട്ടു്. അപരിചിതമായ വഴി....അയാൾക്കു വല്ലാത്ത ക്ഷീണം തോന്നിത്തുടങ്ങി....മഴ വർദ്ധിച്ചുവരികയാണു്.....അയാൾ വഴിക്കരികിൽ കണ്ട ഒരു വലിയ പീടികയുടെ തിണ്ണയിലേയ്ക്കു കയറി അവിടെ ഇരുന്നു.

ശക്തിയായ കാറ്റും മഴയും. രവീന്ദ്രൻ ഒരു സിഗററ്റെടുത്തു കടിച്ചുപിടിച്ചുകൊണ്ടു തീപ്പെട്ടിയുരച്ചു. തലപന്പരംപോലെ കറങ്ങുകയാണു്....കൊള്ളി കത്തുന്ന നിമിഷത്തിൽ കെട്ടുപോകുന്നു....നാലു കൊള്ളികൾ കളഞ്ഞു. അഞ്ചാമത്തെ കൊള്ളി അല്പനേരം നിന്നു കത്തുകതന്നെ ചെയ്തു....സിഗാറു കൊളുത്തിക്കൊണ്ടു് ആ തിണ്ണയിലാ

Digitized By Kerala Sahitya Akademi

കമാനം അയാളൊന്നോടിച്ചുനോക്കി.....കുറച്ചകലെ ആരോ മൂടിപ്പുതച്ചു കിടക്കുന്നതു കുട്ടിപ്പിടിച്ച കൈയ്ക്കുള്ളിൽ കത്തുന്ന ദീപത്തിൽനിന്നു വിരലുകൾക്കിടയിൽക്കൂടെ ചോന്നുവീണ മങ്ങിയ വെളിച്ചത്തിൽ ഒരു നിഴൽപോലെ അയാൾ കാണുകയുണ്ടായി.....ഏതായാലും ഇനി മഴ നിന്നാൽത്തന്നെ യാത്ര തുടരുന്നതു ദുസ്സാദ്ധ്യമാണെന്നും അതിനാൽ രാത്രി ആ തിണ്ണയിൽത്തന്നെ കഴിച്ചുകൂട്ടുന്നതാണു് നല്ലതെന്നും അയാൾക്കു തോന്നി.

ആകസ്മികമായുണ്ടായ ആ അല്പനേരത്തെ ദീപോദയം ഉറങ്ങിക്കിടന്നിരുന്ന ആളെ ഉണർത്തിയിരിക്കണം. അസ്പഷ്ടവും പ്രാകൃതവും ആയ ഒരു സ്വരവിശേഷം അവിടെനിന്നു പുറപ്പെട്ടതു രവീന്ദ്രന്റെ ചെവിട്ടിലെത്തി.

"ഭ്രാ....ർർർർ....ഭ്രർർ....ർർർ....ഭ്രാ....ർർർ....ഥ്?"

കോരിച്ചൊരിയുന്ന മഴ....രവീന്ദ്രൻ എഴുനേറ്റു് ആ രൂപത്തിനടുത്തു ചെന്നു്, തീപ്പെട്ടിയുരച്ചു....അതെഴുനേറ്റിരിക്കുകയാണു്.....കീറിപ്പറിഞ്ഞ വസ്ത്രങ്ങൾ....അടുത്തൊരു ചെറിയ ഭാണ്ഡം....വീണ്ടും ഒരു ശബ്ദം.

"ഭ്രാർർർ....ർർർഥ്? ങ്ഹേ?"

അയാൾ വീണ്ടും തീപ്പെട്ടി ഉരച്ചു.....ചിടകെട്ടിയ മുടി....ഇതൊരു സ്ത്രീരൂപമാണു്.....

"ഭ്രാർർർർ....ർർർഥ്?...ങ്ഹേ?"

ചോദ്യരൂപത്തിലുള്ള ആ പ്രാകൃതശബ്ദം ആവർത്തിക്കപ്പെട്ടു. അയാൾക്കു മനസ്സിലായി.....ഊമയായ ഒരു പിച്ചക്കാരി! മുപ്പത്തിയഞ്ചു വയസ്സിലധികമായിട്ടില്ല....കറുത്ത ചടച്ച വികൃതമായ ഒരു പേക്കോലം.

Digitized By Kerala Sahitya Akademi

രവീന്ദ്രൻ അതിനടുത്തു് ഇരിപ്പുറപ്പിച്ചു. അയാളുടെ കണ്ണുകൾ വിടർന്നു. സിരകൾ പൂർവ്വാധികം ത്രസിച്ചു തുടങ്ങി. അയാളിലെ മൃഗം തുടൽപൊട്ടിച്ചിളകി.....മഴ, ശക്തിയായ മഴയും കാറും.....

"ഭ്രാർർർർ.....ർർർഥം?"

"ഉം! ഞാൻതന്നെ.....കിടന്നൊച്ചവെയ്ക്കാതിരി!"

"ങ്ം.....ങ്"റേ?...."

"എന്റെ കൈയിൽ പണമുണ്ടു്."

അയാൾ പേഴ്സു് തുറന്നു് കരു വെള്ളിത്രുപയെടുത്തു് അവളോടു കുറച്ചുകൂടിച്ചേർന്നിരുന്നുകൊണ്ടു് അവളുടെ നേർക്കു നീട്ടി....ആ വസ്ത്രങ്ങളിൽനിന്നു പുറപ്പെട്ട ദുർഗ്ഗന്ധം മദ്യലഹരിയിൽപ്പോലും അയാൾക്കനുഭവപ്പെട്ടു. പക്ഷേ, അയാളിലെ മൃഗത്തിനു് അതാസ്വാദ്യമായിരുന്നു. മല്ലികാസൗരഭത്തേക്കാൾ ആസ്വാദ്യം; ആവേശകം!

"ങ്ം....ങ്ംറേ?....ഭ്ം....ഭ്ം....ഭോ!...." അവൾ അയാളുടെ കൈയ്യിലൊരു തട്ടു കൊടുത്തു.....

'ഘിണം' എന്ന ശബ്ദത്തോടെ ആ വെള്ളിത്തുട്ടു തറയിൽ വീണു....രവീന്ദ്രൻ വീണ്ടും തീപ്പെട്ടിക്കൊള്ളിയുരച്ചു നോക്കി തുട്ടു പെറുക്കിയെടുത്തു. ആ ദീപപ്രഭയിൽ അയാൾക്കവളുടെ മുഖം നന്നായിക്കാണാൻ കഴിഞ്ഞു. മാംസപേശികളില്ലെങ്കിലും ആ മുഖം കോപംകൊണ്ടു ജ്വലിക്കുകയാണു്. ഉരച്ച തീപ്പെട്ടിക്കൊള്ളിയല്ല, അവളുടെ കണ്ണുകളിൽനിന്നു പറന്ന അഗ്നിജ്വാലകളാണു് അവിടെ അത്രയും വെളിച്ചമുണ്ടാക്കിയതെന്നയാൾക്കു തോന്നിപ്പോയി. പക്ഷേ, അയാളിലെ മൃഗം അടങ്ങിയില്ല. അതൊ

Digitized By Kerala Sahitya Akademi

നക്കൂടി ഇളകിച്ചാടി—അയാൾ അവളെ കടന്നു പിടിക്കുടി.....പ്രാകൃതമായ ശബ്ദകോലാഹലങ്ങൾ ആ രൂപത്തിൽ നിന്നു തുടച്ചയായി പുറപ്പെട്ടുകൊണ്ടിരുന്നു. പക്ഷേ, അയാളെപ്പോലെ ചീറിപ്പുളയുന്ന കാറിലും മഴയുടെ ഇരമ്പത്തിലും അതിന്റെ അലമാലകൾ ലയനീയമാം വിധം ലയിച്ചുപോയതേയുള്ളൂ. അർദ്ധരാത്രി! വിജനത!.....

അവർതമ്മിൽ വലിയ പിടിയും വലിയും നടന്നു. .....അവൾ ശക്തിയില്ലാത്തവളാണു്. എങ്കിലും അയാളോടു മല്ലിടാൻ അവൾ ആവതും ശ്രമിച്ചു. അവൾ വാവിട്ടു കേണു....പക്ഷേ, ഒരു കൈകൊണ്ടു് അയാൾ അവളുടെ വായൊത്തിക്കളഞ്ഞു. അയാൾ അവളെ കീഴ്പ്പെടുത്തി....അവളുടെ കീറിപ്പൊളിഞ്ഞ വസ്ത്രങ്ങൾ തുണ്ടുതുണ്ടുകളായി തിണ്ണമേൽ വിതറപ്പെട്ടു,...കുറെ നേരത്തെ സമരത്തിനുശേഷം അവൾക്കു കീഴടങ്ങേണ്ടിവന്നു. ആ കരുത്തനായ ശത്രുവിനോടെതിരിടാൻ, പാവം.....അവൾക്കു കെല്പില്ല....അവൾ കുറച്ചിൽ നിന്നി.....അയാൾ ചെയ്തു.....

അല്പനേരം കഴിഞ്ഞു മൃഗത്തെ ഉള്ളിൽ ചുമന്നുകൊണ്ടു നടക്കുന്ന ആ മനുഷ്യൻ, അഥവാ മനുഷ്യരൂപത്തിൽ ഉള്ള ആ മൃഗം, നനഞ്ഞൂറിക്കൊണ്ടു് അവിടെനിന്നും കാടിപ്പോയി.....

പിറേദിവസം രാവിലെ കടക്കാരൻ പീടിക തുറക്കാനായി വന്നപ്പോൾ കീറിപ്പറിഞ്ഞ ചില പഴന്തുണിക്ഷണങ്ങളും കരു വെള്ളിരൂപയും അവിടെ കിടക്കുന്നതു

Digitized By Kerala Sahitya Akademi

കണ്ടു. അയാൾ ശ്രമപ്പെട്ടു. തുണിക്കഷണങ്ങൾ കാലു കൊണ്ടു ചവിട്ടിത്തുത്തു മുറത്തേയ്ക്കിട്ടു.

തലേന്നാൾ അർദ്ധരാത്രി അവിടെ നടന്ന പൈശാചസംഭവത്തെക്കുറിച്ച് ആരും കന്നും അറിഞ്ഞില്ല.....ആത്മീയമായ ബലഹീനതയും അക്ഷന്തവ്യമായ മൃഗീയതയും ശാരീരികമായ ബലഹീനതയേയും ശാലീനമായ നിസ്സഹായതയേയും ആക്രമിച്ചടിപ്പെടുത്തിയ ആ ബീഭത്സരംഗത്തിനു സാക്ഷ്യം വഹിക്കുവാൻ നിത്യഭാസുരങ്ങളായ നഭശ്ചരങ്ങൾപോലും ആ രാത്രിയിൽ ഉണ്ടായിരുന്നില്ലല്ലോ!.....

പതിനൊന്ന്

മല്ലിക കുട്ടികളുമായി അവളുടെ വീട്ടിലേയ്ക്കു പോയിരിക്കുന്നു. മാതാവും അവളോടൊന്നിച്ചു പോയിട്ടുണ്ട്. ആ വലിയ ബംഗ്ലാവിൽ രവീന്ദ്രൻ തനിച്ചായി....

അന്നു സായാഹ്നത്തിൽ ആ വലിയ ബംഗ്ലാവിൽ, പടിഞ്ഞാറുവശത്തുള്ള മട്ടുപ്പാവിൽ, ഒരു ചാരുകസേരയിൽ രവീന്ദ്രൻ കിടക്കുകയായിരുന്നു. അയാൾക്കു ദേഹത്തിനും മനസ്സിനും ഒന്നുപോലെ ക്ഷീണം ബാധിച്ചിട്ടുണ്ട്. ഔഷധങ്ങൾ സേവിക്കുന്നുണ്ടെങ്കിലും അസ്വാസ്ഥ്യത്തിനു യാതൊരു ശമനവും ഉണ്ടാകുന്നില്ല. തന്നെ ബാധിച്ചിട്ടുള്ള രോഗം ക്ഷയമാണെന്ന ചിന്ത അയാളുടെ മനസ്സിനെ അത്യന്തം വേദനിപ്പിച്ചു. ഏറെനാൾ തനിക്കിനി ജീവിതമില്ലെന്നും മരണം ആസന്നമാണെന്നും അയാൾക്കറിയാം. അതോടുകൂടി അയാൾ സദാ ചിന്താമ

Digitized By Kerala Sahitya Akademi

ഗനായി മാറി. മരണചിന്ത മനുഷ്യനെ ചിന്തിപ്പിക്കുന്നു! മൗനിയാക്കുന്നു. ജീവിതം ചിരിപ്പിക്കുന്നു! ശബ്ദിപ്പിക്കുന്നു!.....

രവീന്ദ്രന്റെ ദൃഷ്ടികൾ പുരോഭാഗത്തുള്ള പുരയിടത്തിൽ പതിഞ്ഞു. അതു് അമ്മിണിയുടെ വീടാണു്. പക്ഷേ അതിനിന്നവകാശി മറെറാരാളായിരിക്കുന്നു. പണ്ടത്തെ പഴയ കാലപ്പുരയുടെ സ്ഥാനത്തു് ഇന്നൊരു പുതിയ ബംഗ്ലാവുയർന്നിട്ടുണ്ടു്. അതിനുള്ളിൽ പെൻഷൻ പററിയ കരുയന്റ ഉദ്യോഗസ്ഥനും അദ്ദേഹത്തിന്റെ കുടുംബവും സസുഖം താമസിച്ചുപോരുന്നു.

ആ പണ്ടത്തെ പടുക്കുറൻ മാവു് ഇന്നും യഥാസ്ഥാനത്തുതന്നെ നില്ക്കുന്നുണ്ടു്. ഛരിതപത്രനിബിഡങ്ങളായ ശിഖരപടലങ്ങൾ പരത്തിപ്പിടിച്ചു് അതു നട്ടുച്ചയിലിലും, തന്നെ ആശ്രയിക്കുന്നവക്കു ശീതളച്ഛായ വിരിച്ചുകൊടുക്കുന്നു. അതിന്റെ ചുവട്ടിൽ ഒരു ചാരുകസേരയിട്ടു് ഉദ്ദേശം പതിനെട്ടുവയസ്സു പ്രായമുള്ള ഒരു തരുണി അതാ, എന്തോ ഒരു പുസ്തകം വായിച്ചുകൊണ്ടു കിടക്കുന്നു. അവൾക്കൊരു കാമുകനുണ്ടോ?—അയാൾ അവളെക്കുറിച്ചോർത്തു ദുഃഖിക്കുന്നുണ്ടോ?.....

ആ കാറ്റു രവിയുടെ ഹൃദയത്തെ ഗാഢമായി സ്പർശിച്ചു. മാഞ്ഞുപോയ ആ സുവർണ്ണകാലത്തെ മനംമയക്കുന്ന മാദകചിത്രങ്ങൾ, വർണ്ണപ്പകിട്ടു വീശിക്കൊണ്ടു് അയാളുടെ സങ്കല്പത്തിൽ അണിനിരന്നുതുടങ്ങി.

....ആ യുവതി കിടക്കുന്ന അതേസ്ഥലത്തുതന്നെ അമ്മിണിയും വായിച്ചുകൊണ്ടു കിടക്കുന്നതു പല സായാഹ

Digitized By Kerala Sahitya Akademi

ങ്ങളിലും താൻ കണ്ടിട്ടുണ്ടു്. പക്ഷേ, അതൊരു മട്ടപ്പാവിൽ ഇരുന്നുകൊണ്ടല്ല. ഒരോലപ്പുരയുടെ മുറ്റത്തു നിന്നുകൊണ്ടു്. വെറും ഒരോലപ്പുര—പക്ഷേ, അതിനുള്ളിൽ അവാച്യമായ ഒരു സംതൃപ്തി തുളുമ്പി നിന്നിരുന്നു. ഇന്നത്തെ മണിമാളികയാകട്ടെ, തന്റെ നീരിപ്പുകയുന്ന മനസ്സിൽ ആ പണ്ടത്തെ സമാധാനത്തിന്റെ ഒരു നേരിയ വീചികയെങ്കിലും പകരുന്നില്ലല്ലോ!....

ആ ബാല്യകാലം!.....പുറത്തിറങ്ങുവാൻ അച്ഛൻ അനുവദിക്കാത്തതിനാൽ ആ പഴയ ഓലപ്പുരയുടെ കരിട്ടുങ്ങിയ മുറിയിൽ ബന്ധനസ്ഥനായ അവൻ പുസ്തകം വായിക്കുന്ന നാട്യത്തിൽ ഇരിക്കുകയാണു്. അവിടെ ഒരു കൊച്ചുബാലിക അവളുടെ ചുരുണ്ട തലമുടിയും വിടർന്ന പുഞ്ചിരിയുമായി പ്രവേശിച്ചു്, അതാ അവന്റെ മുൻപിലുള്ള പീഞ്ഞപ്പെട്ടിയുടെ പുറത്തു സ്ഥാനംപിടിക്കുന്നു. അതമ്മിണിയാണു്. ലീലാലോലുപരായ കുട്ടികൾ ആർത്തുവിളിക്കുന്ന ശബ്ദം അവരുടെ കണ്ണുങ്ങളിൽ അനുസ്യൂതമായി ആപതിക്കുന്നുണ്ടു്. അവൻ തന്റെ ശപ്തമായ അസ്വതന്ത്രതയിൽ വിഷാദമഗ്നനായിത്തീരുന്നു. അവൾക്കൊരു കുണ്ഠിതമില്ല. ഒരായിരം കായ്ങ്ങൾ ശ്വാസം വിടാതെ അവൾക്കവനോടു ചിലയ്ക്കാനുണ്ടു്—ഒരാറാക്കിളിയെപ്പോലെ! അവൾക്കു് ഏറ്റവും വലിയ ആനന്ദം അവന്റെ സമീപത്തങ്ങനെ ചിലച്ചുകൊണ്ടിരിക്കലാണു്. തന്റെ സകല ദുഃഖങ്ങളിലും സമസ്തസന്തുഷ്ടികളിലും ഒന്നുപോലെ പങ്കുകൊണ്ടു്, കളിക്കൊഞ്ചലുകളാൽ സദാ തന്നെ സന്തോഷിപ്പിച്ചു്, മധുരവചനങ്ങളാൽ തന്നെ സാന്ത്വനിപ്പിച്ചു്,

Digitized By Kerala Sahitya Akademi

സ്വന്തം നിഴലെന്നപോലെ മാറാതെ തന്നോടൊട്ടിപ്പിടിച്ചുനിന്നിരുന്ന ആ കോമളബാലികയുടെ ചിത്രം അയാളുടെ കൺപോളകളെ ജലാർദ്രമാക്കി....അവളുമായിട്ടുള്ള സാഹചര്യമാണു് അന്നു തനിക്കുണ്ടായിരുന്ന ഏകാനന്ദം. അവളില്ലായിരുന്നെങ്കിൽ തന്റെ ശൈശവം എങ്ങനെ മുടിച്ചുപോയേനേ!.....പക്ഷേ, അവൾ തന്റെ ഭാര്യയായില്ല. അതു നന്നായി!....

ആ നവയൗവനം!.....അതെത്ര സംഗീതാത്മകമായിരുന്നു! വിഷാദമധുരമായ അതിന്റെ സുരഭിലാന്തരീക്ഷത്തിൽ തന്റെ സങ്കല്പസ്വപ്നങ്ങൾ എത്രയെത്ര നിവ്വാണരംഗങ്ങൾ തുറന്നുകാട്ടി!....അവളുടെ സ്നേഹത്തിൽ സംശയാലുവായി, അവളുടെ സദാചാരത്തിൽ ആശങ്കാവശനായി, കഴിച്ചുകൂട്ടിയ സംവത്സരങ്ങൾ!....മനസ്സിൽ ആയിരമായിരം വിഷാദചിന്തകൾ അലതല്ലിയിരുന്നെങ്കിലും അവയ്ക്കിടയിൽക്കൂടി നുരയിട്ടൊഴുകിയ ആനന്ദം!....കണ്ണീരിൽ കുതിർന്ന അന്നത്തെ പുഞ്ചിരികൾ!....ഇരുളിൽ പൊടിച്ച കനകരശ്മികൾ!....ഇല്ലില്ല; ഇങ്ങിനി വരാത്തവണ്ണം അവ മറഞ്ഞുകഴിഞ്ഞു. അവൾ അപഥസഞ്ചാരിണിയായിരുന്നിരിക്കാം. എങ്കിലും അവൾക്കൊരു ഹൃദയമുണ്ടായിരുന്നു. അതു സ്നേഹസമൃദ്ധവുമായിരുന്നു. ആ സ്നേഹസമ്പത്തിന്റെ ഏകാവകാശി താനായിട്ടും അതു താൻ വിശ്വസിച്ചില്ല. ആ നശിച്ച ആവേശ!....കേശവപിള്ളയൊന്നിച്ചു കിളിവാതിലൂൽ ചെന്ന ആ രംഗം!....ആ കാഴ്ച!....അപ്പോഴത്തെ തന്റെ ഹൃദയവ്യഥ!....കടുവിലത്തെ ആ പരീക്ഷ....ഇവയെല്ലാം യഥാർത്ഥത്തിൽ, സംഭവിച്ചവത

Digitized By Kerala Sahitya Akademi

ന്നെയോ? പെറും പഴങ്കഥകൾ, എല്ലാം പെറും പഴങ്കഥകൾ!....ഇന്നൊരു സ്വപ്നംപോലെ തോന്നുന്നു!....അവൾ തന്റെ ഭാര്യയല്ല!....

....അമ്മിണിയുടെ ഇന്നത്തെ സ്ഥിതിയെന്ത്? അവൾക്കാരുമില്ല. ഏകാകിനി. വിഷാദഭരിതയായ ഒരു വിധവ. നിർധനയായ ഒരു നിസ്സഹായ. മാനം കാക്കേണ്ട ഒരു മാതാവ്—കഷ്ടം, അവൾ ഭർത്തൃമതിയായിട്ടും അവളുടെ ഹൃദയത്തിൽനിന്നു തന്നോടുള്ള ആ സ്നേഹം മാഞ്ഞുപോയില്ല. അതിന്റെ സജീവദൃഷ്ടാന്തമാണ് ആ ബാലൻ; തന്റെ പ്രതിരൂപമായി ജന്മമെടുത്ത ആ കൊച്ചുമിടുക്കൻ. അവന്റെ അച്ഛൻ—ഹൃദയാലുവായ ആ ഡോക്ടർ—അവന്റെ മുഖത്തു നോക്കി എത്ര മനോവേദനയനുഭവിച്ചിട്ടുണ്ടാകാം! നിരപരാധിനിയായ ഒരു കുറക്കാരി! അവളുടെ സദ്വൃത്തിയിൽ, ഒരു കാലത്തു താനായിരുന്നപോലെ, ആ ഡോക്ടർ എത്ര സംശയിച്ചിരിക്കാം! സഹിക്കാത്ത ഹൃദയവേദനയോടുകൂടിയല്ല ആ സാധുവിന്റെ അന്ത്യസ്പന്ദനങ്ങൾ അന്തരിക്ഷത്തിൽ അലിഞ്ഞുചേർന്നതെന്നോർക്കറിയാം! പക്ഷേ, അവൾ തന്റെ ഭാര്യയല്ല!....

....പാവം, അമ്മിണി!—ഈ ചുരുങ്ങിയ ജീവിതകാലത്തിനിടയ്ക്ക് അവൾ എത്രമാത്രം ഹൃദയവ്യഥയനുഭവിച്ചിട്ടുണ്ട്? —അതോ, താനൊരുവൻമൂലം! അവൾ തന്നെ ആത്മാർത്ഥമായി സ്നേഹിച്ചതിനു് അവൾക്കു കിട്ടിയ പ്രതിഫലമെന്ത്? നീറുന്ന മനസ്സും നിലയ്ക്കാത്ത കണ്ണീരും! —എന്നിട്ടും അവൾ തന്റെ ഭാര്യയല്ല!.....

....ഇങ്ങനെയെല്ലാമായിട്ടും അന്നു രാത്രി അവളുടെ

Digitized By Kerala Sahitya Akademi

ഏകാന്തഭവനത്തിൽ വെറും കാമകിങ്കരനായി കയറി ച്ചെന്ന കാട്ടിക്കൂട്ടിയ കോമാളിത്തം! ആ ഹീനമനോഭാവം അവളെ എത്ര ക്ഷോഭിപ്പിച്ചിരിക്കണം! യൗവനവും സൗന്ദര്യവും സദാ ഒത്തുചേർന്ന ഹൃദ്ധാലോചനചെയ്തുകൊണ്ടിരിക്കുന്ന ആപല്ക്കരമായ ഒരു വൈധവ്യം; നിരാലംബമായ മാതൃത്വം; നീറിക്കൊണ്ടിരിക്കുന്ന ഹൃദയം!—ഇവയുടെ മുൻപിൽ താനഴിച്ചുവിട്ട വികൃതമായ വിടത്വം....അവൾ തന്റെ ഭാര്യയായിരുന്നെങ്കിലോ? താൻ ഡോക്ടർ സുകുമാരമേനവനും!....

രവീന്ദ്രൻ ലജ്ജിച്ചു മൂളിപ്പോയി!

അതു കഴിഞ്ഞോ?—ഈശ്വരാ, ആ നശിച്ച രാത്രി. അന്നീശ്വരൻപോലും മുക്കറാം കുടിച്ചു ബോധമില്ലാതെ വീണിരിക്കണം....അല്ലെങ്കിൽ ആ സംഭവം ഉണ്ടാകുമായിരുന്നില്ല.

"ഭ്രാർർർ....ർർർഥ"? ങ്ം....ങ്"ഗേ?"

ആ ശബ്ദം അയാളുടെ കണ്ണരഗ്രങ്ങളിൽ അപ്പോഴും മുഴങ്ങുന്നതുപോലെ അയാൾക്കു തോന്നി.

....കഷ്ടം! താനിത്ര പാഷണ്ഡനോ? തനിക്കു വിവേകമുണ്ടോ? തനിക്കു സിദ്ധിച്ച വിദ്യാഭ്യാസംകൊണ്ടെന്തു പ്രയോജനം? ലോകത്തിന്റെ മുമ്പിൽ താനൊരു മാന്യൻ....ധനവാൻ....ബിരുദധാരി.....എന്നാൽ പൊരിഞ്ഞ വയറുമായി നാറപ്പഴന്തുണിയും ചുറ്റി തെണ്ടിത്തിരിയുന്ന ആ ഉന്മപ്പെണ്ണിനോളമെങ്കിലും തനിക്കു സംസ്കാരവും ആത്മസംയമനവും ഉണ്ടായിരുന്നെങ്കിൽ! അവളാര്, എവിടെടപ്പോയി?....ആവോ. അവളെ താൻ പീഡിപ്പിച്ചു.... ഈ

Digitized By Kerala Sahitya Akademi

ചാക്കരം അവളുടെ മാനം വലുതാണു്.....അതിൽ ക്ഷതം വരുത്താൻ അവൻ മനസ്സറിഞ്ഞു സമ്മതിച്ചില്ല....പക്ഷേ, വെറും പിശാചായ താൻ അതിനെ കൈയേറ്റംചെയ്തു നിർദ്ദയം പിച്ചിച്ചീന്തിക്കളഞ്ഞു.....

കല്ക്കത്തയിൽ താമസിക്കുന്ന കാലത്തെ ലഹരിപിടിച്ച രാത്രികൾ ഓരോന്നായി അയാളുടെ മുൻപിൽ ആവിർഭവിച്ചു....എത്ര ഹീനമായിരുന്നു തന്റെ ജീവിതം.... സാധ്വിയും സുശീലയും സുന്ദരിയുമായ ധർമ്മപത്നി ഉണ്ണകഴിക്കാതെ വീട്ടിൽ കാത്തുകൊണ്ടിരിക്കേ, മദ്യലഹരിയിൽ മതിമറന്നു തേവിടിശ്ശിത്തെരുവുകളിൽ തെണ്ടിനടന്ന എത്രയെത്ര രാത്രികൾ!....തന്റെ ഇന്നത്തെ ഈ ഭയങ്കരരോഗം ആ ഇരുണ്ട ജീവിതത്തിന്റെ ഉപഹാരമല്ലേ?....അതാ, മരണം തന്നെ മാടിവിളിക്കുന്നു.....ഭായ്യ്, ഭായ്യ്, അതൊരു പരിമളമല്ല, ആവേശമല്ല—തണൽ, അഭയം!

അയാൾ കിടുകിടുത്തുപോയി.

ഇങ്ങനെ കാടുപിടിച്ച ചിന്തകളാൽ അസ്വസ്ഥഹൃദയനായ രവീന്ദ്രൻ ആ കസേരയിൽ കിടന്നാടിപ്പോയി.....

ആകർഷകമായ പൗനിലാവു് അവിടെ മുഴുവൻ വ്യാപിച്ചിരുന്നു. അകലെയുള്ള ഏതോ വൃക്ഷത്തിൽ ഒരു മൂങ്ങയിരുന്നു മൂളുന്നുണ്ടു്. നക്ഷത്രനിബിഡമായ ആകാശം. കുളിർമ്മയുള്ള ഒരു കാറ്റു് ഇടയ്ക്കിടെ ഇളകിക്കൊണ്ടിരുന്നു.....

അതിമൃദുലമായ ഒരു കരസ്പർശം രവീന്ദ്രനെ സ്വ

Digitized By Kerala Sahitya Akademi

പ്പശ്ചാത്തലനൃമായ ആ നിദ്രയിൽനിന്നു മെല്ലെമെല്ലെയുണർത്തി.....

"മല്ലികേ!"

ആയാമം കണ്ണു തുറന്നു....അപ്സരസ്സിനെപ്പോലെ സുന്ദരിയായ ഒരു സ്ത്രീ തന്റെ മുൻപിൽ മന്ദഹസിച്ചുകൊണ്ടു നില്ക്കുന്നു....അതൊരു സ്വപ്നമാണോ? അതു മല്ലികയല്ലേ? ആയാമംക്കു കുറെ നേരത്തേയ്ക്കു വിശ്വസിക്കാൻ സാധിച്ചില്ല.....

ആ സുന്ദരി അമ്മിണിയായിരുന്നു.....മല്ലികയല്ല, അമ്മിണി!!—അമ്മിണി!!....

പന്ത്രണ്ടു

ഒരു മാസം കഴിഞ്ഞു് അമ്മിണിക്കു് ഒരു കത്തു കിട്ടി. അവൾ ആർത്തിയോടെ ആ കത്തു തുറന്നു് ഇങ്ങനെ വായിച്ചു;

'മല്ലികാമന്ദിരം'

എന്റെ പ്രിയപ്പെട്ട അമ്മിണീ,

ഒരു മീനൽക്കൊടിപോലെ അപ്രതീക്ഷിതമായ നിന്റെ ഇവിടത്തെ സമാഗമം എനിക്കൊരു സ്വപ്നംപോലെ തോന്നുന്നു. എന്നോടു മാപ്പു ചോദിക്കുവാനാണല്ലോ നീയിവിടെ വന്നതു്. വികാരാധികൃത്താൽ എനിക്കന്നു നിന്നോടൊന്നും പറയാൻ സാധിച്ചില്ല. നീ എന്നോടു മാപ്പുചോദിക്കയല്ല എനിക്കു മാപ്പു തരികയാണു് വേണ്ടതു്: എന്തുകൊണ്ടാണെന്നു് ഇനിയും ഞാൻ വിസ്തരിക്കേ

Digitized By Kerala Sahitya Akademi

ണ്ട ആവശ്യമില്ല. ലോകത്തിൽ നിന്നെ ഏറ്റവും ദ്രോ
ഹിച്ചിട്ടുള്ള, നിനക്കേറ്റവും ഹൃദയവേദന നല്കിയിട്ടുള്ള,
വ്യക്തി അധമനായ ഈ ഞാനാണു്. എന്റെ അപരാ
ധം ക്ഷമിക്കുവാനുള്ള ഹൃദയവിശാലത നിനക്കുണ്ടെന്നെ
നിക്കറിയാം....അതൊക്കെ പോകട്ടെ. അതിപ്രധാനമാ
യ ഒരു സംഗതി നിന്നെ അറിയിക്കുവാനാണു് ഞാനീ
കത്തെഴുതുന്നതു്.....

ഇവിടത്തെ നിന്റെ ആഗമനം എന്റെ ജീവിതഗ
തിയിൽ ഒരു കൊടുങ്കാറ്റഴിക്കി വിട്ടിരിക്കുന്നു. ഞാനിങ്ങ
നെ തുറന്നുപറയുന്നതുകൊണ്ടു് നീ ഒട്ടും ക്ഷുഭിതപ്പെടരു
തു്. നീയിതിൽ ലേശമെങ്കിലും തെറ്റുകാരിയല്ലെന്നെ
നിക്കറിയാം. മല്ലിക ഇവിടെ ഇല്ലാത്ത വിവരം ഇവിടെ
വന്നപ്പോഴാണല്ലോ നിനക്കു മനസ്സിലായതു് അവൾ ഇ
വിടെ ഉണ്ടായിരിക്കുമെന്നു വിശ്വസിച്ചു നീ വന്നു. അ
വൾ ഉണ്ടായിരുന്നെങ്കിൽ ഇത്രത്തോളം വിഷമത ഉണ്ടാ
കുമായിരുന്നില്ല. അവൾ വീട്ടിൽനിന്നു് ഇവിടെ മടങ്ങി
യെത്തിയപ്പോൾ ആരോ അവളെ തെറ്റിദ്ധരിപ്പിച്ചു. അ
വൾ ഇവിടെനിന്നു വീട്ടിലേയ്ക്കു പോയ തക്കംനോക്കി
ഞാൻ നിന്നെ ആളയച്ചുവരുത്തിയെന്നും ഒരാഴ്ചയോളം
നീ എന്നോടൊന്നിച്ചിവിടെ ഗൂഢമായി താമസിച്ചു എ
ന്നും മറ്റുമാണു് അവൾ ധരിച്ചിരിക്കുന്നതു്!—കഷ്ടം,
കേവലം ഒരു മണിക്കൂർ മാത്രമാണു് നീയെന്റെ ഭവന
ത്തിൽ നിന്നതു്. ഞാൻ എത്ര നിർബ്ബന്ധിച്ചിട്ടും സമ്മതി
ക്കാതെ അന്നു രാത്രി നീ നിന്റെ സഹോദരിയുടെ ഭവന
ത്തിലേയ്ക്കു പോയി. പിറ്റെദിവസം രാവിലെ നീ സ്ഥലം

Digitized By Kerala Sahitya Akademi

പിടികയും ചെയ്തു. എന്നിട്ടും നിനക്കിങ്ങനെ ഒരപവാദം വന്നുകൂടി. ഞാൻ വിസ്മരിക്കുന്നില്ല. ഏതായാലും ഞങ്ങളുടെ ദാമ്പത്യാന്തരീക്ഷത്തിൽ ഒരു കരിനിഴൽ പറ്റിപ്പിടിച്ചുകഴിഞ്ഞു. അതിനി നിർമ്മാജ്ജനം ചെയ്യുവാൻ സാധിക്കുമെന്നു തോന്നുന്നില്ല. ഞാൻ പലതും പറഞ്ഞുനോക്കി. നീ മല്ലികയെയോ അവൾ നിന്നെയോ ഇതുവരെ കണ്ടിട്ടില്ലെങ്കിലും, നീ ഇന്നവളുടെ ഒരു പരമശത്രുവാണു്. ഈ പരിണാമം എന്നെ എത്രമാത്രം വേദനിപ്പിക്കുന്നുണ്ടായിരിക്കുമെന്നു് എനിക്കുറെ നിനക്കൂഹിക്കാമല്ലോ. ഇതറിയുമ്പോൾ നീയും ദുഃഖിക്കുമെന്നെനിക്കറിയാം....നീ ക്ലേശിക്കരുതു്. ഇക്കാര്യത്തിൽ നീ നിരപരാധിനിയാണെന്നു നിനക്കു നിശ്ചയമുണ്ടു്. ആ ബോധം നിന്നെ ആശ്വസിപ്പിക്കട്ടെ. എന്തു ചെയ്യാം? ഇങ്ങനെയാണു് ലോകം. നാം അനുഭവിക്കേണ്ടതെല്ലാം അനുഭവിച്ചേ തീരൂ. എനിക്കുള്ള ഏകസമാധാനം ഇതാണു്. അസുഖപ്രദമായിത്തീർന്ന ഈ ദാമ്പത്യജീവിതം അധികനാൾ എനിക്കിനി തുടരേണ്ടതായി വരില്ല. മല്ലികയും നിന്നെപ്പോലെ ഒരു വിധവയാകാറായി. ഒന്നെനിക്കു നിശ്ചയമുണ്ടു്: എന്റെ മരണശേഷം മല്ലിക പശ്ചാത്തപിക്കും. അന്നവൾ നിന്നെ സ്നേഹിക്കുകയും ചെയ്യും....ഞാൻ അധികമൊന്നും എഴുതുന്നില്ല. നീ ഈ കത്തിനു മറുപടിയയയ്ക്കരുതു്....നാം തമ്മിൽ ഒരു കത്തിടപാടും നടത്തിക്കൂടാ. അതു കൂടുതൽ കുഴപ്പത്തിനു കാരണമാകും....ഞാൻ നിനക്കു സർവ്വനന്മകളും നേരുന്നു.

എന്നു്, സ്നേഹപൂർവ്വം
നിന്റെ രചി

Digitized By Kerala Sahitya Akademi

അമ്മിണി ഈ കത്തു വായിച്ചതോട്ടുകൂടി അവളുടെ നേത്രങ്ങൾ ബാഷ്പപൂർണ്ണങ്ങളായി. ഈ ശങ്കരവിയെ വിട്ടുപോന്നതുമുതൽ അവളുടെ ഹൃദയത്തെ അടക്കിക്കൊണ്ടിരുന്നതാണു്. എങ്കിലും അതൊരു യഥാർത്ഥരൂപം കൈക്കൊണ്ടപ്പോൾ അവൾക്കു സഹിക്കാതായി. മല്ലിക അവിടെ ഇല്ലെന്നറിഞ്ഞിരുന്നെങ്കിൽ അവൾ ഒരിക്കലും അവിടെ പോവുകയില്ലായിരുന്നു. അവൾ അവളെത്തന്നെ ശപിച്ചു....പരമപ്രശാന്തമായ ഒരു ഗാർഹസ്ഥ്യജീവിതത്തിൽ അവൾ ഒരു ഭ്രകമ്പമുണ്ടാക്കിയിരിക്കുന്നു. അവൾക്കതിന്റെ സ്വഭാവം തികച്ചും അനുമാനിക്കാൻ കഴിയും. അവൾ ഒരു സ്ത്രീയല്ലേ? സ്വകാന്തൻ മറ്റൊരു കാമുകിയുടെ പ്രേമപാത്രമാണെന്നറിയുമ്പോൾ ഒരു സ്ത്രീയുടെ ഹൃദയത്തിനുണ്ടാകാവുന്ന ശ്വാസംമുട്ടൽ അവൾക്കുഹിക്കാം. ഹാ, പീണ്ടും അവൾ നിരപരാധിനിയായ ഒരു കുറക്കാരി! കക്കാത്ത കള്ളി!—അപവാദത്തിൽനിന്നകന്നു നില്ക്കാൻ അവൾക്കു ഭാഗ്യമില്ലെന്നോ! അവൾ എന്തുചെയ്യും? പാവം! അവളുടെ കണ്ണുനീർ ഈശ്വരൻ കാണുന്നില്ലെന്നുണ്ടോ?...

—എന്നിട്ടും, എന്തുകൊണ്ടോ അവൾക്കു മല്ലികയോടെന്തോ ഒരു വെറുപ്പു തോന്നി; രവിയുടെ പേരിൽ സഹതാപവും. ആ സഹതാപഭാവത്തിൽ അടിഞ്ഞുതുടങ്ങിയ അവളുടെ ഹൃദയം പൂർവ്വകാലസ്മൃതികളുടെ സപ്തസ്വാത്മകങ്ങളായ ആന്ദോളനങ്ങളിൽ അഭിനവങ്ങളായ ചില മധുരപ്രതീക്ഷകളെ ആശ്ലേഷിച്ചോ, ആവോ!

പതിമൂന്നു്

മല്ലികാമന്ദിരത്തിലെ പ്രസന്നമായ അന്തരീക്ഷം

Digitized By Kerala Sahitya Akademi

അവിചാരിതമായി ഇരുണ്ടുപോയി. ഒരു തണുത്ത മൗനം അതിനെ മരവിപ്പിച്ചു. അതിന്റെ അസുഖമയമായ ആ സിതാവരണം അതിലെ ആനന്ദസല്ലാപങ്ങളെ നിർദ്ദയം ശ്വാസിച്ചുകളഞ്ഞു!

മല്ലികയുടെ മുഖം സദാ മ്ലാനമാണു്. രവീന്ദ്രന്റെ ഉന്മേഷമെല്ലാം നശിച്ചു. അയാളുടെ ആരോഗ്യം ദിനം പ്രതി ക്ഷയിച്ചുവന്നു. വ്യാധി ശരീരത്തേയും ആധി ഹൃദയത്തേയും ക്രൂരസമയംതന്നെ ആക്രമിച്ചുകൊണ്ടിരിക്കുക—അതെത്ര ദയനീയമാണു്!

അടിയുറച്ച വിശ്വാസത്തിന്മേൽ അധിഷ്ഠിതമായിരുന്നു അവരുടെ ദാമ്പത്യബന്ധം. ഇന്നിതുവരെ അതിനു യാതൊരിളക്കവും തട്ടിയിട്ടില്ല....അനാശാസ്യമായ രവീന്ദ്രന്റെ ലൈംഗികജീവിതത്തെക്കുറിച്ചു മല്ലികയ്ക്കു യാതൊന്നും അറിഞ്ഞുകൂടാ. തന്റെ ഭർത്താവു് ആദർശശാലിയായ ഒരു മഹാമനസ്കനാണെന്നാണവളുടെ വിശ്വാസം. അതിൽ സംശയദൃഷ്ടിയോടുകൂടി വീക്ഷിക്കേണ്ട ആവശ്യമോ അതിനു പ്രേരകമായ ഒരു സന്ദർഭമോ ഇന്നോളം ഉണ്ടായിട്ടില്ല. ഇന്നാകട്ടെ, അവർക്കിടയിൽ മാരകമായ ഒരു മായാഭിത്തി ഉയർന്നിട്ടുണ്ടു്. ഒരു കറുത്ത തിരശ്ശീലയാൽ അതു മൂടപ്പെട്ടിരിക്കുന്നു. മല്ലിക അതു കണ്ടു നടുങ്ങിപ്പോയി.....

അവൾ കാത്തു. കല്ക്കത്തയിൽ താമസിക്കുന്ന കാലത്തു ഡോക്ടർ സുകുമാരമേനോന്റെ വിയോഗവാർത്തയെപ്പറ്റി സഹോദരൻ തന്നോടു പറഞ്ഞുകേൾപ്പിച്ചപ്പോൾ അവ്യക്തവും അടിസ്ഥാനരഹിതവുമായ എന്തോ ഒരു

Digitized By Kerala Sahitya Akademi

സംശയത്തിന്റെ നിഴൽ തന്റെ ഹൃദയത്തിൽ ക്ഷണനേരം പതിയുകയുണ്ടായില്ലേ?....അടുത്ത മാത്രയിൽ അതു മാഞ്ഞുപോയി.....മാഞ്ഞുപോയെന്നു താൻ വിശ്വസിച്ചു. ഇന്നിതാ ആ കരിനിഴൽ ഒരു പരമാത്ഥത്തിന്റെ രൂപം വിരിച്ചു തന്റെ ഹൃദയത്തെ ചുരുട്ടിപ്പിണഞ്ഞു കൊത്തുന്നു. അതിന്റെ ആ ശ്രമത്തിൽനിന്നും എങ്ങനെയൊന്നിനി രക്ഷ നേടും?.....

ജനങ്ങളുടെ സംസാരം അയഥാത്ഥ്യമാണെന്നു കരുതി മല്ലികയ്ക്കു വേണമെങ്കിൽ ഇനിയും ആശ്വസിക്കാമായിരുന്നു. കുറച്ചുനാൾ അവളങ്ങനെ ആശ്വസിക്കുകയും ചെയ്തു. എന്നാൽ അതിനിടയിൽ മറ്റൊരു സംഭവംകൂടിയുണ്ടായി.....

അന്നു രവീന്ദ്രൻ ഗൃഹത്തിലുണ്ടായിരുന്നില്ല. അതിനുമുൻപൊരിക്കലും ചിന്തിച്ചിട്ടില്ലാത്തവിധം തന്റെ പ്രിയതമന്റെ തോൽപ്പെട്ടി ശ്രദ്ധമായൊന്നു പരിശോധിച്ചു നോക്കണമെന്നവൾക്കു തോന്നി. പലപ്പോഴും അവൾ അതു തുറന്നുകണ്ടിട്ടുണ്ടു്. അതിനുള്ളിൽ ചില പുസ്തകങ്ങളും കത്തുകളും മാത്രമേ ഉണ്ടായിരുന്നുള്ളു. അവൾ അത്ര വിശ്വാസിച്ചിതുവരെ നോക്കിയിട്ടുമില്ല. അതിന്റെ ആവശ്യമില്ലായിരുന്നു....ഇന്നെന്തോ അവൾക്കതിന്റെ ആവശ്യം തോന്നി. ശ്വാസംമുട്ടിക്കുന്ന ഒരു പ്രേരണ.

അവൾ രഹസ്യമായി പെട്ടി തുറന്നു. അതിനുള്ളിലെ സാമഗ്രികൾ ഓരോന്നായി പുറത്തെടുത്തു. പുസ്തകങ്ങളുടെ അടിയിൽ ഏതാനും കത്തുകൾ ചിന്നിച്ചിതറിക്കിടക്കുന്നുണ്ടു്. കേശവപിള്ളതുടങ്ങിയ ചില സുഹൃത്തു

Digitized By Kerala Sahitya Akademi

ക്കളുടെ എഴുത്തുകളാണവ. മല്ലിക വീണ്ടും പരിശോധിച്ചു. അതാ, കരു പട്ടുതൂവാലയിൽ പൊതിഞ്ഞു കെട്ടിയ മറ്റു ചില കത്തുകൾ. അവൾ കാരോന്നായെടുത്തു വായിച്ചു—എല്ലാം അമ്മിണിയുടെ കത്തുകളാണു്. പന്തീരാണ്ടു കാലത്തിനുമുൻപെഴുതപ്പെട്ടിട്ടുള്ള പ്രേമലേഖനങ്ങൾ! അവളുടെ ഹൃദയം വിങ്ങിപ്പോയി. വീണ്ടും അവൾ പെട്ടി പരിശോധിച്ചുനോക്കി. അതാ, മിനുമിനുത്ത കരു കടലാസ്സിൽ പൊതിഞ്ഞുവെച്ചിട്ടുള്ള കരു ഫോട്ടോ!—അമ്മിണിയെ അവൾ ആദ്യമായി കാണുകയാണു്....

അമ്മിണി മന്ദസ്മിതമധുരാസ്യയായി കരു കസേരയിൽ ഇരിക്കുന്നു. അവളുടെ വലത്തുഭാഗത്തു് അല്പം പുറകിലായി അവളോടു ചേർന്നു്, അവളുടെ തോളിൽ കൈ വെച്ചുകൊണ്ടു് കരു യുവകോമളൻ നില്ക്കുന്നു! അയാളുടെ മുഖം പ്രഭാപ്രഫുല്ലമാണു്. അതാരു്?—രവീന്ദ്രൻ, അവളുടെ ആത്മനായകൻ! അവർ ദമ്പതികളെപ്പോലിരുന്നു. ആരുതന്നെ കണ്ടാലും അവർ ഭാര്യാഭർത്താക്കന്മാരല്ലെന്നു കരുതുകയില്ല? അവരുടെ മുഖം പ്രസാദദീപ്തമാണു്. മധുരസപ്നങ്ങൾ നിറഞ്ഞ മധുവിധുകാലത്തു പ്രപഞ്ചത്തെപ്പോലും വിസ്മരിച്ചു് അജ്ഞാതമായ കരാനന്ദമേഖലയിൽ ചുറ്റിപ്പറക്കുന്ന രണ്ടനുഗൃഹീതാത്മാക്കൾ! —മല്ലികയൊഴികെ മറാരുതന്നെ ആ ചിത്രമൊന്നു കാണട്ടെ, അവർക്കവരുടെ മുഖത്തുനിന്നു കണ്ണെടുക്കാൻ മനസ്സുവരില്ല. പക്ഷേ, മല്ലികയുടെ ഹൃദയം പിളർന്നുപോയി. അവൾക്കു ശ്വാസം മുട്ടി. അവളുടെ ആത്മാവു പൊള്ളിപ്പോയി. അവളുടെ കണ്ണുകളിൽനിന്നു് കരേസമയംതന്നെ ചെന്തീപ്പൊ

Digitized By Kerala Sahitya Akademi

രികൾ ചിന്നിപ്പുറക്കുകയും അശ്രുബിന്ദുക്കൾ അടർന്നുവീഴുകയും ചെയ്തു....ആ ഫോട്ടോവിൽ ഒന്നുകൂടി നോക്കാൻ അവർക്കു ധൈര്യം വന്നില്ല. എല്ലാ സാധനങ്ങളും മുൻപിരുന്ന രീതിയിൽത്തന്നെ വീണ്ടും അടുക്കിവെച്ചിട്ടു് അവർ വാതിൽ പൂട്ടി....

രവീന്ദ്രൻ തിരിച്ചെത്തി. ഹൃദയം പുകഞ്ഞുകൊണ്ടിരുന്നുവെങ്കിലും അവൾ യാതൊരു ഭാവവ്യത്യാസവും കാണിച്ചില്ല.....

അവരുടെ ദാമ്പത്യജീവിതത്തിൽ ബാഹ്യമായി എന്തെങ്കിലും മാറ്റമുണ്ടായി എന്നു പറഞ്ഞുകൂടാ. പക്ഷേ, ആന്തരമായി അവർ അകന്നുകൊണ്ടിരുന്നു. ഈ ത്രുപാന്തരം രവീന്ദ്രനിൽ കഠിനമായ മനോവേദനയുളവാക്കി. അമ്മിണി അന്നവിടെ വന്നില്ലായിരുന്നുവെങ്കിൽ അയാളൂടെ ആ രഹസ്യഭണ്ഡം ഒരിക്കലും വെളിപ്പെടുമായിരുന്നില്ല. പക്ഷേ, എന്തുചെയ്യാം? അമ്മിണി അക്കാര്യത്തിൽ നിരപരാധിനിയാണു്.....അപരാധഭാരം മുഴുവൻ രവീന്ദ്രനിൽ സ്ഥിതിചെയ്യുന്നു.

ശപിക്കപ്പെട്ട ആ രഹസ്യം ഇത്രനാളും അയാൾ എന്തിനു മല്ലികയിൽനിന്നു മറച്ചുവെച്ചു? ഒരു പക്ഷേ, അതു വെളിപ്പെടുത്തിയെങ്കിൽ, അന്നുമുതല്ക്കുതന്നെ ഈ അസ്വസ്ഥത അവരുടെ ദാമ്പത്യജീവിതത്തെ ഗ്രസിക്കുമായിരുന്നു. ആ ഭയമായിരിക്കണം രവീന്ദ്രനെ അതിൽനിന്നു പിൻവാങ്ങുവാൻ പ്രേരിപ്പിച്ചതു്. ഏതായാലും ഇനിയും മല്ലികയോടതു തുറന്നു സമ്മതിക്കുകയില്ലെന്നതന്നെ അയാൾ നിശ്ചയിച്ചുറച്ചു.

Digitized By Kerala Sahitya Akademi

രണ്ടുമൂന്നു മാസം കരുവിധത്തിൽ ഉന്തിത്തള്ളിക്കഴിച്ചുകൂട്ടി.....നരകതുല്യമായ ഒരു ജീവിതമായിരുന്നു ആക്കാലത്തു്. അന്നു സായാഹ്നത്തിൽ മല്ലികയും രവീന്ദ്രനും മട്ടുപ്പാവിൽ ഇരുന്നു കാറുകൊള്ളുകയാണു്. വേണുവിനേയും ലീലയേയും ഭൃത്യൻ ക്ഷേത്രത്തിലേയ്ക്കു കൊണ്ടുപോയിരിക്കുന്നു. കാരോ കുത്തുവാക്കുകൾ മൂടിമൂടിപ്പറഞ്ഞുപറഞ്ഞു് ഒടുവിൽ അവരുടെ സംസാരം അമ്മിണിയെ പരാമർശിക്കുന്ന ഒരു കായ്ത്തിൽ എത്തിച്ചേർന്നു. രവീന്ദ്രന്റെ മുഖം ഞൊടിയിടയിൽ വിളറിപ്പോയി. ആ തെറ്റിദ്ധാരണ മല്ലികയുടെ മനസ്സിൽനിന്നു നിഃശ്ശേഷം നീക്കിക്കളയണമെന്നു കരുതി രവീന്ദ്രൻ വസ്തുസ്ഥിതികൾ മനഃപൂർവ്വം മറച്ചുപിടിച്ചുകൊണ്ടു് ഇങ്ങനെ പറഞ്ഞു:

"മല്ലികേ, കുറച്ചുനാളായി നിനക്കു് അല്പമൊരു മനഃക്ലേശമുള്ളപോലെ തോന്നുന്നു. അതു് അമ്മിണിയുടെ കായ്ത്തിലാണെന്നെനിക്കറിയാം—"

"അതേ, എന്റെ മരണംവരെ അങ്ങനെ അലട്ടിക്കൊണ്ടിരിക്കും." മല്ലിക ഇടയ്ക്കു കയറിപ്പറഞ്ഞു.

"നിന്റെ സംശയങ്ങളെല്ലാം അടിസ്ഥാനമില്ലാത്തതാണു് മല്ലികേ.....ഞാൻ....."

"എന്തിനിങ്ങനെ വെറുതേ എന്നോടു കള്ളം പറയുന്നു? അതാണെന്നെ കൂടുതൽ വേദനിപ്പിക്കുന്നതു്."

"ഞാൻ കള്ളം പറയുന്നതല്ല. എന്റെ വാക്കുകൾ മല്ലിക വിശ്വസിക്കൂ!"—അപേക്ഷാഭാവത്തിൽ രവീന്ദ്രൻ തുടർന്നു.

"നിങ്ങൾ തമ്മിൽ കരട്ടപ്പുമില്ലേ?"

Digitized By Kerala Sahitya Akademi

"ഇല്ല. കരട്ടപ്പുമില്ല."

"എന്നിട്ടാണോ ഞാനില്ലാത്ത അവസരം നോക്കി അവളെ ഇവിടെ വരുത്തിയതും താമസിപ്പിച്ചതും?"

"ഞാനങ്ങനെ ചെയ്തില്ല. അവൾ എന്തോ ആവശ്യത്തിനു് അവളുടെ സഹോദരിയുടെ വീട്ടിൽ വന്നു....പോകുംവഴി ഇവിടെ കണ്ട കയറിയെന്നേ ഉള്ളു. നീ ഇവിടെ ഇല്ലാത്ത കഥതന്നെ അവൾ അറിഞ്ഞിട്ടില്ല."

"എന്തിനാണവൾ ഇവിടെ വന്നതു്?"

"വെറുതേ, എന്നെയൊന്നു കാണാൻ. കുട്ടിക്കാലത്തു ഞങ്ങൾ അല്പം കൂട്ടായിരുന്നു. ആ പഴയ പരിചയമോർത്തു്—"

"കരാഴ്ചയിവിടെത്താമസിച്ചു് ആ പഴയ പരിചയം പുതുക്കിക്കളയാമെന്നു കരുതി." അവളുടെ ഹിതാനുസാരം അവൾ രവീന്ദ്രന്റെ വാചകത്തെ പൂരിപ്പിച്ചു.

"കഷ്ടം! ഇങ്ങനെ പറയരുതു് മല്ലികേ. കരുതിക്കൂട്ടി അപവാദം പറയുന്നതു വലിയ പാപമാണു്.....കരാഴ്ച പോയിട്ടു് ഒരു മണിക്കൂർ അവൾ ഇവിടെ താമസിച്ചില്ല." നിസ്സഹായഭാവത്തിൽ രവീന്ദ്രൻ വിശദപ്പെടുത്തി.

"അതെന്തെങ്കിലുമാകട്ടെ, കൽക്കത്തയിൽ നാം താമസിക്കുന്ന കാലത്തു്, അവളുടെ ഭർത്താവില്ലേ ആ ഡോക്ടർ, അയാൾ മരിച്ചുവെന്നു കമ്പി വന്നപ്പോൾ എന്നോടു പറഞ്ഞ വാക്കുകൾ അങ്ങയ്ക്കു് ഓർമ്മയുണ്ടോ?—അവളുമായിട്ടൊരു പരിചയവുമില്ല, അവളെക്കുറിച്ചൊന്നും അറിഞ്ഞുകൂടാ എന്നൊക്കെയാണു് അന്നു് അങ്ങനെപ്പറഞ്ഞു ഖിശ്വസിപ്പിച്ചതു്....."

Digitized By Kerala Sahitya Akademi

"അങ്ങനെ പറഞ്ഞതായി ഞാൻ കാക്കുന്നില്ല." പരുങ്ങലോടെ രവീന്ദ്രൻ രക്ഷപ്രാപിക്കാൻ നോക്കി.

"പക്ഷേ, ഞാനെല്ലാം കാക്കുന്നുണ്ട്. നല്ലപോലോക്കുന്നുണ്ട്. കണ്ണോ രണ്ടോ പ്രാവശ്യം അവളെ കണ്ടിട്ടുള്ളതല്ലാതെ യാതൊരു പരിചയവുമില്ല, അവളോട് മിണ്ടിയിട്ടില്ല, എന്നെല്ലാം എന്നോട് പറഞ്ഞു. ഇപ്പോളങ്ങു കുട്ടിക്കാലത്തെ കൂട്ടുകെട്ടും പൂർവ്വപരിചയവുമെല്ലാം വലിച്ചിഴച്ചു കൊണ്ടുവരികയും ചെയ്യുന്നു. ഞാനിതിൽ ഏതാണ് വിശ്വസിക്കേണ്ടത്?"

"ഓ! അങ്ങനെ വല്ലതും ഞാനന്നു പറഞ്ഞിട്ടുണ്ടെങ്കിൽത്തന്നെ അതു വെറും നേരമ്പോക്കിനുവേണ്ടിയായിരുന്നു. നിന്നെ കളിപ്പിക്കാനായിരുന്നു." ഒരൊഴികഴിവു പറഞ്ഞു് ഉപായത്തിൽ ആ ശങ്കാമുഷ്ടിയിൽനിന്നു രവീന്ദ്രൻ രക്ഷനേടാൻ തിടുക്കപ്പെട്ടു.

അന്തരിക്ഷം ഇരുളടഞ്ഞു; നക്ഷത്രങ്ങൾമാത്രം മന്ദഹസിച്ചു.

"അതേ, എന്നെ കളിപ്പിക്കുക. ഇത്രയുംകാലം അങ്ങനെ കളിപ്പിക്കുകതന്നെ ചെയ്തു—നേരമ്പോക്കായിട്ടല്ല, കരുതിക്കൂട്ടി! അതു വെറുമൊരു കളിപ്പിക്കലായിരുന്നില്ല. മനഃപൂർവ്വം ചെയ്ത കടുത്ത വഞ്ചന!"

അവളുടെ സ്വരമിടറി. കണ്ണുകളിൽ ജലം നിറഞ്ഞു.

രവീന്ദ്രൻ വിഷമസ്ഥിതിയിലായി. എന്തു നിവൃത്തി?

"എന്റെ മല്ലികേ, അടിസ്ഥാനമില്ലാത്ത കാരോ സംശയങ്ങൾ മനസ്സിൽ വെച്ചുകൊണ്ടു കായ്മമില്ലാതെ നീ

Digitized By Kerala Sahitya Akademi

യിങ്ങനെ കണ്ണിതപ്പെടരുതു്. നിന്നെ ഞാൻ ഒരിക്കലും, ഒരുവിധത്തിലും വഞ്ചിച്ചിട്ടില്ല. വഞ്ചിക്കയുമില്ല. ആട്ടെ, നിന്നോടുള്ള എന്റെ സ്നേഹത്തിനു് എപ്പോഴെങ്കിലും നീ ഇടിവുതട്ടിക്കണ്ടിട്ടുണ്ടോ?"

"എന്നോടുള്ള സ്നേഹം!—അതു വെറുമൊരു നാട്യം മാത്രമാണു്. നടിക്കാതിരിക്കാൻ നിവൃത്തിയില്ലാത്തതു കൊണ്ടു നടിച്ചുപോകുന്ന വെറുമൊരു നാട്യം!"

അവൾ തേങ്ങിത്തേങ്ങിക്കരയാൻ തുടങ്ങി. രവീന്ദ്രൻ അവളുടെ കണ്ണീർ തുടയ്ക്കുവാനായി കൈ നീട്ടി. അവൾ എഴുനേറ്റു് ഒഴിഞ്ഞു മാറിനിന്നു.

"വേണ്ട, എന്നെ തൊടണ്ട. ഞാൻ രണ്ടു കുഞ്ഞുങ്ങൾക്കു് അമ്മയായി. ഞാൻ ഒരു ദൈവത്തെപ്പോലെ അങ്ങയെ പൂജിച്ചു. അങ്ങയ്ക്കഹിതമായി ഞാൻ എന്തെങ്കിലും പ്രവർത്തിക്കയോ, പറയുകപോലുമോ ഇതുവരെ ചെയ്തിട്ടില്ല. അതിനെനിക്കു കിട്ടിയ പ്രതിഫലം ഇതാണു്—ഈ തോരാത്ത കണ്ണീരു്.....അങ്ങേയ്ക്കു് എല്ലാമെന്നോടു തുറന്നുപറയാമായിരുന്നല്ലോ.....എങ്കിൽ എനിക്കിന്നു് ഇങ്ങനെ ദഹിക്കേണ്ടിവരില്ലായിരുന്നു. എല്ലാം മറച്ചുവെച്ചു്, എന്നെ കൃഥയില്ലാത്ത വെറുമൊരു വിഡ്ഢിപ്പെണ്ണിനെപ്പോലെ കരുതി, മനഃപൂർവ്വം വഞ്ചിക്കുക! ഇപ്പോഴും വഞ്ചിച്ചുകൊണ്ടിരിക്കുക....ഈശ്വരൻ എല്ലാം കണ്ടുകൊണ്ടിരിക്കുന്നുണ്ടു്. എന്നുകൂടിയിട്ടെങ്കിലും സത്യം വെളിപ്പെടാതിരിക്കയില്ല...."

"എന്തു വെളിപ്പെടാനാണു് മല്ലികേ?"—രവീന്ദ്രൻ അല്പം കോപം കലർന്ന സ്വരത്തിൽ ചോദിച്ചു. "നീയെ

Digitized By Kerala Sahitya Akademi

ന്താണിപ്പറയുന്നതു"? എനിക്കിതിൻെറയൊന്നും അത്ഥം മനസ്സിലാകുന്നില്ല. ആരോ എന്തോ പറഞ്ഞതു കേട്ടു് ഇല്ലാത്ത കായ്ങ്ങൾ കാരോന്നു സംശയിച്ചു നീയിങ്ങനെ പറയാൻ തുടങ്ങിയാൽ നിവൃത്തിയില്ല...."

"ഇല്ലാത്ത കായ്ങ്ങൾ!"—അവൾ ഒരു സിംഹിയെപ്പോലെ ഗർജ്ജിച്ചു: "അത്ഥം മനസ്സിലാകുന്നില്ല! ആരോ എന്തോ പറഞ്ഞു കേട്ടു!.....ഞാൻ പറയുന്നതെല്ലാം ഇല്ലാത്ത കായ്ങ്ങൾ; മറെല്ലാം ഉള്ളതും....സത്യവാടി. എനിക്കു മനസ്സിലായി. എല്ലാം എനിക്കു മനസ്സിലായി...."

"എന്താടി, നെനക്കു മനസ്സിലായെ?—എറെക്കെടന്നു വെളഞ്ഞാലൊണ്ടല്ലോ...." രവിയും അലറി.

"വേണ്ട, പേടിപ്പിക്കണ്ട.....ഞാനതു കേട്ടു പേടിക്കയുമില്ല. പേടിപ്പിക്കണ്ടതെന്നെയല്ലോ, അവളെ.....രണ്ടുപേരുംകൂടി ഫോട്ടോ എടുപ്പിച്ചിട്ടുണ്ടല്ലോ..... ആരും കാണാതെ പെട്ടിക്കകത്തു് അതും കുറെ കത്തുകളും നിധിപോലങ്ങനെ കാത്തു സൂക്ഷിച്ചിട്ടുണ്ടല്ലോ....അവളെ. അവളെപ്പോയിപ്പേടിപ്പിക്കു.....അവൾ പക്ഷേ പേടിച്ചേക്കും....ഇല്ലാത്ത കായ്ങ്ങൾപോലും!.....ഇല്ലാത്ത കായ്ങ്ങൾ!"

രവീന്ദ്രൻ കുന്നു നടുങ്ങി. സത്യത്തിൻെറ ഇടിമുഴക്കം! അയാൾ അടിപ്പെട്ടുപോയി. ആ പരാജയബോധം, നില്ക്കക്കള്ളിയില്ലാത്ത ആ അടിയറവു്, അയാളെ കലികൊള്ളിച്ചു....കരു വെളിച്ചപ്പാടിനെപ്പോലെ തുള്ളിക്കൊണ്ടു കേവലം കരു പ്രാകൃതനെപ്പോലെ വിവേകമില്ലാതെ അയാൾ ഇങ്ങനെ ആക്രോശിച്ചു:

Digitized By Kerala Sahitya Akademi

"എടീ, അതിന്നു ഞാനിപ്പോൾ എന്തു വേണം? അതെന്റെ ഇഷ്ടം....ഉവ്വ്, ഞാൻ അവളെ സ്നേഹിച്ചു....ഇപ്പോഴും സ്നേഹിക്കുന്നു. ഇനി സ്നേഹിക്കയും ചെയ്യും....മേലിൽ കരക്ഷരംപോലും ഇതിനെക്കുറിച്ചു നീ മിണ്ടിപ്പോകരുതു്...."

"അതേ, ഇതെനിക്കു കേൾക്കണമെന്നേ ഉണ്ടായിരുന്നുള്ളൂ. എട്ടുപത്തുകൊല്ലത്തെ വിശ്വാസത്തിനു്, ദാസിയെപ്പോലെ ചെയ്ത പരിചരണത്തിനു്, കലർപ്പില്ലാത്ത സ്നേഹത്തിനു്, പകരമായി എനിക്കു കിട്ടിയ സമ്മാനം! മതി, എനിക്കിതു മതി. ഇതാ ഞാൻ പോയ്ക്കഴിഞ്ഞു...ഇനി ഞാൻ അങ്ങയ്ക്കൊരു ഭാരമായിരിക്കുകയില്ല. എനിക്കും എന്റെ കുഞ്ഞുങ്ങൾക്കും അരിഷ്ടിക്കാതെ കഴിഞ്ഞുകൂടാനുള്ള വക ഈശ്വരകാരുണ്യംകൊണ്ടു് എന്റെ പ്രിയപ്പെട്ട അച്ഛൻ എനിക്കു സമ്പാദിച്ചുതന്നിട്ടുണ്ടു്. അങ്ങയുടെ അടിമയായി ഇനി ഞാനിവിടെ കിടക്കുകയില്ല. ദൈവമേ, ഇതാണോ ലോകം? ഇതാ പുരുഷഹൃദയം? സ്നേഹം, സ്നേഹം! അങ്ങനെയൊന്നു് ഈ ലോകത്തിലുണ്ടോ? എല്ലാം കപടത, എല്ലാം വഞ്ചന."

രവീന്ദ്രൻ കൂടുതൽ ധർമ്മസങ്കടത്തിലായി. അയാളുടെ കോപജ്വാലകളെല്ലാം പൊടുന്നനെ കെട്ടടങ്ങി..... ആ പരിശുദ്ധമായ കണ്ണുനീർ!—അതിന്റെ പിന്നിൽ സ്പന്ദിക്കുന്ന വേദനാപൂർണ്ണവും നിഷ്കളങ്കവുമായ സ്നേഹാർദ്രഹൃദയം!—അതിനെ കടിച്ചുചീന്തുന്ന തന്റെ പൈശാചികതാപം!—അയാൾക്കു സഹിച്ചില്ല. അവൾ തന്നെ ഉപേക്ഷിച്ചിട്ടു പോകുന്നെന്നോ?.....

Digitized By Kerala Sahitya Akademi

"മല്ലികേ, നീ എന്നെ ഉപേക്ഷിച്ചു പോവുകയാണോ"—ദയനീയമായ സ്വരത്തിൽ രവീന്ദ്രൻ ചോദിച്ചു.....

"ഞാൻ പോയാൽ അങ്ങയ്ക്കെന്ത്? അങ്ങയ്ക്കുത്രയും നല്ലതു്! അധികസൗകര്യമായി. അങ്ങയുടെ ആനന്ദത്തിനു ഞാൻ ഒരു തടസ്സക്കാരിയാകുന്നില്ല."

"മല്ലികേ, എനിക്കു നിന്നോടു സ്നേഹമുണ്ടു്."

"എന്നു ഞാൻ വിശ്വസിച്ചിരുന്നു....അടുത്തകാലംവരെ വിശ്വസിച്ചിരുന്നു. പക്ഷേ, എന്റെ ഒരു സ്വപ്നം മാത്രമായിരുന്നു അതു്...ഞാൻ പോട്ടെ. അങ്ങു് ഇഷ്ടപ്പെടുന്ന, അങ്ങു സ്നേഹിക്കുന്ന, ആ സുന്ദരിയെ ഇവിടെക്കൊണ്ടുവന്നു താമസിപ്പിച്ചുകൊള്ളൂ!"

അവൾ താഴത്തേയ്ക്കിറങ്ങിപ്പോയി. യാത്രയ്ക്കുവേണ്ട ഒരുക്കങ്ങൾ പെട്ടെന്നു ചെയ്തുതീർത്തു. മാധവിയമ്മയും കുട്ടികളും ക്ഷേത്രത്തിൽനിന്നു മടങ്ങിവന്ന ഉടനെ, അവൾ ഭൃത്യനോടു പെട്ടിയും ചില ചില്ലറ സാമാനങ്ങളും സ്റ്റേഷനിലേയ്ക്കു കൊണ്ടുപോകുവാൻ ഏർപ്പാടുചെയ്തു.

"അമ്മേ, ഞാൻ പോകുന്നു." കരഞ്ഞുകൊണ്ടവൾ മാധവിയമ്മയോടു യാത്രപറഞ്ഞു. അവർക്കു് ഒന്നും മനസ്സിലായില്ല."

"മല്ലികേ, നീയെവിടെ പോകുന്നു?"—അവർ അമ്പരപ്പോടെ ചോദിച്ചു.

"എന്റെ വീട്ടിലേയ്ക്കു്."

"എന്താണതു്?"

"അമ്മ ഇനി എന്നോടൊന്നും ദയവുചെയ്തു ചോദിക്കരുതു്. എനിക്കിവിടെ സുഖമില്ല."

Digitized By Kerala Sahitya Akademi

അവർ നേരേ രവീന്ദ്രന്റെ അടുത്തേയ്ക്കു ചെന്നു. അയാൾ ഒരു പ്രേതത്തെപ്പോലെ വിളറി നിശ്ചലനായിരിക്കുകയാണു്....ആ സാധുമാതാനിന്റെ ഹൃദയം തകർന്നു..... അവക്കു കാര്യമൊന്നും മനസ്സിലായില്ല. എത്ര ചോദിച്ചിട്ടും രവി ഒന്നും മിണ്ടുന്നുമില്ല.

നിരാശയോടും സങ്കടത്തോടുംകൂടി അവർ വീണ്ടും മല്ലികയുടെ സമീപത്തേയ്ക്കു മടങ്ങി....അപ്പോഴേയ്ക്കും അവൾ കുട്ടികളോടൊന്നിച്ചു് അവിടം വിട്ടിരുന്നു.....

ഈശ്വരാ, ഇതെന്തു കഥ!....മാധവിയമ്മയ്ക്കു് അത്ഭുതം തോന്നി!

രവീന്ദ്രനും മല്ലികയും പിണങ്ങിപ്പിരിഞ്ഞ വൃത്താന്തം കാട്ടുതീപോലെ നാടൊട്ടുക്കു പരന്നു. അതിനോടൊപ്പം അമ്മിണിയുടെ നാമധേയവും അനാശാസ്യമായ രീതിയിൽ കൂട്ടിച്ചേർക്കപ്പെട്ടു... മാധവിയമ്മയ്ക്കു് അതിരറ്റ മനോവേദനയുണ്ടായി. ആ അപവാദം പരമാർത്ഥമായിരിക്കുമെന്നുതന്നെ അവരും വിശ്വസിച്ചു. പക്ഷേ, അവരുടെ സ്നേഹാർദ്രമായ മാതൃഹൃദയം പുത്രനെ അപരാധിയാക്കാൻ ഇഷ്ടപ്പെട്ടില്ല. മല്ലികയ്ക്കുണ്ടാകാവുന്ന ഹൃദയവേദനയെക്കുറിച്ചു പൂർണ്ണനിശ്ചയമുണ്ടായിട്ടും, അവളങ്ങനെ ഭർത്താവിനെ പിരിഞ്ഞുപോയതിൽ അവർ അവളെ കുറ്റപ്പെടുത്തി....അവളോടുള്ള സഹതാപം അതിന്റെ പരമോത്തുംഗ പരിധിയെ പ്രാപിച്ച അവസരത്തിൽപ്പോലും ആ മാതാവിന്റെ കൃപാർദ്രമായ ഹൃദയത്തിൽ അനിയന്ത്രിതവും അ

Digitized By Kerala Sahitya Akademi

ജ്ഞാതവും ഹീനവുമായ ഒരു സന്തോഷത്തിന്റെ മുമ്പിലെ രശ്മി ചില ഏകാന്തനിമിഷങ്ങളിൽ ഇതരവികാരങ്ങളുടെ പഴുതുകളിൽക്കൂടിപ്പുതറിപ്പാഞ്ഞുകൊണ്ടിരുന്നു.....

ഒടുവിൽ അമ്മിണിയുടെ ചെവിട്ടിലും അസുഖകരമായ ആ വാർത്ത എത്തിച്ചേരുകയുണ്ടായി. അതവളെ വല്ലാതെ വ്യാകുലപ്പെടുത്തി. ഈ അനിഷ്ടസംഭവങ്ങൾക്കെല്ലാം താനാണു് കാരണക്കാരിയെന്ന ചിന്ത അവളെ ശ്വാസംമുട്ടിച്ചു. പക്ഷേ എന്തു ചെയ്യാനാണു്?

സകലസംഗതികളും സൂക്ഷ്മമായി വിവരിച്ചുകൊണ്ടുള്ള ഒരു കത്തു രവീന്ദ്രനിൽനിന്നു് അമ്മിണിക്കു കിട്ടി ....കണ്ണുനീരിൽക്കൂടി അവളതു വായിച്ചു. അവരിരുവരും ഒന്നിച്ചെടുത്തിട്ടുള്ള ആ ഫോട്ടോവിന്റെ ഒരു പ്രതി അവളുടെ കൈവശം ഇന്നും ഉണ്ടു്. എന്നാൽ ഒരു വ്യത്യാസമേയുള്ളു; അവിടെ അതു ഡോക്ടറെ കാണിച്ചിരുന്നു. പരസ്പരം സ്വാപരാധങ്ങളും ഏറുപറഞ്ഞു്, പ്രശാന്തമായ കരന്തരിക്ഷത്തിലാണു് അവരുടെ ദാമ്പത്യം തഴച്ചുവളരുന്നതു്. അക്കാരണത്താലായിരിക്കണം, അനിഷ്ടസംഭവങ്ങൾക്കു് അത്ര ശക്തിയായി അവരുടെ ജീവിതത്തെ ആക്രമിക്കുകയുണ്ടായില്ല. എന്നിട്ടും ഒരു നശിച്ച സംശയം ഡോക്ടറുടെ ഹൃദയത്തെ അവസാനനിമിഷംവരെ അള്ളിപ്പിടിച്ചുകൊണ്ടിരുന്നു. ആ സ്ഥിതിക്കു്, സ്വപ്നവും മറച്ചുവെച്ചു്, വെറുമൊരു കൃത്രിമവിശ്വാസത്തിന്മേൽ കെട്ടിപ്പടുത്ത രവീന്ദ്രന്റെ ഗാർഹസ്ഥ്യഹർമ്മ്യം ഒരൊറ്റ കൊടുങ്കാറ്റിൽ അടിതകർന്നു നിലംപതിച്ചതിൽ അത്ഭുതപ്പെടാനെന്തുണ്ടു്? എന്നുകൂടിയിട്ടെങ്കിലും ആ തീക്കട്ടകൾ പൊട്ടിത്തെറിക്കാതെ തരമില്ലല്ലോ....

Digitized By Kerala Sahitya Akademi

ഈ ആപത്തിൽനിന്നു രവിയെ രക്ഷിക്കേണ്ടതു തന്റെ കർത്തവ്യമാണെന്നു് അമ്മിണിക്കു തോന്നി. അവൾ തലകാഞ്ഞു പല നിവൃത്തിമാർഗ്ഗവും ആലോചിച്ചുനോക്കി. കന്നം ശരിപ്പെട്ടുമെന്നവൾക്കു വിശ്വാസമില്ല. സുനിശ്ചിതമായ ഒരു പോംവഴി കണ്ടുപിടിക്കുന്ന കാര്യത്തിൽ അവൾ നിശ്ശേഷം പരാജയപ്പെട്ടു. ഒടുവിൽ, മല്ലികയ്ക്കൊരു കത്തെഴുതുവാൻ അവൾ തീരുമാനിച്ചു.

എല്ലാ കാര്യങ്ങളും അവയുടെ ശരിയായ രൂപത്തിൽ വിവരിക്കുക; എന്നിട്ടു് അവളോടു മാപ്പിരക്കുക. തന്റെ അഭിമാനത്തിനു് ഒരിക്കലും അതുകൊണ്ടു ക്ഷതം തട്ടാനില്ല. യഥാർത്ഥത്തിൽ താൻ തെറ്റുകാരിയല്ലേ?.... ചെയ്ത തെറ്റു മൂടിവെച്ചു ഞെളിയുന്നതാണു് അതിനേക്കാൾ വലിയ തെറ്റു്. അതു പാപമാണു്. മല്ലികയ്ക്കും ഒരു ഹൃദയമില്ലേ? മനുഷ്യസഹജമായി ചെയ്തുപോയ ഒരപരാധം അവൾ ക്ഷമിക്കാതിരിക്കുമോ? അങ്ങനെ ആ ദമ്പതികളെ വീണ്ടും കൂട്ടിയിണക്കാൻ തനിക്കു സാധിച്ചാൽ!.....

വിടർന്ന കണ്ണുകളോടും തീവ്രമായി തുടിക്കുന്ന ഹൃദയത്തോടുംകൂടി അമ്മിണി മല്ലികയ്ക്കൊരു കത്തെഴുതി....ആരേയും കരയിക്കുന്ന ഒരു കത്തു്. ചെന്നായിനെപ്പോലും മാൻകിടാവാക്കുന്ന ഒരു കത്തു്. ഉള്ളു പൊട്ടി ജീവരക്തത്തിൽ മുക്കി എഴുതിയ ഒരു കത്തു്.....അവളതു മല്ലികയ്ക്കയച്ചു. രവീന്ദ്രനെ അതറിയിച്ചില്ല.....

ഒരാഴ്ചയ്ക്കുള്ളിൽ അവൾക്കതിനു മറുപടി കിട്ടി. പാവം, അതു വായിച്ചവൾ വിയർത്തുപോയി. അവളുടെ പ്ര-

Digitized By Kerala Sahitya Akademi

തീക്ഷ്ണമായ വിരുദ്ധമായ അനുഭവത്തിന്റെ ആഘാതം അവളെ ജീവച്ഛവമാക്കി. മനുഷ്യോചിതമല്ലാത്ത വിധം മല്ലിക അവളെ അധിക്ഷേപിച്ചിരിക്കുന്നു. രവീന്ദ്രനെ ഒരു പിശാചാക്കി ചിത്രീകരിച്ചിരിക്കുന്നു. അവരുടെ അപരാധം ക്ഷമിക്കത്തക്കതല്ലത്രേ! തന്റെ വികാരങ്ങളെ ഇത്രത്തോളം വ്രണപ്പെടുത്തിയിട്ടുള്ള പ്രസ്താവങ്ങൾ മുൻപൊരിക്കലും അവൾ കേട്ടിട്ടില്ല.

അടുത്ത മാത്രയിൽ അവളുടെ മട്ടു മാറി. അവളുടെ നേത്രങ്ങൾ ജ്വലിച്ചു. കവിൾത്തടങ്ങൾ ചുവന്നു തുടുത്തു.... ....പ്രതികാരം!—ഹൃദയശൂന്യയായ മല്ലികയോടു പകവീട്ടുവാൻ അവളുടെ ഹൃദയം വെമ്പിത്തുടിച്ചു. എന്നാൽ അതെങ്ങനെ സാധിക്കും? അവൾക്കു് എന്തു ചെയ്യാൻ കഴിയും? അവൾ നിർദ്ധനയും നിസ്സഹായയുമായ വെറുമൊരു വിധവ....അവൾക്കു വല്ല കഴിവുകളുമുണ്ടോ?.....

രവീന്ദ്രനോടുള്ള സ്നേഹാനുകമ്പകൾ ഒരുവശത്തു്; മല്ലികയോടുള്ള കോപവും പ്രതികാരമോഹവും മറുവശത്തു്. ഇവയുടെ വടംവലിയിൽ അവളുടെ ഹൃദയത്തിനു സ്വസ്ഥത കിട്ടാതായി.....

—താൻ എങ്ങനെയെങ്കിലും പക വീട്ടുന്നുവെന്നു വിചാരിക്കുക. അതു രവിക്കു രസിക്കുമോ? രവിക്കവളോടു് അതിരറ്റ സ്നേഹമുണ്ടു്.....താനുമായുള്ള ബന്ധം അവളിൽ നിന്നു മറച്ചുവെച്ചതുതന്നെ അതിന്റെ പ്രേരണയാണു്. ഒരേ വികാരം ഭിന്നവ്യക്തികളെ ഭിന്നരീതിയിൽ പ്രവർത്തിപ്പിക്കുന്നുവെന്നോയുള്ളു. താനൊരിക്കൽ രവിയെ ഭീഷണിപ്പെടുത്തിയപ്പോൾ, ആ രഹസ്യം മല്ലികയെ അറിയിക്കരുതെന്നു തന്നോടു കേണപേക്ഷിച്ചില്ലേ?.....

Digitized By Kerala Sahitya Akademi

—എന്തെല്ലാമായാലും മല്ലിക രവിയോട്ട പ്രവത്തിച്ചതു വലിയ സാഹസമായിപ്പോയി. രോഗഗ്രസ്ഥനായി അനന്യശരണനായി അവശനായിക്കിടക്കുന്ന ഭത്താവിനെ അവഠം ഉപേക്ഷിക്കരുതായിരുന്നു.....

രവീന്ദ്രനോടുള്ള അവളുടെ മമത ഇങ്ങനെ വാടിക്കാൻ തുടങ്ങി. പ്രതികാരമോഹം എന്നിട്ടും അവളെ വിട്ടൊഴിയുന്നില്ല. അവഠം വല ഉപായങ്ങളും ആലോചിച്ചു നോക്കി....അവസാനം അവഠം രവീന്ദ്രനു് ഇങ്ങനെ ഒരു കത്തെഴുതി അയച്ചു.....

എന്റെ പ്രിയപ്പെട്ട രവീ,

അങ്ങയെ വീണ്ടും ഞാൻ അങ്ങനെ വിളിക്കട്ടെ. എന്റെ മനസ്സിനു് ഒരു സ്വസ്ഥതയുമില്ല. അങ്ങയെ അറിയിക്കാതെ ഞാൻ ഒരു സാഹസം പ്രവത്തിച്ചു. സകലകാര്യങ്ങളും വെളിപ്പെടുത്തിക്കൊണ്ടു ഞാൻ മല്ലികയ്ക്കു് ഒരു കത്തെഴുതി. അവഠം നമുക്കു മാപ്പുതന്നു വീണ്ടും അങ്ങയോടിണങ്ങിച്ചേരുമെന്നായിരുന്നു എന്റെ പ്രതീക്ഷ.....പക്ഷേ, അതിൽ എനിക്കു നിരാശ പറ്റി. അവഠം എനിക്കയച്ച മറുപടിക്കത്തു് ഇതോടൊന്നിച്ചടക്കംചെയ്യുന്നു. രവി അതൊന്നു വായിച്ചുനോക്കൂ.....

രവീ, ഞാനും ഒരു സ്ത്രീയാണു്. എനിക്കും ആത്മാഭിമാനമുണ്ടു്. അതിനെ ചതയ്ക്കുന്ന എന്തിനോടും വെറുപ്പും വൈരാഗ്യവും തോന്നുന്നതു് കരിക്കലും അസ്വാഭാവികമല്ലല്ലോ.....ഞാൻ രവിയോട്ടു തുറന്നു പറയുന്നു: എന്റെ ഹൃദയം ഇപ്പോൾ ഭയങ്കരമായ ഒരു പ്രതികാരേച്ഛയിൽ

Digitized By Kerala Sahitya Akademi

എരിപൊരിക്കൊള്ളുകയാണു്. അതിനെ ശമിപ്പിക്കാൻ ഒരൊറ പോംവഴിയേ ഞാൻ കാണുന്നുള്ളു: അങ്ങയോടൊന്നിച്ചു് ഒരു മാസക്കാലമെങ്കിലും വന്നു താമസിക്കുവാനും അങ്ങയെ ശുശ്രൂഷിക്കുവാനും എനിക്കനുവാദം തരണം. അതു മാത്രമേ വേണ്ടു. ഞാനങ്ങയോടു കേണപേക്ഷിക്കുന്നു. എന്റെ അപേക്ഷയെ എന്തുതന്നെയായാലും അങ്ങുപേക്ഷിക്കരുതു്.

അനുകൂലമായ മറുപടി പ്രതീക്ഷിച്ചുകൊണ്ടു്,

സ്നേഹപൂർവ്വം,

അമ്മിണി.

പതിനഞ്ചു്

രവീന്ദ്രൻ ഇതികർത്തവ്യതാമൂഢനായി. താങ്ങുവാൻ സാധിക്കാത്ത ദുഃഖഭാരവും പേറിക്കൊണ്ടാണു് അയാളുടെ ഹൃദയത്തിന്റെ നില. അതിന്മേൽ പിന്നെയും അടിക്കടി ആഘാതങ്ങളോ? അമ്മിണിയുടെ അപേക്ഷ അയാളെ വല്ലാതെ അലട്ടി. അതു നിരസിക്കുന്നപക്ഷം, അവളുടെ ഹൃദയം എത്രമാത്രം വേദനിക്കും! ഈ ലോകത്തിൽ അവളെപ്പോലെ കരാളെങ്കിലും അയാളെ സ്നേഹിച്ചിട്ടുണ്ടോ? അയാൾ എത്രമാത്രം അവളെ ദ്രോഹിച്ചു! ഇനിയും അവളെ വേദനിപ്പിക്കുകയോ? പക്ഷേ അവളുടെ അപേക്ഷ സ്വീകരിച്ചാൽ മല്ലികയോടു ചെയ്യുന്ന എന്തൊരു കടുംകൈയായിരിക്കും അതു്! അയ്യോ, പാടില്ല, കരിക്കലും അതു പാടില്ല. സ്നേഹശീലയായ ഒരു സാധു! രണ്ടു കുഞ്ഞുങ്ങളുടെ മാതാവു്! കരിക്കലും തെറ്റുചെയ്തിട്ടില്ലാത്ത ഒരു ധർമ്മപത്നി!—

Digitized By Kerala Sahitya Akademi

രവീന്ദ്രൻ വല്ലാതെ കുഴങ്ങി. അടിക്കടി അയാളുടെ രോഗം വഷളിച്ചുവന്നു....അയാൾ തീരെ കിടപ്പായി..... മല്ലികയെക്കുറിച്ചു് ഒരു വിവരവുമില്ല. അവൾ സുഖമായിരിക്കുന്നോ? കുഞ്ഞുങ്ങൾ!—അവരുടേയും വിശേഷങ്ങൾ അറിയുന്നില്ലല്ലോ!

* * * *

രവീന്ദ്രന്റെ മറുപടി കിട്ടുവാൻ അമ്മിണി അക്ഷമയായി കാത്തുകൊണ്ടിരുന്നു. ദിവസങ്ങൾ ഒന്നൊന്നായി കടന്നുപോയി. നിരാശാമയമായ കരുൽക്കണ്ണയാൽ സദാ അവളുടെ ഹൃദയം വീർപ്പുമുട്ടി.....അവളുടെ കത്തു രവീന്ദ്രനെ ക്ഷോഭിപ്പിച്ചിട്ടുണ്ടോ? ഒരു മറുപടിയും കിട്ടുന്നില്ലല്ലോ. ഒന്നുകൂടി എഴുതിയാലോ?—ഇങ്ങനെ വിചിന്തകൾ അവളെ അടിക്കടി അലട്ടിക്കൊണ്ടിരിക്കെ, ഏതാണ്ടു് ഒരു മാസം കഴിഞ്ഞു്, അവൾക്കു രവീന്ദ്രന്റെ കത്തു കിട്ടി. അവൾ ഉൽക്കണ്ഠയോടെ അതു തുറന്നു വായിച്ചു.

'മല്ലികാമന്ദിരം'

പ്രിയപ്പെട്ട അമ്മിണി,

നിന്റെ കത്തു കിട്ടി. മറുപടി അയയ്ക്കാൻ ഇത്രയും താമസിച്ചതു് എന്റെ മനോവേദനകളുടെ ആധിക്യം കൊണ്ടാണു്. നിന്നെ ഞാൻ എന്റെ ജീവനതുല്യം സ്നേഹിക്കുന്നു. പക്ഷേ, മല്ലിക എന്റെ പ്രിയപത്നിയാണു്. അവളോടെനിക്കു ഗാഢമായ സ്നേഹമുണ്ടു്! അവളെ കരപ്പെടുത്തിയിട്ടാവശ്യമില്ല. ഈ അനിഷ്ടസംഭവങ്ങൾ

Digitized By Kerala Sahitya Akademi

ക്കെല്ലാം അടിയിൽ കിടക്കുന്നതു് അധമനായ എന്റെ കടുത്ത അപരാധം ചെയ്തമാത്രമാണു്. പശ്ചാത്തപിക്കാൻ പോലും സാധിക്കാത്ത ഒരു പാഷണ്ഡനാണു് ഞാൻ. മല്ലിക ക്ഷമിക്കലും തെറ്റുകാരിയല്ല. അവൾ നിസ്വാർത്ഥവും നിർമ്മലവുമായ സ്നേഹത്തിന്റെ ഉറവിടമാണു്. അവൾ എന്നെ പൂജിച്ചു. ഇന്നും അവൾക്കെന്നോടുള്ള സ്നേഹത്തിനു് അണുപോലും ഇടിവു തട്ടിയിട്ടില്ലെന്നു് എനിക്കുറപ്പുണ്ടു്.....ഞാൻ രണ്ടു കുഞ്ഞുങ്ങളുടെ പിതാവാണു്. മല്ലികയ്ക്കെന്നെ മറക്കാൻ കഴിയുമോ? ആ കാമനപ്പൈതങ്ങളുടെ മുഖം അവളെ ദ്രവിപ്പിക്കുകയില്ലേ? ഞങ്ങളുടെ ആത്മബന്ധം എങ്ങനെ അറുത്തുമാറ്റാനാണു്? നീ തെറ്റിദ്ധരിക്കരുതു്. ആ കുഞ്ഞുങ്ങളേയും അവരുടെ മാതാവിനേയും മറക്കുവാൻ എനിക്കു സാധ്യമല്ല.....

നീ ഇവിടെ വന്നു് എന്നോടൊന്നിച്ചു താമസിക്കുന്നുവെന്നു കേട്ടാൽ മല്ലിക നീറി നീറി മരിക്കും. അവളുടെ ഹൃദയം എനിക്കു നന്നായറിയാം....അമ്മിണീ, നിന്റെ പ്രതികാരം കുറെ കടന്ന കയ്യാണു്. വിശാലമായ ഒരു ഹൃദയം നിനക്കുണ്ടല്ലോ. നീ അവൾക്കു മാപ്പുകൊടുക്കൂ. നിനക്കെന്നോടു സ്നേഹമുണ്ടെങ്കിൽ, ശപ്തമായ ആ പ്രതികാരേച്ഛയിൽനിന്നു നീ വിരമിക്കൂ! എനിക്കുവേണ്ടി സഞ്ജീവനെപ്പോലും ബലികഴിക്കാൻ നിന്നെ സന്നദ്ധയാക്കിയ ആ ത്യാഗബുദ്ധി ഇന്നും നീ എനിക്കുവേണ്ടി പ്രദർശിപ്പിക്കൂ....

അല്പനാൾക്കുള്ളിൽ നിനക്കിവിടെ വരേണ്ടിവരും.... അന്നു ഞാൻ നിന്നെ വിളിക്കും....നീയന്നു വരാതിരിക്കരു

Digitized By Kerala Sahitya Akademi

തു്. എനിക്കു നിന്നെ കാണണം. ആ ഭയങ്കരദിവസം ആ സന്നമായിരിക്കുന്നു. നീ ക്ഷമിക്കു. നിനക്കു നന്മ വരട്ടേ!

എന്നു സ്നേഹപൂർവ്വം,
രവി.

ഹൃദയസ്പൃക്കമായ ഒരു കത്തു്. അവളുടെ കവിളുകളിൽക്കൂടി കണ്ണീരൊഴുകി. രവീന്ദ്രനോടുള്ള അവളുടെ സ്നേഹത്തിനു് കനംകൂടി കനംവെച്ചു....ആ പ്രതികാരേച്ഛ താനേയങ്ങനെ കെട്ടടങ്ങി. പക്ഷേ ആ സ്ഥാനത്തു നേരിയ ഒരസൂയ സ്ഥാനംപിടിച്ചു....അതസുഖകരമായിരുന്നു. എന്തൊക്കെയായാലും രവി മല്ലികയുടേതാണു്! അവളുടേതല്ല. ആ ചിന്ത അവളുടെ മനസ്സിൽ, യുക്തിവാദങ്ങൾ തടുത്തിട്ടും വകവെയ്ക്കാതെ, ഒരു കൂത്ത മുള്ളു തറച്ചു....ആ വേദന അവൾ നിശ്ശബ്ദമായി സഹിച്ചുകളഞ്ഞു—പരാതിയില്ല, പരിഭവമില്ല. ആ കടുത്ത വേദന, കണ്ണടച്ചു സഹിക്കുന്നതിൽ ഒരു സുഖം. ആ വേദനയെക്കുറിച്ചോ ആ അവ്യക്താനുഭൂതിയെക്കുറിച്ചോ പ്രപഞ്ചത്തിനൊന്നും അറിഞ്ഞുകൂടാ.....

രവീന്ദ്രന്റെ കത്തിലെ ആ അവസാനഭാഗം!—ആ തവളെ ഭയപ്പെടുത്തി. അവൾ നടുങ്ങി. ആ ഭയങ്കരദിവസം!—അതിതാ ആസന്നമാകുന്നു. അയ്യോ, എന്തൊരു ദിവസമായിരിക്കും ആ ദിവസം; രവിയുടെ ദീർഘദർശനം....അതു സത്യമായാൽ!.....രവി മരിക്കുമോ? അവളുടെ രവി മരിക്കുമോ?—അല്ല, മല്ലികയുടെ രവി മരിക്കുമോ?.... ആ മല്ലികയാണു് മരിച്ചിരുന്നതെങ്കിൽ!.....

Digitized By Kerala Sahitya Akademi

അന്നവൾ ഒരു സ്വപ്നം കണ്ടു. രവീന്ദ്രനും അവളും ഒരു മലഞ്ചെരുവിൽ, ഒരു പാറക്കല്ലിൽ, ഇരിക്കുകയാണു്. നല്ല നിലാവുള്ള രാത്രി. അവരിരുവരും തോളോടുതോൾ ചേർന്നിരുന്നു് ഓരോ നേരമ്പോക്കു പറയുകയാണു്. ആകാശത്തിൽ നക്ഷത്രങ്ങൾ അവരെ നോക്കി പുഞ്ചിരിയിടുന്നു.

അങ്ങകലെ മലയുടെ പിന്നിൽനിന്നും നേർത്തുനേർത്ത ഒരു വെൺമേഘശകലം ഉയർന്നുവന്നു....സുസംഘടിതമായ ഒരു രൂപം അതിനില്ല. അതു ശിഥിലമാണു്. ധൂമികാപ്രായമായ അതിന്റെ അംഗകലകൾ അതാ അന്യോന്യം അടുക്കുന്നു.....നിശ്ചിതമായ ഒരു പരിചാടിയുടെ പ്രവർത്തനമെന്നപോലെ ഏതാനും അംഗകലകൾ സംയോജിക്കുകയും ശേഷമുള്ളവ അകന്നകന്നു് ആ വിശാലനീലിമയിൽ അലിഞ്ഞുമറയുകയും ചെയ്യുന്നു. സംയോജിച്ച അവ്യക്തശകലങ്ങൾ ഭംഗിയുള്ള ഒരു പ്രാവിന്റെ രൂപം പൂർണ്ണമാക്കുകയാണു്.....

രവി അതിനെ അവൾക്കു ചൂണ്ടിക്കാണിച്ചുകൊടുത്തു....അരുമയായ ഒരു വെള്ളപ്രാവു്....അതു് അവരുടെ അടുത്തേയ്ക്കു പറന്നുവരികയാണു്. അജ്ഞാതമായ ഏതോ വിദൂരതയിൽനിന്നു് ഒരു രാക്കിളിയുടെ ശോകാത്മകമായ ആലാപം നേർത്തുനേർത്ത സ്വരതരംഗങ്ങളെ അവിടെയാകമാനം സംക്രമിപ്പിക്കുന്നു.....

നക്ഷത്രങ്ങൾ അപ്പോഴും പുഞ്ചിരിയിടുകയാണു്.

ആ വെള്ളപ്രാവു് അവരിരിക്കുന്നിടത്തുനിന്നും കുറച്ചകലെ പറന്നുവന്നിറങ്ങി. ഭൂമിയെ സ്പർശിച്ചതോടുകൂടി

Digitized By Kerala Sahitya Akademi

അതിന്റെ രൂപം പൊടുന്നനെ മാറിപ്പോയി. അവ്യക്തമായ ഒരാകാരം....അകാരണമായി അവൾക്കൊരു ഭയം തോന്നി. അവൾ രവിയുടെ കഴുത്തിൽ മുറുക്കിപ്പിടിച്ചു. അയാൾ അവളുടെ നിറുകയിൽ പ്രേമപൂർവ്വം ചുംബനം ചെയ്തു....ആ രൂപം അടുത്തടുത്തു വരുന്നു. അതൊരസ്ഥിപഞ്ജരമാണു്. ഭയങ്കരമെങ്കിലും പ്രിയകരമായ ഒരത്ഭുതകങ്കാളം! അതിന്റെ നഗ്നമായ തലയോട്ടും വികൃതദന്തങ്ങളും മറാരേയും വിറപ്പിക്കുമായിരുന്നു. പക്ഷേ, അവൾക്കെന്തോ അതിനോടു പ്രിയംതോന്നിപ്പോകുന്നു. അവൾ സൂക്ഷിച്ചുനോക്കി. മജ്ജയും മാംസവുമില്ലാത്ത ആ അസ്ഥിപഞ്ജരം അവൾക്കു മനസ്സിലായി....അതിനൊരു രൂപമുണ്ടു്. അവളുടെ ഭർത്താവിന്റെ—ഡോക്ടർ സുകുമാരമേനവന്റെ—രൂപം!...അതറിയുന്നതുവരെ അവൾക്കു ഭയം തോന്നിയില്ല. പെട്ടെന്നവൾ കിടുകിടുത്തുപോയി. 'അയ്യോ!' എന്നുറക്കെ നിലവിളിച്ചെങ്കിലോ എന്നവൾക്കു തോന്നി. അവൾ അതിനായി ശ്രമിച്ചു. സാധിക്കുന്നില്ല. നിസ്സഹായഭാവത്തിൽ അവൾ രവിയുടെ മുഖത്തേക്കു നോക്കി. അയാൾ പുഞ്ചിരിയിടുന്നു. ഒരു ഭയവും അയാളെ ബാധിക്കുന്നില്ല. അമ്മിഞ്ഞി അയാളെ മുറുകെക്കെട്ടിപ്പിടിച്ചു നിശ്ശബ്ദമായി കണ്ണീരൊഴുക്കി....ആ അസ്ഥിപഞ്ജരം അടുത്തു വന്നു, രവിയുടെ ശിരസ്സിൽ തൊടാൻ ഭാവിച്ചു. അതിനനുവദിക്കാതെ അതിനെ ചവിട്ടിനിലംപതിപ്പിക്കാൻ അവൾ കാലുയർത്തി. പക്ഷേ, അവൾക്കതിനു കഴിഞ്ഞില്ല. അതിനു മുൻപു് ആ രൂപം രവീന്ദ്രനെ സ്പർശിച്ചുകഴിഞ്ഞു. ഉത്തരക്ഷണത്തിൽ രവി

Digitized By Kerala Sahitya Akademi

അവളുടെ മടിയിൽ മരിച്ചുവീണു; അസ്ഥിപഞ്ജരം അന്തരിക്ഷത്തിൽ അലിഞ്ഞു മറയുകയും ചെയ്തു....

'അയ്യോ,' എന്നുറക്കെ നിലവിളിച്ചുകൊണ്ട് അമ്മിണി ഞെട്ടിയുണർന്നു.....ശക്തിയായ കാറും മഴയും ഇടിമിന്നലും.....കാലവഷ്ത്തിന്റെ കരാളനൃത്തം....ഏതെ നേരത്തേയ്ക്കു ഭയംകൊണ്ട് അവൾക്കൊന്നും ചെയ്യാൻ കഴിഞ്ഞില്ല. അനന്തരം പണിപ്പെട്ടെഴുനേറ്റു തുറന്നു കിടന്ന ജനവാതിൽ അടച്ചു കുറ്റിയിട്ട് അവൾ വീണ്ടും വന്നു കിടന്നു. പിന്നീടവൾക്കു കണ്ണടയ്ക്കാൻ സാധിച്ചില്ല....

പിറ്റെന്നാൾമുതൽ അവളുടെ മനസ്സിൽ ലേശമെങ്കിലും സ്വസ്ഥത കിട്ടാതായി. ആ സ്വപ്നചിത്രം എത്ര ശ്രമിച്ചിട്ടും അവളുടെ മനസ്സിൽനിന്നു മാഞ്ഞുപോകുന്നില്ല...മുരളി പനിയായി കിടപ്പാണ്.

ഒരാഴ്ച കഴിഞ്ഞു കേശവപിള്ള അവിടെ എത്തി. അയാൾ രവീന്ദ്രനെ കണ്ടിട്ടു മടങ്ങുകയായിരുന്നു. രവീന്ദ്രന്റെ രോഗം തീരെ അപായകരമായ നിലയിലാണെന്നും ഡോക്ടർമാർ കൈയൊഴിയുന്നുവെന്നും കേശവപിള്ള അമ്മിണിയെ ധരിപ്പിച്ചു.....

അവളുടെ ഭയം പത്തിരട്ടിയായി. ഒരു നിമിഷത്തിനുള്ളിൽ രവീന്ദ്രന്റെ സമീപം പറന്നെത്താൻ തനിക്കു സാധിച്ചിരുന്നെങ്കിൽ! പക്ഷേ, എന്തു ചെയ്യും. മുരളിക്കു കലശലായ പനിയുണ്ട്. ദൈവം എല്ലാംകൊണ്ടും അവളെ കൊല്ലാതെ കൊല്ലുകയാണ്. കാമനക്കുഞ്ഞിനെ രോഗശയ്യയിൽ വിട്ടിട്ടു കാമുകപാശ്വത്തിൽ പറന്നെത്തിയ

Digitized By Kerala Sahitya Akademi

ലോ? പുത്രവാത്സല്യം അവളെ അതിനനുവദിച്ചില്ല. പോ
കാതിരുന്നാൽ?....രവി മരിച്ചാൽ?....അവസാനമായി അ
ദ്ദേഹത്തെ കണ്ണു കാണാൻ തരപ്പെട്ടില്ലെങ്കിൽ?....എന്തൊ
രു ദുഷ്ടസന്ധി!

ഈശ്വരാ, അങ്ങനെയൊന്നും സംഭവിക്കില്ല? മുരളി
യുടെ സുഖക്കേടു് എളുപ്പത്തിൽ കണ്ണു ഭേദപ്പെട്ടെങ്കിൽ!—
അവൾ ഉള്ളുഴിഞ്ഞു പ്രാർത്ഥിച്ചു.

പതിനാറു്

രവീന്ദ്രനു രോഗം അതികഠിനമായി. അയാളുടെ പ
രിചയ്ക്കുറവു് ഉറവരായി മാതാപൊഴികെ മറാരും ഉണ്ടാ
യിരുന്നില്ല. കമ്പിയടിച്ചു രോഗവിവരം മല്ലികയെ ധരി
പ്പിക്കണമെന്നും അവളെ വരുത്തണമെന്നും അമ്മ രവി
യെ നിർബ്ബന്ധിച്ചു. പക്ഷേ, അയാളതിനനുകൂലിച്ചില്ല. മ
ല്ലികയെ ഈ വിവരം ധരിപ്പിക്കുകയില്ലെന്നായിരുന്നു അ
യാളുടെ നിശ്ചയം.

എന്നാൽ അവിചാരിതമായി അവൾ കുഞ്ഞുങ്ങളോ
ടൊന്നിച്ചു തിരിച്ചുവന്നു. രവീന്ദ്രന്റെ രോഗാധിക്യത്തെ
ക്കുറിച്ചവൾ കേട്ടു. അവളുടെ വാശിയും വൈരാഗ്യവുമെ
ല്ലാം ഒരു നിമിഷംകൊണ്ടു മാഞ്ഞുപോയി....

മല്ലിക രവീന്ദ്രന്റെ മുറിയിലേയ്ക്കു കടന്നുചെന്നു. അ
യാൾ കുഞ്ഞുങ്ങളെ അടുത്തു വിളിച്ചിരുത്തി നിറഞ്ഞ ക
ണ്ണുകളോടെ അവരെത്തലോലിച്ചു. മല്ലിക അവിടെ വ
ന്നതായിത്തന്നെ അയാൾ ഭാവിച്ചില്ല. എന്നാൽ അവളു
ടെ ദർശനം അയാളെ എന്തെന്നില്ലാതെ വ്യാകുലപ്പെടു

Digitized By Kerala Sahitya Akademi

ത്തി. കുറച്ചുകാലത്തിനുള്ളിൽ അവളുടെ ശരീരത്തിനു ശോചനീയമായ ഒരു മാറ്റം തട്ടിയിട്ടുണ്ടു്. അവൾ തീരെ ചടച്ചുപോയിരുന്നു. അവൾ അനുഭവിച്ച ഹൃദയവ്യഥയുടെ കാഠിന്യത്തെ രക്തശൂന്യമായ അവളുടെ മുഖം നിശ്ശബ്ദമായി വിളംബരം ചെയ്തു.

മല്ലികയ്ക്കു കണ്ണീരടക്കാൻ കഴിയാതായി. അവൾ കേവലം ഒരു പ്രതിമയെപ്പോലെ ഏറെനേരം അയാളുടെ അരികിൽ നിന്നു. സകാന്തന്റെ അപ്പോഴത്തെ അവസ്ഥാന്തരം അവൾക്കു സഹിച്ചില്ല. വെറുമൊരു തോലിൽപ്പൊതിഞ്ഞ അസ്ഥിക്കൂടാണു് മരണത്തിനേറെയും ജീവിതത്തിനേറെയും മദ്ധ്യത്തിൽ മുട്ടിമുട്ടി ആ മെത്തപ്പുറത്തു കിടന്നിരുന്നതു്. അവാച്യമായ ഒരു ഭീതി അവളെ ആക്രമിച്ചു. തന്റെ പ്രാണേശ്വരന്റെ അന്ത്യം ആസന്നമാണെന്നവൾക്കു തോന്നി. ഈ ചിന്ത അവളെ കിടുകിടുപ്പിച്ചു. എട്ടുപത്തു കൊല്ലത്തെ സ്നേഹസാന്ദ്രമായ ജീവിതത്തിനുശേഷം ഈ അവസാനകാലത്തു താനദ്ദേഹത്തെ അസഹ്യപ്പെടുത്തി പിണങ്ങിപ്പോയതു് ഒരു മഹാപരാധമായെന്നു് അവൾക്കു ബോധപ്പെട്ടു. ഒരുപക്ഷേ, തന്റെ അനുവർത്തനം അദ്ദേഹത്തിന്റെ ഹൃദയത്തിൽ ഇളക്കിവിട്ട കൊടുങ്കാറ്റിന്റെ ശക്തിയായിരിക്കാം അയാളുടെ രോഗത്തെ ഇത്രമാത്രം വഷളാക്കിച്ചമച്ചതെന്നും അവൾ സംശയിക്കാതിരുന്നില്ല. ഈ ആശങ്കയാണു് കൂടുതൽ അവളെ വേദനിപ്പിച്ചതു്....

അവൾ സകാന്തന്റെ സമീപം ചെന്നിരുന്നു് ആശ്ലേഷിച്ചു കാലടികൾ പ്രേമപൂർവ്വം തടവിക്കൊണ്ടു ചോദിച്ചു: "സുഖക്കേടു കൂടുതലായപ്പോൾ എന്നെ അറിയിക്കാതിരുന്നതെന്താണു്?"

Digitized By Kerala Sahitya Akademi

"ഞാൻ പെറുതേ നിന്നെ ബുദ്ധിമുട്ടിക്കണെന്നു കരുതി. നീ നിന്റെ വീട്ടിൽ സുഖമായി കഴിഞ്ഞുകൂട്ടണം. നിന്റെ സുഖത്തെ ഞാൻ എന്തിനും അനാവശ്യമായി ഭംഗപ്പെടുത്തുന്നു?"

ഈ വാക്കുകൾ കേട്ട് അവൾ പൊട്ടിക്കരഞ്ഞുപോയി.

"കഷ്ടം, സുഖം! ഞാനവിടെ കഴിച്ചുകൂട്ടിയതു് എനിക്കും ഈശ്വരനും മാത്രമേ അറിഞ്ഞുകൂടൂ....ഒരു നിമിഷം എന്റെ കണ്ണുകൾ തോന്നിട്ടില്ല. ഒരൊറ്റ രാത്രി എനിക്കു കണ്ണടയ്ക്കാൻ കഴിഞ്ഞിട്ടില്ല. സുഖം! ഞാനെന്തു പറയാനാണു്? അങ്ങിപ്പോഴും എന്നോടു പരിഭവിച്ചിരിക്കയാണോ? ഞാൻ ബുദ്ധിശൂന്യയായ ഒരു പെണ്ണു്. എന്റെ സ്നേഹം എന്റെ കാഴ്ചയെ നശിപ്പിച്ചു. ഞാൻ എന്റെ ചുറ്റുപാടും കണ്ടില്ല. അപ്പോഴത്തെ ഹൃദയക്ഷോഭംകൊണ്ടാണു് ഞാനങ്ങനെ പ്രവർത്തിച്ചതു്. പിന്നീടു ഞാൻ വളരെ കുണ്ഠിതപ്പെട്ടു. അങ്ങെനിക്കു മാപ്പു തരില്ലേ?"—അവൾ രവീന്ദ്രന്റെ രണ്ടു കാൽച്ചുവടുകളും കൂട്ടിപ്പിടിച്ചു് അതിനെ കണ്ണീരിൽ നനച്ചുകൊണ്ടു ചോദിച്ചു.

രവീന്ദ്രന്റെ ഹൃദയം ദ്രവിച്ചുപോയി. അയാൾ പറഞ്ഞു:

"മല്ലികേ, ഇങ്ങു നീങ്ങിയിരിക്കൂ. നീ ഒരു തെറ്റും പ്രവർത്തിച്ചിട്ടില്ല. അപരാധി ഞാൻ മാത്രമാണു്. എനിക്കതു നന്നായറിയാം. നിനക്കെന്നോടു് അളവറ്റ സ്നേഹമുണ്ടു്. അതു നിർമ്മലവും നിസ്വാർത്ഥവുമാണെന്നും ഞാൻ മനസ്സിലാക്കുന്നു. എന്തായാലും കഴിഞ്ഞതെല്ലാം നമുക്കു മറ

Digitized By Kerala Sahitya Akademi

ക്കാം. ഇനി അധികദിവസം എനിക്ക ജീവിതമില്ല. ഇന്നെന്റെ ഹൃദയം കളിത്തു. എന്തോ എനിക്കിപ്പോൾ വലിയ ആശ്വാസം തോന്നുന്നു. ഇതുവരെ എന്റെ ഹൃദയത്തിൽ കരു തീച്ചൂളയുണ്ടായിരുന്നു. അതു കെട്ടടങ്ങി....”

ശക്തിയേറിയ കരു ചുമ വന്നു് അയാളുടെ സംസാരത്തെ തടഞ്ഞുനിത്തി. അതു കുറച്ചേറെ നേരം നീണ്ടുനിന്നു. കൈകൊണ്ടു് അയാളൊരാംഗ്യം കാട്ടി. മല്ലിക ഉദ്ദേശം മനസ്സിലാക്കി മേശപ്പുറത്തിരുന്ന കൂപ്പിയിൽനിന്നു് കരു സ്പൂൺ മരുന്നെടുത്തു് അയാളുടെ വായിൽ കഴിച്ചുകൊടുത്തു. അധികം താമസിയാതെ ചുമ നില്ക്കുന്നതായി തോന്നി. ആ ശരീരമുണ്ടു് കുടുകുടാ അങ്ങനെ വിയക്കുന്നു. മല്ലിക കരു വിശറിയെടുത്തു് അദ്ദേഹത്തെ വീശിക്കൊണ്ടു് അരികെ ചേന്നിരുന്നു. കുറച്ചു കഴിഞ്ഞു രവീന്ദ്രൻ ഇടയ്ക്കിടയ്ക്കു നിത്തിക്കൊണ്ടു ചണിപ്പെട്ട പറഞ്ഞു:

“മതി, മല്ലികേ, വീശിയതു മതി!.....എന്റെ ഈ അവസാനകാലത്തു നിന്നോടൊരപേക്ഷയുണ്ടു്.....നീയതു കേൾക്കുമോ?”

“എന്താണെങ്കിലും ഞാൻ സന്നദ്ധയാണു്.”

“നീയുടൻതന്നെ അമ്മിണിക്കൊരു കത്തെഴുതണം. ഇതാ ഇപ്പോൾത്തന്നെ. മരിക്കുന്നതിനുമുൻപു് എനിക്കവളെ ഒന്നു കണ്ടാൽ കൊള്ളാമെന്നുണ്ടു്.”

മല്ലികയുടെ മുഖം നിശ്ശ്ലേഷം വിളറിപ്പോയി. അവൾ ഒന്നും മിണ്ടാതെ തല കുനിച്ചിരുന്നതേയുള്ളു. അവളുടെ ഹൃദയം ശക്തിയായി മിടിച്ചു.

“എന്താ, നീ എഴുതുമോ?” രവീന്ദ്രൻ ക്ഷീണസ്വരത്തിൽ ആവത്തിച്ചു ചോദിച്ചു.

Digitized By Kerala Sahitya Akademi

അവൾ വല്ലാത്ത ധർമ്മസങ്കടത്തിലായി. അമ്മിണിക്കൊരു കത്തെഴുതുക! അതും അവൾ! അവളുടെ കൈ വിറയ്ക്കുകയില്ലേ? അദ്ദേഹത്തിന്റെ അന്ത്യനിമിഷത്തിലെ അപേക്ഷ—അതു നിരസിക്കാമോ? അതേതായാലും സാദ്ധ്യമല്ല. അവൾ കുഴങ്ങി. എന്തു സമാധാനം പറയും?

"ഞാൻ എന്താണെഴുതേണ്ടതു്?"—ഇടറിയ സ്വരത്തിൽ അവൾ പണിപ്പെട്ടു ചോദിച്ചു.

"എനിക്കു രോഗം കലശലാണെന്നു്. അവസാനമായി അവളെ കണ്ണു കാണാനാശിക്കുന്നെന്നു്. ഉടൻതന്നെ വരണമെന്നു്—അത്രമാത്രം!"

"അവളെ കാണണമെന്നു് അങ്ങയ്ക്കു നിർബ്ബന്ധമുണ്ടോ?"

"ഉണ്ടു്. അവസാനമായി അവളെ എനിക്കു കണ്ടേ കഴിയൂ!"

"കത്തു വേറെ ആരെങ്കിലും എഴുതിയയച്ചാൽ പോരേ? ഞാൻതന്നെ വേണമെന്നു നിർബ്ബന്ധമാണോ?"

"അതേ, മറ്റാരും എഴുതിയാൽ പോരാ. നീതന്നെ അവൾക്കെഴുതണം. അതാണു് നിന്നോടുള്ള എന്റെ കടുപിടിത്തമായ അപേക്ഷ."

"എങ്കിൽ.....ഞാനെഴുതാം." കണ്ണീരിൽക്കുളിച്ചു അവൾ പറഞ്ഞു.

"എന്നാലാട്ടെ, ചെന്നു കടലാസ്സും പേനയും എടുത്തു കൊണ്ടുവരൂ!"

മല്ലിക പോയി....വരാന്തയിൽ, വിദൂരമായ ആകാശത്തേയ്ക്കു നോക്കിക്കൊണ്ടു് അല്പനേരം അവൾ മടിച്ചു നിന്നു.

Digitized By Kerala Sahitya Akademi

—താൻ മൻപവഠിക്കയച്ച ആ കത്തു്! അതെഴുതിയ കൈകഠംതന്നെ ആ തേപിടിപ്പിയെ സഹൃഹത്തിലേയ്ക്കു ക്ഷണിപ്പകൊണ്ടെഴുതുക! ഈശപരാ, ഇതെന്തൊരു പരീക്ഷ! അവഠം അദ്ദേഹത്തെ എങ്ങനെ വശീകരിപ്പിരിക്കുന്നു! വല്ല അഭിചാരവും ചെയ്തിട്ടുണ്ടോ? ഇല്ലെന്നാക്കിയാം? അതിനൊക്കെ പോന്നവളാണു് ആ യക്ഷി! ഒരു കാമുസപ്പുത്തേക്കാഠം താനവളെ വെറുക്കുന്നു. ഇപ്പോഠം അവളെ കൈയിൽ കിട്ടിയാൽ! സപ്പങ്ങളെപ്പോലെ ചുറപ്പിണഞ്ഞ ആ തലമുടിക്കു പിടിപ്പു് അവളെ നിലത്തുകൂടി വലിപ്പിഴപ്പു് അവളുടെ ആ മുഖത്തൊരു ചവിട്ടുകൊടുക്കുമായിരുന്നു! ഥാ, തനിക്കതു സാധിപ്പെങ്കിൽ!.....

ഈ ചിന്തയിൽനിന്നു് അവഠംക്കൊരു നടുക്കമുണ്ടായി. അങ്ങകലെ അണിനിരന്ന നില്പുന്ന വൃക്ഷശിഖരങ്ങളുടെ ഇലപ്പഴുതുകളിൽക്കൂടി അരുണകോമളങ്ങളായ ആദിത്യരശ്മികഠം ഉതിർന്നുതിർന്നുവീഴുന്നു. ജീവിതത്തിൽനിന്നു മരണത്തിലേയ്ക്കു പോകുന്ന ആത്മാക്കളെപ്പോലെ, പറന്നുപറന്നുമായി കാരോരോ പക്ഷികഠം ചിറകടിപ്പു വിളിരചക്രവാളത്തിനുപിന്നിൽ അകന്നു മറയുന്നു.....സാന്ധ്യതാരങ്ങഠം ഇനിയും കിളർന്നുതുടങ്ങിയിട്ടില്ല.....ഹൃദയസ്പശ്കമായ ഒരു പ്രശാന്തത അന്തരിക്ഷത്തിൽ ചുറിനില്പുന്നു. ആസന്നമൃത്യുവായ വാസരശ്രീയുടെ വിയോഗത്തിൽ പ്രക്ഷുബ്ധമായ പ്രകൃതിയുടെ ഹൃദയസ്പന്ദനംപോലെ വിളിരത്തിലുള്ള ഒരു മിപ്പിലെ യന്ത്രത്തിരിവർറ കൃമീകൃതമായ ശബ്ദംമാത്രം ഈപ്പോഴത്തെ ഏകാന്തശാന്തത്തെ ഭംഗപ്പെടുത്തുന്നുണ്ടു്.

Digitized By Kerala Sahitya Akademi

—എന്തുമാകട്ടെ. അദ്ദേഹത്തിന്റെ അവസാനത്തെ അഭേക്ഷ.....അതു താൻ ചെയ്യാതിരുന്നാൽ ജീവിതകാലംമുഴുവൻ തനിക്കു പശ്ചാത്തപിക്കേണ്ടിവരില്ലേ?—

എങ്കിലും അവൾ ഇവിടെ ഉവ്വ്വശിചമഞ്ഞുവരിക.... തന്റെ മുമ്പിൽവെച്ചു ഭർത്താവിനെ സമീപിക്കുക. തനിക്കതു സഹിക്കാനുള്ള കെൽപുണ്ടോ?—എന്തായാലും പറഞ്ഞതു ചെയ്യുകതന്നെ!.....

അവൾ കടലാസ്സും പേനയുമായി തിരിച്ചുവന്നു. രവീന്ദ്രൻ വാചകങ്ങൾ പറഞ്ഞുകൊടുത്തു. പ്രിയസഹോദരീ, എന്നാണു സംബോധന. അവളുടെ കൈകൾ വിറച്ചു. പേനയുടെ നിബ്ബ് ഇടയ്ക്കിടെ കടലാസ്സിൽ കുത്തി. അക്ഷരങ്ങൾ വടിവില്ലാതേയും മഷി അധികം വീണും വികൃതമായി. അവൾ രണ്ടാമതു് അതു വായിച്ചിട്ടു. കവറിലാക്കി പശവെച്ചു. രവീന്ദ്രൻ മേൽവിലാസം പറഞ്ഞുകൊടുത്തു. അവൾ ലക്കോട്ടിന്റെ പുറത്തു് അതെഴുതി.

"മല്ലികേ, മെയിൽ പോകുന്നതു രാവിലെ എട്ടുമണിക്കാണു്. ഇപ്പോൾത്തന്നെ പോസ്റ്റ്ചെയ്യണം. എങ്കിലേ നാളെ പോകൂ. കൊണ്ടുപോയി ഉടൻതന്നെ വേലക്കാരന്റെ കയ്യിൽ കൊടുത്തയയ്ക്കൂ!"

മല്ലിക കത്തുമായി വെളിയിലേയ്ക്കു പോയി. കോവണിയിറങ്ങുമ്പോൾ അവിചാരിതമായി അവളൊന്നു നടുങ്ങി. അവൾ നിശ്ചലയായി അല്പനേരം അവിടെ നിന്നു.

സന്ധ്യാരാഗം ക്രമേണ മാഞ്ഞുവരികയാണു്. ചക്രവാളം ഇരുണ്ടുതുടങ്ങി. നാലഞ്ചു നക്ഷത്രങ്ങൾ അങ്ങിങ്ങായി സ്ഫുരിച്ചിട്ടുണ്ടു്.

Digitized By Kerala Sahitya Akademi

അവളുടെ ഹൃദയത്തിൽ ഒരു സമരം നടന്നു. അവൾ ക്ക പൊള്ളുന്നപോലെ തോന്നി.

ആ കത്തയയ്ക്കാതിരുന്നാൽ!—എങ്കിൽ അവൾ ഇ പ്പോൾ വരില്ല. ഛോ, ആ ക്ഷുദ്രകീടത്തെ താൻ എത്രമാ ത്രം വെറുക്കുന്നു!....അങ്ങനെയുള്ള താൻ അവളെ ഭർത്തൃസ ന്നിധിയിലേയ്ക്കു ക്ഷണിക്കുകയോ?.....

അവൾ ആ കത്തു വലിച്ചുകീറി തുണ്ടുതുണ്ടുകളാക്കി ആകാശത്തേയ്ക്കെറിഞ്ഞു. അങ്ങനെ ആസന്നമരണനായ ഒരു രോഗിയുടെ അവസാനത്തെ ആശ ഭയനീയമാംവി ധം ഛിന്നഭിന്നമായി അന്ധകാരാശ്ലിഷ്ടമായ വായുമണ്ഡ ലത്തിൽക്കൂടി ഉർന്നുന്നിരങ്ങി നിലംപതിച്ചു.

നക്ഷത്രങ്ങൾ അപ്പോഴും മന്ദഹസിക്കുകയാണു്.

മല്ലികയുടെ മനസ്സിൽ ഭയസമ്മിശ്രമായ ഒരു പൈ ശാചികസംതൃപ്തി നാമ്പെടുത്തു. അവളുടെ കാലുകൾ വി റയ്ക്കുന്നില്ലേ?—അവൾ ഭർത്തൃപാർശ്വത്തിലേയ്ക്കു മടങ്ങി.

"കത്തു കൊടുത്തയച്ചോ മല്ലികേ?"—രവീന്ദ്രൻ ഉ ദാസീനമായി ചോദിച്ചു.

"ഉവ്വു"—അവളുടെ ഹൃദയത്തിൽ കരിമിഴക്കമു ണ്ടായി. അവളുടെ സ്വരം അവളെത്തന്നെ വിറപ്പിച്ചു. താനവിടെ ബോധംകെട്ടു വീണെയ്ക്കുമോ എന്നപോലും അവൾക്കു ഭയം തോന്നി....അതാ, അവളുടെ ആദ്യത്തെ വഞ്ചന! വെറും ഒരു സ്ത്രീ!

അവളുടെ ഭാവപ്പകർച്ച, സ്വരത്തിലുള്ള ആ സംശയ ദ്യോതകമായ ഇടർച്ച, രവീന്ദ്രൻ സൂക്ഷിക്കാതിരുന്നില്ല.... ....പക്ഷേ, മല്ലികയെ സംശയിക്കാൻ അയാളുടെ ഹൃദയം മടിച്ചു.....ഇല്ല, രവീന്ദ്രൻ സംശയിച്ചില്ല.

Digitized By Kerala Sahitya Akademi

പതിനേഴ്

നാലു ദിവസം കഴിഞ്ഞു. അഞ്ചാംദിവസം ഉച്ചയോടുകൂടി അമ്മിണിയും മുരളിയും മല്ലികാമന്ദിരത്തിൽ എത്തിച്ചേർന്നു. അവരെ ആദ്യമായി കണ്ടതു മല്ലികയാണു്.... ....അവൾ നടുങ്ങിപ്പോയി. അതേ, അതവൾതന്നെ, അമ്മിണി!—ഫോട്ടോവിലെ ഛായ അവളുടെ മനസ്സിൽ നിന്നു മാഞ്ഞിട്ടില്ല. ആ ബാലനാരു്? അവൻ അവളുടെ മകനാണു്!—അയ്യോ, അതു തന്റെ സ്വന്തം പുത്രൻ വേണ്ടവല്ലെന്നാർ പറയും?—തന്റെ ഭർത്താവിന്റെ മുഖം അതേപടി ആ ബാലനിൽ പകർത്തിവെച്ചിരിക്കുന്നു!—

മല്ലികയുടെ മനസ്സു് കരിക്കലും ഇത്രത്തോളം നീറിയിട്ടില്ല.....അവൾ അവളുടെ സ്വന്തം മുറിയിലേയ്ക്കു് കരോട്ടം കൊടുത്തു. പോകുംവഴി കതകിന്മേൽ അവളുടെ മുഖം ശക്തിയായി ചെന്നടിച്ചു. അതവൾ അറിഞ്ഞില്ല. അവൾക്കു കണ്ണു കാണാതായി. അവൾക്കു ഭ്രാന്തു പിടിച്ചു.

ആ അശ്രീകരം ഇവിടെയെങ്ങനെ വന്നു? അവൾ വരരുതെന്നു കരുതിയല്ലേ താൻ ഭർത്താവിനെ വഞ്ചിച്ചു് ആ കുത്തയയ്ക്കാതിരുന്നതു്? കഷ്ടം, അതു ചേയ്യേണ്ടായിരുന്നു. തന്റെ വഞ്ചനകൊണ്ടു് ഇപ്പോൾ എന്തു പ്രയോജനമുണ്ടായി? തന്റെ വഞ്ചന അദ്ദേഹം ഇപ്പോൾ മനസ്സിലാക്കും.....എല്ലാം വെളിപ്പെട്ടുകഴിഞ്ഞു. തനിക്കിനി ഒരു നില്ക്കക്കള്ളിയുമില്ല. അവസാനനിമിഷത്തിൽപ്പോലും ഭർത്താവിനെ വഞ്ചിക്കുക!—അതിനെക്കുറിച്ചു് ഓർക്കുംതോറും അവളുടെ ഉള്ളിൽ അഗ്നിജ്വാലകൾ പടരുന്നു.

Digitized By Kerala Sahitya Akademi

പിടിച്ചു. അവൾ വാതിലടച്ചു കുറ്റിയിട്ടു് ആ മുറിയിൽ വെറും നിലത്തു വീണു് ഒരു പ്രാകൃതയെപ്പോലെ മാറത്തടിച്ചു കേണരുണ്ടു. ഏറെ നേരം അങ്ങനെ കരഞ്ഞുകരഞ്ഞു് അവൾ അറിയാതുറങ്ങിപ്പോയി.....

മല്ലിക ഞെട്ടിയുണർന്നു.

"കൊച്ചമ്മേ, വാതലു തൊറക്കു! വാതലു തൊറക്കു." ശക്തിയായി കതകിന്മേൽ മുട്ടിക്കൊണ്ടു് ആരോ ഉച്ചത്തിൽ വിളിക്കുന്നു.

അവൾ ചാടിപ്പിടഞ്ഞു് എഴുന്നേറ്റു. പുറം കുരിരുട്ടു്! അല്പനേരത്തേയ്ക്കു്, താനെവിടെയാണെന്നോ എന്തു ചെയ്യുന്നുവെന്നോ അവൾക്കു് ഒരെത്തും പിടിയും കിട്ടിയില്ല. അവളുടെ ബുദ്ധി അത്രമാത്രം ക്ഷീണിച്ചിരുന്നു. ഒരു കറുത്ത മായാവരണത്താൽ പുറുപുറാടും മൂടപ്പെട്ടിരിക്കുന്നു. അതിനുള്ളിൽ അവളുടെ ഹൃദയംമാത്രം ശക്തിയായി തുടിക്കുന്നുണ്ടു്. ആ തീവ്രസ്പന്ദനങ്ങൾ അവളെ ഭയവിഹ്വലയാക്കി. അവൾ എഴുന്നേറ്റു് ഒരു യാന്ത്രിക പ്രവർത്തനത്താലെന്നപോലെ നടന്നുചെന്നു വാതിൽ തുറന്നു.

"കൊച്ചമ്മേ,....ഏമാൻ.....അങ്ങോട്ടു വരാൻ!"— ആ ഭൃത്യൻ അമ്പരപ്പോടെ ഉച്ചരിച്ചു. അവൻ കരയുന്നുണ്ടു്.

അവളുടെ ഹൃദയത്തിൽ പെട്ടെന്നൊരു മിന്നലുണ്ടായി. അതിന്റെ വെളിച്ചത്തിൽ ആ അന്ധകാരാവൃതമായ പരിസരങ്ങളെ ഒരു നോക്കവൾ കണ്ടു. കാര്യമെല്ലാം അവൾക്കു മനസ്സിലായി. വെറുമൊരു ഭ്രാന്തത്തിയെപ്പോലെ അവൾ രവീന്ദ്രന്റെ മുറിയിലേയ്ക്കിരച്ചുപാഞ്ഞു.....

Digitized By Kerala Sahitya Akademi

നേരം നല്ലപോലെ ഇരുട്ടായിരുന്നു. ആ മുറിക്കകത്തു് ഒരു വിളക്കെരിയുന്നുണ്ടു്. രവീന്ദ്രന്റെ സമീപം ആ അവശം ഇരിക്കുന്നു! അവളുടെ മകൻ അവളോടു ചേർന്നു പറഞ്ഞി താഴെ നില്ക്കുന്നു. വേണുവും ലീലയും രവീന്ദ്രന്റെ തലയ്ക്കലായി കണ്ണീർ പൊഴിച്ചുകൊണ്ടിരിക്കുന്നു. മാധവിയമ്മ മുറിയുടെ ഒരു മൂലയ്ക്കൽ മുഖംകുനിച്ചിരുന്നു് ഏങ്ങലടിച്ചു കരയുകയാണു്.

മല്ലിക കണ്ടു.....ആ രംഗം!—രവീന്ദ്രന്റെ കണ്ണുകഥകളു് എന്തൊരു വിസ്മയമാണു്! മരണം അതിൽക്കൂടി തുറിച്ചുനോക്കി അവളെ ഭീഷണിപ്പെടുത്തുകയാണോ? ഇടയ്ക്കിടെ ആ കൃഷ്ണമണികൾ വികൃതമായി വട്ടംചുറ്റുന്നു. അവയിലെ വെളിച്ചം എങ്ങോട്ടോ പറന്നുപോകുവാനുള്ള പരാക്രമമാണതു്.

വാവിട്ടു കരഞ്ഞുകൊണ്ടു മല്ലിക കാടിപ്പിന്നാ കുട്ടിലിലിരുന്നു. അമ്മിണി എഴുന്നേറ്റു മാറിക്കൊടുത്തു. അവൾ തന്റെ പ്രാണവല്ലഭന്റെ പാടങ്ങളെടുത്തു മടിയിൽവെച്ചു് അവയെ കെട്ടിപ്പിടിച്ചുകൊണ്ടു് ഏങ്ങലടിച്ചു കരഞ്ഞു. ക്ഷണനേരത്തേയ്ക്കു് അവൾക്കു് ഒരു ബോധവുമുണ്ടായില്ല.....

"മ....ല്ലി....കേ!"—ആ വിളി അവളെ തട്ടിയുണർത്തി. അവൾ തലയുയർത്തി നോക്കി. രവീന്ദ്രൻ അമ്മിണിയേയും അവളുടെ മകനേയും ചൂണ്ടിക്കാണിച്ചുകൊണ്ടു വളരെ പണിപ്പെട്ടു് ഇത്രയും പറഞ്ഞു:

"നീ.....ഇവരെ....നോക്കണം.....നിനക്കു നന്മ.....വെളിച്ചം!...."—മേശപ്പുറത്തു വെച്ചിരുന്ന വെള്ളം എടു

Digitized By Kerala Sahitya Akademi

ത്തു് ഒരു സ്പൂൺ വായിലൊഴിച്ചുകൊടുത്തു. അതിറങ്ങി യോ എന്തോ!—

പകുതിയോളം വെള്ളം പുറത്തേയ്ക്കൊലിച്ചുപോന്നു. അയാളുടെ വായ്മൂലകൾ വികൃതമായി കുന്നു ചുളുങ്ങി. കണ്ണുകളിലെ അവസാനത്തെ ആ പ്രകാശവും നിമിഷനേരം ജ്വലിച്ചു്, പറന്നുപോയി....അയാളുടെ കണ്ണുകൾ അടഞ്ഞു—എന്നെന്നേയ്ക്കുമായി!.....

മല്ലികയും കുഞ്ഞുങ്ങളും മാധവിയമ്മയും ഭൃത്യന്മാരും വാവിട്ടു കരഞ്ഞു. അമ്മിണിമാത്രം കരഞ്ഞില്ല. അവളുടെ കണ്ണുകളിൽ ഒരു തുള്ളി കണ്ണീരെങ്കിലും പൊടിഞ്ഞില്ല. പ്രാപ്തിയും പ്രാഗത്ഭ്യവുമുള്ള ഒരു ഗൃഹനായികയെപ്പോലെ, അവൾ അവിടെനിന്നു പോയി, രവിയുടെ ശവസംസ്കാരകർമ്മങ്ങളെല്ലാം യഥാവിധി നിർവ്വഹിക്കപ്പെടേണ്ടതിലേയ്ക്കുള്ള ഒരുക്കങ്ങൾക്കേർപ്പാടുചെയ്തു. അവൾ അടുത്തുതന്നെ നിന്നു് അതെല്ലാം ഭംഗിയായി നിർവ്വഹിപ്പിച്ചു....അവൾക്കു സമാധാനമായി....പിറേറദിവസം ഉച്ച തിരിഞ്ഞതോടുകൂടി അവളുടെ കളിത്തോഴന്റെ മൃൽപിണ്ഡത്തിലെ അവസാനത്തെ അംശവും ചാമ്പലായിക്കഴിഞ്ഞു....അതുവരെ അവൾ അഗ്നിജ്വാലകളുടെ ആ സംഹാരതാണ്ഡവം കണ്ടുകൊണ്ടു പ്രതിമപോലെ നിന്നു.....

പതിനെട്ടു്

നേരത്തോടുനേരം കഴിഞ്ഞു മല്ലിക ആഹാരം കഴിച്ചിട്ടു്. രവീന്ദ്രന്റെ ദഹനം കഴിഞ്ഞപ്പോൾ നേരം ഏഴു

Digitized By Kerala Sahitya Akademi

താണ്ടു് ഉച്ചതിരിഞ്ഞു. അമ്മിണി കുളിച്ചുവന്ന ഭൃത്യന്മാരുടെ സഹായത്തോടുകൂടി ആഹാരമെല്ലാം തയ്യാറാക്കി. അമ്മുമായി അവൾ കുറെ കാപ്പി തിളപ്പിച്ചു് ഒരു ഗ്ലാസ്സിൽ ഭൃത്യന്റെ കൈയിൽ മല്ലികയ്ക്കായി കൊടുത്തയച്ചു. അവൾ അതു സ്വീകരിക്കാതിരുന്നില്ല. ആ സംഭവം അമ്മിണിക്കു് ആശ്വാസകരമായിരുന്നു.....

മല്ലികയുടെ മനോമണ്ഡലത്തിൽ വിഭിന്നവികാരങ്ങളുടെ തീക്ഷ്ണമായ ഒരു സമരം നടന്നുകൊണ്ടിരിക്കുകയാണു്.....രവീന്ദ്രന്റെ നഷ്ടം അവളെ അസഹ്യമായ ദുഃഖത്തിന്റെ അടിത്തട്ടിലേയ്ക്കു് ആഴ്ത്തി. അമ്മിണിയോടു് അവൾക്കിപ്പോഴും വെറുപ്പില്ലേ? ഇല്ലെന്നവൾ പറയുകയില്ല. പക്ഷേ, അതിന്റെ കാഠിന്യം സാരമാംവിധം തേഞ്ഞുപോയിട്ടുണ്ടു്. അവൾ ഒരു വിധവയായി. അവൾ ഇനി അമ്മിണിയുടെ കായ്ത്തിൽ ആരോടു കലഹിക്കാനാണു്; പരിഭവിക്കാനാണു്?....എങ്കിലും, അവൾക്കു് അമ്മിണിയെ ഇഷ്ടപ്പെടുക സാദ്ധ്യമല്ല.....പക്ഷേ, രവീന്ദ്രന്റെ അവസാനത്തെ വാക്കുകൾ!—അമ്മിണിയെയും അവളുടെ പുത്രനേയും രക്ഷിക്കാണിച്ചു പറഞ്ഞ അവസാനത്തെ വാക്കുകൾ!—അവൾ അതനുസരിച്ചു പ്രവർത്തിക്കേണ്ടതല്ലേ? അതല്ലേ അവളുടെ ധർമ്മം?....

....ഇല്ല, അവൾക്കു കുണ്ഠിതം തോന്നുന്ന രീതിയിൽ താനൊന്നും സംസാരിക്കുകയില്ല. അവളും ആ കുട്ടിയും എത്രയും വേഗത്തിൽ അവിടെനിന്നു പോയാൽ മതിയായിരുന്നു....അവരുടെ സാന്നിദ്ധ്യം തന്നെ വീണ്ടും പിച്ചിച്ചീന്തിപ്പിച്ചാലോ? അവരുടെ അഭാവത്തിൽ പക്ഷേ തനി

Digitized By Kerala Sahitya Akademi

ക്കവരെ സ്നേഹിക്കാൻ കഴിഞ്ഞെങ്കിൽ....ആവശ്യമുള്ള പക്ഷം ഏതെങ്കിലും സഹായം അവക്കുവേണ്ടി ചെയ്യുവാനും തനിക്കു വലിയ വൈമനസ്യമില്ല....ഇങ്ങനെയെല്ലാമാണെങ്കിലും അവർ ആരു? ഭർത്താവിന്റെ കാമുകി! ആ കുട്ടിയോ? ഭർത്താവിന്റെ പുത്രൻ—തനിക്കവരെ സ്നേഹിക്കാൻ സാധിക്കുമോ?—ഏതായാലും അവർ പോകുന്നതുവരെ അവരെ താൻ ശല്യപ്പെടുത്തുകയില്ല, തീച്ച.....

മല്ലിക ഏകാന്തതയിൽ ഇപ്രകാരം മനസ്സുകൊണ്ടു നിശ്ചയിച്ചുറച്ചു .....

അമ്മിണിയെഴികെ മറെല്ലാവരുടെയും അത്താഴം കഴിഞ്ഞു....കണ്ണീരിൽ കുതിർന്ന ഒരു രുചിയറിയാത്ത ഭക്ഷണം!

അമ്മിണി സപുത്രനേയുംകൊണ്ടു മല്ലികയുടെ മുറിയിൽ കടന്നുചെന്നു. ഒരു മങ്ങിയ ദീപം അതിനുള്ളിൽ കത്തുന്നുണ്ടു്. മല്ലിക അപ്പോഴും കരഞ്ഞുകൊണ്ടു കിടക്കുകയാണു്.

"മല്ലികേ!"—അടുത്തു ചെന്നു വാത്സല്യസാന്ദ്രമായ ഒരു സ്വരത്തിൽ അമ്മിണി വിളിച്ചു.

അവൾ പിടച്ചെഴുനേറ്റു....അവൾ അമ്മിണിയുടെ മുഖത്തേക്കു തുറിച്ചുനോക്കി. ദഹിപ്പിക്കാൻ മുമ്പുള്ള നോക്കിയ ആ നോട്ടം അവളറിയാതെ കണ്ണുനീർകൊണ്ടു കുതിർന്നുപോയി. എന്തൊരു ശക്തിവിശേഷമോ? അവൾ അമ്മിണിയുടെ പാദത്തിൽ സാഷ്ടാംഗം വീണു കെട്ടിപ്പിടിച്ചു കരഞ്ഞു.

അമ്മിണി കരിളംപൈതലിനെ എന്നപോലെ അ

Digitized By Kerala Sahitya Akademi

ഖളെ തീവ്രമായി മിടിക്കുന്ന ഹൃദയത്തോടെ ഖാരിയെടു ത്തെഴുനേല്പിച്ചു കട്ടിലിലിരുത്തി. അവളോട് ചേർന്നിരു ന്നു് അഴിഞ്ഞുലഞ്ഞ അവളുടെ തലമുടി മാടിക്കെട്ടി അ മ്മിണി അവളുടെ പുറത്തു മെല്ലെമെല്ലെ തലോടി. കു ച്ചുനേരത്തേയ്ക്കു് ഇരുവർക്കും ഒന്നും സംസാരിക്കാൻ സാധി ച്ചില്ല.

ഏങ്ങലടിച്ചു കരഞ്ഞുകൊണ്ടു് ഒടുവിൽ മല്ലിക വി ക്കിവിക്കിപ്പറഞ്ഞു:

"എന്റെ.....പൊന്നുചേച്ചി....എന്നോട് ക്ഷമിക്ക ണം! ഞാൻ....ഞാൻ....തെറ്റുകാരിയാണു്."

അമ്മിണി അവളുടെ വസ്ത്രാഞ്ചലംകൊണ്ടു മല്ലിക യുടെ കണ്ണുനീർ തുടച്ചു. അവൾ പറഞ്ഞു:

"എന്റെ കൊച്ചനിയത്തീ, കരയാതിരിക്കൂ! കര ഞ്ഞതുകൊണ്ടു നിനക്കു നഷ്ടപ്പെട്ട ആ മഹാരത്നം ഇനി തിരിച്ചു കിട്ടുകയില്ല. അദ്ദേഹത്തിന്റെ ആത്മാവിന്റെ ശാന്തിക്കായി പ്രാർത്ഥിക്കൂ!...."

"ഇല്ല ചേച്ചീ, ഞാൻ കരയുകയില്ല. അദ്ദേഹം എനിക്കു മാപ്പുതരുമോ?"—അവൾ ദയനീയമായി ചോ ദിച്ചു.

"ഉവ്വു്." അമ്മിണി ദൃഢസ്വരത്തിൽ പറഞ്ഞു: "നീ അദ്ദേഹത്തോടു ചെയ്ത അപരാധം നിസ്സാരമാണു്. അതിനദ്ദേഹം നിനക്കു മാപ്പുതരികയും ചെയ്തു.....ഞാൻ കേൾക്കെയാണു് അദ്ദേഹം അതു പറഞ്ഞതു്."

"അതെയോ ചേച്ചീ? അദ്ദേഹം എന്റെ തെറ്റിനു് എനിക്കു മാപ്പുതന്നുവോ?"

Digitized By Kerala Sahitya Akademi

"ഉവ്വ്; നിന്റെ തെറ്റു ക്ഷമിച്ചു് അദ്ദേഹം നിന്നെ അനുഗ്രഹിച്ചു."

"ഹാവൂ! എനിക്കു സമാധാനമായി!"—അവൾ ഒരു ദീർഘശ്വാസം വിട്ടുകൊണ്ടു പറഞ്ഞു.

"ഞാനിപ്പോൾ വന്നിരിക്കുന്നതു നിന്നോടു ഗൗരവമേറിയ ഒരു സംഗതി പറയുവാനാണു്.....ഇതാ, ഇതു നീ ഭദ്രമായി സൂക്ഷിച്ചുകൊള്ളുക!"—എന്നു പറഞ്ഞു പൂരിച്ച ഒരു കടലാസ്സു് അവൾ മല്ലികയെ ഏല്പിച്ചു.

"ഇതെന്താണു്?"—അത്ഭുതഭാവത്തിൽ അവൾ ചോദിച്ചു."

"അദ്ദേഹം എഴുതിവെച്ചിരുന്ന വില്പത്രമാണിതു്. ഇന്നലെ അദ്ദേഹം ഇതെന്നെ ഏല്പിച്ചു. അദ്ദേഹത്തിന്റെ സ്വത്തിൽ നേർപകുതി എനിക്കും നേർപകുതി നിനക്കും നിന്റെ കുട്ടികൾക്കുമായിട്ടാണു് അദ്ദേഹം വ്യവസ്ഥചെയ്തിട്ടുള്ളതു്!"

മല്ലികയുടെ ഹൃദയത്തിൽ അമർഷതരംഗങ്ങൾ ഇളകിമറിഞ്ഞു. പക്ഷേ അവളതു പുറത്തു കാണിച്ചില്ല. യാതൊരു ക്ഷോഭവുമില്ലാതെ അവൾ ശാന്തസ്വരത്തിൽ ഇങ്ങനെ പറഞ്ഞു:

"ചേച്ചീ, ഞാനതിൽ സന്തോഷിക്കുന്നു. ഇതദ്ദേഹം ചേച്ചിയെ ഏല്പിച്ചതല്ലേ? ചേച്ചിയുടെ കൈയിൽത്തന്നെ ഇരിക്കട്ടെ. എനിക്കതിന്റെ ആവശ്യമില്ലല്ലോ!"

"വേണ്ട, മല്ലികേ, നീതന്നെ അതു വെച്ചുകൊള്ളു. എനിക്കു് അദ്ദേഹത്തിന്റെ സ്വത്തിൽനിന്നു് ഒരു പൈ പോലും ആവശ്യമില്ല. ഞാൻ നിർധനയായി ജനിച്ചു. നിർധനയാ

Digitized By Kerala Sahitya Akademi

യി ജീവിച്ചു. നിഷ്ഠനയായിത്തന്നെ മരിക്കുവാനും ഞാനാശിക്കുന്നു. പക്ഷേ, എന്റെ പൊന്നനുജത്തി എനിക്കൊരു പകാരം ചെയ്യുതരണം. അതുമാത്രമേ എനിക്കപേക്ഷയുള്ളൂ.”

“എന്താണതു”?”—മല്ലിക ഉല്ക്കണ്ഠയോടുകൂടി ചോദിച്ചു.

അമഷ്തരംഗങ്ങളെല്ലാം അവളുടെ ഹൃദയത്തിൽ നിന്നൊഴിഞ്ഞുമാറി. കടുത്ത പശ്ചാത്താപവും അനുകമ്പയും ആ സ്ഥാനത്തെ അധിരോഹണംചെയ്തു. അമ്മിണിയുടെ വാക്കുകൾ വെളിപ്പെടുത്തിയ ഹൃദയം അവളെ അത്ഭുതാധീനയാക്കി. അവൾ പറഞ്ഞു:

“എന്റെ ചേച്ചിക്കുവേണ്ടി ഞാൻ എന്തും ചെയ്യാം. ഞാൻ ഇത്രനാളും ചേച്ചിയെ കഠിനമായി വെറുത്തിരുന്നു. എനിക്കിപ്പോൾ ചേച്ചിയെ മനസ്സിലായി. ചേച്ചിക്കുവേണ്ടി ജീവനെപ്പോലും ത്യജിക്കാൻ ഞാൻ സന്നദ്ധയാണു”.”

“സഹോദരീ,” അമ്മിണി ആരംഭിച്ചു: “നീ നല്ലവളാണു”.....നിന്നെ എപ്പോഴെങ്കിലും ഞാനല്പം വെറുത്തിട്ടുണ്ടെങ്കിൽ എന്റെ കത്തിനു നീ അയച്ച മറുപടി വായിച്ചപ്പോൾ മാത്രമാണു”. നിന്നോടു ഭയങ്കരപ്രതികാരം ചെയ്യണമെന്നുപോലും ഞാൻ കരുതി. നീ ഇവിടെനിന്നു പോയപ്പോൾ നിന്റെ സ്ഥാനത്തു” ഇവിടെ വന്നു” അദ്ദേഹത്തെ ശുശ്രൂഷിച്ചു താമസിക്കണമെന്നു ഞാനാശിച്ചു. നിന്നോടു തക്ക പ്രതികാരം ചെയ്യാൻ ആ ഒറ മാർഗ്ഗമേ ഞാൻ കണ്ടുള്ളൂ. എന്റെ ഇംഗിതം ഞാൻ അദ്ദേഹത്തെ മ

Digitized By Kerala Sahitya Akademi

നസ്സിലാക്കി. അതിനദ്ദേഹം എനിക്കയച്ച മറുപടി ഇതാ, ഇതാണു്. നീയിതൊന്നു വായിച്ചുനോക്കൂ!"

അമ്മിണി മടിയിൽനിന്നു് ഒരു കത്തെടുത്തു മല്ലികയുടെ കൈയിൽ കൊടുത്തു. അതു വായിച്ചപ്പോൾ അവളുടെ കണ്ണുകൾ വീണ്ടും നിറഞ്ഞു.

"ചേച്ചീ, ഞാൻ എത്രമാത്രം അദ്ദേഹത്തെ കുണ്ഠിതപ്പെടുത്തി!"—അവൾ പശ്ചാത്തപിച്ചു.

"സഹോദരീ, നീയതൊന്നും വിചാരിച്ചു് ഇനി കുണ്ഠിതപ്പെടരുതു്. ഇതെല്ലാം മനുഷ്യസാധാരണമാണു്. നിന്നെ ഒരിക്കലും അതിൽ കുറപ്പെടുത്താൻ നിവൃത്തിയില്ല. മാത്രമല്ല, നീ ഇത്രയൊക്കെയല്ലേ പ്രവർത്തിച്ചുള്ളു. ഞാൻ അതിൽ നിന്നെ ബഹുമാനിക്കുന്നു. നിന്റെ സ്ഥാനത്തു ഞാനായിരുന്നെങ്കിൽ ഇതും ഇതിൽ കൂടുതലായും ചെയ്തുപോകുമായിരുന്നു!"

അനന്തരം അവൾ തന്റെ കത്തിൽ വിവരിച്ചിരുന്ന ആ രവീന്ദ്രനുമായുള്ള ബന്ധത്തെക്കുറിച്ചു് ഒന്നുകൂടി അവളെ വിശദപ്പെടുത്തി മനസ്സിലാക്കി. മിശ്രവികാരങ്ങളോടെ മല്ലിക അതു സശ്രദ്ധം കേട്ടുകൊണ്ടിരുന്നു. നിസ്സാരസംഭവങ്ങൾപോലും അവൾ മറച്ചുവെച്ചില്ല. ഒടുവിൽ അത്ഭുതപരതന്ത്രയായി മല്ലിക ഇങ്ങനെ ചോദിച്ചു:

"അപ്പോൾ മുരളി അദ്ദേഹത്തിന്റെ മകനല്ലെന്നാണോ ചേച്ചി പറയുന്നതു്?"

"അതേ....ഞാനതുമാത്രം എന്തിനു മറച്ചുവെയ്ക്കുന്നു മല്ലികേ? നീ വിശ്വസിക്കൂ. ഈശ്വരനെ സാക്ഷിനിർത്തി ഞാൻ പറയുന്നു: അവൻ എന്റെ ഭർത്താവിന്റെ മകനാണു്?"

Digitized By Kerala Sahitya Akademi

"എങ്കിലത്ഭുതംതന്നെ, ചേച്ചീ! പിന്നെ ഈ മുഖപ്പായ ഇത്രത്തോളം യോജിച്ചു എങ്ങനെ വന്നുകൂടി?"

"എന്തോ, അതെനിക്കും അറിഞ്ഞുകൂടാ. പാപിനിയായ എനിക്ക് ഈശ്വരൻ മനഃപൂർവ്വം തന്ന ഒരു ശിക്ഷയാണതു്"!"

"ചേച്ചീ, ചേച്ചി ഭാഗ്യവതിയാണു്....ഇത്രത്തോളം സ്നേഹംനിറഞ്ഞ ഒരു ഹൃദയം ഞാൻ ഇതിനുമുൻപു കണ്ടിട്ടില്ല. ചേച്ചിയുടെ സ്നേഹത്തിന്റെ പ്രതിഫലം ചേച്ചിക്കു കിട്ടുകയും ചെയ്തു. അദ്ദേഹത്തിന്റെ അവസാനനിമിഷങ്ങളിൽ അദ്ദേഹത്തെ ശുശ്രൂഷിക്കാനുള്ള ഭാഗ്യം ചേച്ചിക്കുണ്ടായല്ലോ! അദ്ദേഹത്തിന്റെ സ്വന്തം കുഞ്ഞുങ്ങളുടെ അമ്മയായ എനിക്കുപോലും ആ ഭാഗ്യം ഈശ്വരൻ തന്നില്ല!—"

"അതേ മല്ലികേ" അമ്മിണി സാഭിമാനം പ്രസ്താവിച്ചു: "അതൊരു മഹാഭാഗ്യമായിത്തന്നെ ഞാൻ കരുതുന്നു. എനിക്കീ ലോകത്തിൽ ഇനി ഒരാശയുമില്ല. നീ എന്നോടു കോപിക്കരുതു്. ഞാൻ തുറന്നു പറയാം. എന്റെ ജീവിതപ്രകാശം അദ്ദേഹമായിരുന്നു. അതു പൊലിഞ്ഞുപോയി....ഇനി ഈ ലോകത്തിൽ എനിക്കൊന്നും വേണ്ടതായിട്ടില്ല—നിന്നോടെനിക്കു് ഒരൊറ്റ അപേക്ഷ മാത്രമുണ്ടു്!"

"എന്താണതു്? ചേച്ചിയതു പറഞ്ഞില്ലല്ലോ!"

"പറയാം. എന്റെ ഈ കുട്ടിയെ നീ വേണുവിനേയും ലീലയേയുംപോലെ കരുതണം. അവനെ വളർത്തേണ്ട ഭാരം ഞാൻ നിനക്കു വിട്ടുതരുന്നു...."

Digitized By Kerala Sahitya Akademi

"തീച്ചയായും. ചേച്ചീ, എനിക്കതു വലിയ സന്തോഷമാണു്. മുരളി ഇവിടെ താമസിച്ചുകൊള്ളട്ടെ....എനിക്കു മൂന്നു കുട്ടികളെ ഈശ്വരൻ തന്നു...."

"മതി, അനിയത്തി, എനിക്കത്രമാത്രമേ വേണ്ടു!"

അമ്മിണി അവനെ മല്ലികയുടെ കൈയിൽ ഏല്പിച്ചു....അമ്മിണിയുടെ കണ്ണുകളിൽ ആ നിമിഷം കരുകണ്ണീർക്കണം പൊടിഞ്ഞു. മല്ലിക അതു കണ്ടു. അവൾ മുരളിയെ വാങ്ങി നിറുകയിൽ ചുംബിച്ചുകൊണ്ടു പറഞ്ഞു:

"ചേച്ചി.....ചേച്ചി കരയുന്നല്ലോ! ഇതുവരെ പ്രകാശം വിതറിയിരുന്ന ആ കണ്ണിൽ കണ്ണുനീരോ? അതിന്റെ കാരണമെന്തു്? എനിക്കു പല ഊഹങ്ങളും തോന്നുന്നു. മുരളിയെ എന്നെ ഏല്പിച്ചിട്ടു ചേച്ചി എന്തു ചെയ്യാൻ പോകുന്നു. അയ്യോ! എന്റെ പൊന്നുചേച്ചി, എന്നിൽനിന്നൊന്നും മറച്ചുവെയ്ക്കരുതേ!....എനിക്കു പലതും തോന്നുന്നു...."

"വേണ്ട, സഹോദരീ, നീ കുട്ടം ഭയപ്പെടേണ്ട. അമ്മിണി കരിക്കലും ആത്മഹത്യ ചെയ്കയില്ല. ഏതെല്ലാം ക്ലേശങ്ങൾ നേരിട്ടാലും മരിക്കുന്നതുവരെ അവൾ ജീവിക്കും. മൃഗങ്ങൾക്കു വിശേഷബുദ്ധിയില്ല. അവയ്പോലും സ്വജീവനെ ഏറ്റവും വിലമതിക്കുന്നു....കുറെറാറ മൃഗമെങ്കിലും ആത്മഹത്യ ചെയ്തതായി കേട്ടിട്ടുണ്ടോ? അങ്ങനെയിരിക്കെ വിശേഷബുദ്ധിയുണ്ടെന്നഭിമാനിക്കുന്ന മനുഷ്യൻ ആത്മഹത്യ ചെയ്യുന്നതു് എത്ര പരിഹാസ്യമാണു്. ഇല്ല മല്ലികേ, ആത്മഹത്യ ചെയ്യുമായിരുന്നെങ്കിൽ അമ്മിണി ഇതിനെത്രയോ മുമ്പു് ആത്മഹത്യ ചെയ്തേ

Digitized By Kerala Sahitya Akademi

നേ....ഇതിനൊന്നും ഇടവരില്ലായിരുന്നു. അക്കാര്യത്തിൽ നീയെന്നെ അശേഷം സംശയിക്കേണ്ട.''

''ചേച്ചി പിന്നെ ഈ കാമനക്കണ്ണിനെ എന്നെ ഏല്പിച്ചിട്ട് എവിടെ പോകുന്നു? ചേച്ചി എങ്ങും പോകരുതു്.....ഇതു ചേച്ചിയുടെ വീടാണു്. എനിക്കിനിയൊരു സഹായം ചേച്ചി മാത്രമേയുള്ളു. എന്നോടു ദയവുണ്ടായി, അദ്ദേഹത്തെയും ഈശ്വരനേയും വിചാരിച്ചു്, ചേച്ചി എന്നെ ഉപേക്ഷിച്ചിട്ടു പോകരുതു്!''—

അവൾ വീണ്ടും അമ്മിണിയുടെ കാല്ക്കൽ വീണു. അവൾ വിങ്ങിവിങ്ങി കരയാൻ തുടങ്ങി. അമ്മിണി അവളെ പിടിച്ചെഴുനേല്പിച്ചു. അവൾ പല സാന്ത്വനോക്തികളെക്കൊണ്ടും മല്ലികയെ ആശ്വസിപ്പിക്കാൻ നോക്കി. അവൾക്കും കണ്ണീരടക്കാൻ കഴിയാതായി. ഒടുവിൽ അവൾ കരുപായമെടുത്തു.

''മല്ലികേ, ഞാനെങ്ങും പോവുകയില്ല. ഇവിടെ നിന്നോടൊന്നിച്ചുതന്നെ താമസിക്കാം....മുരളി ഇവിടെ കിടന്നുകൊള്ളട്ടെ.....നമുക്കിനി രാവിലെ കാണാം.' ഇന്നു രാത്രി എനിക്കു തനിച്ചിരുന്നു ദൈവത്തെ പ്രാർത്ഥിക്കണം. മറ്റു ചില ചില്ലറക്കാര്യങ്ങൾകൂടിയുണ്ടു്. എന്താണെന്നു ഞാൻ നാളെ പറയാം.....എന്നാലങ്ങനെയാകട്ടെ. ഞാൻ അടുത്ത മുറിയിലേയ്ക്കു പോകുന്നു.''

ഇങ്ങനെ പറഞ്ഞു് അവൾ വീണ്ടും മുരളിയെ ചുംബിച്ചു.

''അമ്മേ, അമ്മ എവിടയ്യാ പോണെ?''—മുരളി ചോദിച്ചു.

''എങ്ങും പോകുന്നില്ല, തങ്കം! ഇതും നിന്റെ അമ്മ

Digitized By Kerala Sahitya Akademi

യാണു്. എന്റെ തങ്കക്കുട്ട ഈ അമ്മയുടെ കൂടെ കിടന്നുറങ്ങിക്കൊള്ളൂ!"

"എനിക്കീ അമ്മേം ഇഷ്ടാ." അവൻ കൊഞ്ചി.

മല്ലികയുടെ കണ്ണിൽ ജലം നിറഞ്ഞു. അമ്മിണി മിന്നൽവേഗത്തിൽ അവിടെനിന്നു പിൻവാങ്ങി.

മല്ലിക തന്റെ രണ്ടു കുഞ്ഞുങ്ങളെ ഒരു വശത്തും മുരളിയെ മറുവശത്തുമായി കിടത്തിയുറക്കി. ഏറെ നേരത്തേയ്ക്കു് അവൾക്കുറക്കം വന്നില്ല. പരസ്പരബന്ധമുള്ളതും ഇല്ലാത്തതുമായ പല പല ചിന്തകൾ അവളുടെ ഹൃദയത്തിൽക്കൂടി കടന്നുപോയി....അങ്ങനെ അവൾ കുറേ മയങ്ങി....അഞ്ചുമിനിട്ടു മാത്രം....പെട്ടെന്നവൾ ഞെട്ടിയുണർന്നു. ആരോ തന്നോടു വിളിച്ചു പറയുന്നതുപോലെ അവൾക്കു തോന്നി: "അമ്മിണി അതുമാത്രം കളവു പറഞ്ഞതാണു്....രവീന്ദ്രന്റെ കുട്ടിയാണതു്!"

അവൾ പേടിച്ചു കിടുകിടുത്തുപോയി. ആ വിളക്കു് അപ്പോഴും കത്തുന്നുണ്ടു്. അതിന്റെ മങ്ങിയ വെളിച്ചത്തിൽ മുരളിയുടെ മുഖത്തേയ്ക്കു് അനിയന്ത്രിതമായ വിധത്തിൽ അവൾ സൂക്ഷിച്ചു നോക്കി....അതേ; അതു രവീന്ദ്രന്റെ കുട്ടിതന്നെ....ഒരു നിമിഷത്തിനുള്ളിൽ അടക്കാനാവാത്ത ഒരാവേശം അവളെ ബാധിച്ചു....മുരളിയെ ഞെക്കിക്കൊല്ലണം!

ലോകത്തിന്റെ കുടിലസ്വഭാവം അറിയാത്ത ആ ബാലൻ സ്വർഗ്ഗീയമായ സുഷുപ്തിയിൽ ദേവതകളുമായി കളിക്കുകയാണു്.....പൈശാചികമായ ഒരു ഭാവത്തോടെ അവൾ അവനെ കഴുത്തു ഞെരിച്ചു കൊല്ലാനായി കൈയുയർത്തി. അവൾ നടുങ്ങിപ്പോയി! അവളുടെ വേണ്ടതന്നെ അതു്! പ്രായത്തിൽ മാത്രമേ ഭേദമുള്ളൂ. സ്വപുത്രനെ കൊല്ലുകയോ? അവൻ രവീന്ദ്രന്റെ പുത്രനാണെ

Digitized By Kerala Sahitya Akademi

ങ്കിൽത്തന്നെ എന്തു്? വേണ്ടും രവീന്ദ്രന്റെ പുത്രനല്ലേ? അവളുടെ കണ്ണുകൾ ജലാർദ്രങ്ങളായി! കൊല്ലാനുയർത്തിയ കൈകൊണ്ടു സുഖസുഷുപ്തിയിൽ ലയിച്ചുകിടക്കുന്ന ആ ബാലനെ അവൾ തന്നോടു ചേർത്താലിംഗനംചെയ്തു ചുംബിച്ചു.....അവനെ കെട്ടിപ്പിടിച്ചുകൊണ്ടു് അവൾ പറഞ്ഞു.

"ഇല്ല തങ്കം! നീ വേണ്ടതന്നെയാണു്! നിന്നെ ഞാൻ എന്റെ പ്രാണനെക്കാൾ സ്നേഹിക്കും!"

കരാശ്വാസം അവളുടെ ഹൃദയത്തെ പുളകംകൊള്ളിച്ചു. ആ കാമനാപ്പൈതങ്ങളുടെ മദ്ധ്യത്തിൽ അവൾ സുഖമായി കിടന്നുറങ്ങി....

* * *

അർദ്ധരാത്രി. കൂരിരുട്ടു്. മല്ലികാമന്ദിരം നിശ്ശബ്ദമായിരിക്കുന്നു. ഭയങ്കരമായ ഒരു നിശ്ശബ്ദത. ഇടയ്ക്കിടെ ഒരു തളർന്ന കാറ്റു വാഴിലകളെ കിക്കിളിക്കൂട്ടുന്നുണ്ടു്. ആകാശത്തിൽ ഒരൊറ്റ നക്ഷത്രമില്ല. കാർമേഘങ്ങൾ കൂട്ടംകൂട്ടമായി ഇഴഞ്ഞു നീങ്ങുന്നു....ഒരു വലിയ മഴയ്ക്കുള്ള ഭാവമാണു്....

മല്ലികാമന്ദിരത്തിലെ താഴത്തെ നിലയുടെ തെക്കെ വാതിൽ ഒച്ച കേൾപ്പിക്കാതെ തുറന്നു് അതാ ഒരു രൂപം തെക്കെ പറമ്പിലേയ്ക്കു പതുങ്ങിപ്പതുങ്ങി നീങ്ങുന്നു. അതു രവീന്ദ്രന്റെ പട്ടടയുടെ മുമ്പിൽ ചെന്നു നില്ക്കുന്നു. അതിലെ തീ നിശ്ശേഷം ഇനിയും കെട്ടിട്ടില്ല. ആ രൂപം മൂന്നു പ്രാവശ്യം അതിനു ചുറ്റും പ്രദക്ഷിണംവെച്ചു് അതിന്റെ മുൻപിൽ സാഷ്ടാംഗം നമസ്കരിക്കുന്നു!

തൊട്ടരികിൽ നില്ക്കുന്ന ഞാവൽമരത്തിന്റെ കൊമ്പിൽ ഒരു ചിറകടിയൊച്ച....കുറനിമിഷംമാത്രം....ആ വൃക്ഷത്തിലെ ഇലച്ചില്ലകൾ പതുക്കെ ഒന്നു ചലിച്ചു....വീണ്ടും നിശ്ശബ്ദത!

Digitized By Kerala Sahitya Akademi

ആ രൂപം ചിതയുടെ മുൻപിൽ കൂപ്പുകയ്യോടെ നില്ക്കുകയാണു്.....“രവീ, എന്റെ രവീ,”.....നിശ്ശബ്ദം. ആരും വിളികേൾക്കുന്നില്ല.....

ആ രൂപം കുനിഞ്ഞിരുന്ന പട്ടടയിൽ ചാമ്പലോടടിഞ്ഞുചേർന്ന അസ്ഥിഖണ്ഡങ്ങളെ ഒരു കമ്പുകൊണ്ടു ചികഞ്ഞെടുത്തു് ഒരു തുണിയിൽ ശേഖരിക്കുന്നു.....കൂരിരുട്ടിൽ തെളിഞ്ഞു മിന്നുന്ന വെളുത്ത അസ്ഥിഖണ്ഡങ്ങൾ! —ആയിരമായിരം ആനന്ദസ്വപ്നങ്ങളുടെ മൂകാവശിഷ്ടങ്ങൾ! ആ രൂപം അതു ഭദ്രമായി തുണിയിൽ പൊതിഞ്ഞു കെട്ടി. വസ്ത്രത്തിന്റെ മറ്റൊരു കോണിൽ ചൂടാറിയിട്ടില്ലാത്ത ആ ചിതാഭസ്മവും അതു് ഒരു കിഴിയായി കെട്ടിയെടുക്കുന്നു....

ആ രൂപം അവയെടുത്തു മാറിൽത്താങ്ങിപ്പിടിച്ചുകൊണ്ടു് അരനിമിഷം വീണ്ടും അതിന്റെ മുമ്പിൽ നിശ്ചലമായി നിലകൊണ്ടു. അതിന്റെ കണ്ണുകളിൽനിന്നു് ഒരു നീരുണ്ടു കണ്ണീർക്കണങ്ങൾ അവിടെയടർന്നുവീണു.

ഞാവൽമരത്തിൽ വീണ്ടും ഒരു ചിറകടിശബ്ദം.....ഒറ്റനിമിഷംമാത്രം.....ആ വൃക്ഷത്തിലെ ഇലച്ചില്ലുകൾ വീണ്ടും ഒന്നു ചലിച്ചു....നിശ്ശബ്ദം!

“രവീ, എന്റെ പൊന്നുരവീ.” തുണിക്കെട്ടിൽ ചുംബിച്ചുകൊണ്ടു് ആ രൂപം മൃദുസ്വരത്തിൽ വിളിച്ചു.

ആരും വിളികേൾക്കുന്നില്ല....ഞാവൽമരത്തിൽ വീണ്ടും ഒരു ചിറകടിശബ്ദം. ഒറ്റനിമിഷം മാത്രം.....ആ വൃക്ഷത്തിലെ ഇലച്ചില്ലുകൾ വീണ്ടും ഒന്നു ചലിച്ചു....നിശ്ശബ്ദം!

Digitized By Kerala Sahitya Akademi

ചങ്ങമ്പുഴയുടെ കൃതികൾ

		ക	ണ
രമണൻ		1	8
വേഗീത		2	0
സ്പന്ദിക്കുന്ന അസ്ഥിമാടം		2	0
അപരാധികൾ		1	0
ദിവ്യഗീതം		1	8
ഫണഫൂക്കം		1	0
ബാഷ്പാഞ്ജലി		1	8
രക്തപുഷ്പങ്ങൾ		1	4
സങ്കല്പകാന്തി		1	4
ആകാശഗംഗ		1	0
കളിത്തോഴി		0	8
വത്സല	....	0	8
ആരാധകൻ		0	8
മോഹിനി		0	8
ദേവത		0	8
തിലോത്തമ		0	8
കലാകേളി		0	12
ശ്രീതിലകം		1	0
ചൂഡാമണി		1	0
കരടി		0	8
വിവാഹാലോചന		0	8
അനശ്വരഗാനം		0	8
യവനിക		1	8
ഹേമന്തചന്ദ്രിക		1	8
സാഹിത്യചിന്തകൾ		1	0
നിർവൃതി		0	8
ദേവയാനി		0	8
മഞ്ഞക്കിളികൾ		1	0

Digitized By Kerala Sahitya Akademi

ശാരദാലക്ഷ്മി
ഭുവനഗ്രാമം
നിഴൽക്കണ്ണാടി
അസ്ഥിയുടെ പൂക്കൾ
പാടുന്ന പിശാച്
മരിരോത്സവം
സ്വരരാഗസുധ
ഉദ്യാനലക്ഷ്മി
മണിവീണ
മാനസേശ്വരി
മനുഷ്യമാല
സുധാംഗദ
അമൃതവീചി
പെല്ലീസും മരവിസാന്ദ്രയും 1
മാനസാന്തരം 1
പ്രതികാരദുർഗ്ഗ 2
കഥാരത്നമാലിക 1
നീറുന്ന കിനാവുകൾ 1
തളിർത്തൊഴുത്തുകാരി ;
രാഗപരാഗം
ഹനേക്കല 1
നരബലി 0
ശ്രീപുരന്ദരനിലെ തുളസി 0
പുത്തിലഞ്ഞി 1
ഇടപ്പള്ളി രാഘവൻപിള്ളയുടെ നിത്യകന്യകയുടെ
മരുഭൂപ്രപഞ്ചത്തിൽ 5
നവഭാവന (ശ്രീദേവി മങ്കയുടെ) 0
വസന്തോത്സവം 0
ശിഥിലഹൃദയം (ചെറുകഥകൾ) 1

മംഗളോദയം (പ്രൈവറ്റ്) ലിമിറ്റഡ്, തൃശ്ശിവപേരൂർ

Digitized By Kerala Sahitya Akademi